# സെമസ്റ്റർ - 2

## പേപ്പർ - 202

## പാഠ്യപദ്ധതിയും ജനാധിപത്യ വിദ്യാഭ്യാസവും


യൂണിറ്റ് 1 - പാഠ്യപദ്ധതി എന്ത്? എങ്ങനെ?

യൂണിറ്റ് 2 - പാഠ്യപദ്ധതിയും അധ്യാപകരും

യൂണിറ്റ് 3 - പഠന രീതികളും പഠന തന്ത്രങ്ങളും

യൂണിറ്റ് 4 - വിലയിരുത്തൽ

യൂണിറ്റ് 5 - സാങ്കേതിക വിദ്യയും വിദ്യാഭ്യാസവും

യൂണിറ്റ് 6 - പാഠ്യപദ്ധതി നവീകരണം

# യൂണിറ്റ് - 1

# പാഠ്യപദ്ധതി എന്ത്? എങ്ങനെ?

### ആമുഖം

ജനാധിപത്യവിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന ഒരു പാഠ്യപദ്ധതിയാണ് വികസനം ആഗ്രഹിക്കുന്ന ഒരു രാഷ്ട്രത്തിന് അത്യന്താപേക്ഷിതമായി വേണ്ടത്. പഠനം ജനാധിപത്യപരമാകുന്നതോടൊപ്പം ഗുണമേന്മയും ഇത് ഉറപ്പാക്കും. ഇതിലൂടെ സമഗ്രജീവിത ദർശനത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം നടപ്പാക്കാൻ സാധിക്കും. ഇതിന് സാധ്യമാകുന്ന തരത്തിലുള്ള പാഠ്യപദ്ധതിയുടെ കാഴ്ചപ്പാടുകൾ എന്താകണമെന്ന് ഈ അധ്യായത്തിൽ സമഗ്രമായി ചർച്ച ചെയ്യുന്നു. ഈ കാഴ്ചപ്പാടുകൾക്ക് അനുസരിച്ചുള്ള പഠനപ്രക്രിയ, വിദ്യാലയസൗകര്യങ്ങൾ തുടങ്ങിയവ എങ്ങനെയൊക്കെയാകണമെന്നും ചർച്ച ചെയ്യുന്നുണ്ട്. ശിശുകേന്ദ്രീകൃത പഠനരീതിയും പ്രവർത്താനാധിഷ്ഠിതവും പ്രക്രിയാബന്ധിത വുമായി അവതരിപ്പിക്കുന്ന പാഠ്യപദ്ധതി സമീപനങ്ങളും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നുണ്ട്. ഇപ്രകാരം ജനാധിപത്യസമൂഹത്തെ കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകളും, ഭരണഘടനാമൂല്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള പാഠ്യപദ്ധതി കാഴ്ചപ്പാടുകളും സമീപനങ്ങളും എപ്രകാരമാകണമെന്ന് വ്യക്തത കൈവരുത്തുവാൻ ഇതിൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങളിലൂടെ സാധ്യമാകുന്നതാണ്.

### ജനാധിപത്യ സാമൂഹ്യജീവിതത്തിന്റെ സവിശേഷതകൾ

പുരാതന കാലം മുതൽക്കു തന്നെ ഭാരതീയ ജനജീവിതത്തിൽ പൗരാവകാശങ്ങൾക്ക് (Rights of Citizens) പല അളവിൽ സ്ഥാനം നൽകിയിട്ടുണ്ട്. അത്തരം അവകാശങ്ങളിൽ ജനാധിപത്യം (Democracy) സമത്വം (Equality), നീതി (Justice) തുടങ്ങിയ ആശയങ്ങൾക്ക് ആധുനിക ലോകവുമാ യുള്ള നിരന്തര സമ്പർക്കത്തിലൂടെ കൂടുതൽ വെളിച്ചം കൈവന്നു. അങ്ങനെ അവ നമ്മുടെ രാഷ്ട്രീയ സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാന ശിലകളായി മാറി.

ഒരു ജനാധിപത്യ സമൂഹത്തിൽ ജീവിക്കാനാവശ്യമായ തിരിച്ചറിവുകളും ധാരണകളും മനോഭാവങ്ങളും നൈപുണികളും സ്വായത്തമാക്കേണ്ട പ്രധാനപ്പെട്ട ഇടമാണ് വിദ്യാലയങ്ങൾ. വിദ്യാലയാനുഭവങ്ങളുടെ സമഗ്രരേഖയായ പാഠ്യപദ്ധതി വികസിപ്പിക്കേണ്ടത് ജനാധിപത്യ സാമൂഹ്യജീവിതത്തിന് കുട്ടികളെ സജ്ജമാക്കുന്നതിനുകൂടി വേണ്ടിയാവണം. ഇങ്ങനെ ജനാധിപത്യ വിദ്യാഭ്യാസത്തിനിണങ്ങുന്ന ഒരു പാഠ്യപദ്ധതി സങ്കൽപ്പത്തെക്കുറിച്ചും അതിന്റെ വിവിധ ഘടകങ്ങളെക്കുറിച്ചുമുള്ള ചർച്ചകളാണ് ഈ യൂണിറ്റിന്റെ ഉള്ളടക്കം.

> *"A Democracy is not a form of Government. It is primarily a mode of associated livingJohn -Dewey. (ജനാധിപത്യം ഒരു ഭരണകൂടരൂപമല്ല. പ്രാഥമികമായും അതൊരു കൂട്ടായ ജീവിതരീതിയാണ് - ജോൺ ഡ്യൂയി)*
>
> *"I understand democracy as something that gives the weak the same chance as the strong" - MK Gandhi. (ശക്തരായവർക്ക് ദുർബലരായവരോടൊപ്പം അവസരം ലഭിക്കുന്ന ഒന്നായാണ് ജനാധിപത്യത്തെ ഞാൻ മനസ്സിലാക്കുന്നത്-ഗാന്ധിജി)*

### ജനാധിപത്യം ഒരു ജീവിതരീതി

ജനാധിപത്യത്തെക്കുറിച്ചുള്ള പ്രമുഖരായ രണ്ട് വിദ്യാഭ്യാസ ചിന്തകരുടെ നിരീക്ഷണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സാമൂഹിക ജീവിതത്തിൽ പുലരേണ്ട നീതിബോധത്തിന്റെയും തുല്യനീതിയു ടെയും അധഃസ്ഥിതപക്ഷ നിലപാടുകളുടെയും ആകെത്തുകയായാണ് നാം ജനാധിപത്യത്തെ

വിഭാവനം ചെയ്തിരിക്കുന്നത്. തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുമ്പോൾ മാത്രമല്ല, ഊഴം കാത്ത് ക്യൂവിൽ നിൽക്കുമ്പോഴും, വിരുദ്ധാഭിപ്രായങ്ങളെ സഹിഷ്ണുതയോടെയും പ്രതിപക്ഷ ബഹുമാനത്തോടെയും പരിഗണിക്കുമ്പോഴും വിവിധ പ്രയാസങ്ങളനുഭവിക്കുന്നവരെ സഹായിക്കുമ്പോഴും നാം ജനാധിപത്യം പാലിക്കുകയാണ്. 'ഒരു ജനാധിപത്യരാജ്യത്ത് നാം വൈവിധ്യമുള്ള ജനതയെ വിശ്വാസത്തിലെടുക്കേണ്ടതുണ്ട്. രാജ്യത്തിന്റെ ഭാഗധേയനിർണയത്തിലും ഭരണകൂടത്തിലും തങ്ങൾ തുല്യപങ്കാളികളാണെന്ന തോന്നൽ എല്ലാവരിലും ഉളവാകുക എന്നതാണ് ജനാധിപത്യത്തിന്റെ കാതൽ **ജവഹർലാൽ നെഹ്റുവിന്റെ** വാക്കുകളാണിവ. എല്ലാ അർഥത്തിലുമുള്ള പങ്കാളിത്തം ജനതയ്ക്ക് ലഭ്യമാവുമ്പോൾ മാത്രമെ ജനാധിപത്യം അർഥപൂർണമാവൂ എന്നാണ് രാഷ്ട്രശില്പിയുടെ ഈ വാക്കുകൾ സൂചിപ്പിക്കുന്നത്.

ജനാധിപത്യത്തെ ഇങ്ങനെ സമഗ്രമായ ഒരു ജീവിത ദർശനമായി സ്വാംശീകരിച്ചവരും അതനുസരിച്ച് ജീവിക്കാനുള്ള സന്നദ്ധതയും മനോഭാവവും നൈപുണികളുള്ളവരുമായ പൗരന്മാരെ സൃഷ്ടിക്കാൻ പര്യാപ്തമായ പാഠ്യപദ്ധതിയെയാണ് ജനാധിപത്യ പാഠ്യപദ്ധതി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

- വ്യക്തിക്ക് സമ്പൂർണമായ സ്വാതന്ത്ര്യവും വിവിധങ്ങളായ അവകാശങ്ങളും അനുവദിക്കുന്ന വ്യവസ്ഥയാണ് ജനാധിപത്യം. എന്നാൽ അതിന്റെ പരിധിയെന്താണ്? മറ്റുള്ളവരുടെ അവകാശങ്ങളെയോ സ്വാതന്ത്ര്യത്തെയോ ഹനിക്കുന്ന യാതൊരവകാശവും ജനാധിപത്യം അനുവദിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുമ്പോൾ തന്നെ സാമൂഹിക സ്വാതന്ത്ര്യത്തിന് പ്രാധാന്യം കൽപ്പിക്കുന്ന വ്യവസ്ഥയാണ് ഇന്ത്യൻ കാഴ്ചപ്പാടനുസരിച്ച് ജനാധിപത്യം. ഈ ബോധ്യമാണ് പൗരത്വത്തിന്റെ ഒരനിവാര്യ സവിശേഷത.
- പൗരന്മാർക്ക് അവകാശങ്ങളും സ്വാതന്ത്ര്യവും അനുവദിക്കുന്ന നമ്മുടെ ജനാധിപത്യ വ്യവസ്ഥ അവർ നിർവഹിക്കേണ്ട മൗലികമായ ചുമതലകളും നിർദേശിക്കുന്നു. ഈ ചുമതലകൾ നിർവഹിക്കാനാവശ്യമായ മനോഭാവവും പ്രതിബദ്ധതയും വികസിപ്പിക്കാൻ സഹായകമായ അനുഭവങ്ങൾ പാഠ്യപദ്ധതിയുടെ പ്രാഥമിക പരിഗണകളിലൊന്നാവേണ്ടതുണ്ട്. ഭരണഘടനയുടെ 42-ാം ഭേദഗതിയുടെ ഭാഗമായാണ് പാർട്ട് 4എ യിൽ **മൗലിക കടമകൾ (Fundamental duties)** ഉൾപ്പെടുത്തിയിരിക്കുന്നത്. നിർദേശകതത്ത്വങ്ങളുടെ മാതൃകയിൽ ധാർമ്മികമായ ബാധ്യതകൾ എന്ന നിലയിലാണ് ഈ ചുമതലകൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

*താഴെ പറയുന്നവയാണ് ഈ മൗലിക കടമകൾ*

a) ഭരണഘടനയെ അനുസരിക്കുക, അതിന്റെ ആദർശങ്ങൾ, സ്ഥാപനങ്ങൾ, ദേശീയപതാക, ദേശീയഗാനം എന്നിവയെ ആദരിക്കുക.

b) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക.

c) ഭാരതത്തിന്റെ പരമാധികാരവും, അഖണ്ഡതയും, ഐക്യവും സംരക്ഷിക്കുക, നിലനിർത്തുക.

d) രാജ്യരക്ഷാപ്രവർത്തനത്തിനും രാഷ്ട്രസേവനത്തിനും സജ്ജരായിരിക്കുക

e) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വ്യത്യാസങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവ് വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

f) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

g) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക.

h) ശാസ്ത്രീയ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

i) പൊതുസ്വത്ത് സംരക്ഷിക്കുക, അക്രമം വെടിയുക.

j) എല്ലാ മണ്ഡലങ്ങളിലും മികവ് കാട്ടി ഔന്നത്യത്തിന്റെ പാതയിൽ മുന്നേറാൻ സഹായിക്കുക.

k) രക്ഷിതാവോ മാതാപിതാക്കളോ അതാത് സംഗതി പോലെ, 6 മുതൽ 14 വരെ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസാവസരങ്ങൾ പ്രദാനം ചെയ്യുക.

നമ്മുടെ ജനാധിപത്യസങ്കൽപ്പം തുല്യത, സാഹോദര്യം, മാനവികത, നീതിബോധം, സഹിഷ്ണുത, വിട്ടുവീഴ്ച, സഹകരണം, സംഘബോധം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമാണ്. ദേശീയ പ്രസ്ഥാനം മുമ്പോട്ട് വെച്ച ഈ മൂല്യങ്ങളിൽ അടിയുറച്ച് നിൽക്കുന്ന ഒരു വ്യവസ്ഥയിൽ ജീവിക്കാനാവശ്യമായ മനോഭാവങ്ങളും നൈപുണികളും പൗരന്മാരിൽ രൂപപ്പെടേണ്ടതുണ്ട്. ഭരണഘടനാനിർമാണത്തിനു വേണ്ടിയുള്ള കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിൽ ഭരണഘടനാ ശിൽപ്പികളിലൊരാളായ ഡോ. ബി.ആർ അംബേദ്ക്കർ പറഞ്ഞു-"1950 ജനുവരി 26 ന് നാം വൈരുധ്യങ്ങളുടെ ഒരു ജീവിതത്തിലേക്ക് ചുവട് വയ്ക്കുകയാണ്. രാഷ്ട്രീയരംഗത്ത് തുല്യത സ്ഥാപിച്ചെങ്കിലും നമ്മുടെ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ അസമത്വം തുടരുകയാണ്. ഒരാൾക്ക് ഒരു വോട്ട്, ഓരോ വോട്ടിനും ഒരേ മൂല്യം എന്ന തത്ത്വം രാഷ്ട്രീയത്തിൽ നാം അംഗീകരിച്ചു കഴിഞ്ഞു. എന്നാൽ ഓരോരുത്തർക്കും ഒരേ മൂല്യം എന്ന തത്ത്വം സാമൂഹിക-സാമ്പത്തിക ഘടനയിൽ ഇപ്പോഴും നിഷേധിക്കപ്പെടുന്നു. ഈ നില തുടർന്നാൽ നമ്മുടെ രാഷ്ട്രീയ ജനാധിപത്യഘടന അപകടത്തിലാവും."

സമത്വത്തിനുവേണ്ടി നിലകൊള്ളുകയും അസമത്വങ്ങൾക്കെതിരെ പോരാടുകയും ചെയ്യേണ്ടത് പൗരബാധ്യതയാണെന്നാണ് അദ്ദേഹം അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നത്. സമനീതിയും തുല്യതയും ജനാധിപത്യ സാമൂഹ്യജീവിതത്തിലെ അടിസ്ഥാന നിഷ്ക്കർഷകളാണെന്ന ധാരണയും തന്റെ ഇടപെടലുകളിൽ ഇവ പാലിക്കാനുള്ള മനോഭാവവും പൗരന്മാരിൽ വികസിക്കേണ്ടതുണ്ട്. ജനാധിപത്യവിദ്യാഭ്യാസവും പാഠ്യപദ്ധതിയും ഇതിന് സഹായകമാവണം. There can be no rule of God in the present state of iniquitous inequalities in which a few roll in riches and the masses do not get enough to eat. മഹാത്മാഗാന്ധിയുടെ ഈ നിരീക്ഷണവും ജനാധിപത്യ സമൂഹത്തിൽ തുല്യതയുടെ പ്രാധാന്യത്തിന് അടിവരയിടുന്നു.

മതം, ജാതി, വിശ്വാസങ്ങൾ, ആചാരങ്ങൾ, ആഹാരരീതി, വസ്ത്രധാരണരീതി തുടങ്ങി ജീവിത വീക്ഷണങ്ങളിൽ വരെ വളരെ വ്യത്യസ്തതകളുള്ള ഒരു സമൂഹമാണ് ഇന്ത്യയിലുള്ളത്. ഈ ബഹുസ്വര സമൂഹത്തെ സംഘർഷരഹിതമായി നിലനിർത്താനും കൂട്ടായ്മയിലൂടെ മുമ്പോട്ട് പോവാൻ പ്രേരിപ്പിക്കാനും അവശ്യം വേണ്ട ഒന്നാണ് സഹിഷ്ണുത. ഇതര സംസ്കാരങ്ങളെയും കാഴ്ചപ്പാടുകളേയും പ്രതിപക്ഷ ബഹുമാനത്തോടെ സമീപിക്കാനുള്ള മനസ്സ് പൗരന്മാരിൽ ഉണ്ടാവേണ്ടതുണ്ട്. ഇന്ത്യൻ സമൂഹത്തിന്റെ ബഹുസ്വരസ്വഭാവം തിരിച്ചറിഞ്ഞുകൊണ്ടാണ് സഹനത്തെ ഒരു സമരോപാധിയായി ദേശീയ പ്രസ്ഥാനം പ്രയോജനപ്പെടുത്തിയത്. (Mutual tolerance is a necessity for all time and for all races.) പരസ്പര സഹിഷ്ണുത എല്ലാ വംശങ്ങൾക്കും എല്ലാ കാലത്തേക്കുമുള്ള ഒരനുപേക്ഷണീയതയാണ് എന്നാണ് ഗാന്ധിജി ഇതേക്കുറിച്ച് അഭിപ്രായപ്പെട്ടത്.

പ്രകൃതി വിഭവങ്ങളുടെ ശോഷണം സംഭവിക്കാതെയുള്ള സാമ്പത്തിക വികസനം സുസ്ഥിര വികസനത്തിന്റെ ഭാഗമാണ്. ഭാവി സമൂഹത്തെക്കുറിച്ച് കരുതലുള്ള ഒരു സങ്കൽപ്പമാണ് ജനാധിപത്യം. അതുകൊണ്ടുതന്നെ അനിയന്ത്രിയമായ പ്രകൃതി വിഭവചൂഷണമില്ലാതെയുള്ള ഒരു വികസന കാഴ്ചപ്പാടിനു മാത്രമേ അതിനെ അംഗീകരിക്കാനാവൂ. വികസന കാര്യങ്ങളിൽ ഫലപ്രദമായും സജീവമായും ഇടപെടുകയും അതേ സമയം പ്രകൃതി വിഭവങ്ങൾ കരുതലോടെ വിനിയോഗിക്കുകയും ചെയ്യാനുള്ള മനോഭാവം വികസിപ്പിക്കാൻ പാഠ്യപദ്ധതിയിൽ അവസരങ്ങളുണ്ടാവണം.

**പ്രവർത്തനം**

ഒരു ജനാധിപത്യ സമൂഹത്തിൽ ജീവിക്കാനാവശ്യമായ തിരിച്ചറിവുകളും, ധാരണകളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിന് ഒരു പൊതുവിദ്യാലയത്തെ എങ്ങനെയൊക്കെ ശക്തിപ്പെടുത്തണം. രാഷ്ട്രീയ സാമൂഹ്യ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ചർച്ച ചെയ്യുക.

### പാഠ്യപദ്ധതിയും ജനാധിപത്യ വിദ്യാഭ്യാസവും

നാം വിഭാവനം ചെയ്യുന്ന ജനാധിപത്യ സാമൂഹ്യജീവിതത്തിന്റെ സവിശേഷതകളെക്കുറിച്ചാണ് ഇതുവരെ ചർച്ച ചെയ്തത്. ഇങ്ങനെയൊരു സമൂഹനിർമിതിക്ക് അനുഗുണമായ ജനാധിപത്യ വിദ്യാഭ്യാസത്തെക്കുറിച്ചും ജനാധിപത്യ പാഠ്യപദ്ധതിയെക്കുറിച്ചും ആണ് നമുക്കിനി ചർച്ച ചെയ്യാനുള്ളത്. എന്താണ് പാഠ്യപദ്ധതി എന്ന് സാമാന്യമായി മനസ്സിലാക്കിയ ശേഷം നമുക്ക് ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ സവിശേഷതകളെക്കുറിച്ച് ആലോചിക്കാം.

### പാഠ്യപദ്ധതി എന്നാലെന്ത്?

To run a course എന്നർത്ഥം വരുന്ന currerre എന്ന Latin പദത്തിൽ നിന്നാണ് Curriculum എന്ന ഇംഗ്ളീഷ് പദം രൂപം കൊണ്ടത്. 1631 മുതൽ ഈ പദം ഉപയോഗിച്ച് വരുന്നു. ലക്ഷ്യപ്രാപ്തിക്ക് വേണ്ടി സ്വീകരിക്കുന്ന പാത എന്നാണ് ഈ വാക്കിന്റെ അർഥം. പാഠ്യപദ്ധതിക്ക് നിരവധി നിർവചനങ്ങൾ നിലവിലുണ്ട്. സെക്കണ്ടറി വിദ്യാഭ്യാസ കമ്മീഷൻ പാഠ്യപദ്ധതിയെ നിർവചിച്ചിരിക്കുന്നത്– 'ക്ലാസ്റൂം, ലൈബ്രറി, വർക്ക്ഷോപ്പ്, കളിസ്ഥലം എന്നിവിടങ്ങളിലെല്ലാം അധ്യാപകനും കുട്ടിയും തമ്മിൽ നടക്കുന്ന ഔപചാരികവും അനൗപചാരികവുമായ ഇടപെടലുകളിലൂടെ ആർജിക്കുന്ന എല്ലാ അനുഭവങ്ങളും ചേർന്നതാണ് പാഠ്യപദ്ധതി' എന്നാണ്. 'Curriculum is a description of what,why and how well students should learn in a systematic and intentional way' എന്നാണ് UNESCO പാഠ്യപദ്ധതിക്ക് നൽകിയ നിർവചനം. മറ്റു ചില നിർവചനങ്ങൾ നോക്കൂ.

'പാഠ്യപദ്ധതി എന്നത് സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളേയും പ്രതിനിധാനം ചെയ്യുന്ന പദമാണ് എന്ന് W Kenneth Richmond അഭിപ്രായപ്പെടുന്നു.

All the learning which is planned or guided by the school whether it is carried on in groups or individually inside or outside the school - John F Kerr.

A programme of activities designed so that pupil will attain as far as possible certain educational goals - Paul Hirst.

പൊതുവായി പരിശോധിച്ചാൽ പാഠ്യപദ്ധതി എന്നത് കുട്ടിക്ക് ലഭിക്കേണ്ട എല്ലാ അനുഭവങ്ങളെയും നിർദേശിക്കുന്ന സമഗ്രരേഖയാണെന്ന് കാണാം. പാഠ്യപദ്ധതിയെക്കുറിച്ച് നാം വിശദമായി പിന്നീട് ചർച്ച ചെയ്യുന്നുണ്ട്.

### പാഠ്യപദ്ധതിയെ സ്വാധീനിക്കുന്ന ആശയങ്ങളും ദർശനങ്ങളും

ഓരോ രാജ്യത്തും നിലനിൽക്കുന്ന സാമൂഹികാവസ്ഥയും അവിടെ സ്വീകരിക്കപ്പെട്ട രാഷ്ട്രീയ ദർശനങ്ങളും പാഠ്യപദ്ധതിയെ സ്വാധീനിക്കുന്നു. രാജവാഴ്ച നിലനിൽക്കുന്ന ഒരു പ്രദേശത്ത് വിധേയത്വവും അനുസരണയുമുള്ള ഒരു തലമുറയുടെ സൃഷ്ടിക്കാവും ഊന്നൽ. പുരാതന സ്പാർട്ടയെപ്പോലെ യുദ്ധത്തേയും കീഴടക്കലിനേയും പ്രധാനമായി കണ്ട രാജ്യങ്ങളിൽ കായിക പരിശീലനത്തിനും ആരോഗ്യത്തിനുമാവും മുൻതൂക്കം. മതാധിപത്യം നിലനിൽക്കുന്ന രാജ്യങ്ങളിലാവട്ടെ മത വിദ്യാഭ്യാസത്തിനും ആത്മീയതയ്ക്കുമാവും പ്രാധാന്യം. ഒരു രാജ്യം പിന്തുടരുന്ന ദർശനം( ഫിലോസഫി) ആ രാജ്യത്തിന്റെ വിദ്യാഭ്യാസ സംവിധാനത്തെ സ്വാധീനിക്കുന്നു. വിദ്യാഭ്യാസ മൂല്യങ്ങൾ ആക്സിയോളജിയെ (Axiology) അടിസ്ഥാനമാക്കിയും, രീതിശാസ്ത്രങ്ങൾ മെറ്റാ

ഫിസിക്സിനെ (Metaphysics) അടിസ്ഥാനമാക്കിയും അറിവുമേഖല എപ്പിസ്റ്റമോളജിയെ (Epistemology) അടിസ്ഥാനമാക്കിയും ചിട്ടപ്പെടുത്തുന്നു.

നമ്മുടേത് ഒരു ജനാധിപത്യ രാജ്യമാണ്. അതുകൊണ്ട് തന്നെ ജനാധിപത്യ സാമൂഹ്യജീവിതം നയിക്കുന്നതിന് പൗരന്മാരെ സജ്ജരാക്കുന്ന ഒരു പാഠ്യപദ്ധതിക്കാണ് നാം ഊന്നൽ നൽകുന്നത്

ജനാധിപത്യ വിദ്യാഭ്യാസക്രമത്തിലെ പാഠ്യപദ്ധതിയെക്കുറിച്ചാണല്ലോ നമുക്ക് ചർച്ച ചെയ്യേണ്ടത്. നമുക്ക് ജനാധിപത്യ വിദ്യാഭ്യാസം എന്ന ആശയം വിശകലനം ചെയ്യാം

**ജനാധിപത്യ വിദ്യാഭ്യാസം**

> *പങ്കാളിത്തത്തിലും നീതിയിലും ജനാധിപത്യത്തിലും അടിയുറച്ച് നിൽക്കുന്ന ഒരു സമൂഹത്തിലെ വിദ്യാഭ്യാസപദ്ധതി നിശ്ചയമായും ജനാധിപത്യപരമായിരിക്കണം.*

ബെർലിനിൽ 2005ൽ നടന്ന അന്താരാഷ്ട്ര ജനാധിപത്യവിദ്യാഭ്യാസസമ്മേളനം അംഗീകരിച്ച ഈ പ്രസ്താവന ജനാധിപത്യ വിദ്യാഭ്യാസത്തിനുള്ള മികച്ച ഒരാമുഖമാണ്.

ഒരു ജനാധിപത്യ വിദ്യാഭ്യാസക്രമത്തിൽ പഠിതാക്കൾക്ക് താഴെ പറയുന്ന അവകാശങ്ങളുണ്ടെന്ന് ഞങ്ങൾ കരുതുന്നു

- എപ്പോൾ എവിടെവെച്ച് എന്ത് ആരിൽ നിന്നും പഠിക്കണം എന്ന് തീരുമാനിക്കാനുള്ള അവകാശം.
- വിദ്യാലയ നടത്തിപ്പ്, അവിടെയുള്ള നിബന്ധനകൾ എന്നിവയിൽ അഭിപ്രായം പറയാനുള്ള തുല്യാവകാശം.

'ജനാധിപത്യ വിദ്യാഭ്യാസം എന്നത് പഠിതാക്കളും അധ്യാപകരും തുല്യരായി പ്രവർത്തിക്കുന്ന സംവിധാനമാണ്' എന്നാണ് David Gribble എന്ന പ്രമുഖ ജനാധിപത്യ വിദ്യാഭ്യാസ ചിന്തകൻ നിർവചിക്കുന്നത്. 'സഹനത്തിലും സ്നേഹത്തിലും ആദരവിലും അധിഷ്ഠിതമായതാണ് ജനാധിപത്യ വിദ്യാഭ്യാസം' എന്നാണ് മറ്റൊരു നിർവചനം (Yakov Hercht). നമുക്ക് നാം വിഭാവനം ചെയ്യുന്ന ജനാധിപത്യ സമൂഹത്തിനനുഗുണമായ ഒരു വിദ്യാഭ്യാസ പദ്ധതിയെക്കുറിച്ചാണ് ആലോചിക്കേണ്ടത്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ ഘടകങ്ങൾ നമുക്ക് പരിശോധിക്കാം

**ജനാധിപത്യ വിദ്യാലയം**

വിദ്യാലയനടത്തിപ്പ്, ക്ലാസ്റൂം പ്രവർത്തനങ്ങൾ, അധ്യാപക വിദ്യാർഥി ബന്ധം, വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം തുടങ്ങി സമസ്ത മേഖലകളിലും ജനാധിപത്യമൂല്യങ്ങൾ നിലനിൽക്കുന്ന വിദ്യാലയമാണ് ജനാധിപത്യ വിദ്യാലയം. ജനാധിപത്യ വിദ്യാലയമെന്ന ആശയത്തിന്റെ ആഗോള പ്രചാരകരായ Michael Apple, James A Beane എന്നിവർ ചേർന്നെഴുതിയ Democratic Schools Lessons from the Chalk face എന്ന പുസ്തകത്തിൽ ജനാധിപത്യ വിദ്യാലയങ്ങളെ താഴെച്ചേർക്കുന്ന രീതിയിൽ പരാമർശിച്ചിരിക്കുന്നു.

"The schools are committed to an education that builds upon student and communtiy needs, cultures, and histories. They are committed as well to anti-racist, anti-homophobic and anti-sexist principles, and are organized around a deep concern for social justice. These are not merely abstract principles, but are woven into the curriculum and teaching practices of the schools. The practices themselves involve a negotiated curriculum, extensive communtiy and student involvement. യാതൊരു വിവേചനങ്ങൾക്കും ഇടവരുത്താത്ത രീതിയിലുള്ള സാമൂഹ്യനീതിയിൽ അടിയുറച്ച് നിൽക്കുന്ന ഈ മൂല്യങ്ങളെ പാഠ്യപദ്ധതിയിൽ സ്വാംശീകരിക്കുന്ന വിദ്യാലയമാണ് ജനാധിപത്യ വിദ്യാലയം.

ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകം ജനാധിപത്യ മൂല്യങ്ങൾ നിലനിൽക്കുന്ന ക്ലാസ് മുറികളാണ്. അധ്യാപക വിദ്യാർഥി ബന്ധത്തിലും കുട്ടികളുടെ സജീവവും സമഗ്രവുമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലും ഇത് പ്രകടമാവണം. വിവേചനരഹിതമായ പരിഗണന എല്ലാവർക്കും ലഭിക്കുന്നതാവണം.

**ജനാധിപത്യ ക്ലാസ്മുറികൾ**

അവരവരുടെ കഴിവിനും പരിമിതിക്കും അനുസരിച്ച് മുന്നേറാനുള്ള അവസരങ്ങളും സന്ദർഭങ്ങളുമുള്ള, സമഗ്രശേഷികൾക്കും പരിഗണനയുള്ള, മാനവികവും ശാസ്ത്രീയവുമായ പാഠ്യപദ്ധതിയും ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ അനിവാര്യഘടകമാണ്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, സാമ്പത്തിക സാമൂഹിക പിന്നാക്കാവസ്ഥ അനുഭവിക്കുന്നവർ എന്നിവർക്കെല്ലാം സവിശേഷ പരിഗണന ലഭിക്കണം. എല്ലാവർക്കും ഒരേ പരിഗണന നൽകുകയല്ല, പ്രയാസങ്ങളും പരിമിതികളും ഉള്ളവരോട് കൂടുതൽ പരിഗണന കാണിക്കുകയാണ് ജനാധിപത്യ നീതി. ഭിന്നശേഷികളുള്ള കുട്ടികളെ സാധാരണവിദ്യാലയങ്ങളിൽ നിലനിർത്തിക്കൊണ്ടും അതേസമയം അവർ നേരിടുന്ന വിവിധ പരിമിതികളിൽ അവർക്ക് അനുയോജ്യമായ പിന്തുണ നൽകുന്നതിനുമായി രൂപീകരിച്ച സംയോജിത വിദ്യാഭ്യാസ പദ്ധതി (Inclusive Education) ഇതിന്റെ ഭാഗമാണ്.

പൊതു സമ്മതിയനുസരിച്ചാണ് ജനാധിപത്യ സമൂഹത്തിൽ അഭിപ്രായ രൂപീകരണവും ഭരണനിർവഹണവും നടക്കുന്നത്. ആശയസംവാദങ്ങളിലൂടെയും അഭിപ്രായ പ്രകടനങ്ങളിലൂടെയുമാണ് പൊതുസമ്മിതി നിർമ്മിക്കപ്പെടുന്നത്. ആശയവിനിമയവും സംവാദങ്ങളിലെ സജീവപങ്കാളിത്തവും സാധ്യമാവുന്നതും ഫലപ്രദമാവുന്നതും മാതൃഭാഷയിലൂടെയാവുമ്പോഴാണ്. അതുകൊണ്ട്തന്നെ വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടങ്ങളിലെങ്കിലും അധ്യയനമാധ്യമം മാതൃഭാഷയാവേണ്ടതാണ്.

**പ്രവർത്തനം**

ജനാധിപത്യ വിദ്യാലയങ്ങൾ ജനാധിപത്യ സമൂഹം രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു. ഇക്കാര്യത്തിൽ വിദ്യാലയവുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളായ പാഠ്യപദ്ധതി, അധ്യാപകൻ, പി.ടി.എ, ത്രിതലപഞ്ചായത്ത് സംവിധാനം എന്നിവയുടെ റോൾ വ്യക്തമാക്കുക.

**ഭരണഘടനാ മൂല്യങ്ങളും ജനാധിപത്യ വിദ്യാഭ്യാസവും**

- **തുല്യനീതി**

രാജ്യത്തെ നിയമ വ്യവസ്ഥയുടെ അടിസ്ഥാനപ്രമാണമാണ് ഭരണഘടന. നമ്മുടെ ഭാവി ജനാധിപത്യ സമൂഹ കാഴ്ചപ്പാട് വ്യക്തമായി പ്രതിഫലിക്കുന്ന ഒന്നാണ് നമ്മുടെ ഭരണഘടന. രണ്ട് വിധത്തിലാണ് ഇന്ത്യൻ ഭരണഘടന നീതി ഉറപ്പാക്കുന്നത്.

1. എല്ലാവർക്കും അവസരസമത്വവും തുല്യനീതിയും ഉറപ്പ് വരുത്തുക
2. പാർശ്വവൽക്കരിക്കപ്പെട്ടവരോടും പല കാരണങ്ങളാൽ പിന്നാക്കമായവരോടുമുള്ള പ്രത്യേക പരിഗണന (Protective Discrimination).

രണ്ട് തലങ്ങളിലുമുള്ള പ്രധാന ഭരണഘടനാവ്യവസ്ഥകളെ സാമാന്യമായി നമുക്കൊന്ന് പരിശോധിക്കാം.

**1. തുല്യനീതിയുമായി ബന്ധപ്പെട്ട ഭരണഘടനാവ്യവസ്ഥകൾ.**

ഭരണഘടനയുടെ ആമുഖത്തിൽ തന്നെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി വാഗ്ദാനം ചെയ്യുന്നു.

*മറ്റ് പ്രധാന വ്യവസ്ഥകൾ:*

| | |
|---|---|
| Article 14 | ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ രാഷ്ട്രം ഒരാൾക്കും നിയമതുല്യതയൊ നിയമപരിരക്ഷയൊ നിഷേധിക്കുകയില്ല |
| Article 15 | മതം, വംശം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയുടെ പേരിലുള്ള വിവേചനങ്ങളുടെ നിരോധനം |
| Article 16 | പൊതു സ്ഥാപനങ്ങളിലെ തൊഴിലവസരങ്ങളിലെ തുല്യാവസരം |
| Article 17 | എല്ലാ വിധത്തിലുമുള്ള അയിത്താചരണവും തൊട്ടുകൂടായ്മയും നിരോധിക്കുന്നു |
| Article 19(1) | എല്ലാ പൗരന്മാർക്കും രാജ്യത്ത് സ്വതന്ത്രമായി സഞ്ചരിക്കാം |
| Article 39 A | നിയമവ്യവസ്ഥയിൽ തുല്യനീതി ഉറപ്പാക്കും |
| Article 25 | മനസ്സാക്ഷിക്കനുസരിച്ച് ഏത് മതത്തിലും വിശ്വസിക്കാനും അതനുസരിച്ചുള്ള ആരാധനാരീതികൾ പിന്തുടരാനും പ്രചരിപ്പിക്കാനും എല്ലാവർക്കും തുല്യാവസരം നൽകുന്നു. |

**2. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സവിശേഷ പരിഗണന ഉറപ്പ് വരുത്തുന്ന ചില ഭരണഘടനാ വ്യവസ്ഥകൾ.**

> *"We are having this liberty in order to reform our social system, which is full of inequality, discrimination and other things, which conflict with our fundamental rights". - BR Ambedkar'*
>
> *"To call woman the weaker sex is a libel; it is man's injustice to woman". – Gandhiji*

സർക്കാരിന് കുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക നിയമങ്ങൾ നിർമിക്കാവുന്നതിന് അവകാശം നൽകുന്ന 15 (3), സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കക്കാരായവർക്കും പട്ടികജാതി- പട്ടികവർഗ വിഭാഗക്കാരുടെ ഉന്നമനത്തിനു വേണ്ടിയും പ്രത്യേക നിയമനിർമാണം നടത്താൻ അനുവാദം നൽകുന്ന 15 (4), ന്യൂനപക്ഷ മതവിഭാഗക്കാർ നടത്തുന്ന വിദ്യാലയങ്ങളിലൊഴികെ മറ്റെല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിന്നാക്ക വിഭാഗക്കാർക്ക് സംവരണം അനുവദിക്കുന്നതിന് വ്യവസ്ഥ നൽകുന്ന 15 (5) എന്നിവ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് വേണ്ടിയുള്ള സവിശേഷ വ്യവസ്ഥകളാണ്. 16 (4). 16 (4A) എന്നിവ തൊഴിലിലും പ്രൊമോഷനിലും സംവരണം ഉറപ്പാക്കുന്നു. പൊതുസ്ഥാപനങ്ങളിലെ തൊഴിലുകളിൽ വേണ്ടത്ര പ്രാതിനിധ്യമില്ലാത്ത പിന്നാക്കവിഭാഗക്കാർക്ക് വേണ്ടി തൊഴിലുകൾ സംവരണം ചെയ്തുവയ്ക്കുന്നതിന് സർക്കാരിന് അനുവാദം നൽകുന്ന വ്യവസ്ഥയാണ് ആർട്ടിക്കിൾ 16 (4) ജോലിയിൽ പ്രൊമോഷന് പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തുന്നതിന് സർക്കാരിന് അനുവാദം നൽകുന്ന ആർട്ടിക്കിളാണ് 16 (4A). ജനാധിപത്യ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്ന വകുപ്പുകൾ പങ്കാളിത്ത ജനാധിപത്യത്തിലും സാമൂഹ്യനീതിയിലും ഉള്ള ഭരണഘടനാ പ്രതിബദ്ധതയുടെ ദൃഷ്ടാന്തമാണ് Art.40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മൂന്നിലൊന്ന് സീറ്റുകൾ പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് സംവരണം ചെയ്യുന്നു. Art.330 ഉം 332 ഉം പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും പട്ടികജാതി-പട്ടികവർഗക്കാർക്ക് നിശ്ചിത സീറ്റുകൾ സംവരണം ചെയ്തുകൊണ്ടുള്ളവയാണ്.

പാർശ്വവത്ക്കരിക്കപ്പെട്ടവരോടുള്ള ഭരണഘടനയുടെ പ്രതിബദ്ധത വ്യക്തമാക്കുന്നവയാണ് ഗോത്രവർഗക്ഷേമത്തിനായി സംസ്ഥാനങ്ങൾക്ക് സവിശേഷ ഗ്രാന്റ് നൽകാൻ കേന്ദ്ര സർക്കാരിന് അനുവാദം നൽകുന്ന Art.275, പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് മിനിമം മാർക്കിൽ ഇളവ് നൽകുന്നതിന് അനുവാദം നൽകുന്ന Art.335, പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമം സർക്കാരിന്റെ സാധ്യതയാക്കിയ Art.340 എന്നിവ.

- **ജനാധിപത്യം**

ജനാധിപത്യത്തെ ഒരു സാമൂഹ്യജീവിതമൂല്യമായി മാത്രമല്ല ഭരണഘടനാമൂല്യമായി തന്നെയാണ് ഇന്ത്യൻ ജനാധിപത്യം പരിഗണിക്കുന്നത്. അതായത് സാമൂഹ്യജീവിതത്തിൽ ജനാധിപത്യം പുലരേണ്ടത് നിയമപരമായിത്തന്നെ നിഷ്കർഷിക്കപ്പെടുന്നു. ജനാധിപത്യം എന്നത് വിവിധ രീതിയിൽ വ്യാഖ്യാനിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണ്. ജനാധിപത്യ ഭരണവ്യവസ്ഥ നിലനിൽക്കുന്ന രാജ്യങ്ങളിൽത്തന്നെ അത് വൈവിധ്യമാർന്ന രീതിയിലാണ് സമീപിക്കപ്പെടുന്നതും സ്വീകരിക്കപ്പെടുന്നതും. ഇന്ത്യൻ ജനാധിപത്യത്തിന്റെ സവിശേഷതകളായി പരിഗണിക്കപ്പെടുന്നത് താഴെ പറയുന്നവയാണ്

പരമാധികാരം ജനങ്ങൾക്ക് (Popular Sovereignty), രാഷ്ട്രീയ തുല്യത (Political Equality), ഭൂരിപക്ഷ ഭരണം (Majority Rule), ഫെഡറൽ ഭരണവ്യവസ്ഥ (Federal System), കൂട്ടുത്തരവാദിത്വം (Collective Responsibility), ബഹുജനാഭിപ്രായരൂപീകരണം (Formation of Opinion), ന്യൂനപക്ഷത്തോടുള്ള ആദരവ് (Respect for Opinion of Minority), പൗരാവകാശങ്ങൾ (Provision for Rights), നിയമവാഴ്ച (Rule of Law), സമ്മിതിയുടെ അടിസ്ഥാനത്തിലുള്ള ഭരണം (Rule by Consent), തുറസ്സായ സമൂഹം (Implies open society), അനുരഞ്ജന മനോഭാവമുള്ള സർക്കാർ (Government by Compromise), ക്ഷേമ ഭരണകൂടം (Welfare Government), സ്വതന്ത്രമായ നീതിന്യായവ്യവസ്ഥ (Independent Judiciary).

മുകളിൽ സൂചിപ്പിച്ച ഓരോ ആശയത്തെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ശേഖരിക്കുമല്ലോ.

- **മതേതരത്വം**

1976-ലെ 42-ാമത് ഭരണഘടനാഭേദഗതിയുടെ ഭാഗമായാണ് മതേതരത്വം ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന സവിശേഷതകളുടെ ഭാഗമായത്. പൊതുജീവിതത്തിൽനിന്ന് മതത്തെ നിരാകരിക്കുന്ന അർഥത്തിലാണ് മതേതരത്വം എന്ന വാക്ക് ആഗോളമായി ഉപയോഗിക്കപ്പെടുന്നതെങ്കിലും വിവിധ മതവിശ്വാസികൾ ധാരാളമായി ജീവിക്കുന്ന നമ്മുടെ രാജ്യം മതേതരത്വത്തെ സമീപിക്കുന്നത് ചുവടെ കൊടുക്കുന്ന വിധത്തിലാണ്

- രാഷ്ട്രത്തിന് ഔദ്യോഗിക മതമുണ്ടാവുകയോ ഏതെങ്കിലും പ്രത്യേക മതത്തെ ഭരണകൂടം പ്രോത്സാഹിപ്പിക്കുകയോ ചെയ്യുകയില്ല.
- മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം ഒരു കാര്യത്തിലും ഉണ്ടാവില്ല (ഭരണഘടനയിലെ വിവിധ ആർട്ടിക്കിളുകൾ ഇക്കാര്യം പരാമർശിക്കുന്നു)
- ഏതൊരാൾക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതിൻ പ്രകാരമുള്ള ആചാരാനുഷ്ഠാനങ്ങളിൽ ഏർപ്പെടാനും മതപ്രചാരണത്തിൽ എർപ്പെടാനും അവകാശമുണ്ടായിരിക്കും. (ആർട്ടിക്കിൾ 25 )
- പൊതുവിദ്യാലയങ്ങളിൽ യാതൊരുവിധ മതപ്രചാരണവും അനുവദിക്കുന്നതല്ല (ആർട്ടിക്കിൾ 28)

- **സാഹോദര്യം**

ഫ്രഞ്ച് വിപ്ലവ മുദ്രാവാക്യങ്ങളിൽ നിന്നുമാണ് സാഹോദര്യം എന്നത് ലോകമെങ്ങുമുള്ള ജനാധിപത്യപ്രേമികളുടെ അടിസ്ഥാന ദർശനങ്ങളിലൊന്നായി മാറിയത്. നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുന്ന ഈ പദം ജനാധിപത്യം, സ്വാതന്ത്ര്യം എന്നിവയേക്കാൾ ഉദാത്തമായ ഒന്നായിട്ടാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നത്. പൗരന്റെ അന്തസ്സും രാജ്യത്തിന്റെ അഖണ്ഡതയും എന്നാണ് ഭരണഘടനയുടെ ആമുഖത്തിൽ ഇത് സംബന്ധിച്ച് നൽകുന്ന വിശദീകരണം. രാജ്യത്തെ ജനതയ്ക്കിടയിൽ ഉണ്ടാവേണ്ട രക്തബന്ധസമാനമായ സാഹോദര്യത്തെക്കുറിച്ചാണ് നമ്മുടെ ഭരണഘടന അടിവരയിടുന്നത്.

- **സ്വാതന്ത്ര്യം**

ഭരണഘടനയുടെ ആർട്ടിക്കിൾ 19 സ്വാതന്ത്ര്യത്തെ ഒരവകാശമായി പ്രഖ്യാപിക്കുന്നു. ആറ് തരം സ്വാതന്ത്ര്യങ്ങളാണ് ഭരണഘടന അനുവദിക്കുന്നത്

1. Right to freedom of speech and expression (അഭിപ്രായ സ്വാതന്ത്ര്യം).
2. Right to assemble peaceably and without arms (സംഘം ചേരാനുള്ള സ്വാതന്ത്ര്യം).
3. Right to form associations or unions (സംഘാടന സ്വാതന്ത്ര്യം).
4. Right to move freely throughout the territory of India, (സഞ്ചാര സ്വാതന്ത്ര്യം).
5. Right to reside and settle in any part of the territory of India, (സ്ഥിരവാസത്തിനുള്ള സ്വാതന്ത്ര്യം).
6. Right to practice any profession or to carry on any occupation trade or business (തൊഴിൽ-വ്യാപാര സ്വാതന്ത്ര്യം).

ഈ സ്വാതന്ത്ര്യങ്ങൾ നിരുപാധികമോ അനിയന്ത്രിതമോ അല്ല. ഉദാഹരണമായി അഭിപ്രായങ്ങൾ തുറന്ന് പറയാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും മറ്റൊരാൾക്ക് അപകീർത്തികരമായി സംസാരിക്കുന്നതും കോടതിയ ലക്ഷ്യമാവുന്ന അഭിപ്രായങ്ങൾ പറയുന്നതും രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കും സുരക്ഷയ്ക്കും എതിരായി സംസാരിക്കുന്നതും വിലക്കുന്നു. സംഘടിക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും ക്രിമിനൽ ഉദ്ദേശ്യങ്ങളോടെയുള്ള സംഘംചേരൽ നിരോധിക്കുന്നു. രാജ്യത്ത് നിർബാധം സഞ്ചരിക്കാൻ സ്വാതന്ത്ര്യം ഉള്ളപ്പോൾത്തന്നെ സംരക്ഷിത മേഖലകളിൽ പ്രവേശിക്കുന്നതിനും ഗോത്രവർഗ പ്രദേശങ്ങളിൽ സഞ്ചരിക്കുന്നതിനും വിലക്കേർപ്പെടുത്താൻ സർക്കാരുകൾക്ക് അവകാശമുണ്ട്.

## പാഠ്യപദ്ധതി കാഴ്ചപ്പാടുകൾ പ്രതിഫലിക്കേണ്ട മേഖലകൾ

ജനാധിപത്യസമൂഹത്തിന്റെ സവിശേഷതകൾ, ഭരണഘടനാ മൂല്യങ്ങൾ എന്നിവയ്ക്കനുസരിച്ച് ഒരു പാഠ്യപദ്ധതി തയാറാക്കുമ്പോൾ അതിന്റെ കാഴ്ചപ്പാടുകൾ ഏതെല്ലാം മേഖലകളിൽ പ്രതിഫലിക്കണെമെന്നും എങ്ങനെ പ്രതിഫലിക്കണമെന്നും മുൻകൂട്ടി നിർണയിക്കേണ്ടതുണ്ട്. പങ്കാളിത്തം, തുല്യത, അവസരസമത്വം, പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള സവിശേഷപരിഗണന, ഭൂരിപക്ഷാഭിപ്രായമനുസരിച്ചുള്ള തീരുമാനമെടുക്കൽ, ന്യൂനപക്ഷത്തെ മാനിക്കൽ, അവകാശബോധത്തോടൊപ്പം നിലനിർത്തേണ്ട ചുമതലാബോധം, സാഹോദര്യം, മതേതരചിന്ത തുടങ്ങിയ മൂല്യങ്ങൾ വിദ്യാലയ പ്രവർത്തനങ്ങളിലുടനീളം നിലനിൽക്കുമ്പോഴാണ് അതൊരു ജനാധിപത്യവിദ്യാലയമാവുന്നത്. പാഠ്യപദ്ധതി എന്നത് വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന സമഗ്രാനുഭവങ്ങളുടെ രേഖയായതുകൊണ്ട് തന്നെ ഒരു ജനാധിപത്യവിദ്യാലയത്തിനുമാത്രമേ ജനാധിപത്യപാഠ്യപദ്ധതിയെ ഉൾക്കൊള്ളാനാവൂ.

എല്ലാവരുടേയും പങ്കാളിത്തവും കൂട്ടായ്മയും സഹകരണവും ഉറപ്പ് വരുത്തിയുള്ള സ്കൂൾ സംഘാടനമാണ് ഇതിൽ മുഖ്യം. സ്കൂൾ സംഘാടനത്തിന്റെ എല്ലാ തലങ്ങളിലും ജനാധിപത്യരീതികൾ പാലിക്കപ്പെടണം. അതിനായി ചില കാര്യങ്ങൾ പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്.

- അവസരസമത്വവും എല്ലാവർക്കും ഏറ്റവും മികവുറ്റ വിദ്യാഭ്യാസം ലഭ്യമാവുന്നതിനുള്ള സൗകര്യങ്ങളും ഉറപ്പ് വരുത്തണം.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് വേണ്ടി സ്കൂൾ സൗകര്യങ്ങളും സാമഗ്രികളും സജ്ജമാക്കൽ.
- നീതിയും അവസരസമത്വവും ഉറപ്പ് വരുത്തുന്ന രീതിയിൽ അധ്യാപകരുടെ ഇടപെടലുകൾ.
- സാഹോദര്യം, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സവിശേഷപരിഗണന, സഹകരണം, സംഘബോധം, ചുമതലാബോധം എന്നിവയിലൂന്നിയ ഇടപെടലുകൾ.
- പഠിതാവിനെ കേന്ദ്രീകരിക്കുന്നതും, എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതുമായ പഠന ബോധന പ്രക്രിയ.

- ശാരീരിക മാനസിക പ്രയാസങ്ങൾ, സാമൂഹ്യ സാമ്പത്തിക പിന്നാക്കാവസ്ഥ, തുടങ്ങിയ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന.

വിദ്യാലയപ്രവർത്തനങ്ങളിലും ക്ലാസ്റൂം പ്രവർത്തനങ്ങളിലും കുട്ടികളുടെ താൽപര്യം പരിഗണിക്കുന്നതാണ് ജനാധിപത്യ വിദ്യാലയസങ്കൽപ്പം. വിദ്യാർഥികൾക്ക് ലഭിക്കുന്ന അവസരങ്ങൾ ഈ വിധത്തിലുള്ളതാവണം. എല്ലാവർക്കും തുല്യാവസരങ്ങളല്ല, ഓരോരുത്തർക്കും കഴിവിനും അഭിരുചിക്കും പരിമിതിക്കും അനുസരിച്ച് അനുയോജ്യമായ അവസരങ്ങളാണ് ലഭ്യമാവേണ്ടത്.

ജനാധിപത്യസമൂഹത്തിന്റെ സവിശേഷതകൾ, ഭരണഘടനാ മൂല്യങ്ങൾ എന്നിവ നാം ചർച്ച ചെയ്തുവല്ലോ. ഇവ രണ്ടും പുലരുന്ന ഒരു ഭാവി സമൂഹമാണ് നാം സ്വപ്നം കാണുന്നത്. ഈ സ്വപ്നം സാധ്യമാവണമെങ്കിൽ അത്തരം അനുഭവങ്ങളും പരിശീലനവും വിദ്യാലയത്തിൽ നിന്ന് ലഭിക്കേണ്ടതുണ്ട്. ഈ അനുഭവങ്ങൾ ഫലപ്രദമാവണമെങ്കിൽ നിരന്തരമായ സമൂഹബന്ധം ആവശ്യമാണ്. കാരണം സാമൂഹികമൂല്യങ്ങൾ ക്ലാസ്മുറിയിൽ നിന്ന് മാത്രമല്ല, സമൂഹത്തിൽ നിന്നുമാണ് സ്വായത്തമാക്കേണ്ടത്.

വിദ്യാലയം ഒരു സാമൂഹിക സ്ഥാപനമാണ്. അതിനെ നിലനിർത്തേണ്ടതും സംരക്ഷിക്കേണ്ടതും സമൂഹ ബാധ്യതയാണ്. വിദ്യാലയവുമായുള്ള ജൈവികബന്ധം രക്ഷിതാക്കളും സമൂഹവും നിലനിർത്തേണ്ടതുണ്ട്. ഈ അർഥത്തിലുള്ള രക്ഷാകർതൃബന്ധവും സമൂഹബന്ധവും വിദ്യാലയത്തിലുണ്ടാവണം.

**പാഠ്യപദ്ധതിയുടെ അടിസ്ഥാന ഘടകങ്ങൾ, പരിഗണനകൾ**

- അതാത് കാലത്ത് നിലനിൽക്കുന്ന സമൂഹങ്ങളുടെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ, സാമൂഹികാവശ്യങ്ങൾ എന്നിവ പാഠ്യപദ്ധതിയുടെ ഒരു അടിസ്ഥാന പരിഗണനയാണ്.
- നാം വിഭാവനം ചെയ്യുന്നത് നീതിയും തുല്യതയും നിലനിൽക്കുന്ന, പാർശ്വവൽക്കരിക്കപ്പെട്ടവർ സവിശേഷമായി പരിഗണിക്കപ്പെടുന്ന, ജനാധിപത്യവും മതേതരത്വവും സാഹോദര്യവും മുഖമുദ്രയായ ഒരു സമൂഹത്തെയാണ്. ഈ ഭാവി സമൂഹ കാഴ്ചപ്പാട് പ്രതിഫലിക്കുന്നതാവണം പാഠ്യപദ്ധതി.
- പഠിതാവിന്റെ പ്രായം, പ്രകൃതം, സ്വാഭാവികമായ പഠനപ്രക്രിയ, വളർച്ചയെയും വികാസത്തെയും ബാധിക്കുന്ന മനശ്ശാസ്ത്ര തത്ത്വങ്ങൾ, കുട്ടികൾ ജീവിക്കുന്ന സാമൂഹ്യ ചുറ്റുപാട്, സാംസ്കാരിക ചുറ്റുപാട്, വിവിധ കാരണങ്ങൾ കൊണ്ട് കുട്ടികൾക്കിടയിൽ നിലനിൽക്കുന്ന ഭിന്നനിലവാരം തുടങ്ങിയവയെല്ലാം പാഠ്യപദ്ധതിയുടെ സുപ്രധാന പരിഗണനകളാണ്.
- സാമൂഹികലക്ഷ്യങ്ങൾ, മനശ്ശാസ്ത്രപരിഗണനകൾ, കുട്ടിയുടെ ചുറ്റുപാട്, പൂർവാനുഭവങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് ഓരോ വിഷയത്തിലെയും ഉള്ളടക്കം നിശ്ചയിക്കുകയെന്നത് മറ്റൊരു പ്രധാന പരിഗണനയാണ്.
- ജനാധിപത്യ മൂല്യങ്ങൾക്കനുസരിച്ചുള്ള ഇടപെടലുകളും പ്രൊഫഷണൽ നൈപുണികളുമുള്ള അധ്യാപകർക്കു മാത്രമെ പാഠ്യപദ്ധതി ഫലപ്രദമായി വിനിമയം ചെയ്യാനാവൂ. അധ്യാപകർ പാഠ്യപദ്ധതിയുടെ ഒരു പ്രധാന ഘടകമാണ്.
- എങ്ങനെ പഠിപ്പിക്കണം? എങ്ങനെ പഠിക്കണം? എന്നത് പാഠ്യപദ്ധതിയുടെ ഒരു പ്രധാന പരിഗണനയാണ്. ഇത് രണ്ട് കാര്യങ്ങളെ ആശ്രയിക്കുന്നു. 1) ജനാധിപത്യ പരിശീലനം നടക്കുന്നത് പഠനപ്രക്രിയയിലൂടെയാണ്. അതുകൊണ്ട് പഠനപ്രക്രിയയിൽ ജനാധിപത്യരീതി അവലംബിക്കേണ്ടതുണ്ട്. 2) ആധുനികവും ശാസ്ത്രീയവുമായ പഠനബോധനപ്രക്രിയ സ്വീകരിച്ചാൽ മാത്രമെ പഠനം ഫലപ്രദമാവൂ.

- ദേശീയ പാഠ്യപദ്ധതി കാഴ്ചപ്പാട്, സംസ്ഥാന പാഠ്യപദ്ധതി കാഴ്ചപ്പാട്, നാളിതുവരെയുള്ള പാഠ്യപദ്ധതി നവീകരണത്തിന്റെ ചുവടുകൾ, സാമൂഹികാവശ്യങ്ങൾ ഇവയെല്ലാം പരിഗണിച്ചുള്ള ഓരോ ക്ലാസിലെയും വിഷയനിർണയം പാഠ്യപദ്ധതിയുടെ ഒരു സുപ്രധാന പരിഗണനയാണ്.
- വിവിധ വിഷയങ്ങളുടെ പഠനത്തെക്കുറിച്ച് നാം വികസിപ്പിച്ചെടുത്തിട്ടുള്ളതും അന്താരാഷ്ട്ര തലത്തിൽ വികസിച്ചുവരുന്നതുമായ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിന്റെയും പഠന-ബോധന വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന വിഷയ സമീപനങ്ങൾ പാഠ്യപദ്ധതിയുടെ മുഖ്യ ഘടകങ്ങളിലൊന്നാണ്. ജനാധിപത്യ വിദ്യാഭ്യാസ കാഴ്ചപ്പാട്, പൊതു പാഠ്യപദ്ധതി സമീപനങ്ങൾ എന്നിവയ്ക്കനുസരിച്ച് നിശ്ചയിക്കുന്ന ഓരോ വിഷയത്തിന്റെയും പഠനോദ്ദേശ്യങ്ങൾ, പഠനരീതി, സാമഗ്രികൾ, വിലയിരുത്തൽ നിർദേശങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്.
- ജനാധിപത്യസമൂഹത്തെക്കുറിച്ചും ഭരണഘടനാമൂല്യങ്ങളെക്കുറിച്ചും ഭാവി സമൂഹ കാഴ്ചപ്പാടിനെക്കുറിച്ചും നാം ചർച്ച ചെയ്തു കഴിഞ്ഞു. ഇതിനനുഗുണമായ അന്തരീക്ഷമാണ് വിദ്യാലയത്തിലുണ്ടാവേണ്ടത്.
- ശാസ്ത്രീയവും മാനവികവുമായ വിലയിരുത്തൽരീതി പാഠ്യപദ്ധതിയുടെ പ്രധാന ഘടകമാണ്. കുട്ടികളുടെ പഠനപ്രശ്നങ്ങൾ നിരന്തരമായി വിശകലനം ചെയ്ത് പരിഹാരം നിർദേശിക്കാൻ സഹായകമാവണം മൂല്യനിർണയം/വിലയിരുത്തൽ.
- രക്ഷിതാവ് നൽകേണ്ട പഠന പിന്തുണ സംബന്ധിച്ച നിർദേശങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാവണം.

**പ്രവർത്തനം**

ഗുണമേന്മയുള്ള പഠനം ഉറപ്പാക്കുന്ന, ജനാധിപത്യമൂല്യങ്ങൾ പരിഗണിക്കുന്ന, ഒരു പാഠ്യപദ്ധതിയുടെ കാഴ്ചപ്പാടുകൾ എന്താകണം?

## പാഠ്യപദ്ധതി സമീപനങ്ങൾ

### ഉദ്ഗ്രഥിതം/വിഷയബന്ധിതം

പാഠ്യപദ്ധതിയിലെ ഉള്ളടക്കത്തെ വിവിധ വിഷയങ്ങളായി തിരിക്കാതെ സമഗ്രമായ അനുഭവങ്ങളായി അവതരിപ്പിക്കുന്ന രീതിയാണ് ഉദ്ഗ്രഥിത രീതി. ഒന്ന്, രണ്ട് ക്ലാസുകളിൽ നാം ഈ രീതി അവലംബിക്കുന്നു. നമ്മുടെയെല്ലാം ജീവിതാനുഭവങ്ങൾ സമഗ്രമായതാണെന്നും വിഷയം തിരിച്ചല്ലെന്നും അതുകൊണ്ട് കുട്ടികൾക്ക് ഏറ്റവും സ്വാഭാവികമായി അനുഭവപ്പെടുന്നത് ഈ രീതിയാണെന്നും ആധുനിക മനശ്ശാസ്ത്രവും ദർശനങ്ങളും അഭിപ്രായപ്പെടുന്നു. മഴ, ഉത്സവം, യാത്ര തുടങ്ങിയ കുട്ടികളുടെ ജീവിതപരിസരത്തെ അനുഭവങ്ങളെ സമഗ്രമായി അവതരിപ്പിക്കുകയും അതിൽ നിന്ന് ഗണിതം, ഭാഷ, പരിസരപഠനം, കല-കായിക- പ്രവൃത്തിപരിചയ പഠനം എന്നിവയുമായി ബന്ധപ്പെട്ട ധാരണകളും ശേഷികളും നൈപുണികളും സ്വാംശീകരിക്കാൻ അവസരമൊരുക്കുകയുമാണ് ഈ ക്ലാസുകളിൽ ചെയ്യുന്നത്. ജീവിതാനുഭവങ്ങൾക്ക് സമാനമായ രീതിയിലുള്ള സമഗ്രമായ പഠനാനുഭവങ്ങൾ കുട്ടിയിൽ സ്വാഭാവിക പഠനത്തിനുള്ള സാഹചര്യമൊരുക്കും എന്നതാണ് ഇതിന്റെ മേന്മ.

പാഠ്യപദ്ധതിയിലെ ഉള്ളടക്കത്തെ വിവിധ വിഷയങ്ങളായി വെവ്വേറെ അവതരിപ്പിക്കുന്നതാണ് വിഷയബന്ധിതരീതി. മൂന്നാം ക്ലാസ് മുതൽ നാം ഈ രീതി സ്വീകരിക്കുന്നു. മൂന്നാം ക്ലാസിലും നാലാം ക്ലാസിലും ഗണിതം, ഭാഷ, പരിസരപഠനം എന്നിങ്ങനെ വിഷയം തിരിച്ച് പഠനാനുഭവങ്ങൾ നൽകുന്നു.

അഞ്ചാം ക്ലാസിൽ പരിസരപഠനത്തിന്റെ ഉദ്ഗ്രഥനസ്വഭാവം മാറ്റി സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം എന്നിങ്ങനെ അവതരിപ്പിക്കുന്നു. ഉയർന്ന ക്ലാസുകളിൽ ഈ വിഷയങ്ങൾ വിഷയങ്ങളായി വിഭജിച്ചാണ് അവതരിപ്പിക്കുന്നത്. ഓരോ വിഷയത്തെയും സൂക്ഷ്മമായി പഠിക്കാൻ അതിനെ വിഘടിപ്പിക്കേണ്ടതുണ്ട് എന്നതു കൊണ്ടാണ് ഉയർന്ന ക്ലാസുകളിൽ ഈ രീതി സ്വീകരിച്ചിരിക്കുന്നത്.

**പ്രവർത്തനം**

ലോവർ പ്രൈമറി തലത്തിൽ ഉദ്ഗ്രഥിത പാഠ്യപദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. ഇതുവഴി മേന്മയുള്ള പഠനം ഉറപ്പാക്കാൻ സാധിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.

**രേഖീയം/ചാക്രികം** (Linear/Spiral)

ഒരാശയം പൂർണമായി പഠിച്ചശേഷം വേറൊന്ന് അവതരിപ്പിക്കുന്ന രീതിയാണ് രേഖീയ രീതി. പാഠ്യപദ്ധതിയിലെ വിഷയങ്ങളെ ഈ രീതിയിലാണ് മുമ്പ് ക്രമീകരിച്ചിരുന്നത്. ഉദാഹരണമായി പ്രൈമറി ക്ലാസുകളിലെ ഗണിതപുസ്തകത്തിൽ സംഖ്യാബോധം പൂർണമായി പഠിച്ച ശേഷം, സങ്കലനം പിന്നീട് വ്യവകലനം തുടർന്ന് ഭിന്നസംഖ്യകൾ ഈ രീതിയിലാണ് പാഠഭാഗങ്ങൾ ക്രമീകരിച്ചിരുന്നത്. എന്നാൽ ഒരാശയവും ഇങ്ങനെ പഠിക്കാനാവില്ലെന്നും തുടർച്ചയായ ചാക്രികാനുഭവങ്ങൾ ആശയരൂപീകരണത്തിനാവശ്യമാണെന്നും വാദിച്ചത് ജെറോം എസ് ബ്രൂണറും മറ്റുമാണ്. സംഖ്യാബോധവും സങ്കലനവും വ്യവകലനവുമൊക്കെയായി ബന്ധപ്പെട്ട അനുഭവങ്ങൾ സ്വാഭാവികമായ സന്ദർഭങ്ങളിൽ വീണ്ടും വീണ്ടും അവതരിപ്പിക്കുന്നതാണ് ചാക്രികപാഠ്യപദ്ധതിയുടെ സ്വഭാവം. ഇങ്ങനെ സ്വാഭാവികമായ സന്ദർഭങ്ങളിൽ വീണ്ടും വീണ്ടും ഒരാശയവുമായി ബന്ധപ്പെടുമ്പോഴാണ് ആശയരൂപീകരണം ദൃഢമാവുന്നത് എന്നാണ് ബ്രൂണറുടെ വാദഗതി.

**പ്രവർത്തനം**

പ്രൈമറി ഗണിതം പഠിക്കുന്നതിന് ചാക്രികരീതിയാണ് കൂടുതൽ അഭികാമ്യം. ചില ഉദാഹരണങ്ങൾ പരിഗണിച്ചുകൊണ്ട് ഇക്കാര്യം വ്യക്തമാക്കുക.

**ശിശുകേന്ദ്രീകൃതം– അധ്യാപക കേന്ദ്രീകൃതം**

പേര് സൂചിപ്പിക്കുന്നത് പോലെ അധ്യാപകന് കൂടുതൽ പ്രാധാന്യം നൽകുന്നതാണ് അധ്യാപക കേന്ദ്രീകൃത പാഠ്യപദ്ധതി. പഠിപ്പിക്കുക എന്ന പ്രക്രിയയ്ക്കാണ് ഇതിൽ പഠനപ്രക്രിയയെക്കാൾ പ്രാധാന്യം. അധ്യാപകപക്ഷത്ത്നിന്നാണ് പാഠാവതരണവും വിലയിരുത്തലുമെല്ലാം വിശകലനം ചെയ്യുക. പഠിതാവിനെ കേന്ദ്രീകരിച്ചുള്ള (ശിശുകേന്ദ്രീകൃത) പാഠ്യപദ്ധതി പൂർണമായും കുട്ടിയുടെ പക്ഷത്ത്നിന്നുള്ള ബോധനശാസ്ത്രചിന്തകളാണ്. കുട്ടി സ്വാഭാവികമായി പഠിക്കുന്നതെങ്ങനെയാണോ അത്തരം പഠനസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന ഒരു ഫെസിലിറ്റേറ്ററുടെ റോൾ ആണ് അധ്യാപകനുള്ളത് എന്ന് ആധുനിക മനശ്ശാസ്ത്രസിദ്ധാന്തങ്ങൾ സമർഥിക്കുന്നു. ഫെസിലിറ്റേറ്റർ, ടീച്ചർ മീഡിയേറ്റർ തുടങ്ങി ആധുനിക മനശ്ശാസ്ത്രധാരണകളനുസരിച്ചുള്ള വസ്തുതകൾ പഠനം എന്ന അധ്യായത്തിൽ പഠിക്കുന്നുണ്ടല്ലോ.

**ഉൽപ്പന്നാധിഷ്ഠിതം – പ്രക്രിയാധിഷ്ഠിതം**

ഒരു പ്രശ്നം എങ്ങനെ പരിഹരിച്ചു എന്ന് അന്വേഷിക്കാതെ പരിഹരിച്ചോ എന്ന് മാത്രം അന്വേഷിക്കുന്നതാണ് ഉൽപ്പന്നാധിഷ്ഠിത രീതി. പ്രശ്നപരിഹാരത്തിന് അവലംബിക്കുന്ന രീതി ഇവിടെ ഒരു പരിഗണനാവിഷയമല്ല. കുട്ടിക്ക് ശരിയുത്തരം പറയാനായാൽ പഠനം ഫലപ്രദമായി എന്ന നിഗമനത്തിലെത്തുന്നു. അതിനുപയോഗിച്ച പ്രക്രിയ എന്തുമാവട്ടെ എന്ന നിലപാടാണ് ഈ രീതിയിലുള്ളത്.

പ്രക്രിയാധിഷ്ഠിത രീതിയാവട്ടെ നേരെ മറിച്ചാണ്. ഇവിടെ പ്രധാനം പ്രശ്നപരിഹരണത്തിനുള്ള പ്രക്രിയ കുട്ടികൾ സ്വായത്തമാക്കിയോ എന്നതാണ്. പ്രക്രിയ (process) ശരിയായാൽ ഉൽപ്പന്നം (product) സ്വാഭാവികമായും ശരിയായിക്കൊള്ളും. പ്രക്രിയാപഠനമാണ് ക്ലാസിൽ നടക്കേണ്ടത്. ഉദാഹരണമായി ഒരു ഭൂപടത്തിൽ ഒരു പ്രത്യേക പ്രദേശത്തിന്റെ സ്ഥാനം കൃത്യമായി ഒരു പഠിതാവ് പറയുന്നുവെങ്കിൽ ഉൽപ്പന്നാധിഷ്ഠിത രീതിയിൽ അത് ആ പഠനോദ്ദേശ്യത്തിന്റെ സാക്ഷാൽക്കാരമാണ്. എന്നാൽ അക്ഷാംശ രേഖകളുടെയും രേഖാംശ രേഖകളുടെയും വിന്യാസം പരിശോധിച്ച് സ്ഥാനനിർണയം നടത്താനുള്ള പ്രക്രിയാശേഷി കുട്ടി നേടിയെങ്കിൽ മാത്രമെ പ്രക്രിയാധിഷ്ഠിത രീതിയിൽ ഉദ്ദേശ്യ സാക്ഷാൽക്കാരമാവൂ.

### ഈ യൂണിറ്റിലൂടെ കടന്നുപോയപ്പോൾ ചർച്ച ചെയ്ത ആശയങ്ങൾ

- ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല അതൊരു സമഗ്ര ജീവിതദർശനമാണ്.
- സമനീതിബോധം, സഹിഷ്ണുത, വിട്ടുവീഴ്ച, സഹകരണ മനോഭാവം, സാമൂഹ്യ നന്മയ്ക്കു വേണ്ടിയുള്ള സംഘബോധം, സുസ്ഥിരവികസന സങ്കൽപ്പം തുടങ്ങി ജനാധിപത്യ സമൂഹത്തിൽ ജീവിക്കുന്നതിന് പൗരന്മാർക്ക് അനിവാര്യമായ ചില ഗുണവിശേഷങ്ങളുണ്ട്
- ഈ ഗുണങ്ങൾ വികസിപ്പിക്കാൻ അനുയോജ്യമാവണം പാഠ്യപദ്ധതി. വിദ്യാലയ പ്രവർത്തനങ്ങളിലും ക്ലാസ്റൂം പ്രവർത്തനങ്ങളിലും ജനാധിപത്യവഴക്കങ്ങൾ പാലിക്കുക, കുട്ടികളുടെ പങ്കാളിത്തവും സമഗ്രവികസനവും ഉറപ്പുവരുത്തുക, ജനാധിപത്യപരമായ ഒരു ഭാവിസമൂഹ കാഴ്ചപ്പാട് നിലനിർത്തുക, ബോധനമാധ്യമം മാതൃഭാഷയാവുക തുടങ്ങിയ അടിസ്ഥാന മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്നതാവണം ജനാധിപത്യ പാഠ്യപദ്ധതി.
- തുല്യനീതി, അവസരസമത്വം, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സവിശേഷപരിഗണന, ജനാധിപത്യം, മതേതരത്വം, സാഹോദര്യം, സ്വാതന്ത്ര്യം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങളോട് പ്രതിബദ്ധത പുലർത്തുന്നതാവണം പാഠ്യപദ്ധതി.
- വിദ്യാലയസംഘാടനം, സ്കൂൾ സൗകര്യങ്ങൾ, സാമഗ്രികൾ, അധ്യാപക ഇടപെടലുകൾ, പഠനബോധന പ്രക്രിയ, വിദ്യാർഥികൾക്ക് ലഭിക്കുന്ന പരിഗണന, പിന്തുണ, വിദ്യാലയ -രക്ഷകർതൃബന്ധം, വിദ്യാലയസമൂഹബന്ധം തുടങ്ങി എല്ലാ വിദ്യാലയപ്രവർത്തനങ്ങളിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ജനാധിപത്യ കാഴ്ചപ്പാട് പ്രതിഫലിക്കണം.
- ഭാവിസമൂഹ കാഴ്ചപ്പാട്, കുട്ടി, ഉള്ളടക്കം, അധ്യാപകൻ,പഠനബോധനരീതി, ബോധനപ്രക്രിയ, പഠനവിഷയങ്ങൾ അവയുടെ പഠന സമീപനങ്ങൾ, പഠനപ്രക്രിയ, സാമഗ്രികൾ, സ്കൂൾ അന്തരീക്ഷം, വിലയിരുത്തൽ തുടങ്ങിയവ പാഠ്യപദ്ധതിയുടെ ഘടകങ്ങളാണ്. ഈ ഘടകങ്ങളിലെല്ലാം ജനാധിപത്യപാഠ്യപദ്ധതിയുടെ മൂല്യങ്ങൾ പ്രതിഫലിക്കേണ്ടതാണ്.
- പാഠ്യപദ്ധതി രൂപീകരണത്തിന് വിവിധ സമീപനങ്ങളുണ്ട്. ഏറ്റവും ശാസ്ത്രീയവും പുരോഗമനപരവുമായ രീതിയാണ് നാം അനുവർത്തിക്കേണ്ടത്.

### വിലയിരുത്തൽപ്രവർത്തനങ്ങൾ / തുടർപ്രവർത്തനങ്ങൾ

ഈ യൂണിററിന്റെ പാഠ്യഭാഗത്തെ കേന്ദ്രീകരിച്ചുകൊണ്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തൂ...

- ജനാധിപത്യസമൂഹത്തിലെ പൗരത്വഗുണങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു ജനാധിപത്യസമൂഹത്തിന്റെ സൂചകങ്ങൾ വികസിപ്പിക്കുക.
  - വ്യക്തിയെക്കാൾ സമൂഹത്തിനാണ് പ്രാധാന്യം.
  - സമനീതി ബോധം, സഹിഷ്ണുത, സുസ്ഥിരവികസനബോധം വിട്ടുവീഴ്ച തുടങ്ങിയ പൗരത്വ ഗുണങ്ങൾ.

- ഭരണഘടനാ മൂല്യങ്ങൾ- തുല്യത പാർശ്വവൽക്കരിക്കപ്പെട്ടവരോട് സവിശേഷ പരിഗണന, ജനാധിപത്യം, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയവ.
- ജനാധിപത്യ വിദ്യാഭ്യാസം, ജനാധിപത്യവിദ്യാലയം എന്നിവ സംബന്ധിച്ച ആഗോള ധാരണകൾ.

- ഈ സൂചകങ്ങൾ പ്രയോജനപ്പെടുത്തി നമുക്ക് വിദ്യാലയപ്രവർത്തനങ്ങളെ വിലയിരുത്തണം- ഏതെല്ലാം ഘടകങ്ങൾ വിലയിരുത്തലിന് വിധേയമാവണം- ഈ മേഖലകളിൽ എങ്ങനെയാണ് ജനാധിപത്യ വിദ്യാഭ്യാസം പ്രകടമാവേണ്ടത് എന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. (പാഠ്യപദ്ധതി കാഴ്ചപ്പാടുകൾ പ്രതിഫലിക്കേണ്ട മേഖലകൾ, പാഠ്യപദ്ധതി ഘടകങ്ങൾ എന്നീ ഭാഗങ്ങൾ നോക്കുക.) മേൽ സൂചനകളുടെ അടിസ്ഥാനത്തിൽ വിദ്യാലയപ്രവർത്തനങ്ങളും ക്ലാസ്റൂം പ്രവർത്തനങ്ങളും വിലയിരുത്താൻ ഒരു ടൂൾ തയാറാക്കൂ.
- വിവിധതരം പാഠ്യപദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തല്ലോ. നമ്മുടെ നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതി സൂക്ഷ്മമായി വിലയിരുത്തൂ. അത് ഏതുതരം പാഠ്യപദ്ധതിയാണ്? ഉദാഹരണ സഹിതം വിശദമാക്കൂ . ഈ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി ഒരു ചർച്ചാ സെഷൻ ക്ലാസിൽ സംഘടിപ്പിക്കൂ.

## റഫറൻസ്


- ഇന്ത്യൻ ഭരണഘടന — ഡോ എം. വി. പൈലി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- India of my dreams — M K Gandhi
- Non violent resistance — M K Gandhi
- The discovery of India — Jawaharlal Nehru
- Letters for a Nation — Jawaharlal Nehru
- Democracy as a way of Life — John Dewey
- Process of Education — J.S. Bruner
- Dr. Bhabasaheb Ambedkar speeches and writings
  *Published by Ministry of External Affairs http://www.mea.gov.in/books-writigs-of-ambedkar.htm*
- International Democratic Education 2005 — *http://en.idec2005.org*
- Democratic Schools Lessons from the Chalk face *M Apple and James Beane*
  *(Re-published by Ekalavya)*

# യൂണിറ്റ് - 2

# പാഠ്യപദ്ധതിയും അധ്യാപകരും

ഉള്ളടക്കത്തിലും പഠനബോധനപ്രക്രിയയിലും ജനാധിപത്യപരമായ വിദ്യാഭ്യാസ കാഴ്ചപ്പാട് പുലർത്താനും അതനുസരിച്ച് തന്റേതായ പ്രയോഗരീതികൾ വികസിപ്പിച്ചെടുക്കാനും നമുക്ക് സാധിക്കണം. മാനവികമായ ജീവിതാവബോധത്തിന്റെ ഒരു പ്രധാന സൂചകമാണ് ജനാധിപത്യം എന്ന മൂല്യവും ജനാധിപത്യപരമായി ഇടപെടാനുള്ള സന്നദ്ധതയും. മനുഷ്യരുമായുള്ള എല്ലാ ഇടപെടലുകളും ജനാധിപത്യപരമായിരിക്കണം. ഭാവിയെ കുറേക്കൂടി പുരോഗമനപരവും മാനവികവുമായി നയിക്കാനുള്ള പ്രേരണയും അനുഭവവും വിദ്യാഭ്യാസ കാലഘട്ടത്തിൽ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. അതിനാൽ വിദ്യാഭ്യാസപ്രക്രിയ സാധ്യമാവുന്നത്രയും ജനാധിപത്യപരമാകണം. ഇങ്ങനെ ജനാധിപത്യപരമായ വിദ്യാഭ്യാസപ്രക്രിയയ്ക്കു നേതൃത്വം നൽകേണ്ട അധ്യാപകർക്ക് എന്തെല്ലാം ധാരണകളും നൈപുണികളുമാണ് ആവശ്യമെന്ന് ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നു. അധ്യാപകർ സ്വാംശീകരിക്കേണ്ട മൂല്യങ്ങൾ, നൈതികത എന്നിവ വ്യക്തിനിഷ്ഠമായ തീരുമാനം മാത്രമല്ല, അധ്യാപനം എന്ന ജോലിയുടെ ഉത്തരവാദിത്തവും നിയമപരവും ധാർമ്മികവുമായ ബാധ്യതയുമാണ്. ഈ ധാരണകളും അത് പ്രയോഗവൽക്കരിക്കാനുള്ള നൈപുണികളും നേടുകയും അവ പ്രയോഗിച്ചുനോക്കുമ്പോൾ ആത്മവിമർശനപരമായി വിശകലനം നടത്തുകയും വേണം. തിരുത്തുകയും നവീകരിക്കുകയും ചെയ്തുകൊണ്ടാണ് അധ്യാപനകാര്യക്ഷമത വികസിക്കേണ്ടത്. അതിനായി നിരന്തരം അന്വേഷണങ്ങളിൽ ഏർപ്പെടാനുള്ള സന്നദ്ധത അനിവാര്യമാണ്. അതു കൊണ്ടാണ് അധ്യാപകർ ഒരു നിരന്തര ഗവേഷകരാണെന്ന് നാം പറയുന്നത്.

വിദ്യാഭ്യാസത്തെ ജനാധിപത്യപരമാക്കുന്നതിൽ അധ്യാപകർക്ക് നിർണായകമായ പങ്ക് എങ്ങനെ യെല്ലാം നിർവഹിക്കാനാകുമെന്ന് ചുവടെ ചേർത്തിരിക്കുന്നു.

- പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ കൈവരിക്കാനാവശ്യമായ ബഹുമുഖ പ്രവർത്തനങ്ങൾ കണ്ടെത്തുക, അതിനാവശ്യമായ സാമഗ്രികൾ തയാറാക്കുക.
- പഠനബോധനപ്രക്രിയ ശിശുകേന്ദ്രിതവും എല്ലാവർക്കും പങ്കാളിത്തമുള്ളതുമാക്കുക.
- പഠനത്തിന്റെ താഴ്ന്ന പടിയിൽ നിൽക്കുന്നവർക്കും പഠനവേഗത, പഠനശൈലി എന്നിവയിൽ വ്യത്യസ്തരായവർക്കും അനുയോജ്യമായ പഠനതന്ത്രങ്ങൾ കണ്ടെത്തുക.
- ശാരീരിക മാനസിക പരിമിതികൾ അനുഭവിക്കുന്നവർക്ക് അനുയോജ്യമായ പഠനസാമഗ്രികളും തന്ത്രങ്ങളും സ്വീകരിക്കുക.
- സ്വതന്ത്രമായ അന്വേഷണങ്ങൾക്കും സംശയങ്ങൾക്കും അവസരം നൽകുക.
- ചോദ്യങ്ങൾ ചോദിക്കാനും ബദലുകൾ അവതരിപ്പിക്കാനും സ്വാതന്ത്ര്യം നൽകുക.
- എല്ലാ കുട്ടികൾക്കും അവരുടെ കഴിവുകൾ, വീക്ഷണങ്ങൾ എന്നിവ അവതരിപ്പിക്കാൻ അവസര മൊരുക്കുകയും പ്രോത്സാഹനം, അംഗീകാരം, മെച്ചപ്പെടുത്താനും സ്വയം തിരുത്താനുമുള്ള അവസരം എന്നിവ ഉറപ്പാക്കുകയും ചെയ്യുക.

### നമ്മൾ പഠിക്കുന്ന കാലത്തെ വിദ്യാലയങ്ങളിലെ പഠനരീതി

ജനാധിപത്യപരവും അല്ലാത്തതുമായ നിരവധി അനുഭവങ്ങൾ നമുക്കുണ്ടാകും. ശിശുകേന്ദ്രിതവും മാനവികവുമായ പാഠ്യപദ്ധതി നടപ്പിലാക്കുകയും ജനാധിപത്യവിദ്യാഭ്യാസം എന്ന ആശയത്തിന് സ്വീകാര്യത ഏറിവരുകയും ചെയ്യുന്ന ഇക്കാലത്തെ ക്ലാസ്മുറികൾ എത്രത്തോളം ജനാധിപത്യവൽക്കരി ക്കപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്താം.

നേരിട്ട് ക്ലാസ് നിരീക്ഷിച്ച് അധ്യാപക വിദ്യാർത്ഥി ബന്ധം, പഠന ബോധനരീതി, അന്തരീക്ഷം തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തിയാണ് ക്ലാസ്മുറി ജനാധിപത്യപരമാണോ എന്നു വിശകലനം ചെയ്യേണ്ടത്.

ക്ലാസ്മുറി ജനാധിപത്യപരമാണോ എന്ന് വിലയിരുത്തുന്നതിനു പരിഗണിക്കേണ്ട ഘടകങ്ങൾ

| | | |
|---|---|---|
| സ്വാതന്ത്ര്യം (Freedom) | നീതി (Justice) | സമത്വം ( Equality) |

- ക്ലാസ്മുറിയുടെ ഭൗതികാന്തരീക്ഷം, ഫർണിച്ചറുകൾ, ഉപകരണങ്ങളുടെ വിന്യാസം എന്നിവ ശിശുസൗഹൃദപരമാണോ?
- അധ്യാപിക ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയും സാമഗ്രികൾ, തന്ത്രങ്ങൾ എന്നിവ ആസൂത്രണം ചെയ്തുമാണോ ക്ലാസിൽ എത്തിയിട്ടുള്ളത്?
- എല്ലാ കുട്ടികളെയും പരിഗണിക്കുകയും പ്രവർത്തനങ്ങൾക്കു പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ടോ?
- വ്യത്യസ്ത പഠനനിലവാരക്കാരായ കുട്ടികൾക്ക് അനുയോജ്യമായ പിന്തുണയും മതിയായ സമയവും നൽകുന്നുണ്ടോ?
- ഒറ്റയ്ക്കും സംഘമായും പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം നൽകുന്നുണ്ടോ?
- എല്ലാ കുട്ടികളും പഠനപ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു എന്നുറപ്പു വരുത്തുന്നുണ്ടോ?
- പഠനപ്രശ്നങ്ങളുടെ അവതരണം, ചർച്ച, ഇടപെടലുകൾ, ആശയങ്ങളുടെ ക്രോഡീകരണം എന്നിവ അനുയോജ്യമായ ഭാഷയിലാണോ?
- കുട്ടികളുടെ ആശയങ്ങൾ, അഭിപ്രായങ്ങൾ, സംശയങ്ങൾ എന്നിവ അവതരിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ടോ?
- കുട്ടികൾ അന്യോന്യവും അധ്യാപികയും കുട്ടികളും തമ്മിലും സ്നേഹം, ആദരവ് എന്നിവ പ്രകടമാണോ?
- അധ്യാപിക ശിക്ഷ, ശകാരം, കുറ്റപ്പെടുത്തൽ, ഭീഷണി, വിധികല്പന, അനാവശ്യതാരതമ്യം തുടങ്ങിയ നടപടികളിലൂടെ കുട്ടികളെ പ്രയാസപ്പെടുത്തുന്നുണ്ടോ?
- എല്ലാ കുട്ടികൾക്കും അവരുടേതായ രീതിയിൽ വിജയിയാകാൻ അവസരമൊരുക്കുന്നുണ്ടോ?
- സഹകരണാത്മകവും സഹവർത്തിതവുമായ പഠനത്തിനും ആരോഗ്യകരമായി അന്യോന്യം ആശ്രയിക്കുന്നതിനും അവസരം ലഭിക്കുന്നുണ്ടോ?
- പഠനപ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നു എന്നുറപ്പാക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ടോ?
- കുട്ടികൾക്കിടയിലും അധ്യാപികയുമായും നടത്തുന്ന ആശയവിനിമയഭാഷ ആദരവും സഹിഷ്ണുതയും ഉള്ളതാണോ?
- അധ്യാപിക കുട്ടികൾ പറയുന്നത് ശ്രദ്ധാപൂർവം കേൾക്കുകയും അവരെ പ്രചോദിപ്പിക്കുകയും ആത്മവിശ്വാസം വളർത്തുന്ന രീതിയിൽ ഇടപെടുകയും ചെയ്യുന്നുണ്ടോ?
- ശാരീരിക മാനസിക പഠനപരിമിതികൾ അനുഭവിക്കുന്ന കുട്ടികളെ അർഹിക്കുന്ന രീതിയിൽ പരിഗണിക്കുകയും അനുയോജ്യമായ പഠനതന്ത്രങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടോ?
- തുടർപഠനനിർദേശങ്ങളും ഗൃഹപാഠവും കുട്ടികൾക്ക് ഉൾക്കൊള്ളാനും പൂർത്തീകരിക്കാനും സാധിക്കുന്ന തരത്തിലുള്ളതാണോ?

ഈ കാര്യങ്ങൾ പരിഗണിച്ചാണ് നിരീക്ഷണസൂചകങ്ങൾ വികസിപ്പിക്കേണ്ടത്. തയാറാക്കിയ സൂചകം ഉപയോഗിച്ച് മൂന്നോ നാലോ പേരടങ്ങുന്ന സംഘം ക്ലാസ്മുറികൾ വിലയിരുത്തി റിപ്പോർട്ട് തയാറാക്കണം.

ഈ റിപ്പോർട്ടുകളുടെ അവതരണത്തിലൂടെ നമ്മുടെ ക്ലാസ്മുറികളിലെ പഠനാന്തരീക്ഷം ജനാധിപത്യ പരമാണോ എന്നു വിലയിരുത്താം.

**പ്രവർത്തനം**

പ്രൈമറിതലത്തിലെ ക്ലാസ്സ് മുറികൾ ജനാധിപത്യപരമാണോ എന്ന് പരിശോധിക്കുന്നതിന് ഒരു ടൂൾ തയാറാക്കുക. അതുപയോഗിച്ച് പഠനം നടത്തി റിപ്പോർട്ട് തയാറാക്കുക. ഗ്രൂപ്പിൽ അവതരിപ്പിക്കുക.

## അധ്യാപനനൈപുണികൾ

നിരവധി നൈപുണികളും കലകളും ഉൾച്ചേർന്ന തൊഴിലാണ് അധ്യാപനം. അധ്യാപനം ഫലപ്രദമാകണമെങ്കിൽ എന്തെല്ലാം നൈപുണികൾ ആവശ്യമാണ്?

ജനാധിപത്യപരമായ ക്ലാസ്മുറി പ്രായോഗികമാകണമെങ്കിൽ സവിശേഷനൈപുണികൾ ആവശ്യമുണ്ടോ?

## നമുക്ക് ചർച്ച ചെയ്യാം

മാനവ വിഭവശേഷി മന്ത്രാലയം UNICEF മായി സഹകരിച്ച് രൂപീകരിച്ച ADEPTS (Advancement of Educational Performance Through Teacher Support) എന്ന പ്രോജക്ട് തയാറാക്കിയ അധ്യാപന പ്രകടനമാനദണ്ഡങ്ങൾ താഴെക്കൊടുക്കുന്നു.

1. **വൈജ്ഞാനികതലം**
   - കുട്ടികളെ അറിയുക
   - പാഠ്യപദ്ധതി, ഉള്ളടക്കം എന്നിവ മനസ്സിലാക്കി അതനുസരിച്ച് ഒരുക്കങ്ങൾ നടത്തുക
   - ആധുനികപഠനരീതികളും കുട്ടികളുടെ വൈവിധ്യവും പരിഗണിച്ച് ഫലപ്രദമായ പഠനാനുഭവങ്ങൾ തയാറാക്കുക.
   - പഠനസാമഗ്രികൾ ഫലപ്രദമായി ഉപയോഗിക്കുക
   - എല്ലാവർക്കും പഠനം ഉറപ്പാക്കുക.
   - ഫലപ്രദമായ ആശയവിനിമയം
   - കുട്ടികളുമായി ചേർന്നുനിൽക്കൽ
   - കുട്ടികൾക്കനുയോജ്യമായ പഠനാന്തരീക്ഷമൊരുക്കുക.
   - ക്ലാസ്റൂം മാനേജ്മെന്റ്
   - പഠനത്തിനായുള്ള ആസൂത്രണം
   - വിലയിരുത്തലും മൂല്യനിർണയവും നടത്തുകയും ഫലം പഠനപുരോഗതിക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
2. **സാമൂഹ്യതലം (ബന്ധങ്ങൾ, മൂല്യങ്ങൾ)**
   - കുട്ടികളുടെ സാംസ്കാരികപരിസരം മനസിലാക്കി വിവേചനരഹിതമായി ഇടപെടുക
   - പാഠ്യാനുബന്ധപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മൂല്യങ്ങൾ വികസിപ്പിക്കുകയും കുട്ടിയുടെ സമഗ്രവികാസത്തിനാവശ്യമായ പിന്തുണ നൽകുകയും ചെയ്യുക.

- ജനാധിപത്യപരമായ പഠനപ്രക്രിയ
- സഹപ്രവർത്തകരും സമൂഹവുമായുള്ള ബന്ധം

**3. ഭൗതികതലം**

- വൃത്തിയുള്ള അന്തരീക്ഷം
- പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം

**4. സംഘടനാതലം**

- പ്രൊഫഷണലായ പ്രതിബദ്ധത (Professional commitment) യും ഉത്തരവാദിത്തവും
- പ്രൊഫഷണലായ വികാസത്തി (Professional development) നുള്ള ശ്രമങ്ങൾ
- സഹപ്രവർത്തകരുമായി സംഘം ചേർന്നു പ്രവർത്തിക്കൽ
- പ്രതിഫലനാത്മകമായ പ്രവർത്തനങ്ങൾ
- മാനേജ്മെന്റിലും നടത്തിപ്പിലും പങ്കാളിത്തം

ഇതിൽ പലതും അധ്യാപന നൈപുണികൾ മനോഭാവം, മൂല്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാണ്. ജനാധിപത്യപരമായി ബോധനപ്രക്രിയ നിർവഹിക്കുന്നതിന് നിരവധി മൂല്യങ്ങളും മനോഭാവങ്ങളും നിലപാടുകളും ആവശ്യമാണ്.

**പ്രവർത്തനം**

ADEPTS തയാറാക്കിയ അധ്യാപന പ്രകടന മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു പ്രൈമറി അധ്യാപകന് ഉണ്ടായിരിക്കേണ്ട അധ്യാപനനൈപുണികൾ എന്തെല്ലാമാണെന്ന് കണ്ടെത്തുക.

### മികച്ച അധ്യാപകർക്കുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ

കുട്ടികൾ ആഹ്ലാദത്തോടെ ഓർക്കുന്ന അധ്യാപകർ അവരുടെ ഏതെങ്കിലും ചില സവിശേഷഗുണങ്ങൾ കൊണ്ട് കുട്ടികളുടെ മനസ്സിൽ സ്ഥാനം നേടിയവരാണ്. കുട്ടികളെ പ്രചോദിപ്പിച്ചവരാണ്.

മികച്ച അധ്യാപകർ:

- സ്വന്തമായ ബോധനശൈലിയും വ്യക്തിത്വവും ഉള്ളവരായിരിക്കും.
- എല്ലായ്പ്പോഴും സജീവമായിരിക്കും; കുട്ടികളുടെ ശ്രദ്ധയാകർഷിക്കുന്നയാളുമായിരിക്കും.
- ഓരോ പഠനപ്രവർത്തനത്തിനും വ്യക്തമായ ഉദ്ദേശ്യമുണ്ടായിരിക്കും.
- പുരോഗമനപരമായ രീതിയിൽ അച്ചടക്കം പാലിക്കും.
- കുട്ടികളുടെ പെരുമാറ്റം, പഠനപ്രവർത്തനരീതികൾ, ശീലങ്ങൾ, പരസ്പരാദരവ് എന്നിവ ലക്ഷ്യംവെച്ചുകൊണ്ട് ക്ലാസ്റൂംമാനേജ്മെന്റ് മികവുറ്റതാക്കും.
- രക്ഷിതാക്കളുമായി ഫലപ്രദമായ രീതിയിൽ ആശയവിനിമയം നടത്തും.
- കുട്ടികളിൽനിന്നും പരമാവധി കഴിവുകൾ പ്രതീക്ഷിക്കുകയും അതിനായി അവരെ പ്രചോദിപ്പിക്കുകയും ചെയ്യും.
- പാഠ്യപദ്ധതിയെക്കുറിച്ച് ആഴത്തിൽ ധാരണയുണ്ടായിരിക്കും.
- പാഠ്യവിഷയത്തിൽ ആഴത്തിലുള്ള അറിവും ഔൽസുക്യവും ഉള്ളവരായിരിക്കും.
- അധ്യാപനത്തോട് ഇഷ്ടമുള്ളവരായിരിക്കും.
- കുട്ടികളുമായി മികച്ച ബന്ധങ്ങൾ സൂക്ഷിക്കുന്നവരായിരിക്കും.

ഇനിയും എന്തെല്ലാം സവിശേഷ ഗുണങ്ങളാണ് അധ്യാപകരെ പ്രിയപ്പെട്ടവരാക്കുന്നത്? മികച്ച അധ്യാപകരാക്കുന്നത്?

**പ്രവർത്തനം**

ഒരു മികച്ച അധ്യാപകന് സ്കൂൾ തന്റെ ഭവനം പോലെതന്നെ അനുഭവപ്പെടും; കുട്ടികൾ തന്റെ കുട്ടികളും. മികച്ച അധ്യാപകന് ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളെ അടിസ്ഥാനപ്പെടുത്തി ചർച്ച ചെയ്യുക.

പാഠ്യപദ്ധതി കാഴ്ചപ്പാടുകളിൽ പുരോഗമനപരമായ നിലപാടുകൾ സ്വീകരിക്കാനും ജനാധിപത്യ പരമായി പഠനബോധനപ്രക്രിയയ്ക്കു നേതൃത്വം നൽകാനും എല്ലാ അധ്യാപകർക്കും സാധിക്കുന്നില്ല. എന്തുകൊണ്ടായിരിക്കാം ഇങ്ങനെ സംഭവിക്കുന്നത് എന്ന് ആലോചിക്കാം. മികച്ച അധ്യാപകരാവാൻ കഴിവുകളും ധാരണകളും നൈപുണികളും മാത്രം പോരാ; മനോഭാവം (Attitude) കൂടി ആവശ്യമാണ്.

**പുരോഗമനപരവും ജനാധിപത്യപരവുമായി അധ്യാപനപ്രക്രിയയിൽ ഏർപ്പെടുന്നതിന് അനുകൂലമായ മനോഭാവങ്ങൾ.**

- ജനാധിപത്യം, മതേതരത്വം, തുല്യത, മാനവികത എന്നിവയോടുള്ള പുരോഗമനപരമായ മനോഭാവം.
- സമൂഹത്തിന്റെ നന്മ, പുരോഗതി, എന്നിവയിലുള്ള വിശ്വാസം.
- ശാസ്ത്രീയ മനോഭാവവും സാംസ്കാരികത്തനിമയും വികസനത്തോടുള്ള അനുകൂല നിലപാടും.
- ജ്ഞാനം, അന്വേഷണം, പുതുമകൾ, മാറ്റം എന്നിവയോടുള്ള താത്പര്യം.
- എല്ലാവരോടും സ്നേഹം, ആദരവ്; എല്ലാവർക്കും വളരാനും വികസിക്കാനും അവസരങ്ങൾ ആവശ്യമാണെന്ന ബോധ്യം.
- ക്ഷമ, സത്യസന്ധത, സഹിഷ്ണുത, തുറന്നമനഃസ്ഥിതി, ശുഭപ്രതീക്ഷ.
- കുട്ടികളുടെ പ്രകൃതം, സ്വഭാവം, അവകാശങ്ങൾ എന്നിവ അംഗീകരിക്കാനുള്ള മനസ്സ്.
- അംഗീകാരം, പ്രോത്സാഹനം, അവസരം, പിന്തുണ എന്നിവ നൽകാനുള്ള സന്നദ്ധത.
- ശിക്ഷ, ശകാരം, താരതമ്യം, കുറ്റപ്പെടുത്തൽ, ഭീഷണി, ഭയംസൃഷ്ടിക്കൽ എന്നിവ ബോധപൂർവം ഒഴിവാക്കാനുള്ള തിരിച്ചറിവ്.
- സ്വതന്ത്രമായ അന്വേഷണങ്ങളോടും തുറന്ന സംവാദങ്ങളോടും ജനാധിപത്യപരമായ സമീപനം.
- സ്ഥാപനത്തിന്റെയും സമൂഹത്തിന്റെയും തന്റെ തൊഴിലിന്റെയും മികവിനായി നിരന്തരം പരിശ്രമിക്കാനുള്ള അന്തഃച്ഛോദന.

മറ്റെന്തെല്ലാം മനോഭാവങ്ങളാണ് മികവുറ്റ അധ്യാപകരെ രൂപപ്പെടുത്തുന്നതിൽ നിർണായകമാകുന്നത്?

- 
- 

സ്വതന്ത്രവും ഫലപ്രദവുമായ അധ്യാപനശൈലി വികസിപ്പിച്ചെടുക്കുന്നതിന് അനിവാര്യമായ ധാരണകൾ.

- അധ്യാപനവിഷയത്തെക്കുറിച്ച് ആഴത്തിലുള്ള ധാരണ.
- പഠനബോധനപ്രക്രിയയെക്കുറിച്ച് ധാരണ.
- സമൂഹം, സാമൂഹ്യാവകാശങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ.
- വിദ്യാഭ്യാസനയങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയെക്കുറിച്ച് ധാരണ.
- പഠിതാക്കൾ, പഠനരീതികൾ എന്നിവയെക്കുറിച്ച് ധാരണ.

- മനുഷ്യാവകാശം, കുട്ടികളുടെ അവകാശം, ഭരണഘടനാപരവും നിയമപരവുമായ പരിരക്ഷകൾ എന്നിവയെക്കുറിച്ച് ധാരണ.

ഇനിയും എന്തെല്ലാം ധാരണകൾ നിങ്ങൾക്ക് കൂട്ടിച്ചേർക്കാൻ സാധിക്കും?

- 
- 

ഇങ്ങനെ നേടിയ വിജ്ഞാനങ്ങളെ ഏകോപിപ്പിക്കാനും പുരോഗമനപരവും ജനാധിപത്യപരവുമായി പുനഃസംവിധാനം ചെയ്യാനും സാധിക്കണം. ഓരോ പഠനപ്രശ്നത്തെയും മറികടക്കുന്നതിനായി സ്വന്തമായ പഠനോപാധികളും തന്ത്രങ്ങളും രൂപീകരിക്കുകയോ കണ്ടെത്തുകയോ ചെയ്യേണ്ടതായിവരും. ഇങ്ങനെ പ്രായോഗിക മാതൃകകൾ വികസിപ്പിച്ചും പ്രയോഗിച്ചുമാണ് ധാരണകളെ ഫലപ്രദമാക്കുന്നത്.

ഏതെല്ലാം പഠനപ്രയാസങ്ങളെ മറികടക്കാനാണ് പ്രായോഗികമാതൃകകൾ രൂപീകരിക്കേണ്ടി വരിക?

- കുട്ടികളുടെ എണ്ണം കൂടുതലുള്ള ക്ലാസ് മുറികൾ
- വ്യത്യസ്ത സാംസ്കാരിക, സാമൂഹ്യ സാമ്പത്തിക വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അനുഭവപരമായ വിടവുകൾ നികത്തൽ.
- പഠനവേഗത, പഠനശൈലി എന്നിവയ്ക്കുള്ള പരിഗണന.
- ശാരീരിക മാനസിക പരിമിതിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം.
- ചില വിഷയങ്ങളിലെ കഠിനമേഖലകൾ

എന്നിങ്ങനെ പ്രായോഗികമായി അനുഭവപ്പെടുന്ന പ്രതിസന്ധികളെ മറികടക്കാനായി പാഠ്യപദ്ധതി ധാരണകളെ പ്രായോഗിക മാതൃകകളാക്കി മാറ്റി പ്രയോഗിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യണം.

അധ്യാപകർ നേടിയ ധാരണകൾ, നൈപുണികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, സ്വന്തമായ പ്രയോഗമാതൃകകൾ, അനുഭവങ്ങൾ എന്നിവയെല്ലാം ചേർന്നാണ് തൊഴിൽപരമായ മികവായി വികസിക്കുന്നത്. വികസിക്കണമെന്നും കാലോചിതമായി നവീകരിക്കണമെന്നും ആഗ്രഹിക്കുമ്പോഴാണ് പ്രൊഫഷണൽ വളർച്ചയുണ്ടാകുന്നത്. സൂക്ഷ്മവും പരസ്പരബന്ധിതവുമായ നിരവധി നൈപുണികൾ മികവുറ്റതാകുമ്പോഴാണ് അധ്യാപനം ഫലപ്രദമാകുന്നത്.

### ബോധനശാസ്ത്രപരമായ കഴിവുകൾ

പഠനവും ബോധനവും ഫലപ്രദവും പുരോഗമനപരവുമാക്കുന്നതിന് സഹായകമായ നിരവധി നൈപുണികളുണ്ട്. ഇവയെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകളാക്കി തിരിക്കാം.

- വിഭവങ്ങൾ കണ്ടെത്തൽ
- ആസൂത്രണ മികവ്
- പ്രശ്നവിശകലന ശേഷി
- സമയ മാനേജ്മെന്റ്
- ക്ലാസ് മാനേജ്മെന്റ്
- സാമൂഹിക നൈപുണി
- ആശയവിനിമയ ശേഷി
- ആത്മവിശ്വാസവും പ്രശ്നപരിഹാരവും
- പരിഹാരബോധനം
- ശാസ്ത്രീയവും മാനവികവുമായ വിലയിരുത്തൽ

ബോധനശാസ്ത്രപരമായ ഈ കഴിവുകളുടെ ഏറ്റക്കുറച്ചിലുകളാണ് അധ്യാപനശൈലി രൂപപ്പെടുത്തുന്നത്.

നേടിയ കഴിവുകൾ, ധാരണകൾ, മനോഭാവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി സന്ദർഭാനുസരണം സ്വതന്ത്രവും അനുയോജ്യവുമായ ബോധനനിലപാടുകളും തന്ത്രങ്ങളും സ്വീകരിക്കാൻ കഴിയണം.

അധ്യാപക - വിദ്യാർത്ഥി ബന്ധത്തിൽ രണ്ടുവ്യക്തികൾ തമ്മിലുള്ള സ്വാഭാവിക ബന്ധത്തിനപ്പുറം കാത്തുസൂക്ഷിക്കേണ്ട ചില മൂല്യങ്ങളും നിലപാടുകളുമുണ്ട്.

സാമൂഹ്യമായ നിരവധി മാനങ്ങളുള്ള തൊഴിൽ എന്ന നിലയിൽ അധ്യാപകർ പാലിക്കേണ്ട ചില ചുമതലകളും ധർമ്മങ്ങളും നിലപാടുകളും പ്രതിബദ്ധതകളുമുണ്ട്.

- ആരോഗ്യകരമായ അധ്യാപക വിദ്യാർത്ഥി ബന്ധം
- പഠിതാവിന്റെ വ്യക്തിത്വ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം
- സ്ഥാപനം, രക്ഷിതാക്കൾ, സഹപ്രവർത്തകർ എന്നിവരുമായുള്ള നല്ല ബന്ധം

എന്നീ മേഖലകളുമായി ബന്ധപ്പെട്ടതാണ് ഇവ. ധാർമ്മികമായ അവബോധം എന്നതിനൊപ്പം നിയമപരമായി പാലിക്കപ്പെടാൻ നിഷ്കർഷിക്കുന്ന മൂല്യവ്യവസ്ഥ കൂടിയാണ് ഇത്.

കേരള വിദ്യാഭ്യാസ ആക്ടും നിയമവും (KER) വിദ്യാഭ്യാസ അവകാശനിയമം (RTE-Act) എന്നിവ അധ്യാപക നൈതികതയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. റഫറൻസിങ്ങിലൂടെ അധ്യാപക നൈതികതയെപ്പറ്റി കൂടുതൽ വസ്തുതകൾ കണ്ടെത്തി ക്ലാസിൽ പൊതുവിൽ ചർച്ച ചെയ്യുമല്ലോ.

*"The mediocre teacher tells*
*The good teacher Explains*
*The Superior teacher demonstrates*
*The Great teacher inspires*
*- William Arthur Ward*

*Maintain trust in the profession*
*Maintain professional relationship with students*
*Work in collaborative manner with colleagues, parents guardians and carers*
*Act with Honesty and Integrity*
*Keep their professional knowledge and practice up to date*

*Teacher's Code of Ethics and Practice 2012*
*The council for the Teaching profession in Malta*

### അധ്യാപനം നിരന്തര ഗവേഷണപ്രവർത്തനം

നേടിയ ധാരണകളും നൈപുണികളും പ്രയോഗിച്ചുനോക്കുമ്പോൾ പ്രതീക്ഷിതഫലം ലഭിച്ചുകൊള്ളണമെന്നില്ല. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? എങ്ങനെ ഈ പ്രശ്നങ്ങളെ മറികടക്കും? പ്രശ്നങ്ങൾ ഏത് അളവിൽ നിലനിൽക്കുന്നു? പരിഹാര പ്രവർത്തനങ്ങൾ ഫലം ചെയ്തിട്ടുണ്ടോ? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം തേടിയുള്ള ശാസ്ത്രീയ അന്വേഷണമാണ് ഒരു ഗവേഷകൻ എന്ന നിലയിൽ അധ്യാപകൻ അനുവർത്തിക്കേണ്ടത്. പഠന ബോധന സന്ദർഭവും പല കാരണങ്ങളാൽ വ്യത്യസ്തമാണ്. പഠനബോധനപ്രക്രിയ ഫലപ്രദമാവണമെങ്കിൽ ഗവേഷണം ഒരു നിരന്തരപ്രവർത്തനമായി മാറണം.

അധ്യാപകർ തൊഴിൽപരമായി പാലിക്കേണ്ട ധാർമിക നിയമസംഹിത (Code of Professional Ethics for School Teachers) ചുവടെ ചേർക്കുന്നു.

## അധ്യാപകർ തൊഴിൽപരമായി പാലിക്കേണ്ട ധാർമിക നിയമസംഹിത

**(Code of Professional Ethics for School Teachers)**

### 1. വിദ്യാർഥികളോടുള്ള ഉത്തരവാദിത്വങ്ങൾ

**1.1 എല്ലാ വിദ്യാർഥികളോടും സ്നേഹവാത്സല്യങ്ങളോടെ പെരുമാറുന്നു.**

- എല്ലാ വിദ്യാർഥികളോടും സമഭാവനയോടെ പെരുമാറുക.
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പ്രത്യേക പരിഗണന നൽകുക.
- വിദ്യാർഥികളിൽ ആത്മവിശ്വാസം, താൽപ്പര്യം, പ്രത്യാശ എന്നിവ ജനിപ്പിക്കുന്ന തരത്തിലാവണം പെരുമാറ്റം.

**1.2 ജാതി, മതം, വർഗം, വർണം, സാമ്പത്തികനില, ഭാഷ, ലിംഗം, ജന്മസ്ഥലം എന്നീ പരിഗണനകളില്ലാതെ, നീതി, പക്ഷപാതരാഹിത്യം എന്നീ മൂല്യങ്ങളെ ബഹുമാനിക്കുന്നു.**

- അധ്യാപകർക്ക് ജനാധിപത്യതത്ത്വങ്ങളിലും സഹിഷ്ണുതയിലും സാമൂഹികനീതിയിലുമുള്ള വിശ്വാസം വിദ്യാർഥികളിലേക്കും പകരുന്നു.
- അധ്യാപകരുടെ വ്യക്തിപരമായ വിശ്വാസങ്ങൾ, ഭരണഘടനാതത്ത്വങ്ങൾക്ക് എതിരായിരുന്നാൽ അത് സ്കൂൾ സംവിധാനത്തെ ഗുരുതരമായി ബാധിക്കും.

**1.3 വിദ്യാർഥിയുടെ ശാരീരികവും ബൗദ്ധികവും വൈകാരികവും സദാചാരപരവും സാമൂഹികവും ആത്മീയവുമായ വികാസത്തിന് അന്തരീക്ഷമൊരുക്കുന്നു.**

- ശാരീരികവും മാനസികവുമായ ശേഷികൾ അതിന്റെ പൂർണതയിലേക്കു വികസിക്കുന്ന കാലമാണ് സ്കൂൾ വിദ്യാഭ്യാസകാലം.
- ബൗദ്ധിക മണ്ഡലത്തിനുമാത്രം വികാസം നൽകലാവരുത് വിദ്യാഭ്യാസം.
- സർവതോമുഖമായ വ്യക്തിത്വവികാസമായിരിക്കണം വിദ്യാഭ്യാസലക്ഷ്യം.

**1.4 സ്കൂൾ ജീവിതത്തിന്റെ എല്ലാ തലത്തിലും വിദ്യാർഥിയുടെ വ്യക്തിത്വം മാനിക്കപ്പെടുന്നു.**

- മനുഷ്യൻ എന്ന നിലയിൽ ഒരു വിദ്യാർഥിക്കുള്ള ജനാധിപത്യ അവകാശങ്ങളും അന്തസ്സും പരിഗണിക്കപ്പെടേണ്ടതുണ്ട്.
- അധ്യാപകരുടെ ഭാഗത്തുനിന്നുള്ള പ്രതികൂലമായ അഭിപ്രായപ്രകടനം വിദ്യാർഥിയുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുകയും പഠനത്തെ ബാധിക്കുകയും ചെയ്യും.
- സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും എല്ലാ കുട്ടികളുടെയും സജീവമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം.
- ഐക്യരാഷ്ട്രസഭ അംഗീകരിച്ചതും ഇന്ത്യകൂടി ഒപ്പുവച്ചതുമായ കുട്ടികളുടെ അവകാശപ്രഖ്യാപനവും കുട്ടികളുടെ അവകാശസംരക്ഷണ കമ്മീഷൻ റിപ്പോർട്ടും അധ്യാപകർ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്.
- സ്കൂളുകളിൽ അച്ചടക്കം പാലിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തുന്ന നിയമാവലി കുട്ടികളുടെ മനുഷ്യത്വപരമായ അവകാശങ്ങൾ നിഷേധിക്കുന്നതാവരുത്.

**1.5 കുട്ടികളുടെ ആന്തരികശേഷികളും പ്രതിഭയും പ്രാവർത്തികമാക്കാനുള്ള ആസൂത്രിതവും ചിട്ടപ്പെടുത്തിയതുമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം.**

- കേവലമായ അക്കാദമികനേട്ടങ്ങൾക്ക് ഉപരിയായി ഓരോ കുട്ടിയുടെയും ശേഷിയും പ്രതിഭയും തിരിച്ചറിയുക എന്നത് അധ്യാപകരുടെ പ്രധാന കടമയാണ്.

- വിദ്യാർഥികളുടെ എല്ലാവിധ കഴിവുകളും വികസിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണം.

**1.6 ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഉൾക്കൊള്ളുന്ന വിധത്തിലാവണം പാഠ്യപദ്ധതി വിനിമയം.**

- ജനാധിപത്യം, മതനിരപേക്ഷത, സമത്വം, നീതി, സ്വാതന്ത്ര്യം എന്നീ ഭരണഘടനാമൂല്യങ്ങൾ പാഠ്യപദ്ധതി വിനിമയത്തിന്റെ പ്രധാനപ്പെട്ട ആന്തരിക ധാരയാവണം.
- ഭരണഘടനയിൽ പൗരന്മാരുടെ കടമകളെക്കുറിച്ച് പറയുന്ന ആർട്ടിക്കിൾ 51 എ മനസ്സിലാക്കുകയും അതിലെ എ മുതൽ കെ വരെയുള്ള ഖണ്ഡങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്യണം.

**1.7 വിദ്യാർഥികളുടെ ആവശ്യങ്ങൾ അനുസരിച്ച് അധ്യാപികയുടെ/ അധ്യാപകന്റെ അധ്യാപന രീതി പരിഷ്കരിക്കുന്നു.**

- നിരന്തരവിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ പ്രകൃതം, ആർജിതമായ അറിവ്, അഭിരുചി, പഠനരീതി തുടങ്ങിയവ പരിഗണിച്ച് ബോധനതന്ത്രങ്ങളിൽ ആവശ്യമായ പരിഷ്ക്കരണം നിരന്തരം നടത്തേണ്ടതുണ്ട്.

**1.8 കുട്ടികൾ നൽകുന്ന അവരുടെ വ്യക്തിപരമായ വിവരങ്ങളുടെ രഹസ്യസ്വഭാവം സൂക്ഷിക്കുകയും ആ വിവരങ്ങൾ നിയമപരമായി കൈമാറാവുന്നവർക്കുമാത്രം കൈമാറുകയും ചെയ്യുന്നു.**

- ഒരു കൗൺസലർ കൂടിയായ അധ്യാപിക/അധ്യാപകന് കുട്ടിയുടെ വ്യക്തിപരമായ വിവരങ്ങളെല്ലാം അറിയാം.
- ഈ വിവരങ്ങൾ കുട്ടിയുടെ നന്മയ്ക്കുവേണ്ടി വിവേകപൂർവം മാത്രമേ ഉപയോഗപ്പെടുത്താൻ പാടുള്ളൂ.

**1.9 കുട്ടികളെ ഭയപ്പെടുത്തുക, ഉൽക്കണ്ഠാകുലരാക്കുക, ശാരീരികമായി ശിക്ഷിക്കുക, മാനസികവും വൈകാരികവുമായി പീഡിപ്പിക്കുക എന്നിവയിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നു.**

- കുട്ടിയെ ലൈംഗികപീഡനങ്ങളുൾപ്പെടെയുള്ള പീഡനങ്ങളിൽനിന്നും അവഗണനയിൽനിന്നും ചൂഷണത്തിൽനിന്നും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം അധ്യാപകർക്കുണ്ട്.
- ശിക്ഷ മെച്ചപ്പെട്ട പഠനത്തിലേക്കു നയിക്കും എന്ന തെറ്റിദ്ധാരണ തിരുത്തപ്പെടേണ്ടതുണ്ട്.
- ഇത്തരം കാര്യങ്ങളിൽ കുട്ടിക്കു ലഭിക്കുന്ന നിയമപരിരക്ഷയെക്കുറിച്ചും അധ്യാപകർ അറിഞ്ഞിരിക്കണം.

**1.10 ഏതു വിധേനയുമുള്ള ലൈംഗികചൂഷണത്തിൽനിന്നും കുട്ടിയെ സംരക്ഷിക്കുന്നു.**

- ലൈംഗികചൂഷണം ശാരീരികമായ ആഘാതങ്ങൾ മാത്രമല്ല, വളരെക്കാലം തങ്ങിനിൽക്കുന്ന മാനസികാഘാതവുംകൂടി കുട്ടിക്കുണ്ടാക്കുന്നു.
- ബഹുമാനപ്പെട്ട ഇന്ത്യൻ സുപ്രീംകോടതിയും എൻ.സി.പി. ആറും ജോലി സ്ഥലങ്ങളിലും സ്കൂളുകളിലും നടക്കുന്ന ലൈംഗികചൂഷണത്തിനെതിരെ നൽകിയിട്ടുള്ള മാർഗനിർദേശങ്ങൾ അധ്യാപകർ പാലിക്കേണ്ടതാണ്.

**2. രക്ഷിതാക്കളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വങ്ങൾ**

**2.1 മാതാപിതാക്കളോടും രക്ഷാകർത്താക്കളോടും വിനയപൂർവമുള്ള ബന്ധം സ്ഥാപിക്കുന്നു.**

- കുട്ടിയെ കൂടുതൽ അറിയുന്നതിന് അവരുടെ രക്ഷാകർത്താക്കളുമായും സുഹൃത്തുക്കളുമായും അധ്യാപകർ നല്ല ബന്ധം പുലർത്തേണ്ടത് ആവശ്യമാണ്.

- അധ്യാപകരും രക്ഷാകർത്താക്കളുമായുള്ള സ്നേഹപൂർണമായ ബന്ധം കുട്ടിയെ അധ്യാപകരുമായി കൂടുതൽ അടുപ്പിക്കും.
- ഭൂരിപക്ഷം രക്ഷിതാക്കളും തങ്ങളുടെ കുട്ടികളുടെ സ്കൂളിനകത്തും പുറത്തുമുള്ള പ്രവർത്തനങ്ങൾ അവരുടെ അധ്യാപകരിൽനിന്ന് അറിയാൻ താൽപ്പര്യമുള്ളവരാണ്.
- വളർച്ചയുടെ ഘട്ടത്തിൽ കുട്ടികൾക്കു സംഭവിക്കുന്ന പിഴവുകൾകൂടി നേട്ടങ്ങളോടൊപ്പം രക്ഷിതാക്കളുമായി പങ്കുവയ്ക്കുന്നത് വലിയ ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് സഹായകമാകും.

**2.2 കുട്ടികളുടെ അന്തസ്സിനെ ഹനിക്കുന്ന ഏതു പ്രവൃത്തിയിൽനിന്നും വിട്ടുനിൽക്കുന്നു.**

- മറ്റുള്ള വിദ്യാർഥികളുടെ മുന്നിൽവച്ച് ആത്മാഭിമാനത്തെ ഇടിച്ചുതാഴ്ത്തി സംസാരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
- അതുപോലെത്തന്നെ രക്ഷിതാക്കളുടെ അഭിമാനത്തെയും ചോദ്യം ചെയ്യരുത്.
- ഏതെങ്കിലും ഒരു വിഭാഗം കുട്ടികളുടെ മാത്രം പശ്ചാത്തലത്തെ (ജാതി, മതം, സാമ്പത്തികം, ....) പുകഴ്ത്തിപ്പറയുന്നത് മറ്റുള്ള കുട്ടികളിൽ വിദ്വേഷം ജനിപ്പിക്കും.

**2.3 കുട്ടികൾക്കിടയിൽ ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് അഭിമാനബോധം വികസിപ്പിക്കാൻ ശ്രമിക്കുന്നു.**

- അനേകം സംസ്കാരങ്ങളുടെയും ഭാഷകളുടെയും മതങ്ങളുടെയും വിശ്വാസങ്ങളുടെയും നാടാണ് ഇന്ത്യ. ഇത് ഓരോ ക്ലാസ് മുറിയിലും പ്രതിഫലിക്കും.
- എന്നാൽ ഇന്ത്യയിൽ ഈ നാനാത്വത്തിലും ഏകത്വം രൂപംകൊണ്ടിട്ടുണ്ട്.
- പരസ്പരമുള്ള സഹിഷ്ണുതയും എല്ലാ സംസ്കാരങ്ങളെയും ബഹുമാനിക്കാനുള്ള മനസ്സും വേണം.
- ഈ തത്ത്വം പാഠ്യപദ്ധതിയിലൂടെ വളർത്തിയെടുക്കാനുള്ള ബോധപൂർവമായ ശ്രമം ആവശ്യമാണ്.

**2.4 വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള വിദ്വേഷവും ശത്രുതയും വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കണം.**

- എല്ലാ മതങ്ങളോടും വിശ്വാസങ്ങളോടും ഭാഷകളോടും തുല്യബഹുമാനം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ക്ലാസിൽ നടക്കേണ്ടത്.
- ദേശീയോദ്ഗ്രഥനത്തിന്റെ അടിത്തറ ആദ്യം ഇന്ത്യക്കാരൻ, പിന്നെ മാത്രം ഒരു വിഭാഗത്തിലെ അംഗം എന്ന ധാരണയാണ്.
- ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രചാരണത്തിനായി സ്കൂൾ / ക്ലാസ് ഉപയോഗപ്പെടുത്തരുത്.
- കാലികമായ സാമൂഹിക - രാഷ്ട്രീയ കാര്യങ്ങൾ ചർച്ചചെയ്യുമ്പോഴും അധ്യാപകൻ/അധ്യാപിക ഏതെങ്കിലും ഒരു പക്ഷത്തു നിന്ന് സംസാരിക്കരുത്.

**3. അധ്യാപനം എന്ന തൊഴിലിനോടും സഹപ്രവർത്തകരോടുമുള്ള ഉത്തരവാദിത്വങ്ങൾ.**

**3.1 തൊഴിൽവൈദഗ്ധ്യം വികസിപ്പിക്കുന്നതിന് നിരന്തരം പരിശ്രമിക്കുന്നു.**

- ഒരു വിദ്യാർഥിയെ നിരന്തരപഠിതാവാക്കാൻ ശ്രമിക്കുന്ന അധ്യാപകനും അങ്ങനെ ആകേണ്ടതുണ്ട്.
- നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനമേഖലകളെക്കുറിച്ചും അധ്യാപനരീതികളെക്കുറിച്ചുമുള്ള അറിവ് ശേഖരിക്കാനും പ്രയോഗത്തിൽ വരുത്താനും കഴിയണം.
- ഏതെല്ലാം തലങ്ങളിൽ നിന്ന് തനിക്ക് പുതിയ അറിവുകൾ ലഭിക്കും എന്ന് അന്വേഷിക്കുകയെന്നത് അധ്യാപകന്റെ കടമയാണ്.

**3.2 സഹപ്രവർത്തകർ തമ്മിലും മറ്റുള്ളവർ തമ്മിലുമുള്ള ബോധപൂർവമായ ആശയവിനിമയത്തിലൂടെ പുതിയൊരു സംരംഭം സൃഷ്ടിക്കുന്നു.**

- അക്കാദമികമായ ഉണർവ് ജനിപ്പിക്കുന്നതും എല്ലാ അധ്യാപകർക്കും തങ്ങളുടേതായ സംഭാവന നൽകാൻ കഴിയുന്നതുമായ ഒരു നൈതികത സ്കൂളിൽ സൃഷ്ടിക്കേണ്ടതുണ്ട്.
- ഇങ്ങനെയൊരുണർവ് ഉണ്ടാക്കുന്നതിന് ആസൂത്രിതവും ഫലപ്രദവുമായ സഹകരണം എല്ലാ അധ്യാപകരിൽനിന്നും ഉണ്ടാവണം.
- സ്കൂളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ എല്ലാ അധ്യാപകരുടെയും ക്രിയാത്മകമായ നിർദേശങ്ങളും പ്രവർത്തനങ്ങളും ഉണ്ടാകണം.
- അധ്യാപകരെ മാത്രമല്ല, സ്കൂൾ വിഷയങ്ങളിൽ താൽപ്പര്യമുള്ള എല്ലാ വിഭാഗത്തെയും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ അധ്യാപകന് കഴിയണം.

**3.3 സഹപ്രവർത്തകരോട് അന്തസ്സോടെയും ബഹുമാനത്തോടെയും പെരുമാറുന്നു.**

- സ്കൂളിലെ എല്ലാ അധ്യാപകരോടും അവരുടെ വിദ്യാഭ്യാസയോഗ്യതയോ അവർ ഏതു വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കുന്നുവെന്നോ പരിഗണിക്കാതെ അന്തസ്സോടെയും ബഹുമാനത്തോടെയും പെരുമാറണം.

**3.4 അധ്യാപകർ സ്വകാര്യട്യൂഷൻ എടുക്കുകയോ മറ്റു സ്വകാര്യ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നില്ല.**

- അധ്യാപകൻ സ്വകാര്യട്യൂഷൻ എടുക്കുന്നത് അവരുടെ സ്കൂൾ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.
- സ്വന്തം പ്രവർത്തനമേഖല മികച്ചതാക്കാനുള്ള സമയം അവർക്ക് നഷ്ടമാകുന്നു.
- സ്വന്തം വിദ്യാർഥികൾക്ക് സ്വകാര്യട്യൂഷൻ നൽകുമ്പോൾ അത് സ്കൂളിലെ നൈതിക തത്ത്വങ്ങൾക്കുതന്നെ വിഘാതമാകത്തക്ക പെരുമാറ്റങ്ങൾക്കു കാരണമായിത്തീരും.

**3.5 തന്റെ പ്രവർത്തനങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിക്കുമെന്ന് അറിയാവുന്നതിനാൽ ഏതെങ്കിലും വിധത്തിലുള്ള സമ്മാനങ്ങളോ മറ്റു സഹായങ്ങളോ സ്വീകരിക്കുന്നില്ല.**

- ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് നൽകപ്പെടുന്ന വിലപിടിപ്പുള്ള സമ്മാനങ്ങൾ അധ്യാപകർ വിദ്യാർഥികളിൽനിന്നോ രക്ഷകർത്താക്കളിൽനിന്നോ സ്വീകരിക്കരുത്.

**3.6 സഹപ്രവർത്തകർക്കെതിരെയും ഉന്നതാധികാരികൾക്കെതിരെയും അനാവശ്യമായ ആരോപണങ്ങൾ ഉന്നയിക്കുന്നില്ല.**

- പരസ്പരം കുറ്റപ്പെടുത്തുന്ന വിഭാഗീയസംഘങ്ങൾ അധ്യാപകർക്കിടയിൽ അഭികാമ്യമല്ല.
- സഹപ്രവർത്തകർക്കെതിരായി തെളിവുകളില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കരുത്.
- ഏതെങ്കിലും ഒരു സഹപ്രവർത്തകന്റെ/സഹപ്രവർത്തകയുടെ ഭാഗത്തുനിന്ന് ഗുരുതരമായ തെറ്റ് കാണുകയാണെങ്കിൽ അത് സീനിയർ അധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്തണം.

**3.7 സഹപ്രവർത്തകരുടെയോ വിദ്യാർഥികളുടെയോ രക്ഷിതാക്കളുടെയോ മുന്നിൽവച്ച് ഒരു സഹപ്രവർത്തകനെ അധിക്ഷേപിച്ച് സംസാരിക്കുന്നില്ല.**

- അധ്യാപകരെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉണ്ടാകാം. എന്നാൽ അത് പ്രകടിപ്പിക്കുന്ന രീതി മാന്യമായിരിക്കണം.
- സഹപ്രവർത്തകന്റെ അധ്യാപനരീതിയെ അപഹസിക്കുന്ന തരത്തിൽ സംസാരിക്കരുത്.

**3.8 സഹപ്രവർത്തകരുടെ അധ്യാപനനിലപാടുകളെ മാനിക്കുന്നു.**

- അധ്യാപനത്തിൽ മികവു പുലർത്തുന്നവരുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും അത്തരം മികവ് ആർജിക്കാൻ ശ്രമിക്കുകയും ചെയ്യണം. എന്നാൽ അത് തികച്ചും അന്ധമായ അനുകരണമാകരുത്.

**3.9 സഹപ്രവർത്തകരെക്കുറിച്ചുള്ള സ്വകാര്യവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും നിയമപരമായി ആവശ്യപ്പെടുമ്പോൾ മാത്രം വെളിപ്പെടുത്തുകയും ചെയ്യുന്നു.**

- ഏതെങ്കിലും ആവശ്യത്തിനായി ശേഖരിക്കപ്പെടുന്ന, സഹപ്രവർത്തകരെക്കുറിച്ചുള്ള വ്യക്തിപരമായ വിവരങ്ങൾ രഹസ്യസ്വഭാവമുള്ളതാണെങ്കിൽ അവ നിയമപരമായ കാര്യങ്ങൾക്കു മാത്രമേ വെളിപ്പെടുത്താൻ പാടുള്ളൂ.

## ഈ യൂണിറ്റിലൂടെ കടന്നുപോയപ്പോൾ ചർച്ച ചെയ്ത ആശയങ്ങൾ

- ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചുള്ള ധാരണകൾ കൈവരിക്കുക. അവ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാനുള്ള മനോഭാവം, ശേഷി എന്നിവ കൈവരിക്കുക.
- അധ്യാപകനൈപുണികളെ സംബന്ധിച്ച ധാരണ കൈവരിക്കുക.
- സ്വതന്ത്രവും ഫലപ്രദവുമായ അധ്യാപനശൈലി വികസിപ്പിക്കുക.
- അധ്യാപകനൈതികതയെക്കുറിച്ചുള്ള ധാരണ. നൈതികത പ്രയോഗവൽക്കരിക്കുക.
- അധ്യാപകൻ ഒരു ഗവേഷകൻ.

## തുടർപ്രവർത്തനം / വിലയിരുത്തൽ പ്രവർത്തനം

- നിലവിലുള്ള ക്ലാസുമുറികളിലെ ഇടപെടലുകൾ ജനാധിപത്യപരമല്ല എന്നാണ് പരക്കെയുള്ള അഭിപ്രായം. ഇക്കാര്യത്തിൽ നിങ്ങളുടെ നിലപാട് എന്താണ്? വിശദമാക്കുക. ക്ലാസ് മുറികളിൽ ജനാധിപത്യ ഇടപെടലുകളുമായി ബന്ധപ്പെട്ട എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയും?
- കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയം UNICEF മായി സഹകരിച്ച് തയാറാക്കിയ അധ്യാപകപ്രകടന മാനദണ്ഡങ്ങൾ (Teacher Performance Indicators) ഏതൊക്കെയാണെന്ന് വിശദീകരിക്കുക?
- നിങ്ങളുടെ അഭിപ്രായത്തിൽ മികച്ച അധ്യാപകന് ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുക?
- സ്വതന്ത്രവും ഫലപ്രദവുമായ അധ്യാപനശൈലി വികസിപ്പിച്ചെടുക്കുന്നതിന് അനിവാര്യമായ ധാരണകൾ എന്തൊക്കെയെന്നാണ് നിങ്ങൾ കരുതുന്നത്? വിശദീകരിക്കുക.
- ബോധനശാസ്ത്രപരമായി ഒരധ്യാപകന് ഉണ്ടായിരിക്കേണ്ട പ്രധാനനൈപുണികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുക?

മുകളിൽ കൊടുത്ത ചോദ്യങ്ങളുടെ വിശദാംശങ്ങൾ ക്ലാസിൽ ചർച്ച ചെയ്തിട്ടുണ്ടാകുമല്ലോ. അതുമായി ബന്ധപ്പെട്ട നിങ്ങളുടെ കാഴ്ചപ്പാടുകൾ കൂടി ഡയറിയിൽ എഴുതണം.

## റഫറൻസ്


1. Kerala Education Rules 1959
2. Right to Education Act 2009
3. National curriculum frame work 2005 (NCF 2005)
4. Kerala curriculum Frame work 2007 (KCF 2007)

# യൂണിറ്റ് - 3

# പഠന രീതികളും പഠന തന്ത്രങ്ങളും

## ആമുഖം

പഠനം ഫലപ്രദമാവണമെങ്കിൽ പഠിതാവിൽ താൽപര്യവും ആവശ്യവും ജനിപ്പിക്കുന്നവിധം പഠനപ്രക്രിയ ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഓരോ കുട്ടിയും മറ്റു കുട്ടികളിൽ നിന്നും വ്യത്യസ്തരാണ്. ഒരു ക്ലാസ് മുറിയിൽ എല്ലാ കുട്ടികളെയും പരിഗണിക്കുന്ന പഠന രീതിയും തന്ത്രങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നത് ഏതൊരധ്യാപകനും നേരിടുന്ന വെല്ലുവിളിയാണ്. ഓരോ അധ്യാപകനും അവശ്യം അറിയുകയും ശേഷി നേടുകയും വേണ്ട മേഖലയാണിത്. വൈവിധ്യമാർന്ന പഠന രീതികളെക്കുറിച്ചും പഠനതന്ത്രങ്ങൾ സംബന്ധിച്ചും അവയുടെ വിനിമയ സാധ്യതകളെക്കുറിച്ചും ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നു.

പഠനരീതിയും പഠനതന്ത്രങ്ങളും നിശ്ചയിക്കുന്നത് പാഠ്യപദ്ധതി സമീപനമാണ്. അറിവു നിർമ്മാണ പ്രക്രിയയിലധിഷ്ഠിതമായ ഒരു പാഠ്യപദ്ധതിയിൽ കുട്ടി സ്വയം അറിവു നിർമിക്കാനുതകുന്ന പഠന രീതികളും തന്ത്രങ്ങളുമാണ് പ്രയോജനപ്പെടുത്തുക. അതുകൊണ്ട് തന്നെ അത്തരം പഠന രീതികളും തന്ത്രങ്ങളുമാണ് ഇവിടെ സവിശേഷമായി ചർച്ച ചെയ്യുക. സാമൂഹിക ജ്ഞാനനിർമ്മിതി വാദം, വിമർശനാവബോധം, മാനവികതാവാദം, ഭാഷാസമഗ്രതാ ദർശനം, നാഡീ മനശ്ശാസ്ത്രം, ബഹുമുഖ ബുദ്ധി തുടങ്ങിയ സിദ്ധാന്തങ്ങളുടെ അടിത്തറയിലാണ് നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതി സമീപനം പടുത്തുയർത്തിയിരിക്കുന്നത്. അതിനാൽ പഠന രീതിയും പഠന തന്ത്രങ്ങളും ഈ സമീപനത്തിന് യോജിക്കുന്നവയായിരിക്കണം.

## ഉള്ളടക്കം

| | | | |
|---|---|---|---|
| 1. | പഠന ശൈലി, പഠനവേഗത | - | ദൃശ്യശൈലി, ശ്രാവ്യശൈലി, ചലനശൈലി |
| 2. | പഠനരീതി | - | അന്വേഷണ രീതി, പ്രശ്നപരിഹരണ രീതി, അപഗ്രഥന രീതി, പ്രോജക്ട് രീതി, ആഗമനനിഗമനരീതി, പ്രഭാഷണ രീതി |
| 3. | പഠനതന്ത്രങ്ങൾ | - | സംവാദാത്മകം, ഗവേഷണാത്മകം, നിർമാണാത്മകം, സർഗാത്മകം, വ്യക്തിഗതപഠനം, സംഘപഠനം. |
| 4. | പഠനനൈപുണി | - | റഫറൻസിങ്, കുറിപ്പു തയാറാക്കൽ |
| 5. | പഠനാന്തരീക്ഷം | - | കാഴ്ചപ്പാട് |
| 6. | പഠനപ്രവർത്തനം | - | സവിശേഷതകൾ |
| 7. | പഠനസാമഗ്രികൾ | - | എന്ത്? എന്തിന്? |
| 8. | ഭൗതികസൗകര്യങ്ങൾ | - | സമഗ്ര വികസനത്തിനുതകുന്നത് |

## 1. പഠന ശൈലിയും പഠന വേഗതയും

എല്ലാ കുട്ടികളും പ്രകൃത്യാ പഠിക്കാൻ ആഗ്രഹമുള്ളവരാണ്, കഴിവുള്ളവരാണ്. പഠനത്തിന്റെ പ്രധാന ഘടകങ്ങൾ അർഥപൂർണമായ പഠനം, അമൂർത്തമായി ചിന്തിക്കാനുള്ള കഴിവ് വളർത്തുക, മനനം, പ്രവർത്തനം എന്നിവയാണ് (എൻ.സി.എഫ് 2005). എന്നാൽ ഓരോ കുട്ടിയും സവിശേഷമായ കഴിവുകളുമായാണ് സ്കൂളിലെത്തുന്നത്. അതുകൊണ്ടുതന്നെ അവർ പല രീതിയിലാണ് പഠിക്കുന്നത്. അനുഭവങ്ങളിലൂടെ ചെയ്തും കണ്ടും നിർമിച്ചും പരീക്ഷണങ്ങളിലൂടെയും വായന, ചർച്ച, ചോദിക്കൽ,

കേൾക്കൽ, ചിന്തിക്കൽ, മനനം, ഒറ്റയ്ക്കും കൂട്ടായും സ്വാഭിപ്രായം പ്രകടിപ്പിച്ചുമെല്ലാമാണ് പഠനം നടക്കുന്നത്.

### 1.1. പഠനശൈലി

ഓരോ കുട്ടിയും വ്യത്യസ്തനാണ്. ഭാവത്തിൽ, രൂപത്തിൽ, പ്രകൃതത്തിൽ, നടപ്പിൽ എന്നു വേണ്ട എല്ലാ കാര്യങ്ങളിലും ഒരു കുട്ടിയെപ്പോലെ മറ്റൊരാൾ ഇല്ല തന്നെ. എങ്കിൽ എല്ലാവരും ഒരേ പോലെ ഒരേ സമയത്തിനുള്ളിൽ പഠനം ഫലപ്രദമായി പൂർത്തിയാക്കണമെന്നു പറയുന്നതിലെ ഔചിത്യമെന്ത്?

ഇവിടെ പ്രായോഗികതയാണ് പരിഗണിച്ചിട്ടുള്ളത്. എന്നാൽ ഈ വ്യക്തിവ്യത്യാസത്തെ പാടെ നിഷേധിക്കാനാവുമോ? എങ്ങനെ ഈ പ്രശ്നത്തെ മറികടക്കാം?

എങ്കിൽ ആദ്യം ചർച്ച ചെയ്യേണ്ടത് എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ്. ഇവിടെയാണ് പഠനശൈലി, പഠനവേഗത തുടങ്ങിയ ആശയങ്ങൾ പ്രസക്തമാകുന്നത്. ഓരോ കുട്ടിയുടെയും പഠനവേഗതയും പഠനശൈലിയും വ്യത്യസ്തമാണല്ലോ. എന്തെല്ലാമാണ് വ്യത്യാസങ്ങൾ? പ്രധാനമായും മൂന്നുതരം പഠനശൈലികളാണ് ഉള്ളത്.

- കണ്ടു പഠിക്കുന്നവർ (Visual Learners)
- കേട്ടു പഠിക്കുന്നവർ (Auditory Learners)
- പ്രവർത്തിച്ചു പഠിക്കുന്നവർ (Kinesthetic learners)

#### 1.1.1. ദൃശ്യപര പഠനശൈലി (Visual Learning Style)

ആശയങ്ങളെയും വിവരങ്ങളെയും ചിത്രങ്ങളുമായി (Images) ബന്ധിപ്പിച്ചു പഠിക്കുന്ന രീതിയാണിത്. ഈ ശൈലിയിൽ പഠിക്കുന്നവർക്ക് അവർ പഠിക്കാൻ പോകുന്ന കാര്യത്തെക്കുറിച്ചുള്ള ചിത്രങ്ങൾ കാണണം. ഗ്രാഫുകൾ, മാപ്പുകൾ, വീഡിയോ, ഡയഗ്രം, ചാർട്ടുകൾ, പട്ടികകൾ എന്നിവ ഉപയോഗപ്പെടുത്തുമ്പോഴാണ് പഠനം മികച്ച നിലയിൽ നടക്കുക. ഈ ശൈലിയെ ദൃശ്യ-സ്ഥലപര പഠനശൈലി (Visual -Spacial) എന്നും അറിയപ്പെടുന്നു.

#### 1.1.2 ശ്രവണ പഠനശൈലി (Auditory learning style)

ഈ ശൈലിയിൽ പഠിതാവിൽ കേൾക്കുന്നതിലൂടെയും പറയുന്നതിലൂടെയുമാണ് പഠനം നടക്കുക. ക്ലാസിൽ അധ്യാപകൻ പറയുന്ന ആശയങ്ങൾ ഫലപ്രദമായി സ്വാംശീകരിക്കാനും പ്രവർത്തിക്കാനും ഇത്തരം പഠിതാക്കൾക്കു കഴിയും. ഇവർ മികച്ച ശ്രവണശേഷിയുള്ളവരായിരിക്കും. അധ്യാപകൻ പറഞ്ഞ കാര്യങ്ങൾ ഓർമയിൽ സൂക്ഷിക്കാൻ ഇവർക്കു കഴിയും. അതുകൊണ്ടുതന്നെ ഇവരുടെ ക്ലാസ്തല പങ്കാളിത്തം അനിവാര്യമാകുന്നു. ശ്രവണ പഠന ശൈലിയുള്ളവർ അവർ ചെയ്യാൻ പോകുന്ന കാര്യങ്ങൾ വിശദമായി വിവരിക്കും. അവരുടെ വികാരങ്ങൾ, ശബ്ദ വ്യതിയാനത്തിലൂടെ (Tone, Pitch, Volume) പ്രകടിപ്പിക്കുന്നു. അവർ കേൾക്കുന്നതിനാണ് കൂടുതൽ താൽപ്പര്യം കാണിക്കുന്നത്.

#### 1.1.3 ചലനപര പഠനശൈലി (Kinesthetic learning style)

പഠിതാവിന്റെ ശാരീരിക ചലനവുമായി ബന്ധിപ്പിച്ചുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടുള്ള പഠനശൈലിയാണിത്. ഇവർക്ക് കേട്ടു പഠിക്കുന്നതിനോ കണ്ടു പഠിക്കുന്നതിനോ താൽപ്പര്യം കുറവായിരിക്കും. പഠനോപകരണങ്ങൾ തയാറാക്കൽ, ലാബ് പ്രവർത്തനങ്ങൾ, പാഠ്യവസ്തുവുമായി പ്രവർത്തനങ്ങളെ ബന്ധിപ്പിക്കൽ, നാടകീകരണം, കളികൾ എന്നിവ ഇവർക്കുള്ള ഫലപ്രദമായ രീതികളാണ്.

ഇങ്ങനെ ഏതെങ്കിലും ഒരു ശൈലിയിൽ മാത്രം ഉറച്ചു നില്ക്കുന്ന പഠിതാക്കൾ വളരെ കുറവായിരിക്കും. എന്നാൽ ഈ മൂന്നു സാധ്യതകളും എല്ലാവർക്കും പഠനത്തിൽ ആവശ്യമാണ്. അതുകൊണ്ടുതന്നെ ദൃശ്യപരവും, ശ്രവണപരവും, ചലനപരവുമായ പ്രവർത്തനങ്ങളുടെ ഉദ്ഗ്രഥനം ഓരോ പാഠ്യവസ്തുവിലുമുള്ള അനുഭവങ്ങൾ ഒരുക്കുന്നതിൽ നാം ഉൾപ്പെടുത്തേണ്ടതാണ്.

### 1.2 പഠനവേഗത

ഓരോ കുട്ടിയും വ്യത്യസ്തനാണ് എന്ന പ്രകൃതിതത്വം തന്നെയാണ് 'പഠനവേഗത' എന്ന ആശയത്തിനും ആധാരം. ഓരോ കുട്ടിക്കും അവന്റേതായ പഠനവേഗതയും പഠനശൈലിയുമുണ്ട്. ഓരോ കുട്ടിക്കും ഒരാശയം സ്വാംശീകരിക്കാൻ ആവശ്യമായ സമയമാണ് പ്രധാനമായും പഠനവേഗതയെ നിർണയിക്കുന്നത്. എന്നാൽ സ്വാഭാവികമായ പഠനം നടക്കുന്നതിന് ആവശ്യമായ എല്ലാ ഘടകങ്ങളും അതായത് താൽപ്പര്യം, വൈകാരികനില, വിഷയത്തോടുള്ള അടുപ്പം, മുന്നനുഭവം ഇവയെല്ലാം പഠനവേഗത ചർച്ച ചെയ്യുമ്പോഴും പ്രസക്തമാണ്.

കുട്ടികളിൽ ഓരോരുത്തരും വ്യത്യസ്ത പഠനവേഗതയിലുള്ളവരാണ് എന്ന ധാരണ അധ്യാപിക മനസ്സിലാക്കുകയും എല്ലാവരെയും പരിഗണിക്കുന്ന പഠനശൈലിയും പഠനപ്രക്രിയയും പാലിച്ച് ആസൂത്രണം നടത്തുകയും വേണം. പഠനശൈലി അനുകൂലമല്ലെങ്കിൽ പഠന വേഗത്തിൽ വ്യത്യാസമുണ്ടാകാം. ഓരോ കുട്ടിയുടെയും പഠനരീതി കൃത്യമായി പഠിച്ചുകൊണ്ടുമാത്രമേ പഠനവേഗത ഉൾക്കൊണ്ട് ആസൂത്രണം ചെയ്യാനാകൂ. പഠനവേഗത പരിഗണിക്കാതെ പഠനപ്രക്രിയ നടക്കുമ്പോൾ കുട്ടികൾക്ക് കൃത്യമായ ആശയഗ്രഹണമോ ധാരണയോ ഇല്ലാത്ത അവസ്ഥ വരും. ഇങ്ങനെ സ്വാംശീകരിക്കപ്പെടാത്ത ആശയങ്ങളുടെ മുകളിൽ പുതിയ ആശയങ്ങൾ വിനിമയം ചെയ്യുമ്പോൾ അതും ഉൾക്കൊള്ളാനാവാതെ പ്രസ്തുത വിഷയത്തോട് വിരക്തി അനുഭവപ്പെടുകയും പഠനത്തിലുള്ള താൽപ്പര്യം തന്നെ കുറയുകയും ചെയ്യും. പഠനവേഗത കൂടുതലുള്ള കുട്ടികൾക്ക് അനുയോജ്യമായ അധികപ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട്. ക്ലാസിൽ നൽകുന്ന പഠനപ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുമ്പോൾ അത്തരം കുട്ടികൾക്ക് ആവശ്യമായ അധികപ്രവർത്തനപാക്കേജോ പ്രവർത്തന പദ്ധതികളോ ആസൂത്രണം ചെയ്യണം. സഹപഠനത്തിന്റെ (Peer learning) യും ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങളുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തുകയുമാവാം. ഇങ്ങനെ എല്ലാ വിഭാഗം കുട്ടികളുടെയും പഠനവേഗത്തെ പരിഗണിക്കുന്ന ക്ലാസുമുറികളാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്.

## 2. പഠനരീതി

> *വ്യക്തിവ്യത്യാസം പരിഗണിക്കുന്ന വൈവിധ്യമാർന്ന പഠനരീതികൾ (അന്വേഷണാത്മകം, ആഗമന-നിഗമനം, അപഗ്രഥനം, പ്രശ്നപരിഹരണം) ഫലപ്രദമായ പഠനത്തിനായി പ്രയോജനപ്പെടുത്താൻ കഴിയും.*

നിലവിലുള്ള പാഠ്യപദ്ധതിയാണ് പഠനരീതി എന്താവണമെന്ന് നിശ്ചയിക്കുന്നത്. സാമൂഹികജ്ഞാന നിർമ്മിതി വാദത്തിലധിഷ്ഠിതമായ പാഠ്യപദ്ധതിയാണ് ഇന്ന് കേരളത്തിൽ നിലനില്ക്കുന്നത്. അതിനനുഗുണമാകണം പഠനരീതി. പഠനരീതികളെ വിശാലമായി അധ്യാപകകേന്ദ്രിതമെന്നും ശിശുകേന്ദ്രിതമെന്നും തിരിക്കാം.

ശിശുകേന്ദ്രിത രീതി -

1. അന്വേഷണാത്മകരീതി (Inquiry Method)
2. പ്രശ്നപരിഹരണരീതി (Probelm solving Method)
3. അപഗ്രഥനരീതി (Analytical Method)
4. പ്രോജക്ട്രീതി (Project Method)
5. കളിരീതി (Play-way Method)

അധ്യാപകകേന്ദ്രിത രീതി -

6. ആഗമന-നിഗമന രീതി (Inductive deductive Method)
7. പ്രഭാഷണരീതി (Lecture Method)
8. ഡമോൺസ്ട്രേഷൻരീതി (Demonstration Method)

## 2.1 അന്വേഷണാത്മക രീതി (Inquiry Method)

അന്വേഷണാത്മക രീതിയെ ഹ്യൂറിസ്റ്റിക്ക് രീതി (Heuristic Method), കണ്ടെത്തൽ രീതി എന്നീ പേരുകളിലും അറിയപ്പെടുന്നു. ഹ്യൂറിസ്റ്റിക്ക് രീതിയുടെ ഉപജ്ഞാതാവായ പ്രൊഫ.ഹെന്റി എഡ്വേഡ് ആംസ്ട്രോങ് ഈ രീതിയെ നിർവചിച്ചത് ഇങ്ങനെയാണ്. "Heuristic method is a method of teaching which involves our placing of children as far as possible in the attitude of a discoverer) കുട്ടികൾ സ്വയം പ്രശ്നപരിഹാരം കണ്ടെത്തുകയും കണ്ടുപിടിക്കുകയും ചെയ്യുന്ന രീതിയാണിത്. കുട്ടിയുടെ പ്രകൃതവുമായി ഏറെ ഇണങ്ങുന്ന രീതിയാണിത്. ഒരു സന്ദർഭവുമായോ അനുഭവവുമായോ ബന്ധപ്പെട്ട് ഉണ്ടാകുന്ന സംശയനിവാരണത്തിനായുള്ള അന്വേഷണമാണ് ഈ രീതിയുടെ കാതൽ. ഇതിന്റെ ഫലമായി ധാരാളം അർഥപൂർണമായ ചോദ്യങ്ങൾ ഉയർന്നു വരും. തുടർന്നുള്ള അന്വേഷണപ്രക്രിയയുടെ ഭാഗമായി കുട്ടി സ്വയം ഉത്തരങ്ങളിലെത്തുകയും മാനസികമായി തൃപ്തി നേടുകയും ചെയ്യും. ഇവിടെ അധ്യാപകൻ പഠനാംശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉന്നയിച്ച് കുട്ടിയിൽ അന്വേഷണത്വര സൃഷ്ടിക്കണം.

അന്വേഷണത്തിന്റെ രീതി, ചോദ്യങ്ങൾ എന്നിവ അർഥപൂർണമാവാൻ പരോക്ഷമായി സഹായിക്കുകയും പ്രത്യക്ഷമായി പ്രോത്സാഹിപ്പിക്കുകയും വേണം.

**അന്വേഷണാത്മക രീതിയുടെ മികവുകൾ**

- സ്വന്തം അന്വേഷണത്തിലൂടെയും അനുഭവത്തിലൂടെയും അറിവു നേടുന്നു.
- പ്രശ്നപരിഹരണത്തിൽ ആനന്ദമനുഭവിക്കുന്നു.
- സ്വന്തമായി കല്പിക്കുന്ന വിധിയിൽ (ജഡ്ജ്മെന്റ്) വിശ്വസിക്കുന്നു.
- തെറ്റിനെ ഭയപ്പെടുന്നില്ല
- കാഴ്ചപ്പാടിൽ അയവുണ്ടാകുന്നു.
- എല്ലാ ചോദ്യങ്ങൾക്കും അന്തിമ ഉത്തരം വേണമെന്ന് ശഠിക്കുന്നില്ല
- ഉത്തരത്തോടൊപ്പം കടന്നുപോയ പ്രക്രിയയും പ്രധാനമാണ്. ഇത് തുടർപഠനത്തെ സഹായിക്കും.
- സ്വയംപഠനത്തിന്റെ രീതിശാസ്ത്രം തിരിച്ചറിയുന്നു.

## 2.2 പ്രശ്നപരിഹരണ രീതി (Problem solving method)

കുട്ടി തന്റെ പഠന സന്ദർഭത്തിലോ ജീവിതസന്ദർഭത്തിലോ നേരിടുന്ന ഒരു പ്രശ്നത്തെ പരിഹരിക്കുന്നതിനുള്ള അവസരമൊരുക്കുകയും പ്രശ്നവിശകലനം ചെയ്ത് പരിഹാരപ്രവർത്തനങ്ങൾ നടത്തി പ്രശ്നം പരിഹരിക്കുകയും ചെയ്യുന്ന രീതിയാണ്.

1983 ൽ മേയർ (Mayer) ബഹുതലങ്ങളുള്ള ഒരു പ്രക്രിയയാണ് പ്രശ്നപരിഹരണരീതി എന്ന് നിർവചിച്ചു. ഇവിടെ പ്രശ്നപരിഹാരകൻ, താൻ ഇപ്പോൾ നേരിടുന്ന പ്രശ്നവും മുന്നനുഭവങ്ങളും തമ്മിലുള്ള ബന്ധം കണ്ടെത്തി വേണം പരിഹാരത്തിനായി ശ്രമം തുടരുവാൻ. 1984-ൽ ബ്രാൻസ്ഫോഡ് & സ്റ്റെയിൻ (Bransford and Stein, 1984) പ്രശ്നപരിഹരണത്തിനായി ഐഡിയൽ മോഡൽ (Ideal model) അവതരിപ്പിച്ചു. ഇത് അമൂർത്തമായ പ്രശ്നപരിഹരണശേഷി വികസിപ്പിക്കുന്നതിന് സഹായകമാണ്. എന്നാൽ ഒരാൾക്ക് ഈ ശേഷി മറ്റു സന്ദർഭങ്ങളിലേക്ക് മാറ്റാൻ കഴിയും. നേരിടുന്ന പഠനപ്രശ്നത്തെ പരിഹരിക്കാൻ നിലവിലുള്ള ധാരണയും നൈപുണിയും മതിയാവാതെ വരുമ്പോഴാണ് പുതിയ അറിവു തേടി പോകേണ്ടി വരുക. പ്രശ്നപരിഹരണത്തിന് പുതിയ അറിവ് അനിവാര്യമാണ്. ഈ രീതി പ്രതിഫലനാത്മക ചിന്ത, യുക്തിചിന്ത എന്നിവ വളർത്തുന്നതിന് സഹായിക്കും. ഒരു ക്ലാസ് മുറിയിൽ പഠനത്തിന്റെ ഭാഗമായി പ്രശ്നപരിഹരണ രീതി ഉപയോഗപ്പെടുത്തുന്ന ഒരു ടീച്ചർ താഴെ പറയുന്നഘട്ടങ്ങൾ പിന്തുടരണം.

- പ്രശ്നം എന്തെന്ന് നിർണയിക്കൽ
- പ്രശ്നത്തെക്കുറിച്ചും പ്രശ്നകാരണത്തെക്കുറിച്ചും വിവിധ സ്രോതസ്സുകളുപയോഗിച്ച് മനസ്സിലാക്കൽ
- പ്രശ്നകാരണങ്ങളുടെ വിശകലനവും സാധ്യമായ പരിഹാരങ്ങൾ നിർദേശിക്കലും
- പരിഹാരങ്ങളുടെ ശക്തിദൗർബല്യങ്ങളും, ദൂരവ്യാപകഫലങ്ങളും കണ്ടെത്തൽ
- ലക്ഷ്യത്തിലെത്തുന്നതിന് ഏറ്റവും യോജിച്ച പരിഹാരമാർഗം തിരഞ്ഞെടുക്കൽ
- പരിഹാരമാർഗത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കൽ

**അധ്യാപികയുടെ റോൾ**

- പ്രശ്നം നിർവചിക്കുന്നതിന് അവസരമൊരുക്കൽ
- ഓരോ ഘട്ടത്തിലും ആവശ്യമായ സഹായമൊരുക്കൽ
- നിർദേശങ്ങൾ രൂപീകരിക്കാൻ സഹായിക്കൽ
- ഓരോ നിർദേശത്തെയും വിലയിരുത്താൻ അവസരമൊരുക്കൽ
- നിഗമനങ്ങളുടെ കൃത്യത, യുക്തി എന്നിവ ഉറപ്പാക്കുന്നതിന് സഹായിക്കൽ

### 2.3 അപഗ്രഥന രീതി (Analytical Method)

പ്രശ്നത്തെ ഉപപ്രശ്നങ്ങളാക്കി മാറ്റി പരിഹാരം കാണുന്ന പ്രക്രിയയാണ് അപഗ്രഥന രീതി. തൽഫലമായി പ്രശ്നത്തിന്റെ വിവിധ വശങ്ങളും പ്രശ്നകാരണവും തിരിച്ചറിയാൻ കഴിയും. ഇത് പ്രശ്നത്തെ തലനാരിഴകീറി പരിശോധിക്കുന്നതിനും അന്തർലീനമായ ആശയങ്ങളെ തിരിച്ചറിയാനും സഹായിക്കും. മനസ്സിന്റെ ഉയർന്ന തലത്തിലുള്ള പ്രകടനമാണ് അപഗ്രഥനമെന്ന് തൊണ്ടൈക്ക് (Thorndike) പറയുന്നു.

**പ്രധാന നേട്ടങ്ങൾ**

- പഠിതാവിന്റെ എല്ലാ സംശയങ്ങളേയും ദൂരീകരിക്കാൻ കഴിയുന്ന യുക്തിസഹമായ രീതിയാണ്.
- കണ്ടെത്തൽപഠനത്തിനും ആശയഗ്രഹണത്തിനും ഏറ്റവും യോജിച്ച രീതി.
- പഠനരീതിയുടെ ഓരോ ഘട്ടവും സ്വാഭാവികമായി വികസിച്ചു വരുന്നതും യുക്തിസഹവും നീതീകരിക്കാൻ കഴിയുന്നതുമാണ്.
- ഓരോ ഘട്ടത്തിലും പഠിതാവ് നിരവധി ചോദ്യങ്ങളെ അഭിമുഖീകരിക്കുന്നു. ഇത് പഠിതാവിന്റെ ചിന്താശേഷി വർധിപ്പിക്കും.

**പരിമിതികൾ**

- ദൈർഘ്യമേറിയ പ്രക്രിയയാണ്
- മികവും വേഗവും ആർജിക്കാൻ പ്രയാസം

### 2.4 പ്രോജക്ട് രീതി (Project Method)

പ്രോജക്ട് ഒരു പഠനരീതിയാണ്. ഇതിൽ പഠിതാക്കൾ വ്യക്തിഗതമായോ ചെറുസംഘങ്ങളായോ ആണ് ഇത് നിർവഹിക്കുന്നത്. ഒരു യഥാർഥ ജീവിതപ്രശ്നമോ സാന്ദർഭികമായി വന്നുചേരുന്ന പ്രശ്നമോ നിശ്ചിത സമയപരിധിക്കുള്ളിൽ അപഗ്രഥിച്ച് പരിഹാരം കണ്ടെത്തുന്ന പ്രക്രിയയാണിത്. ജോൺ ഡ്യൂയിയുടെ പ്രായോഗികവാദവുമായി ബന്ധമുള്ള ഒരു രീതിയാണിത്.

| | | |
|---|---|---|
| *John Alford Stevenson* | : | *"A project is a problematic act carried to the completion in its natural settings"* |
| *Ballord* | : | *"A project is a bit of real life that has been imported into the school"* |
| *William Head Kilpatrick* | : | *"A project is a whole hearted purposeful activity proceeding in a social environment."* |

ഈ നിർവചനങ്ങളിൽ നിന്ന് നിരീക്ഷിക്കാവുന്നത്.

- പ്രോജക്ട് ഒരു പ്രവർത്തനമാണ്
- അതിന് ചില ലക്ഷ്യങ്ങളുണ്ട്.
- ഇത് സാമൂഹികവും സ്വാഭാവികവുമായ സന്ദർഭത്തിലാണ് നിർവഹിക്കപ്പെടുന്നത്.
-
-

**പ്രോജക്ട് രീതിയുടെ സവിശേഷതകൾ**

- പ്രശ്നാധിഷ്ഠിതം (Problem based) : എല്ലാ പ്രോജക്ടുകളും പഠിതാക്കൾ നേരിടുന്ന പ്രശ്നപരിഹരണത്തിനുവേണ്ടിയാണ്. പ്രശ്നത്തെക്കുറിച്ചുള്ള തിരിച്ചറിവാണ് പ്രോജക്ട്രീതിയുടെ ആദ്യഘട്ടം.
- ഉദ്ദേശ്യാധിഷ്ഠിതം (Objective based) : പ്രോജക്ട്രീതിയുടെ വിജയം ഉദ്ദേശ്യം സംബന്ധിച്ച് പഠിതാക്കൾക്കുള്ള കൃത്യമായ ധാരണയാണ്.
- പ്രവർത്തനാധിഷ്ഠിതം (Activity based) : ഉദ്ദേശ്യം കൃത്യമായിക്കഴിഞ്ഞാൽ പഠനാന്തരീക്ഷം ഉണ്ടാക്കണം. പഠിതാക്കൾ സ്വയം ആസൂത്രണത്തിലൂടെയും ചർച്ചയിലൂടെയും സംഘപ്രവർത്തനങ്ങളിലൂടെയും പഠനം തുടങ്ങും.
- യാഥാർഥ്യം (Realistic) : ഫലപ്രദമായ പഠനത്തിന് യഥാർഥ ജീവിതസന്ദർഭം ഉണ്ടാക്കണം.
- സ്വാതന്ത്ര്യം (Freedom) : പഠനം ഫലപ്രദമായി നടക്കണമെങ്കിൽ പഠിതാക്കൾക്ക് സ്വതന്ത്രമായി പ്രവർത്തനങ്ങൾ ചെയ്യാൻ അവസരമൊരുക്കണം
- ഉപയോഗക്ഷമത (Usability) : നേടിയ അറിവ് പഠിതാക്കൾക്ക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കണം.
- ഉദ്ഗ്രഥനം (Integration) : യഥാർഥ ജീവിതവുമായി ബന്ധപ്പെട്ടതാണ് ഈ രീതി. ഒരു വിഷയത്തെ മാത്രം പരിഗണിച്ചല്ല പ്രോജക്ട്രീതി മുന്നേറുന്നത്. ഒരു പ്രശ്നം പരിഹരിക്കുന്നതിന് വിവിധ വിഷയങ്ങളുടെ ഉദ്ഗ്രഥനം നടക്കേണ്ടതുണ്ട്.
- ജനാധിപത്യമൂല്യങ്ങൾ (Democratic Values) : ഇതൊരുസംഘപ്രവർത്തനമാണ്. ആശയങ്ങൾ കൊണ്ടും കൊടുത്തുമാണ് പ്രോജക്ട് രീതി മുന്നേറുന്നത്. ചർച്ച, സംവാദം എന്നീ ജനാധിപത്യരീതികൾ ഇതിന്റെ ഭാഗമാണ്.

**പ്രോജക്ട് രീതിയുടെ മികവുകൾ**

- സജീവമായ പഠനപ്രക്രിയയാണ് പ്രോജക്ട്രീതി

- പഠിതാക്കളുടെ സമ്പൂർണപങ്കാളിത്തം ഉറപ്പാക്കുന്നു.
- സമഗ്ര വ്യക്തിത്വവികസനം സാധ്യമാകുന്നു
- യഥാർഥ ജീവിതപ്രശ്നങ്ങളുമായി ബന്ധമുള്ളതാകയാൽ ഭാവി ജീവിതത്തിൽ ഈ രീതിയിലുള്ള പഠനം സഹായിക്കുന്നു.
- പഠിതാവ് പൂർണസ്വാതന്ത്ര്യം അനുഭവിക്കുന്നു. ഇത് ആത്മവിശ്വാസം വളർത്തുന്നതിനും ഉത്തരവാദിത്വബോധമുള്ളവരാക്കുന്നതിനും സഹായിക്കും.
- സഹകരണം, സംഘപ്രവർത്തനം, ത്യാഗം തുടങ്ങിയ സാമൂഹ്യഗുണങ്ങൾ ആർജിക്കുന്നതിന് സഹായിക്കുന്നു.
- ആന്തരിക പ്രചോദനത്തിലൂടെ പഠനത്തിൽ താൽപര്യമുള്ളവരാകുന്നു.
- പ്രശ്നപരിഹരണത്തിൽ നിന്ന് ലഭിക്കുന്ന ആനന്ദം തുടർപഠനത്തെ സ്വാധീനിക്കുന്നു.
- 
- 

### 2.5 ആഗമന നിഗമന രീതികൾ (Inductive and Deductive Methods)

പഠനപ്രക്രിയയിൽ ധാരാളമായി പ്രയോജനപ്പെടുത്തുന്ന പഠനരീതിയാണ് ആഗമന നിഗമനരീതി. ആഗമനരീതിയിൽ ഉദാഹരണങ്ങളിൽ നിന്നും പൊതുതത്ത്വത്തിലേക്കും നിഗമനരീതിയിൽ പൊതുതത്ത്വത്തിൽ നിന്ന് ഉദാഹരണങ്ങളിലേക്കും എത്തിച്ചേരുന്നു.

#### 2.5.1 ആഗമന രീതി (Inductive Method)

അധ്യാപിക ആശയവുമായി ബന്ധപ്പെട്ട ധാരാളം ഉദാഹരണങ്ങൾ അവതരിപ്പിക്കുകയും ഉദാഹരണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും പൊതുതത്ത്വത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്ന പഠനരീതിയാണിത്. പഠിതാവിന്റെ നിരീക്ഷണത്തിലൂടെയും വിശകലനത്തിലൂടെയുമാണ് ആശയരൂപീകരണം നടക്കുന്നത്. സ്വാഭാവികമായ അറിവ് സ്വായത്തമാക്കുന്ന രീതിയാണ് ഇത്. ഈ ഘട്ടത്തിൽ പഠിതാവ് അവരുടെ ബുദ്ധി, മുന്നനുഭവം, ചിന്താശേഷി എന്നീ മാനസിക പ്രക്രിയകൾ പഠനത്തിൽ പ്രയോജനപ്പെടുത്തുന്നു.

പഠിതാവിന് നിശ്ചിത വിഷയത്തിൽ കാഴ്ചപ്പാട് രൂപീകരിക്കാനും അതുവഴി ആശയഗ്രഹണം എളുപ്പമാക്കാനും കഴിയും. സ്വന്തമായി ആശയം രൂപപ്പെടുത്തുകവഴി ദീർഘകാലം ഓർമയിൽ നിലനിർത്തുന്നതിനും കഴിയുന്നു.

**മികവുകൾ**

- നിരീക്ഷിച്ച വസ്തുക്കളെക്കുറിച്ച് യുക്തിപരമായ നിഗമനം രൂപപ്പെടുത്തുന്നതിനുള്ള സ്വാഭാവികമായ രീതി
- ജീവിതവുമായി നേരിട്ടുബന്ധമുള്ള സംഭവങ്ങളെയും പ്രതിഭാസങ്ങളെയും സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന് സഹായിക്കുന്നു.
- നിരീക്ഷിച്ച വിവരങ്ങളെക്കുറിച്ച് കുട്ടികൾക്ക് വിമർശനാത്മകമായി ചിന്തിക്കാനും വിലയിരുത്താനും ബോധ്യപ്പെടാനും അതുവഴി യുക്തിപരമായ നിഗമനങ്ങൾ രൂപീകരിക്കാനും സഹായിക്കുന്നു.
- അന്വേഷണാത്മക പഠനം, പ്രശ്നാധിഷ്ഠിത പഠനം, പ്രോജക്ട് രീതിയിലുള്ള പഠനം, എന്നിവയിൽ പ്രയോജനപ്പെടുത്തുന്നത് ആഗമനരീതിയിലെ പ്രക്രിയയാണ്.
- പഠനത്തിൽ പഠിതാവിന്റെ സജീവപങ്കാളിത്തം ഉറപ്പാക്കുന്നു.
- പഠിതാക്കൾ സ്വയം പൊതുതത്ത്വങ്ങൾ രൂപീകരിക്കുന്നു.

- വിശകലനാത്മക ചിന്ത വളർത്താനും ഉയർന്ന തലത്തിലുള്ള ചിന്താശേഷി വികസിപ്പിക്കാനും കഴിയുന്നു.
- പഠനം രസകരമാക്കുന്നു.
- 
- 

**പരിമിതികൾ**

- ആഗമനരീതിയിലുള്ള പഠനപ്രക്രിയ സമയക്കൂടുതൽ, ഭാവന, സർഗാത്മകത എന്നിവ ആവശ്യപ്പെടുന്നു.
- നടപ്പിലാക്കുന്നതിന് കൂടുതൽ അധ്യാപനവൈദഗ്ധ്യം ആവശ്യമാണ്.
- 
- 

### 2.5.2 നിഗമനരീതി (deductive method)

നിഗമനരീതിയിൽ ആദ്യം സിദ്ധാന്തം അഥവാ നിയമം അവതരിപ്പിക്കുകയും പിന്നെ സന്ദർഭങ്ങളിലൂടെയും ഉദാഹരണങ്ങളിലൂടെയും ആശയം വിശദമാക്കുകയും ചെയ്യും. അധ്യാപകകേന്ദ്രിതരീതിയാണിത്. കുട്ടി സ്വയം പുതിയ അറിവിലേക്ക് നയിക്കപ്പെടുകയില്ല. ഈ രീതിയിൽ വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങൾ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടവയായിരിക്കും. വ്യവഹാര വാദത്തിലധിഷ്ഠിതമായ പാഠ്യപദ്ധതി പിൻതുടരുന്ന ക്ലാസുമുറിയിൽ ഈ രീതിയാണ് പ്രയോജനപ്പെടുത്തുന്നത്. കുട്ടികളിൽ ആശ്രിതത്വം വളർത്തുന്ന രീതിയാണിത്.

ഉദാ: ഭൂമിശാസ്ത്രപഠനത്തിന്റെ ഭാഗമായി കാലാവസ്ഥയെക്കുറിച്ചു പഠിപ്പിക്കുമ്പോൾ അധ്യാപകൻ, "കാലാവസ്ഥയും വസ്ത്രധാരണരീതിയും തമ്മിൽ ബന്ധമുണ്ട്" എന്നു പ്രസ്താവിച്ചശേഷം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ/ലോകത്തിലെ വിവിധ രാജ്യങ്ങളിലെ വസ്ത്രധാരണരീതിയും കാലാവസ്ഥയും വിശദീകരിക്കുന്നു. അതിലൂടെ കാലാവസ്ഥയും വസ്ത്രധാരണരീതിയും തമ്മിൽ ബന്ധമുണ്ട് എന്നു തിരിച്ചറിയുന്നു. ഇവിടെ കുട്ടി പുതുതായൊന്നും കണ്ടെത്തുന്നില്ല. ടീച്ചറുടെ പ്രസ്താവന ശരിവയ്ക്കുന്നതിനുള്ള അവസരമൊരുക്കുന്നു. എന്നാൽ ആഗമനരീതിയിൽ വിവിധ രാജ്യങ്ങളിലെ കാലാവസ്ഥയും വസ്ത്രധാരണരീതിയും കണ്ടെത്താനും താരതമ്യം ചെയ്യാനും അവസരം നൽകുന്നതിലൂടെ കാലാവസ്ഥയും വസ്ത്രധാരണരീതികളും തമ്മിൽ ബന്ധമുണ്ടെന്നും അത് എപ്രകാരമായിരിക്കുമെന്നും കുട്ടി നിഗമനത്തിൽ എത്തുന്നു. ആഗമനരീതിയിൽ പഠിതാവ് അറിവ് സ്വയം നിർമ്മിക്കുമ്പോൾ നിഗമനരീതിയിൽ അധ്യാപകൻ അറിവ് പകർന്നു നൽകുന്നു.

**ആഗമന നിഗമന രീതികൾ – സവിശേഷതകൾ ഒറ്റനോട്ടത്തിൽ**

| ആഗമനരീതി (Inductive Method) | നിഗമനരീതി (Deductive Method) |
|---|---|
| • ശിശുകേന്ദ്രിതം | • അധ്യാപക കേന്ദ്രിതം |
| • അറിവിന്റെ ഒഴുക്ക് ഉദാഹരണങ്ങളിൽ നിന്ന് പൊതുതത്ത്വത്തിലേക്ക് | • അറിവിന്റെ ഒഴുക്ക് പൊതുതത്ത്വത്തിൽ നിന്ന് ഉദാഹരണങ്ങളിലേക്ക് |
| • സ്വാശ്രയശീലം വളർത്തുന്നു | • ആശ്രിതത്വം വളർത്തുന്നു |
| • പുതിയ അറിവിലേക്ക് നയിക്കുന്നു | • അധ്യാപകൻ അറിവു പകർന്നുകൊടുക്കുന്നു. |
| • പ്രവർത്തനങ്ങളിലൂടെ പുതിയ ആശയത്തിൽ എത്തിച്ചേരുന്നു. | • അധ്യാപകൻ ആശയം വിശദീകരിക്കുന്നു. |

| | |
|---|---|
| • സമയം അധികം വേണ്ടി വരുന്നു | • കുറച്ചു സമയമേ ആവശ്യമുള്ളു |
| • കുട്ടികളുടെ കാഴ്ചപ്പാടിനു യോജിച്ചത് | • മുൻകൂട്ടി നിശ്ചയിക്കപ്പെട്ടത് |
| • അന്വേഷണാത്മകരീതി, പ്രോജക്ട് രീതി പ്രശ്നാപഗ്രഥനരീതി എന്നിവയിൽ ഉപയോഗിക്കുന്നു. | • പ്രഭാഷണരീതി, ഡെമോൺസ്ട്രേഷൻ രീതി എന്നിവയിൽ ഉപയോഗിക്കുന്നു. |
| • വിശകലനാത്മക ചിന്ത വളർത്തുന്നു. | • ആശയങ്ങൾ കേട്ടു പഠിക്കുന്നു. |
| • | • |
| • | • |

### 2.6 പ്രഭാഷണരീതി

അധ്യാപകകേന്ദ്രിത പഠനരീതിയാണ് പ്രഭാഷണരീതി. വ്യവഹാരവാദത്തിലധിഷ്ഠിതമായ ഒരു പഠന സിദ്ധാന്തം അടിസ്ഥാനമാക്കി നിലനിന്നിരുന്ന പാഠ്യപദ്ധതിയിൽ ഈ രീതിക്ക് പ്രാമുഖ്യം ഉണ്ടായിരുന്നു. അധ്യാപകൻ സംസാരിക്കുകയും കുട്ടികൾ കേവലം കേൾവിക്കാരായി ഇരിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ കുട്ടികളുടെ ക്രിയാത്മകമായ പങ്കാളിത്തം ഉണ്ടാവില്ല. ഇത് വിവരങ്ങൾ കുട്ടികളിൽ നിറയ്ക്കുവാൻ കൂടി ലക്ഷ്യമിടുന്ന പഠന രീതിയാണ്. എന്നാൽ ചില വിഷയങ്ങൾ അവതരിപ്പിക്കുന്നതിന് പ്രഭാഷണരീതി സഹായകമാവും. Wronski, Stanley തുടങ്ങിയവർ പ്രഭാഷണരീതിയുടെ 4 ധർമ്മങ്ങൾ അവതരിപ്പിക്കുന്നു. (1) കുട്ടികളിൽ താൽപ്പര്യമുണർത്തുന്നതിൽ (to motivate) (2) വ്യക്തത വരുത്തുവാൻ (to clarify) (3) അവലോകനം ചെയ്യാൻ (to review) (4) വിപുലീകരിക്കാൻ (to expand)

പ്രഭാഷണരീതി ആസൂത്രണം ചെയ്യുന്നതിനു മുമ്പായി അധ്യാപിക കൃത്യമായ ആസൂത്രണം നടത്തണം. ഈ സന്ദർഭത്തിൽ ആരാണ് ശ്രോതാക്കൾ, പ്രഭാഷണത്തിന്റെ ലക്ഷ്യമെന്ത്? ലഭിക്കുന്ന സമയം എത്ര? ഉള്ളടക്കമെന്ത്? തുടങ്ങിയ ചോദ്യങ്ങൾ മനസ്സിൽ ഉണ്ടാകണം.

**പ്രഭാഷണരീതിയുടെ ലക്ഷ്യം:**

- ഒരു വിഷയത്തെക്കുറിച്ചുള്ള പൊതുവിവരം നൽകുന്നതിന്,
- അവതരിപ്പിക്കുന്ന പുതിയ ആശയങ്ങൾക്ക് അംഗീകാരവും വ്യക്തതയും വരുത്തുന്നതിന്,
- അടിസ്ഥാന മനോഭാവത്തിൽ മാറ്റം വരുത്തുന്നതിന്,
- പ്രത്യേകശേഷി നേടുന്നതിനാവശ്യമായ നിർദേശങ്ങൾ നൽകുന്നതിന്.

**പ്രഭാഷണത്തെ വിലയിരുത്തുമ്പോൾ**

- പ്രഭാഷകന്റെ ഉള്ളടക്കധാരണ
- ഭാഷാനൈപുണി,
- അവതരണത്തിലെ സുതാര്യത,
- ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ ഉപയോഗം,
- കുട്ടികളുടെ ശ്രദ്ധയും ബൗദ്ധിക പങ്കാളിത്തവും

**പ്രഭാഷണ രീതിയുടെ പ്രധാനഗുണങ്ങൾ**

- അത് ചെലവു കുറഞ്ഞ രീതിയാണ്.
- കൂടുതൽ പേരെ ഒരേസമയം ഉൾക്കൊള്ളുന്നു,

- മറ്റു പഠനോപകരണങ്ങൾ, ലാബ്, ലൈബ്രറി ഒന്നും തന്നെ ആവശ്യമില്ല.
- വേഗത്തിൽ അറിവ് വിനിമയം ചെയ്യാനും പാഠ്യവസ്തു വേഗത്തിൽ പഠിപ്പിച്ചു തീർക്കാനും സഹായിക്കും.
- നല്ല പ്രഭാഷണങ്ങൾ കുട്ടികളുടെ അഭിപ്രേരണ വർധിപ്പിക്കാനും അവരുടെ സർഗാത്മകചിന്തനത്തെ പ്രചോദിപ്പിക്കാനും സഹായിക്കും.

**പ്രവർത്തനം**

പ്രഭാഷണരീതിക്ക് പരിമിതികളുണ്ടോ? എന്തൊക്കെയാണവ?

## 3. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ

കുട്ടികളുടെ വ്യക്തിവ്യത്യാസം, അഭിരുചി, പഠനശേഷി എന്നിവ പരിഗണിച്ചുള്ള പഠനതന്ത്രങ്ങൾ സംബന്ധിച്ച ചർച്ചകളാണ് ഈ ഘട്ടത്തിൽ നടത്തുന്നത്. ഇതിൽ സംവാദാത്മകവും ഗവേഷണാത്മകവും നിർമ്മാണാത്മകവും സർഗാത്മകവുമായ പഠനതന്ത്രങ്ങളാണ് വിശദീകരിക്കുന്നത്.

### 3.1. സംവാദാത്മക പഠനതന്ത്രങ്ങൾ

ഈ വിഭാഗത്തിൽ പ്രൈമറി ക്ലാസുകളിൽ പ്രധാനമായും വരുന്നത് ചർച്ച, സംവാദം, സെമിനാർ എന്നിവയാണ്. ഇതിനെക്കുറിച്ചുള്ള ലഘുവിവരം താഴെ നൽകുന്നു.അതോടൊപ്പം നിങ്ങൾ ചെയ്യേണ്ട പഠനപ്രവർത്തനവും നൽകിയിട്ടുണ്ട്.

#### 3.1.1. ചർച്ച (Discussion)

ഒരു നിശ്ചിത ലക്ഷ്യം നേടുന്നതിന് ആശയങ്ങളും വിവരങ്ങളും മുഖാമുഖം കൈമാറുന്ന പ്രക്രിയയാണ് ചർച്ച.

ചർച്ചകൾ രണ്ടു തരമുണ്ട് ഔപചാരികവും അനൗപചാരികവും, നമ്മുടെ ക്ലാസുമുറികളിൽ സാധാരണ പഠനപ്രവർത്തനത്തിന്റെ ഭാഗമായി അനൗപചാരിക ചർച്ചകളാണ് നടക്കുന്നത്. ക്ലാസുമുറിയിൽ ചെറുസംഘങ്ങളായും ചിലപ്പോൾ ക്ലാസ്തലത്തിലും ചർച്ചകൾ നടക്കും. സംവാദം, പാനൽ ചർച്ചകൾ, സെമിനാർ, സിംപോസിയം എന്നിവ ഔപചാരികമായ ചർച്ചാ രൂപങ്ങളാണ്.

**പ്രവർത്തനം**

സംവാദാത്മക പഠനതന്ത്രമെന്ന നിലയിൽ ചർച്ചയ്ക്കുള്ള പ്രസക്തിയും പ്രാധാന്യവും കണ്ടെത്തുക.

#### 3.1.2. സംവാദം (Debate)

രണ്ടോ അതിലധികമോ പഠിതാക്കൾ ഒരു വിഷയത്തെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ യുക്തിസഹമായി അവതരിപ്പിക്കുന്ന ചർച്ചാരൂപമാണ് സംവാദം. വളരെ ജനാധിപത്യസ്വഭാവമുള്ള ഒരു ആശയവിനിമയ രീതിയാണിത്. കുട്ടികളെ പ്രചോദിപ്പിക്കുകയും ശേഷി വികാസത്തിന് സഹായിക്കുകയും ചെയ്യും. കുട്ടികളുടെ വിമർശനചിന്ത (Critical thinking) യെ വളർത്തുകയും ഒരു വിഷയത്തിന്റെ വിവിധ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യാൻ പ്രാപ്തരാക്കുകയും ചെയ്യും.

പഠിതാവിന്റെ ആശയവിനിമയശേഷി വർധിപ്പിക്കാനും പ്രതിപക്ഷ ബഹുമാനം വളർത്താനും സഹായിക്കും. കുട്ടികളിലൊരാളോ അധ്യാപകനോ മോഡറേറ്ററായി പ്രവർത്തിക്കുകയും രണ്ടു വാദങ്ങളെയും ക്രോഡീകരിക്കുകയും വേണം. ക്ലാസുമുറിയിൽ നടക്കുന്ന സംവാദങ്ങൾ ഒരു ദിശയിൽ വന്നു ചേരണമെന്നില്ല. എന്നാൽ ധാരണകൾ ഭരണഘടനാമൂല്യങ്ങൾക്ക് വിരുദ്ധമാവരുത്.

**പ്രവർത്തനം**

സംവാദം ഒരു പഠനതന്ത്രമാണ്. ഇതിന്റെ പ്രാധാന്യം ചർച്ച ചെയ്ത് കുറിപ്പു തയാറാക്കുക.

### 3.1.3 സെമിനാർ (Seminar)

ആശയങ്ങളുടെ വിശകലനത്തിനും വിശദീകരണത്തിനും സഹായിക്കുന്ന ഒരു നൂതന പഠനതന്ത്രമാണ് സെമിനാർ. മുൻകൂട്ടി നിശ്ചയിച്ച ഒരു വിഷയത്തിൽ ഒന്നോ അതിൽ കൂടുതലോ പഠിതാക്കൾ പ്രബന്ധം തയാറാക്കുകയും മോഡറേറ്ററുടെയും മറ്റു സഹപഠിതാക്കളുടെയും മുന്നിൽ വിഷയം അവതരിപ്പിക്കുകയും വേണം. ഒന്നിൽ കൂടുതൽ പേർ വിഷയമവതരിപ്പിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ വിവിധവശങ്ങൾ അവതരിപ്പിക്കാൻ നിർദേശിക്കാം. തുടർന്ന് ചോദ്യോത്തരസമയവും ചർച്ചയും നടക്കും. ഒടുവിൽ മോഡറേറ്റർ സെമിനാറിലെ ആശയങ്ങൾ ക്രോഡീകരിക്കും.

**പ്രവർത്തനം**

സെമിനാറിന്റെ പ്രധാന സവിശേഷതകൾ കണ്ടെത്തുക.

## 3.2 ഗവേഷണാത്മക പഠനതന്ത്രങ്ങൾ

അധ്യാപകൻ ആത്യന്തികമായി ഒരു ഗവേഷകനാണ്. വിവരങ്ങളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ യുക്തിസഹമായി ചിന്തിച്ച് പ്രശ്നം പരിഹരിക്കുന്ന തന്ത്രമാണിത്. പ്രോജക്ട്, സർവേ എന്നിവയാണ് ഈ വിഭാഗത്തിൽ പെടുന്നത്.

### 3.2.1 പ്രോജക്ട് – ഒരു പഠനതന്ത്രം

പ്രോജക്ട് ഒരു പഠനരീതിയായും പഠനതന്ത്രമായും പ്രയോജനപ്പെടുത്തുന്നുണ്ട്. വിശാലമായ അർഥത്തിൽ പ്രോജക്ട് ഒരു രീതിശാസ്ത്രമാണ്. എന്നാൽ പഠനപ്രക്രിയയുടെ ഭാഗമായി ക്ലാസുമുറിയിൽ ഒരു പഠനതന്ത്രമായും പ്രയോഗിക്കുന്നുണ്ട്. ഇവിടെ അധ്യാപിക പഠനലക്ഷ്യം നിശ്ചയിക്കുകയും പഠിതാവ് പഠനവിഷയം ആഴത്തിൽ പഠിക്കുകയും പ്രോജക്ട് സമയബന്ധിതമായി തയാറാക്കി സമർപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ ഓരോ ഘട്ടത്തിലും (പ്രശ്നം നിർണയിക്കൽ, പ്രശ്നവിശകലനം, പരികല്പന രൂപീകരണം, പഠനരീതി നിശ്ചയിക്കൽ, ദത്തശേഖരണത്തിനുള്ള ഉപാധി തയാറാക്കൽ, ദത്തശേഖരണവും വിശകലനവും കണ്ടെത്തൽ, നിഗമനങ്ങൾ രൂപീകരിക്കൽ, റിപ്പോർട്ട് തയാറാക്കൽ, വിനിമയം ചെയ്യൽ) അധ്യാപിക ഒരു സഹായിയായി കൂടെ വർത്തിക്കണം.

പ്രോജക്ട്രീതി പ്രായോഗികവാദ ദർശനത്തിന്റെ ഭാഗമാണ്. പ്രവർത്തനത്തിലൂടെ പഠനം എന്ന തത്ത്വമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത് ജോൺ ഡ്യൂയി ആണ് ഈ രീതി ബോധനരംഗത്ത് ആദ്യമായി ഉപയോഗപ്പെടുത്തിയത്.

**പ്രവർത്തനം**

1. നാലാം ക്ലാസ്സിലെ പരിസരപഠനവുമായി ബന്ധപ്പെട്ട ഒരു മേഖല തിരഞ്ഞെടുത്ത് പ്രോജക്ട് രൂപരേഖ തയാറാക്കുക.
2. പ്രോജക്ട് രീതിയുടെ സവിശേഷതകൾ കുറിക്കുക.

## 3.3 നിർമ്മാണാത്മക പഠനതന്ത്രങ്ങൾ

പഠനപ്രക്രിയയുടെ ഭാഗമായി പല ഉൽപ്പന്നങ്ങളും നിർമിക്കേണ്ടതായി വരും. പഠിതാവിന്റെ ശാരീരികമായ ശേഷി ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങളാണ് ഈ വിഭാഗങ്ങളിൽ ഉണ്ടാവുക. മോഡലുകളുടെ നിർമാണം, രൂപങ്ങൾ, പഠനോപകരണങ്ങൾ എന്നിവയുടെ നിർമിതി, ഐ.സി.ടി പ്രയോജനപ്പെടുത്തി

തയാറാക്കുന്ന സാമഗ്രികൾ എന്നിവ ഉദാഹരണങ്ങളാണ്. ചലനപരശൈലി (Kinesthetic method) പഠനത്തിൽ പ്രയോജനപ്പെടുത്തുന്ന പഠിതാക്കൾക്ക് ഈ പഠനതന്ത്രം ഏറെ ഗുണകരമാണ്.

#### 3.3.1. മികവുകൾ

- പഠിതാവിന്റെ ഏകാഗ്രതയോടെയുള്ള പ്രവർത്തനം ഉറപ്പാക്കാനാവുന്നു.
- പഠനത്തിന്റെ ഭാഗമായി മൂർത്തമായ ഉൽപ്പന്നങ്ങൾ രൂപപ്പെടുന്നു.
- ആത്മവിശ്വാസവും ആനന്ദവും ലഭിക്കുന്നു.
- 
- 

### 3.4 സർഗാത്മക പഠനതന്ത്രങ്ങൾ

പഠനപ്രക്രിയയുടെ ഭാഗമായി സർഗാത്മകപ്രവർത്തനങ്ങൾക്കിടം നൽകുന്ന തന്ത്രമാണിത്. പാഠഭാഗങ്ങളിലെ ആശയം നാടകമാക്കൽ, റോൾപ്ലേ, പാവനാടകം. സംഗീതാവിഷ്കാരം, ചിത്രവൽക്കരണം, നൃത്താവിഷ്കാരം, ശില്പശാലകൾ എന്നിങ്ങനെ സർഗാത്മക സാധ്യതകളെ പ്രയോജനപ്പെടുത്താം. സർഗവാസനയുള്ള കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ ഈ തന്ത്രം സഹായകമാണ്.

### 3.5 വ്യക്തിഗത പഠനം

ജർമ്മൻ ബോധനരീതി ശാസ്ത്രജ്ഞനായ ഫ്രോബെൽ ആണ് ഈ രീതിക്ക് അടിസ്ഥാനമിട്ടത്. കുട്ടികളുടെ സവിശേഷ കഴിവുകളും താൽപ്പര്യവും പരിഗണിച്ച് മുന്നേറാനുള്ള അവസരമാണ് ഈ തന്ത്രത്തിലൂടെ സാധ്യമാകുന്നത്. സ്വയം പഠിച്ചു മുന്നേറാൻ സാധിക്കുന്നവർക്ക് അത്തരത്തിലുള്ള അവസരങ്ങൾ നൽകുന്നു. അധ്യാപികയുടെ പിന്തുണ വേണ്ടവർക്ക് അവരുടെ ശേഷി പരിഗണിച്ചുകൊണ്ടുള്ള സഹായം നൽകുന്നു.

സ്വയം വായിച്ച് ആശയം ഗ്രഹിക്കൽ, റഫറൻസിങ്, വായിച്ച് കുറിപ്പു തയാറാക്കൽ തുടങ്ങിയ നിരവധി സന്ദർഭങ്ങൾ വ്യക്തിഗതപഠനത്തിനുള്ള അവസരമാണ്.

### 3.6 സംഘപഠനതന്ത്രങ്ങൾ

പഠനം ഒരു സാമൂഹികപ്രക്രിയയാണ്. അർഥപൂർണമായി പഠനം പൂർത്തിയാക്കാൻ സാധിക്കുന്നതും യുക്തിഭദ്രമായി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതും സംഘശ്രമങ്ങളിലൂടെയാണ്. സംഘചിന്തയിലും (Collective thinking) കൂട്ടായ പ്രവർത്തനത്തിലും ഉള്ള ഊന്നൽ പഠിതാക്കളുടെയും അധ്യാപകരുടെയും റോളിൽ വലിയ മാറ്റം ആവശ്യപ്പെടുന്നു. സംഘപഠനതന്ത്രങ്ങളെ പ്രധാനമായും മൂന്നായി തിരിക്കാം. സമസംഘപഠനം, സഹകരണാത്മകപഠനം, സഹവർത്തിത്വപഠനം.

#### 3.6.1. സമസംഘപഠനം (Peer Learning)

സമാന താൽപ്പര്യമുള്ള രണ്ടു പഠിതാക്കളുടെ സംഘം അവർ നിശ്ചിത പഠനലക്ഷ്യം നേടുന്നതിന് പരസ്പരം ചർച്ചകൾ, സംവാദങ്ങൾ എന്നിവ നടത്തുന്ന പഠനപ്രക്രിയയാണ് സമസംഘപഠനം. ഇവിടെ മറ്റധികാരികളോ വ്യക്തികളോ ഇടപെടുന്നില്ല. ആശയങ്ങൾ പരസ്പരം വിശദീകരിച്ചും പ്രവർത്തനങ്ങളിൽ പങ്കാളിയായും പഠനത്തിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്.

വിജയകരമായി നടക്കുന്ന ഈ പ്രക്രിയ പഠിതാക്കളുടെ പഠനനേട്ടം വർധിക്കാൻ സഹായിക്കും. ഇവിടെ സംഘത്തിലെ കുട്ടികൾ പരസ്പരം പഠനം ഉറപ്പാക്കേണ്ടതാണ്. ഈ പ്രക്രിയ പഠനപ്രവർത്തനങ്ങൾ പരസ്പരം ആസൂത്രണം ചെയ്ത് സംഘമായി പ്രവർത്തിക്കുന്നതിനും പരസ്പരം വിലയിരുത്തി മുന്നേറുന്നതിനും അവസരമൊരുക്കുന്നു.

#### 3.6.2. സഹകരണാത്മക പഠനം (Coperative Learning)

സഹകരണാത്മക പഠനം എന്നത് ക്ലാസ്മുറികളിൽ അക്കാദമികവും സാമൂഹികവുമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന ഒരു പഠനസംവിധാനമാണ്. ഇത് കേവലം കുട്ടികളെ സംഘങ്ങളാക്കി പഠിപ്പിക്കുന്നതിലുപരി കുട്ടികളിൽ പരസ്പരാശ്രിതത്വം രൂപപ്പെടുത്തുന്ന പ്രക്രിയകൂടിയാണ്. വ്യത്യസ്തനിലവാരക്കാരായ കുട്ടികളുടെ ചെറുസംഘങ്ങളിൽ ലഭിക്കുന്ന വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ, അവ

രുടെ ധാരണകളും ശേഷികളും വികസിക്കുന്നതിന് സഹായിക്കും. സംഘത്തിലെ ഓരോ അംഗത്തിനും സ്വന്തം പഠനത്തിലും സംഘത്തിലെ മറ്റുള്ളവരുടെ പഠനത്തിലും ഉത്തരവാദിത്വമുണ്ടായിരിക്കും. അതുകൊണ്ട് ഒരു കുട്ടിയുടെ വിജയം മറ്റുള്ളവരുടെ വിജയത്തിന് സഹായിക്കും. ആശയങ്ങളുടെ കൈമാറ്റം പഠിതാക്കളിൽ താൽപ്പര്യമുളവാക്കുകയും വിമർശനാത്മകചിന്ത വികസിപ്പിക്കുകയും ചെയ്യും.

സഹകരണാത്മകപഠനം പഠിതാക്കളുടെ:

- പഠനസംഘത്തെ വികസിപ്പിക്കുന്നതിനും ബഹുസ്വരത വളർത്തുന്നതിനും സഹായിക്കുന്നു
- പഠനവിഷയങ്ങളിലുള്ള നൈപുണിയും പരസ്പരം പങ്കുവയ്ക്കലിന്റെ മൂല്യവും മനസ്സിലാക്കാൻ കഴിയും.
- സഹകരണാത്മകപഠനത്തിൽ പഠിതാക്കൾ പരസ്പരം ക്രിയാത്മകചർച്ചകൾ നടത്തുകയും പഠിക്കാനുള്ളവ ഒന്നിച്ച് പഠിക്കുകയും ചെയ്യുന്നു.

***സംഘപഠനം***

*"സംഘപഠനം ഇന്നൊരു ഫാഷനായിരിക്കുന്നു. എല്ലായ്പ്പോഴും കുട്ടികളെ സംഘമായി ഇരുത്തുന്നതുകൊണ്ട് ഒരു കാര്യവുമില്ല. വെറുതെ സമയം നഷ്ടപ്പെടുത്തുകയാണ്""*

*അധ്യാപക പരിശീലന വേളയിൽ ഉയർന്നു വന്ന വിമർശനമാണിത്. ഇതിനോട് നിങ്ങളുടെ പ്രതികരണമെന്താണ്? യോജിക്കുന്നുണ്ടോ?*

*ഓരോ പഠനതന്ത്രത്തിനും കൃത്യമായ പ്രക്രിയകളുണ്ട്. അവ പാലിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ വെറുതെയാവില്ല.*

*സംഘപ്രവർത്തനം ആസൂത്രണം ചെയ്യുമ്പോൾ*

- *പഠനപ്രവർത്തനം സംഘപ്രവർത്തനം ആവശ്യപ്പെടുന്നുണ്ടോ?*
- *സംഘത്തിലെ അംഗങ്ങളുടെ എണ്ണം എത്ര വേണം?*
- *സംഘത്തിൽ നൽകാനുള്ള സാമഗ്രികൾ (വർക്ക്ഷീറ്റ്, കുറിപ്പുകൾ, വായനസാമഗ്രികൾ) ലഭ്യമാണോ?*
- *പ്രവർത്തനക്രമം കൃത്യമാണോ എല്ലാവർക്കും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടോ?*

**പ്രവർത്തനം**

സഹകരണാത്മക പഠനത്തിന്റെ മികവുകളും സവിശേഷതകളും കണ്ടെത്തി എഴുതുക.

### 3.6.3 സഹവർത്തിത്വപഠനം (Collaborative learning)

രണ്ടോ അതിലധികമോ അംഗങ്ങളുള്ള സംഘം ഒരു പ്രശ്നം പരിഹരിക്കുന്നതിനോ, ഒരു പ്രവർത്തനം പൂർത്തിയാക്കുന്നതിനോ ഒരു ഉൽപ്പന്നം സൃഷ്ടിക്കുന്നതിനോ ഉള്ള ശ്രമത്തിൽ ഉൾച്ചേർന്നു പ്രവർത്തിക്കുന്നതാണ് സഹവർത്തിത പഠനം.

സഹവർത്തിത പഠനം ഒരു പഠനതന്ത്രമാണ്. ഭിന്നനിലവാരക്കാരായ പഠിതാക്കൾ ഒരേ ലക്ഷ്യം സാക്ഷാത്ക്കരിക്കാനായി സംഘമായാണ് പ്രവർത്തനം നടത്തുന്നത്. വ്യക്തിഗതപഠനത്തെക്കാൾ സഹവർത്തിതപഠനത്തിലൂടെ ആർജിക്കുന്ന വിവരം ദീർഘകാലം പഠിതാവിൽ നിലനിൽക്കും. പങ്കാളിത്തപഠനം പഠിതാക്കൾക്ക് ചർച്ചയിൽ ഏർപ്പെടുന്നതിന് അവസരമൊരുക്കും. ഇത് അവരുടെ പഠനത്തെ

***സംഘ പ്രവർത്തനം ആസൂത്രണം ചെയ്യുമ്പോൾ***

- *സംഘമായി പ്രവർത്തിക്കാനുള്ള ഭൗതിക സൗകര്യമുണ്ടോ?*
- *എല്ലാ അംഗങ്ങൾക്കും കൃത്യമായ റോൾ ഉണ്ടോ?*
- *ഗ്രൂപ്പുലീഡർ, ചുമതല നൽകിയിട്ടുണ്ടോ?*
- *പ്രവർത്തനം ഗ്രൂപ്പിന്റെ നിലവാരത്തിന് യോജിച്ചതാണോ?*
- *ആവശ്യമായ സഹായം നൽകാൻ സംവിധാനമുണ്ടോ? (ഫെസിലിറ്റേഷൻ)*
- *പ്രത്യേകം ശ്രദ്ധിക്കേണ്ട കുട്ടികളുള്ള സംഘത്തിൽ ശ്രദ്ധയുണ്ടോ?*
- *ഉണ്ടാകേണ്ട ഉൽപ്പന്നം, നടക്കേണ്ട പ്രക്രിയ എന്നിവ സംബന്ധിച്ച് ധാരണ നൽകിയിട്ടുണ്ടോ?*

*തുടങ്ങിയ ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന ഒരു സംഘപ്രവർത്തനം ഒരിക്കലും പാഴായിപ്പോവുകയില്ല.*

സഹായിക്കുകയും വിമർശനാത്മക ചിന്തയുള്ളവരാക്കുകയും ചെയ്യും. പഠിതാക്കൾ അവരെത്തന്നെയും മറ്റുള്ളവരെയും സ്വയം വിലയിരുത്തുന്നു. പഠിതാക്കൾ അവരെത്തന്നെയും മറ്റുള്ളവരെയും സ്വയം വിലയിരുത്തുന്നു. ഗ്രൂപ്പിന്റെ വിജയം വ്യക്തികളുടെ വിജയവുമായി ബന്ധപ്പെട്ടിരിക്കുന്നു. അധ്യാപിക പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തണമെന്നില്ല.

**3.6.3.1 സഹവർത്തിതപഠനം – മികവുകൾ**

- ചിന്താശേഷി, ഓർമ്മശക്തി, ആത്മവിശ്വാസം, ഭാഷണശേഷി സാമൂഹ്യ ഇടപെടൽ ശേഷി, വ്യക്ത്യാന്തരബന്ധം എന്നിവ വികസിക്കുന്നു.
- വിമർശനാത്മകചിന്ത ഉദ്ദീപിപ്പിക്കുകയും ചർച്ചകളിലൂടെയും സംവാദത്തിലൂടെയും ആശയവ്യക്തത ഉറപ്പുവരുത്തുകയും ചെയ്യുന്നു.
- പ്രശ്നപരിഹരണത്തിന് നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നു.
- ജ്ഞാനനിർമ്മിതിവാദസമീപനവുമായി യോജിച്ചുപോകുന്നു.
- പഠിതാക്കൾക്ക് പരസ്പരം സഹായിക്കാനും വികസിക്കാനും ഉത്തരവാദിത്തമുണ്ടാകുന്നു.
- പഠനശൈലിയിലുള്ള വ്യത്യാസം അഭിസംബോധന ചെയ്യുകയും നൂതനപഠന രീതികളും തന്ത്രങ്ങളും വികസിപ്പിക്കുകയും ചെയ്യുന്നു.
- 
- 
- 

| സഹകരണാത്മക പഠനം | സഹവർത്തിത്വപഠനം |
|---|---|
| ഒരു പ്രവർത്തനത്തിന്റെ ഭാഗമായി (structured activity) ചെറിയ സംഘങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കുന്നു. | ഒരു സംഘം പഠിതാക്കൾ ഒത്തൊരുമിച്ച് ഒരേ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നു. |
| കുട്ടികളെ ചെറുസങ്കരസംഘങ്ങൾ ആക്കുന്നു. | സങ്കര സംഘം ഒരു പൊതുലക്ഷ്യത്തിനായി പ്രവർത്തിക്കുന്നു. |
| പഠനാശയത്തെക്കുറിച്ചും പ്രവർത്തനഘട്ടങ്ങളെക്കുറിച്ചും എല്ലാവർക്കും ഒരുപോലെ ധാരണയുണ്ടാകും (shared vision). | താൻ ചെയ്യുന്ന പ്രവർത്തനത്തെക്കുറിച്ച് മാത്രം ധാരണയുണ്ടാകും |
| അധ്യാപകരും കുട്ടികളും തമ്മിൽ അറിവും അധികാരവും പങ്കുവയ്ക്കും. | അധ്യാപകൻ ഒരു സഹായിയെന്ന നിലയിൽ മാത്രം പ്രവർത്തിക്കുന്നു. |
| പഠനലക്ഷ്യം, ചുമതല ഇവ നിശ്ചയിക്കുന്നതിന് പഠിതാക്കൾക്ക് കൂടി അവസരം. | പഠനലക്ഷ്യവും ചുമതലയും അധ്യാപകൻ നിശ്ചയിക്കും. |

**3.6.3.2 സഹകരണാത്മക പഠനവും സഹവർത്തിത്വ പഠനവും ഒരു താരതമ്യം**

സംഘപഠനം ഫലപ്രദമാകണമെങ്കിൽ കൃത്യമായ ആസൂത്രണം ആവശ്യമാണ്. പരസ്പര ബഹുമാനം, പരസ്പര സഹകരണം, പങ്കുവയ്ക്കാനുള്ള മനോഭാവം, എല്ലാവരെയും ഉൾക്കൊള്ളൽ എന്നിവ സംഘപഠനം ഫലപ്രദമാക്കുന്നതിനുള്ള മുൻ ഉപാധിയാണ്. ഇതിനായി പഠിതാക്കളിൽ ചിലശേഷികൾ വളരേണ്ടതുണ്ട്.

- പങ്കുവയ്ക്കാനുള്ള ശേഷി (Sharing skills):

- പങ്കാളിത്തശേഷി (Participation Skills):
- ആശയവിനിമയശേഷികൾ (Communication Skills) :
- ശ്രവണശേഷികൾ (Listening Skills) :

**പ്രവർത്തനം**

സംഘപ്രവർത്തനം കാര്യക്ഷമമാക്കാൻ ആസുത്രണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - കുറിപ്പ് തയ്യാറാക്കുക.

### 4. പഠനനൈപുണി (Learning Skill)

വിവരശേഖരണം പഠനപ്രക്രിയയുടെ അവിഭാജ്യഘടകമാണ്. നാം നേരിടുന്ന ഒരു പഠനപ്രശ്നം പരിഹരിക്കുന്നതിനായി വിവിധ മേഖലകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടിവരും. അതിന് സഹായകരമായ പ്രധാനപ്പെട്ട പഠനനൈപുണിയാണ് റഫറൻസിങ്ങും കുറിപ്പ് തയാറാക്കലും. വൈവിധ്യമാർന്ന പുസ്തകങ്ങളിൽ നിന്നും വെബ്സൈറ്റുകളിൽ നിന്നും ആവശ്യമായ വിവരം ശേഖരിക്കാനും അവ ലഘു കുറിപ്പുകളായി എഴുതിയെടുക്കാനുമുള്ള നൈപുണിയാണിത്. സ്വയംപഠനം ഫലപ്രദമാക്കുന്നതിന് റഫറൻസിങ്ങ്നൈപുണി അനിവാര്യമാണ്. ഉന്നതപഠനരംഗത്തും റഫറൻസിങിന്റെ പ്രാധാന്യം ഏറെ വലുതാണ്.

### 5. പഠനാന്തരീക്ഷം (Learning Atmosphere)

ഭൗതികവും വൈകാരികവുമായ ശിശു സൗഹൃദാന്തരീക്ഷം ഓരോ വിദ്യാലയത്തിലും ഉണ്ടാകണം. പഠനപ്രക്രിയയിൽ സ്കൂളിലെ ഭൗതികവും വൈകാരികവുമായ സാഹചര്യങ്ങളുടെ പ്രാധാന്യം നാം ഇനിയും പൂർണമായി തിരിച്ചറിഞ്ഞിട്ടില്ല. പഠനാന്തരീക്ഷം സംബന്ധിച്ചുള്ള സമീപനം പുരോഗമന പരവും പഠനപ്രക്രിയയ്ക്ക് അനുയോജ്യവുമാകണം. അവയുടെ വ്യാപനം ഉറപ്പാക്കുന്നതിൽ ഡി.പി.ഇ.പി, എസ്.എസ്.എ, ആർ.എം.എസ്.എ, ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, എൻ.ജി.ഒ, പൊതുജനങ്ങൾ എന്നിവരുടെ ഇടപെടൽ ഫലപ്രദമായി നടന്നിട്ടുണ്ട്. പഠനാന്തരീക്ഷം സംബന്ധിച്ച് കേരളത്തിലെ പാഠ്യപദ്ധതികൾ മുന്നോട്ടു വയ്ക്കുന്ന കാഴ്ചപ്പാട് ഇങ്ങനെ സംഗ്രഹിക്കാം.

- കുട്ടിയുടെ പ്രകൃതത്തെ പരിഗണിക്കുന്നത്.
- അവകാശങ്ങളെ സംരക്ഷിക്കുന്നത്.
- പഠനസമീപനത്തിന് യോജിച്ചത്.
- ജനാധിപത്യ മതേതര മൂല്യങ്ങൾ പരിഗണിക്കുന്നത്.
- അവസരതുല്യത ഉറപ്പാക്കുന്നത്.
- കുട്ടികളെ ആകർഷിക്കുന്നത്.
- പുറംവാതിൽ പഠനത്തിന് സാധ്യതയുള്ളത്.
- കളിയുപകരണങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ആവശ്യത്തിനുള്ളത്.
- പ്രീസ്കൂൾ അനുഭവങ്ങൾക്ക് തുടർച്ച ലഭിക്കുന്നത്.
- മാതൃഭാഷയിൽ പഠിക്കാനുള്ള അവസരം ഉറപ്പാക്കുന്നത്.
- ഭയരഹിതവും സൗഹൃദപൂർണവുമായ അന്തരീക്ഷം ഉറപ്പാക്കുന്നത്.

**ക്ലാസ്മുറിയിലെ ഇടം**

*എഴുത്ത് പരിശീലിക്കുന്നതിനുമുമ്പുള്ള നൈപുണികൾ വികസിപ്പിക്കുന്നതിനും ഭിന്നസംഖ്യ കളെ മനസ്സിലാക്കുന്നതിനും സഹായിക്കുന്ന രീതിയിൽ ക്ലാസ്സിലെ ജനൽഗ്രില്ലുകൾ രൂപകല്പന ചെയ്യാവുന്നതാണ്. കോണുകളെക്കുറിച്ച് വിശദമാക്കുന്നതിനായി വാതിൽപാളികളിലോ തറയിലോ പലവിധം കോണു കൾ ഉൾക്കൊള്ളിക്കാം. ക്ലാസ്സ്മുറി യിലെ ചെറിയ അലമാരകളെ അവിടത്തെ ലൈബ്രറി കളായി മാറ്റാം. സീലിംഗ് ഫാനു കളിൽ കളർ നൽകി നിരന്തരം മാറിക്കൊണ്ടിരിക്കുന്ന രൂപങ്ങൾ കുട്ടികൾക്ക് കണ്ട് രസിക്കാം. ഇങ്ങനെ പഠന പ്രക്രിയയെ സഹായിക്കുന്ന തരത്തിൽ ക്ലാസ് അന്തരീക്ഷം ആകർഷക മാക്കാൻ കഴിയും.*

*(എൻ.സി.എഫ്. 2005)*

- പൊതുധാരണയുടെ അടിസ്ഥാനത്തിൽ അധ്യാപകർക്കും കുട്ടികൾക്കും പ്രവർത്തിക്കാനവസരം.
- സ്വതന്ത്രമായ ക്ലാസ് പ്രവർത്തനത്തിനു വഴങ്ങുന്ന ഇരിപ്പിടസൗകര്യം, വൃത്തിയുള്ള ക്ലാസ്സ്മുറി.
- കാറ്റും വെളിച്ചവും ലഭിക്കുന്ന അടച്ചുറപ്പുള്ള ക്ലാസ്സ്മുറി.
- ക്ലാസ്സ്ലൈബ്രറി, ലാബ്, കളിക്കോപ്പുമൂല തുടങ്ങിയ സൗകര്യം.
- ക്ലാസ്സുമുറിയിൽ കുടിവെള്ള ലഭ്യത.
- യഥേഷ്ടം ഉപയോഗിക്കാവുന്ന ബോർഡുകൾ.
- ഐ.സി.ടി. അധിഷ്ഠിത പഠനസൗകര്യം.
- ടി.എൽ.എം. ഫസ്റ്റ് എയിഡ് കിറ്റ്, കളിയുപകരണങ്ങൾ.
- കുട്ടികളുടെ നിർമിതികൾ, രചനകൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരം.
- കെട്ടിടത്തെ പഠനോപകരണമാക്കിമാറ്റുന്ന പദ്ധതി (Building as Learning Aid - BALA).
- സമൂഹവും വിദ്യാലയവും തമ്മിൽ ഊഷ്മളമായ ബന്ധം.
- ഭിന്നശേഷി സൗഹൃദമായ നിർമിതികൾ. ഇങ്ങനെ വിപുലമായ കാഴ്ചപ്പാടുകൾ വിദ്യാലയാന്തരീക്ഷത്തെക്കുറിച്ച് രൂപപ്പെടുത്തി പ്രാദേശിക ആവശ്യങ്ങൾകൂടി പരിഗണിച്ച് അവ നടപ്പിലാക്കണം. അതിനായി സ്കൂൾ വികസനപദ്ധതി വികസിപ്പിക്കുകയുംവേണം.

> **പുറംലോകം**
>
> *സ്കൂളിന്റെ കെട്ടിടത്തിന്റെ നിഴലുണ്ടാകുന്ന ദിശാമാറ്റവും നീളവ്യത്യാസവും സമയപഠനത്തിനായി പ്രയോജനപ്പെടുത്താം. തണുപ്പുകാലത്ത് ഇലപൊഴിയുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചാൽ ഋതുമാറ്റം നിരീക്ഷിച്ച് മനസ്സിലാക്കാം. വേനൽക്കാലത്ത് പുറംപഠനത്തിനുള്ള ഇടങ്ങളാവുകയും ചെയ്യും.*
>
> *ഉപയോഗശൂന്യമായ ടയറുകൾ മറ്റു സാമഗ്രികൾ എന്നിവ ഉപയോഗിച്ച് സാഹസങ്ങൾക്കുള്ള കളിസ്ഥലം ഒരുക്കാം. മണ്ണും ചെളിയും ഉപയോഗിച്ച് നിർമിച്ച ഇന്ത്യയുടെ ഒരു രേഖാഭൂപടത്തിൽ ഓരോരുത്തർക്കും മലകളും കുന്നുകളും പുഴകളും താഴ്വരകളും നിർമിക്കാം. മഴവെള്ള സംഭരണികൾ ഉണ്ടാക്കാം. ബഹിരാകാശ പരിവേഷണം ആലേഖനം ചെയ്യാം. ത്രിമാനസ്ഥലമുണ്ടാക്കാം. ശലഭോദ്യാനം, ജൈവവൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കാം.*
>
> *(എൻ.സി.എഫ് 2005)*

## 6. പഠനപ്രവർത്തനം (Learning Activity)

പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതിയാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. പഠിതാവ് നേടേണ്ട ആശയങ്ങൾ, ധാരണകൾ, ശേഷികൾ, നൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ പഠനപ്രവർത്തനങ്ങളിലൂടെയാണ് സ്വായത്തമാക്കേണ്ടത്. അതിനാൽ ഓരോ പഠനാനുഭവവും പ്രവർത്തനങ്ങളിലൂടെയാണ് ക്ലാസ്സിൽ വിനിമയം ചെയ്യുന്നത്.

1996ലെ പുതിയ പാഠ്യപദ്ധതിയാണ് പ്രവർത്തനാധിഷ്ഠിതപഠനം കേരളത്തിൽ ഉറപ്പാക്കിയത്. ഇതിന്റെ ഭാഗമായി പാഠപുസ്തകങ്ങൾ, കൈപ്പുസ്തകങ്ങൾ, പരിശീലനങ്ങൾ, മറ്റ് അനുബന്ധസാമഗ്രികൾ എല്ലാം പഠനപ്രവർത്തനങ്ങൾക്കനുഗുണമാക്കാൻ നടപടികൾ സ്വീകരിച്ചു.

ഓരോ ക്ലാസ്സിലെയും കുട്ടിയുടെ ആവശ്യങ്ങൾ പരിഗണിച്ച് പ്രവർത്തനങ്ങളിൽ മാറ്റം നിർദേശിച്ചു. പഠനപ്രവർത്തനങ്ങൾക്ക് നിശ്ചിത സവിശേഷതകൾ ഉണ്ടായിരിക്കണമെന്ന് പാഠ്യപദ്ധതി നിർദേശിക്കുന്നുണ്ട്.

### 6.1. പഠനപ്രവർത്തനം – സവിശേഷതകൾ

- പഠിതാവിന്റെ ബൗദ്ധികനിലവാരത്തിന് യോജിച്ചത്.
- വെല്ലുവിളി ഉയർത്തുന്നത്
- പഠനനേട്ടത്തിലേക്ക് നയിക്കുന്നത്.

- എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നത്.
- സർഗാത്മകതയുള്ളത് (ഭാവന, കഥ, കളി, പാട്ട്)
- സ്വയംപഠനത്തിനും പരസ്പരപഠനത്തിനും അവസരമൊരുക്കുന്നത്.
- നിരന്തരവിലയിരുത്തൽ സാധ്യതയുള്ളത്.
- 

ഓരോ അധ്യാപകനും താൻ തയാറാക്കിയ പഠനപ്രവർത്തനങ്ങൾക്ക്, മുകളിൽ കൊടുത്ത സവിശേഷതകൾ ഉണ്ടോ എന്ന് (എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാ സവിശേഷതകളും ഉണ്ടാകണമെന്നില്ല) വിലയിരുത്തുകയും ആവശ്യമെങ്കിൽ മാറ്റങ്ങളോടെ ക്ലാസ്സിൽ അവതരിപ്പിക്കുകയും വേണം. പ്രവർത്തനാധിഷ്ഠിത പഠനം കുട്ടികളുടെ സജീവമായ പഠനപങ്കാളിത്തം ഉറപ്പാക്കും.

## 7. പഠനസാമഗ്രികൾ (Learning Materials)

പഠനം ഫലപ്രദമാക്കുന്നതിന് അനുയോജ്യമായ പഠനസാമഗ്രികൾ ആവശ്യമാണ്. ഓരോ കുട്ടിയുടെയും പഠനശൈലിയും പഠനവേഗതയും വ്യത്യസ്തമാണെന്ന് നാം ചർച്ച ചെയ്തുവല്ലോ. പഠനശൈലി, പഠനവേഗത എന്നിവ പരിഗണിച്ച് നിരവധി പഠനസാമഗ്രികൾ ക്ലാസ്സ്മുറിയിൽ ഒരുക്കേണ്ടതുണ്ട്. ക്ലാസ്സ്, വിഷയം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തതരത്തിലുള്ള സാമഗ്രികൾ ആവശ്യമായിവരും. ആധുനിക കാലത്ത് ഐ.സി.ടി. എല്ലാ ക്ലാസ്സിലും അനിവാര്യമായ ഒരു പഠനസാമഗ്രിയാണ്.

**പ്രവർത്തനം**

പ്രൈമറിതലത്തിൽ ഉപയോഗിക്കാവുന്ന പഠനസാമഗ്രികൾ ഏവ? ഇവയുടെ പ്രസക്തി എന്ത്?

### 7.1 പഠനോപകരണനിർമാണ ശില്പശാല

ഓരോ പ്രവർത്തനത്തിനും അനുയോജ്യമായ പഠനോപകരണങ്ങൾ ഉപയോഗിക്കണം. അവയുടെ നിർമാണവും ഒരു പഠനപ്രവർത്തനമാണ്. പഠനോപകരണ നിർമാണശില്പശാലയിൽ പഠിതാക്കൾ, രക്ഷിതാക്കൾ, അധ്യാപകർ, വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ച് ഓരോ ടേമിലേക്കുമുള്ള സാമഗ്രികൾ തയാറാക്കാം.

## 8. ഭൗതികസൗകര്യങ്ങൾ (Physical Facilities)

ഫലപ്രദമായി പഠനം നടക്കണമെങ്കിൽ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ ഒരുക്കിയിരിക്കണം. ക്ലാസ്സ്മുറി, ലൈബ്രറി, ലബോറട്ടറി, ശുചിമുറികൾ, കുടിവെള്ള സൗകര്യം, കളിസ്ഥലം, ഓഫീസ് സംവിധാനം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളെല്ലാം ഭൗതികസൗകര്യങ്ങൾ എന്ന മേഖലയിൽ വരും. പുതിയ പാഠ്യപദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയുടെ ഭാഗമായി മികച്ച വിദ്യാലയത്തിന്റെ കാഴ്ചപ്പാട് രൂപപ്പെടുത്തുകയും മാതൃകാവിദ്യാലയങ്ങൾ സർക്കാർ തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ഹൈസ്കൂൾ, ഹയർസെക്കണ്ടറി ക്ലാസ്സുകളിലും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കി തുടർവർഷങ്ങളിൽ യു.പി, എൽ.പി ക്ലാസ്സുകളിലും അവ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ ആധുനിക ലോകത്തിനനുയോജ്യമായ വിദ്യാലയം വിഭാവനം ചെയ്യേണ്ടത് ഭാവി അധ്യാപകരായ പഠിതാക്കളാണ്. മുകളിൽ സൂചിപ്പിച്ച ക്ലാസ്സ്മുറി, ലൈബ്രറി തുടങ്ങിയവ ഫലപ്രദമായ പഠനത്തിനുതകും വിധം എങ്ങനെ വിഭാവനം ചെയ്യണമെന്നതാണ് നാം നേരിടുന്ന വെല്ലുവിളി. ഉദാഹരണമായി ക്ലാസ്സ്മുറി എന്നു പറയുമ്പോൾ അതിന്റെ വിസ്തീർണം എത്രവേണം? അവിടത്തെ ഇരിപ്പിടസൗകര്യങ്ങൾ എങ്ങനെയായിരിക്കണം? ചുമരുകളെ എങ്ങനെ പ്രയോജനപ്പെടുത്താം? ജനലുകൾ, വാതിലുകൾ, തറ എന്നിവ എങ്ങനെയായിരിക്കണം? വിദ്യാലയത്തിലെ ഓരോ ഇടത്തേയും ഇങ്ങനെ വിശകലനം

ചെയ്യുകയും ശിശു സൗഹൃദപരവും പ്രവർത്തനാധിഷ്ഠിതവുമായ പഠനത്തിന് സഹായകമാകും വിധം വികസിപ്പിക്കാനുള്ള ധാരണകൾ നേടുകയും വേണം.

### ഈ യൂണിറ്റിലൂടെ കടന്നുപോയപ്പോൾ ചർച്ച ചെയ്ത ആശയങ്ങൾ

1. ഓരോ കുട്ടിയെയും പരിഗണിച്ചുള്ള പഠനത്തിൽ പഠനശൈലി, പഠനവേഗത തുടങ്ങിയ ആശയങ്ങൾ പ്രധാനമാണ്.
2. വ്യക്തിവ്യത്യാസം പരിഗണിക്കുന്ന വൈവിധ്യമുള്ള പഠനരീതികൾ (അന്വേഷണ രീതി, ആഗമന നിഗമനരീതി, അപഗ്രഥനരീതി, പ്രശ്നപരിഹരണരീതി) ഫലപ്രദമായ പഠനത്തിനായി പ്രയോജനപ്പെടുത്താൻ കഴിയും.
3. പഠനതന്ത്രങ്ങളെ സംവാദാത്മകം, ഗവേഷണാത്മകം, നിർമാണാത്മകം, സർഗാത്മകം എന്നു തരംതിരിക്കാം.
4. ചർച്ചകളും സംവാദങ്ങളും സെമിനാറും സംവാദാത്മക പഠനതന്ത്രങ്ങളാണ്.
5. പ്രോജക്ട്, സർവ്വേ എന്നിവ ഗവേഷണാത്മക പഠനതന്ത്രങ്ങളും ഉപകരണനിർമിതി, മാതൃക വികസിപ്പിക്കൽ, ഐ.സി.ടി ഉപയോഗിച്ചുള്ള നിർമാണങ്ങൾ എന്നിവ നിർമാണാത്മക പഠനതന്ത്രങ്ങളുമാണ്.
6. നാടകീകരണം, റോൾപ്ലേ, സംഗീതാവിഷ്കാരം, ചിത്രരചന, പാവനാടകം, തുടങ്ങിയ സർഗസാധ്യതകളെ പ്രയോജനപ്പെടുത്തുന്ന പഠനതന്ത്രങ്ങളാണ് സർഗാത്മക പഠനതന്ത്രങ്ങൾ.
7. വ്യക്തിപഠനം, സംഘപഠനം (സമസംഘപഠനം, സഹകരണാത്മകപഠനം, സഹവർത്തിത്വപഠനം) തുടങ്ങിയ പഠനതന്ത്രങ്ങൾ സംബന്ധിച്ച ധാരണ പഠിതാക്കളുടെ വികസനത്തിന് സഹായിക്കും.
8. വൈവിധ്യമാർന്ന പഠനനൈപുണികൾ (റഫറൻസിങ്, കുറിപ്പുതയാറാക്കൽ,.....) സംബന്ധിച്ച ധാരണ ഭാവി അധ്യാപകന് അനിവാര്യമാണ്.
9. ജനാധിപത്യപരവും അഭിപ്രേരണ സൃഷ്ടിക്കുന്നതുമായ പഠനാന്തരീക്ഷത്തിന്റെ സവിശേഷതകൾ, എല്ലാ കുട്ടികളുടെയും സർവതോമുഖ വികാസത്തിന് ഉതകുന്ന വിദ്യാലയ-ക്ലാസ്റൂം സൗകര്യങ്ങൾ സംബന്ധിച്ച ധാരണകൾ എന്നിവ ഭാവി അധ്യാപകന്റെ ആസൂത്രണമികവിന് സഹായകമാകും.
10. പഠനപ്രവർത്തനങ്ങളുടെ സവിശേഷത, അവയുടെ ഗുണത വിലയിരുത്തുന്ന രീതി എന്നിവ അറിയുന്നത് പഠനത്തിന്റെ ഗുണനിലവാരം ഉയരാൻ സഹായകമാകും.
11. പഠനപ്രവർത്തനത്തിൽ പഠനസാമഗ്രികളുടെ പ്രാധാന്യം, അവയുടെ വൈവിധ്യത്തിന്റെ അനിവാര്യത എന്നിവ സംബന്ധിച്ച ധാരണ അധ്യാപകന് പഠനപ്രക്രിയ ഫലപ്രദമാക്കുന്നതിന് സഹായിക്കും.

### മൂല്യനിർണയ പ്രവർത്തനങ്ങൾ/തുടർപ്രവർത്തനങ്ങൾ

1. പഠനശൈലി, പഠനവേഗത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?
2. പ്രധാനമായും എത്രതരം പഠനശൈലികളാണുള്ളത്? അവയെ എങ്ങനെ സമീപിക്കണം?
3. പഠനവേഗത പരിഗണിച്ച് പഠനപ്രക്രിയ ആസൂത്രണം ചെയ്യുന്ന ഒരധ്യാപിക നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം? അവ എങ്ങനെ മറികടക്കാം?
4. പഠനശൈലി, പഠനവേഗത എന്നിവ അഭിസംബോധന ചെയ്യുന്നതിന് പഠനോപകരണങ്ങളുടെ പങ്കെന്ത്?
5. അന്വേഷണാത്മക പഠനരീതി എന്നാലെന്ത്? ഈ രീതിയുടെ പ്രധാന മികവുകൾ എന്തെല്ലാം?
6. പ്രശ്നപരിഹരണ രീതി അറിവുനിർമ്മാണത്തിലധിഷ്ഠിതമായ പാഠ്യപദ്ധതിക്ക് യോജിച്ചതാണോ? സ്വാഭിപ്രായം സമർഥിക്കുക.

7. പ്രശ്നപരിഹരണരീതിയുടെ ഘട്ടങ്ങൾ എന്തെല്ലാം?
8. അപഗ്രഥനരീതി എന്നാലെന്ത്? പ്രധാന നേട്ടങ്ങളും പരിമിതികളും എന്തെല്ലാം?
9. പ്രോജക്ട്രീതി എന്നാലെന്ത്? അതിന്റെ സവിശേഷതകൾ എന്തെല്ലാം?
10. ആഗമനനിഗമന രീതികൾ എന്നാലെന്ത്? ശിശുകേന്ദ്രിതവും പ്രക്രിയാധിഷ്ഠിതവുമായ പഠനരീതിക്കനുയോജ്യമായ പഠനരീതിയാണോ ഇത്? സമർഥിക്കുക.
11. ആഗമനരീതിയുടെ മികവുകൾ എന്തെല്ലാം?
12. ആഗമനനിഗമനരീതികൾ താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ വ്യക്തമാക്കുക.
13. പഠനതന്ത്രങ്ങൾ നിർണയിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?
14. പ്രധാനപ്പെട്ട സംവാദാത്മക പഠനതന്ത്രങ്ങൾ എന്തെല്ലാം? ജനാധിപത്യ രാജ്യത്ത് ഈ രീതിയുടെ പ്രാധാന്യമെന്ത്?
15. ക്ലാസ്മുറി പ്രക്രിയയിൽ സംവാദം സംഘടിപ്പിക്കുന്നത് ക്ലാസിലെയും സ്കൂളിലെയും അച്ചടക്കത്തെ ദോഷകരമായി ബാധിക്കും. അതിനാൽ അധ്യാപകർ ക്ലാസ്സ് എടുക്കുകയും കുട്ടികൾ അത് കേട്ടു പഠിക്കുകയുമാണ് വേണ്ടത്? സംവാദാത്മക പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്ന ഒരധ്യാപകൻ എന്ന നിലയിൽ താങ്കളുടെ അഭിപ്രായമെന്ത്?
16. ഗവേഷണാത്മക പഠനതന്ത്രങ്ങൾ ഏതെല്ലാം? അവയുടെ സവിശേഷകൾ എന്തെല്ലാം?
17. നിർധാരണാത്മകവും സർഗാത്മകവുമായ പഠനതന്ത്രങ്ങൾ ക്ലാസിൽ പൊതുവായി നടപ്പാക്കുന്നതിൽ പരിമിതിയുണ്ട്. വിശകലനം ചെയ്ത് സമർഥിക്കുക.
18. നിർധാരണാത്മകവും സർഗാത്മകവുമായ പഠനതന്ത്രം പഠനപ്രക്രിയയിൽ നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. എങ്ങനെയാണ് സമർഥിക്കുക.
19. വ്യക്തിഗതപഠനം എന്നാലെന്ത്? പ്രാധാന്യം എത്രമാത്രം?
20. സംഘപഠനത്തിന്റെ പ്രാധാന്യം എന്തെല്ലാം? വൈവിധ്യമാർന്ന സംഘപഠനതന്ത്രങ്ങൾ എന്തെല്ലാം?
21. സഹകരണാത്മകപഠനം, സഹവർത്തിത്വപഠനം എന്നാലെന്ത്? അവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
22. സഹവർത്തിതപഠനത്തിന്റെ മികവുകൾ എന്തെല്ലാം? ഉദാഹരണ സഹിതം സമർഥിക്കുക
23. സംഘപഠനം നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം? എങ്ങനെ മറികടക്കാം?
24. പഠന നൈപുണികൾ എന്തെല്ലാം? റഫറൻസിങ്, കുറിപ്പ് തയാറാക്കൽ എന്നിവയ്ക്ക് ഉള്ള പ്രാധാന്യം എത്രമാത്രം?
25. സ്കൂളിൽ ഒരുക്കേണ്ട ഭൗതികവും വൈകാരികവുമായ അന്തരീക്ഷം എങ്ങനെയായിരിക്കണം.
26. മികച്ച പ്രവർത്തനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
27. പഠനപ്രവർത്തനം എന്നാലെന്ത്? പ്രോഗ്രാമുകളിൽ പഠനസാമഗ്രിയുടെ പ്രാധാന്യം എത്രമാത്രം?
28. പ്രൈമറിക്ലാസുകളിൽ ഉപയോഗിക്കേണ്ട പ്രധാന പഠനസാമഗ്രികൾ എന്തെല്ലാം?

## റഫറൻസ്


1. ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് 2005
2. കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007
3. വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം - കേരളശാസ്ത്രസാഹിത്യപരിഷത്ത്
4. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ് - ഡി.എൽ.എഡ് പഠനസാമഗ്രി
5. എസ്.കെ.കോച്ചാർ - മെത്തേഡ്സ് ഓഫ് ടീച്ചിംഗ്

# യൂണിറ്റ് - 4
# വിലയിരുത്തൽ

**ആമുഖം**

അധ്യാപകവിദ്യാർഥികളായ നിങ്ങൾക്ക് വിലയിരുത്തൽ രീതികളെ പരിചയപ്പെടുത്തുന്നതിനും വിലയിരുത്തൽ പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള കഴിവ് ആർജിക്കുന്നതിന് അവസരമൊരുക്കുന്നതിനുമാണ് 'വിലയിരുത്തൽ' എന്ന യൂണിറ്റ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിലയിരുത്തൽ എന്ത്?, എന്തിന്?, എങ്ങനെ?, എന്തൊക്കെയാണ് വിലയിരുത്തപ്പെടേണ്ടത് എന്നറിയുക, വിലയിരുത്തലിനെക്കുറിച്ചുള്ള വിവിധ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യുക, മാനവികവും ജനാധിപത്യപരവുമായ വിലയിരുത്തൽ സമ്പ്രദായത്തെക്കുറിച്ച് ധാരണകൾ രൂപീകരിക്കുക, നിരന്തരവും സമഗ്രവും പഠനത്തെ കാര്യക്ഷമമാക്കുന്നതുമായ വിലയിരുത്തൽ സാധ്യതകൾ, തന്ത്രങ്ങൾ എന്നിവയിൽ പ്രായോഗികശേഷികൾ ആർജിക്കുക തുടങ്ങിയവയാണ് 'വിലയിരുത്തൽ' എന്ന യൂണിറ്റിന്റെ വിനിമയത്തിലൂടെ ലക്ഷ്യമിടുന്നത്.

**ഉള്ളടക്കം**

| | | |
|---|---|---|
| • വിലയിരുത്തലും മൂല്യനിർണയവും | : | വിലയിരുത്തൽ കാഴ്ചപ്പാടും നിർവചനവും |
| | : | വിലയിരുത്തലും മൂല്യനിർണയവും |
| | : | വിലയിരുത്തൽ മൂന്നു തലങ്ങൾ |
| • വിവിധതരം വിലയിരുത്തലും ടേം മൂല്യനിർണയവും | : | പരിമാണാത്മക വിലയിരുത്തൽ |
| | : | ഗുണാത്മക വിലയിരുത്തൽ |
| | : | ബാഹ്യ വിലയിരുത്തൽ |
| | : | പോർട്ട്ഫോളിയോ വിലയിരുത്തൽ |
| | : | ടേം വിലയിരുത്തൽ |
| •. നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ | : | സ്വയംവിലയിരുത്തൽ |
| | : | പരസ്പരവിലയിരുത്തൽ |
| | : | വ്യക്തിഗതവിലയിരുത്തൽ |
| | : | സംഘവിലയിരുത്തൽ |
| •. വിവിധതരം പരീക്ഷകൾ | | |
| എഴുത്തുപരീക്ഷകൾ | : | ശോധകങ്ങൾക്കുണ്ടാകേണ്ട ഗുണങ്ങൾ |
| | : | സിദ്ധിശോധകങ്ങൾ |
| | : | നിദാനശോധകങ്ങൾ |
| | : | മാനകീകൃതശോധകങ്ങൾ |
| | : | ബുദ്ധിശോധകങ്ങൾ |
| • ഇതര പരീക്ഷകൾ | : | പ്രകടന പരീക്ഷകൾ |
| | : | വാചിക പരീക്ഷകൾ |
| | : | ഓൺലൈൻ പരീക്ഷകൾ |
| | : | ഓൺഡിമാന്റ് പരീക്ഷകൾ |
| | : | തുറന്ന പുസ്തക പരീക്ഷകൾ |

- മറ്റു വിലയിരുത്തൽ മേഖലകൾ : ബോധനപ്രക്രിയയുടെ വിലയിരുത്തൽ
  : വിദ്യാഭ്യാസ സംവിധാനത്തിന്റെ വിലയിരുത്തൽ
  : വിദ്യാലയവിലയിരുത്തൽ
  : വിലയിരുത്തലിന്റെ വിലയിരുത്തൽ
- സഹരക്ഷാകർത്തൃത്വവും വിലയിരുത്തലും
- പഠനപുരോഗതി വിലയിരുത്താനുള്ള ഉപാധികൾ
- സ്കോറിംഗും ഗ്രേഡിംഗും
- വിലയിരുത്തൽ രേഖ : പഠനപുരോഗതി രേഖ
- യൂണിറ്റ്-വിലയിരുത്തൽ പ്രവർത്തനങ്ങളും തുടർപ്രവർത്തനങ്ങളും
- റഫറൻസ്

## 1. വിലയിരുത്തലും മൂല്യനിർണയവും

നിങ്ങൾ പ്രാഥമികപഠനകാലം മുതൽതന്നെ പരീക്ഷകൾ എഴുതിയിട്ടുണ്ടാവും. എന്തിനുവേണ്ടിയാണ് അന്ന് പരീക്ഷകൾ എഴുതിയത്? പരീക്ഷയെ അന്ന് എങ്ങനെയാണ് നോക്കിക്കണ്ടിരുന്നത്? എഴുത്തു പരീക്ഷകളിൽ മാത്രമാണോ നിങ്ങൾ പങ്കെടുത്തിരുന്നത്? പിന്നീട് സ്കൂൾ കാലഘട്ടത്തിലെ ഉയർന്ന ക്ലാസുകളിൽ പഠിച്ചപ്പോൾ എഴുത്തുപരീക്ഷയോടൊപ്പം സി.ഇ. എന്ന പേരിലുള്ള സ്കോർ നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടാകും. എന്താണ് സി.ഇ. എന്നു പറയുന്നത്?

### 1.1 വിലയിരുത്തൽ കാഴ്ചപ്പാടുകൾ

ഏതു പ്രവർത്തനം വിജയകരമാകണമെങ്കിലും കൃത്യമായ വിലയിരുത്തലുകൾ ആവശ്യമാണ്. നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ, പഠനത്തിനായുള്ള വിലയിരുത്തൽ, വിലയിരുത്തൽ തന്നെ പഠനം, പഠനത്തെ വിലയിരുത്തൽ, കുട്ടികൾ - പഠനതന്ത്രങ്ങൾ - സാമഗ്രികൾ തുടങ്ങിയവയുടെ വിലയിരുത്തൽ, അധ്യാപനത്തിന്റെ വിലയിരുത്തൽ, വിദ്യാലയത്തിന്റെ വിലയിരുത്തൽ, വിദ്യാഭ്യാസ സംവിധാനത്തിന്റെ വിലയിരുത്തൽ, വിലയിരുത്തലിന്റെ വിലയിരുത്തൽ തുടങ്ങിയവ വിവിധ ഉദ്ദേശ്യങ്ങളോടെ നടത്തുന്ന വിലയിരുത്തലുകളാണ്.

### 1.2 വിലയിരുത്തലും മൂല്യനിർണയവും (Assessment & Evaluation)

മുൻകൂട്ടി നിശ്ചയിച്ച പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിശോധനയാണ് വിലയിരുത്തലും മൂല്യനിർണയവും. പഠനബോധനപ്രക്രിയയിൽ വളരെ പ്രാധാന്യമേറിയ ഘടകങ്ങളാണ് ഇതു രണ്ടും. വിലയിരുത്തലും മൂല്യനിർണയവും പരസ്പര പൂരകങ്ങളാണ്. പഠനപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ എത്രത്തോളം പഠിതാവ് കൈവരിച്ചു എന്ന് അപ്പപ്പോൾ വിലയിരുത്തുന്നതിനും നിശ്ചിത ഇടവേളകളിൽ വിലയിരുത്തുന്നതിനും കുട്ടിയെ പഠനത്തിൽ സഹായിക്കുന്നതിനും വിലയിരുത്തലിലൂടെ കഴിയും. നിരന്തരമായി നടക്കുന്ന വിലയിരുത്തലിനെ സംരചനാമൂല്യനിർണയ (formative evaluation) മെന്നും ഘട്ടംഘട്ടമായി നടക്കുന്ന വിലയിരുത്തലിനെ ആത്യന്തികമൂല്യനിർണയം (summative evaluation) എന്നും പറയുന്നു

വിലയിരുത്തലിന്റെയും മൂല്യനിർണയത്തിന്റെയും ധർമ്മങ്ങൾ തമ്മിൽ ചുരുക്കം ചില വ്യത്യാസങ്ങളുണ്ട്.

| വിലയിരുത്തൽ | മൂല്യനിർണയം |
|---|---|
| • പ്രവർത്തനത്തോടൊപ്പം നിരന്തരം നടക്കുന്നു.<br>• വിലയിരുത്തൽ പരിമാണാത്മകമാണ് (quantitative) | • ഒരു നിശ്ചിതഘട്ടം കഴിഞ്ഞു നടക്കുന്നു.<br>• മൂല്യനിർണയം ഗുണാത്മകമാണ് (qualitative) |

| | |
|---|---|
| • പഠനത്തിൽ കുട്ടി അനുഭവിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നതിന്<br>• പഠിതാവിന്റെ പഠനപുരോഗതി ഉറപ്പിക്കുന്നതിന്<br>• പഠിതാവിനെ വിലയിരുത്തി രേഖപ്പെടുത്തുന്നത് പ്രധാനമായും അധ്യാപികയുടെ ടീച്ചിംഗ് മാന്വലിന്റെ (ടി.എം.) പ്രതികരണപ്പേജിലാണ്.<br>• പ്രക്രിയയ്ക്ക് പ്രാധാന്യം<br>• സ്വയം മെച്ചപ്പെടലിന് സഹായിക്കുന്നു | • പഠിതാവിന്റെ പഠനനേട്ടത്തിന്റെ നില എത്ര ത്തോളമെന്ന് നിർണയിക്കുന്നതിന്.<br>• സ്ഥാനനിർണയത്തിന്<br>• ടേമിന്റെ അവസാനത്തിലോ യൂണിറ്റ്/പാഠം കഴിയുമ്പോഴോ നടക്കുന്ന പരീക്ഷ മൂല്യ നിർണയമാണ്.<br>• ക്ലാസുകയറ്റത്തിനുള്ള അർഹത നിർണയി ക്കുന്നതിന്. |

### 1.3 വിലയിരുത്തൽ മൂന്ന് തലങ്ങൾ

മുൻകൂട്ടി നിശ്ചയിച്ച പഠനനേട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പരിശോധനയാണ് വിലയിരുത്തൽ. പഠനപ്രക്രിയയുമായി ഇഴചേർന്നു നിൽക്കുന്നതാണ് വിലയിരുത്തൽ. കുട്ടിക്ക് പഠനനേട്ടം ആർജിക്കുന്നതിന് നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ ആവശ്യമാണ്. പഠനവും വിലയിരുത്തലും തമ്മിലുള്ള ബന്ധം പരിഗണിക്കുമ്പോൾ വിലയിരുത്തൽ പ്രക്രിയയ്ക്ക് മൂന്നു തലങ്ങളുള്ളതായി കാണാൻ കഴിയും.

- പഠനത്തിനായുള്ള വിലയിരുത്തൽ (Assessment for learning)
- വിലയിരുത്തൽ തന്നെ പഠനം (Assessment as learning)
- പഠനത്തെ വിലയിരുത്തൽ (Assessment of learning)

#### 1.3.1. പഠനത്തിനായുള്ള വിലയിരുത്തൽ (Assessment for learning)

പഠനം നടക്കുന്ന സമയത്ത് അതിന്റെ ഫലപ്രാപ്തിക്കായി വിലയിരുത്തൽ നടക്കണം. അധ്യാപികയും സഹപാഠികളും പഠനത്തെ മുന്നോട്ടു നയിക്കുമ്പോൾ അത്തരം വിലയിരുത്തൽ നടത്തേണ്ടതുണ്ട്. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അധ്യാപികയും സഹപാഠികളും നൽകുന്ന സഹായങ്ങളും ഫീഡ്ബാക്കും പഠനത്തിനായുള്ള വിലയിരുത്തലിന്റെ ഭാഗമാണ്.

#### 1.3.2. വിലയിരുത്തൽ തന്നെ പഠനം (Assessment as learning)

തന്റെ പഠനത്തെ സ്വയം വിമർശനപരമായി പരിശോധിക്കുമ്പോൾ ഒരു കുട്ടി തന്റെ കഴിവുകളും പരിമിതികളും തിരിച്ചറിയുന്ന പ്രക്രിയയാണിത്. സ്വയം വിലയിരുത്തലിലൂടെ നടക്കുന്ന തിരുത്തൽ പ്രക്രിയയും പഠനം തന്നെയാണ്. ഇത്തരം വിലയിരുത്തൽ, ഫലപ്രാപ്തിയുള്ള പഠനം ഉറപ്പുവരുത്തും.

#### 1.3.3. പഠനത്തെ വിലയിരുത്തൽ (Assessment of learning)

ഒരു നിശ്ചിത കാലയളവിലെ പഠനത്തിനുശേഷം കുട്ടിയുടെ പഠനനിലവാരം അളക്കുന്ന രീതിയാണിത്. പഠനപ്രക്രിയയിലൂടെ ഓരോ പഠിതാവിനും ലഭിച്ച പഠനനേട്ടം മനസ്സിലാക്കാൻ ഇതിലൂടെ കഴിയുന്നു. ഇങ്ങനെ ലഭിക്കുന്ന ഫീഡ്ബാക്ക് അധ്യാപികയ്ക്ക് തന്റെ പഠനതന്ത്രത്തെയും പഠനസാമഗ്രികളെയും വിലയിരുത്താനും അവസരമൊരുക്കുന്നു. രക്ഷകർത്താക്കൾക്കും സമൂഹത്തിനും പഠനകാര്യങ്ങളിൽ സഹായിക്കാൻ സുതാര്യമായ വിലയിരുത്തലിലൂടെ സാധിക്കുന്നു.

## 2. വിവധതരം വിലയിരുത്തലും ടേം മൂല്യനിർണയവും

വിവിധ വിലയിരുത്തൽ സമ്പ്രദായങ്ങളെ കുറിച്ച് സംക്ഷിപ്തമായി ചുവടെ കൊടുക്കുന്നു.

### 2.1. പരിമാണാത്മക വിലയിരുത്തൽ (Quantitative assessment)

കുട്ടികളുടെ പ്രകടനവുമായി ബന്ധപ്പെട്ട സ്കോറുകൾക്കും എണ്ണത്തിനും പ്രാധാന്യം കൊടുക്കുന്ന വിലയിരുത്തൽ രീതിയാണിത്. സർവേ, ഇന്റർവ്യൂ, ചോദ്യാവലി തുടങ്ങിയ രീതികൾ ഇതിലുൾപ്പെടുന്നു. കൂടുതൽ വസ്തുനിഷ്ഠത ഇത്തരം വിലയിരുത്തലിനുണ്ട്. ആഴത്തിലുള്ള ഒരു വിലയിരുത്തലിന് ഈ രീതി പലപ്പോഴും സഹായകമല്ല. സമയം കൂടുതലെടുക്കുന്നതും ഇത്തരം വിലയിരുത്തൽരീതിയുടെ കോട്ടമായി ചൂണ്ടിക്കാണിക്കുന്നു.

### 2.2. ഗുണാത്മക വിലയിരുത്തൽ (Qualitative assessment)

കുട്ടികളുടെ ശേഷികളെയും നൈപുണികളെയും ആഴത്തിൽ അളക്കാൻ ഗുണാത്മക വിലയിരുത്തലിന് സാധിക്കുന്നു. നിരീക്ഷണം, ഡോക്യുമെന്റ് പരിശോധന, പോർട്ട്ഫോളിയോ വിലയിരുത്തൽ, പ്രകടന പരിശോധന തുടങ്ങിയ രീതികൾ ഇതിലുപയോഗിക്കുന്നു. കൂടുതൽ ആഴത്തിൽ കുട്ടികളെ അളക്കാൻ ഈ രീതിയിലൂടെ കഴിയുന്നു. കുട്ടികളുടെ പ്രകടനവുമായി ബന്ധപ്പെട്ട സ്കോറുകൾക്കും മറ്റും പ്രാധാന്യമില്ല. സ്റ്റാറ്റിസ്റ്റിക്സ് പോലുള്ള സങ്കേതങ്ങൾ ഉപയോഗിക്കുന്നില്ല. പരിമാണാത്മക രീതിയേക്കാൾ സമയം കുറച്ചുമതിയെന്നുള്ള മേന്മ ഇതിനുണ്ട്.

### 2.3. ബാഹ്യ വിലയിരുത്തൽ (External assessment)

പഠിതാക്കളുടെ പഠനവുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു ബാഹ്യ ഏജൻസി നടത്തുന്ന വിലയിരുത്തലാണിത്. പൊതുപരീക്ഷകൾ ബാഹ്യ വിലയിരുത്തലിന്റെ പരിധിയിൽ വരുന്നു. ഇത്തരം വിലയിരുത്തൽ നടത്തുന്നത് പഠനപ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധമുള്ള അധ്യാപകരല്ല. ഒരു സ്കൂളിലെ തന്നെ പഠിതാക്കളുടെ പഠനവുമായി ബന്ധമില്ലാത്ത മറ്റധ്യാപകർ നടത്തുന്ന വിലയിരുത്തലായാലും അത് ബാഹ്യ വിലയിരുത്തലിന്റെ പരിധിയിൽ വരും. ഉന്നതപഠനത്തിന്റെ യോഗ്യത തീരുമാനിക്കുന്നതിന് ബാഹ്യ വിലയിരുത്തൽ ആവശ്യമാണ്.

### 2.4. പോർട്ട്ഫോളിയോ വിലയിരുത്തൽ

പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളാണ് പോർട്ട്ഫോളിയോകൾ. കുട്ടികളുടെ രചനകൾ, പ്രബന്ധങ്ങൾ, കുട്ടികൾ നിർമിച്ച സിനിമകൾ, ആർട്ട് പ്രോജക്ടുകൾ, വിവിധ ശേഖരങ്ങൾ തുടങ്ങി കുട്ടി പഠനത്തിനായി രൂപപ്പെടുത്തിയ സാമഗ്രികളാണിവ. ഇത്തരം പോർട്ട്ഫോളിയോകളെ വിലയിരുത്തി പഠിതാവിന്റെ നിലവാരം/നേടിയ പഠനനേട്ടങ്ങളുടെ അളവ് കണ്ടെത്തുന്ന രീതിയാണ് പോർട്ട്ഫോളിയോ വിലയിരുത്തൽ. ഇവയുടെ വിലയിരുത്തലിനായി സ്വയംവിലയിരുത്തൽ, പരസ്പര വിലയിരുത്തൽ എന്നീ രീതികൾ സ്വീകരിക്കാവുന്നതാണ്.

### 2.5. ടേം മൂല്യനിർണയം (Term Evaluation)

ഓരോ ടേമിന്റെയും അവസാനം നടത്തുന്ന വിലയിരുത്തലാണ് ടേം വിലയിരുത്തൽ. ഒരു ടേമിൽ വിവിധ വിഷയങ്ങളിലായി നേടേണ്ട വിവിധ പഠനനേട്ടങ്ങൾ പഠിതാക്കൾക്ക് എത്രമാത്രം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ് ഇതിലൂടെ വിലയിരുത്തുന്നത്. ഒരു പ്രത്യേക കാലയളവിൽ പഠിതാവ് നേടേണ്ട ശേഷികൾ ഇവിടെ വിലയിരുത്തപ്പെടുന്നു. നിരന്തരവിലയിരുത്തലിന്റെ ഭാഗമായി നൽകിയ ഫീഡ്ബാക്കുകളുടെ ഫലം വിലയിരുത്താനും ടേം വിലയിരുത്തലിലൂടെ സാധിക്കും. ടേം വിലയിരുത്തൽ നടത്തുന്നത് ഒരു പരീക്ഷയുടെ രീതിയിലാണ്. പഠിതാക്കളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ അവരെ പല ഗ്രേഡുകളിൽ ഉൾപ്പെടുത്തുന്നു. പഠനബോധന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി അളക്കാനും ഇതിലൂടെ കഴിയുന്നു. നിരന്തരവിലയിരുത്തലും ടേം വിലയിരുത്തലും പരസ്പരബന്ധിതവും പരസ്പരപൂരകവുമായിരിക്കണമെന്ന് കെ.സി.എഫ്. 2007 ചൂണ്ടിക്കാട്ടുന്നു.

## 3. നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (Continous and comprehensive evaluation)

നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ രീതിയാണ് ഇന്ത്യൻ വിദ്യാഭ്യാസരീതിയിൽ സ്കൂൾ തലത്തിൽ ഉപയോഗിച്ചുവരുന്നത്. ഇതിന് രണ്ട് തലമാണ് ഉള്ളത്. ഒന്ന്- നിരന്തര വിലയിരുത്തൽ, രണ്ട്- സമഗ്ര വിലയിരുത്തൽ. നിരന്തരവിലയിരുത്തൽ എന്നാൽ പഠനപ്രക്രിയയോടൊപ്പം നിർവഹിക്കപ്പെടുന്ന വിലയിരുത്തലാണ്. ഓരോ കുട്ടിയുടേയും മികവും, കഴിവും, നേട്ടവും, പോരായ്മയും കണ്ടും മനസ്സിലാക്കിയും കൈത്താങ്ങ് നൽകിയും അധ്യാപകർ നിരന്തരം പഠിതാവിനെ വിലയിരുത്തുന്നു.

സമഗ്രവിലയിരുത്തൽ എന്നതുകൊണ്ട് അർഥമാക്കുന്നത് പഠിതാവിന്റെ സർവതോമുഖമായ വികാസത്തിന്റെ വിലയിരുത്തൽ എന്നാണ്. അതായത് വൈജ്ഞാനിക വികാസം (Cognitive development), വൈകാരിക വികാസം (affective development), മാനസിക വികാസം (psycho- development) എന്നാണ്. ഇത്തരത്തിൽ വികാസം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുകയും അവയുടെയും വിലയിരുത്തൽ നിർവഹിക്കപ്പെടുകയും ചെയ്യുമ്പോൾ നമ്മൾ നിർവഹിക്കുന്ന വിലയിരുത്തൽ സമഗ്രമാകുന്നു.

### 3.1. നിരന്തരവിലയിരുത്തൽ (Continous assessment)

നിരന്തരമായ വിലയിരുത്തൽ നടത്തി വേണ്ട ഫീഡ്ബാക്ക് നൽകി പഠിതാവിനെ പഠനനേട്ടങ്ങൾ നേടാൻ പ്രാപ്തനാക്കുകയെന്നത് വളരെ പ്രധാനമാണ്. പഠിതാവിന്റെ പഠനപുരോഗതി അറിയാൻ നിരന്തരം വിലയിരുത്തൽ നടത്തേണ്ടതുണ്ട്. ഓരോ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ടും വിലയിരുത്തൽ നടക്കണം. അധ്യാപകർക്കും സഹപഠിതാക്കൾക്കും ഇക്കാര്യത്തിൽ പ്രധാന പങ്കുണ്ട്. പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട വിലയിരുത്തൽ സൂചകങ്ങൾ തയാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തൽ നടത്തേണ്ടത്.

#### 3.1.1. സ്വയംവിലയിരുത്തൽ (Self assessment)

സാമൂഹ്യജ്ഞാനനിർമിതിവാദത്തിന്റെ അടിസ്ഥാനത്തിലുള്ള അറിവുനിർമാണത്തിലധിഷ്ഠിതമായ ക്ലാസിൽ, പഠിതാവിനെ ശരിയായ ദിശയിൽ നയിക്കാൻ പലതരത്തിലുള്ള വിലയിരുത്തലുകൾ ആവശ്യമാണ്. പഠനനേട്ടം പൂർണമായി ആർജിക്കാൻ പഠിതാവ് പഠനപ്രവർത്തനത്തെ സ്വയം വിലയിരുത്തുന്നത് ആവശ്യമാണ്. പഠനപ്രവർത്തനത്തിന്റെ ഭാഗമായി രൂപപ്പെടുന്ന ഉൽപ്പന്നവും വിലയിരുത്തേണ്ടതുണ്ട്. താൻ കടന്നുപോന്ന വഴികൾ വിലയിരുത്താൻ സ്വയംവിലയിരുത്തലിലൂടെ സാധിക്കുന്നു. തന്റെ പ്രവർത്തനങ്ങളുടെ പൂർണതയോ പരിമിതിയോ എത്രമാത്രമെന്ന് തിരിച്ചറിയുന്നതിലൂടെ കൂടുതൽ മെച്ചപ്പെടുത്താൻ ഇതിലൂടെ കഴിയും. ചെക്ക്ലിസ്റ്റ്, റേറ്റിങ് സ്കെയിൽ തുടങ്ങിയ തന്ത്രങ്ങളും ഇതിനായി ഉപയോഗിക്കാം.

#### 3.1.2. പരസ്പരവിലയിരുത്തൽ (Peer assessment)

സാമൂഹ്യജ്ഞാനനിർമിതിപരമായ ക്ലാസിലെ മറ്റൊരു വിലയിരുത്തൽ രീതിയാണ് പരസ്പരവിലയിരുത്തൽ. ഓരോ പഠിതാവിന്റെയും നേട്ടം തിരിച്ചറിയാൻ സഹപഠിതാക്കളുടെ വിലയിരുത്തൽ അനിവാര്യമാണ്. വിലയിരുത്തൽ പ്രക്രിയയിൽ ഏർപ്പെടുന്ന സഹപഠിതാക്കൾക്കും അവരവരുടെ സ്വന്തം പ്രവർത്തനങ്ങളുടെ മേന്മ തിരിച്ചറിയാൻ ഇത് സഹായകമാകും. പഠിതാക്കളുടെ വിവിധങ്ങളായ ശേഷീവികസനത്തിന് ഇത്തരം വിലയിരുത്തൽ ആവശ്യമാണ്.

#### 3.1.3. വ്യക്തിഗത വിലയിരുത്തൽ (Individual assessment)

ഓരോ പഠിതാവിനെയും പഠനനേട്ടത്തിലെത്തിക്കുകയെന്നതാണ് പഠനബോധനപ്രവർത്തനത്തിന്റെ ആത്യന്തിക ലക്ഷ്യം. അതിനായി വ്യക്തിപരമായി ഓരോ പഠിതാവിനെയും നിരന്തരം വിലയിരുത്തേണ്ടതുണ്ട്. അധ്യാപികയുടെ ദൈനംദിനാസൂത്രണരേഖയായ ടീച്ചിങ് മാന്വലിന്റെ പ്രതികരണപ്പേജിലെ

രേഖപ്പെടുത്തലും അതുമായി ബന്ധപ്പെട്ട ഫീഡ്ബാക്കും പുനരാസൂത്രണവും ഇവിടെ ശ്രദ്ധേയമാണ്. പഠനപ്രവർത്തനവേളയിൽത്തന്നെ ഓരോ പഠിതാവിനെയും വ്യക്തിപരമായി അധ്യാപിക സഹായിക്കേണ്ടതുണ്ട്. പരസ്പരവിലയിരുത്തലിന്റെ ഭാഗമായി സഹപഠിതാക്കൾ ഓരോ പഠിതാവിനെയും വിലയിരുത്തുന്നുണ്ട്.

#### 3.1.4. സംഘവിലയിരുത്തൽ (Group assessment)

സംഘങ്ങളായുള്ള പഠനപ്രവർത്തനങ്ങളെ വിലയിരുത്തുന്ന രീതിയാണിത്. ചർച്ച, ഗ്രൂപ്പുചർച്ച, സെമിനാർ, പാനൽ ചർച്ച, പ്രോജക്ട്, ഫീൽഡ് ട്രിപ്പ് തുടങ്ങിയ പ്രവർത്തനങ്ങളിൽ സംഘങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നു. ഒപ്പം സംഘത്തിലുള്ള ഓരോ പഠിതാവിനെയും വിലയിരുത്തുന്നു. വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തൽ നടത്തുന്നത്.

## 4. വിവിധതരം പരീക്ഷകൾ

### 4.1 എഴുത്തുപരീക്ഷകൾ (Written exams)

വളരെ സാധാരണയായി നടത്താറുള്ള ഒരു വിലയിരുത്തൽ രീതിയാണിത്. പലതരത്തിലുള്ള ചോദ്യങ്ങൾ എഴുത്തുപരീക്ഷയുടെ ചോദ്യപേപ്പറിൽ ഉൾപ്പെടുത്താം. വസ്തുനിഷ്ഠ (objective type) ചോദ്യങ്ങൾ, ബഹുവികല്പ (Multiple choice) ചോദ്യങ്ങൾ, ഹ്രസ്വോത്തര (short answer) ചോദ്യങ്ങൾ, ഉപന്യാസ (essay) മാതൃകാചോദ്യങ്ങൾ തുടങ്ങി പലതരത്തിലുള്ള ചോദ്യങ്ങളുണ്ട്. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ 'വിലയിരുത്തൽ മാർഗരേഖ 2017-18' എന്ന രേഖ നിർബന്ധമായും വായിച്ച് കുറിപ്പ് തയ്യാറാക്കണം. ഒരേ സമയം കൂടുതൽ പഠിതാക്കളെ വിലയിരുത്താൻ എഴുത്തുപരീക്ഷയിലൂടെ കഴിയും. വിലയിരുത്തൽ പ്രക്രിയയ്ക്ക് സാവകാശം ലഭിക്കാൻ എഴുത്തുപരീക്ഷ സഹായിക്കും.

#### 4.1.1. നല്ല ശോധകങ്ങൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ

1. പഠനനേട്ടാധിഷ്ഠിതം (Learning outcome based)
   പഠനനേട്ടങ്ങൾ വിലയിരുത്താൻ പറ്റിയതാവണം.
2. സമഗ്രത (Comprehensiveness)
   ഒരു യൂണിറ്റ്/പാഠത്തിലെ എല്ലാ പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങളുണ്ടാവണം.
3. വസ്തുനിഷ്ഠത (Objectivity)
   ഒരേ ചോദ്യത്തിന് ശരിയായ പല ഉത്തരങ്ങൾ ഉണ്ടാകരുത്. ഒരുത്തരമേ ഉണ്ടാകാവൂ.
4. സാധുത (Validity)
   എന്താണോ വിലയിരുത്താൻ ഉദ്ദേശിച്ചത് അതുതന്നെ വിലയിരുത്താൻ കഴിയുക.
5. വിശ്വാസ്യത (Reliability)
   ശോധകം നൽകുന്നതിന്റെ ഫലമായി ഒരു കുട്ടിയെ സംബന്ധിച്ച് കിട്ടുന്ന വിവരങ്ങൾ ഏറെക്കുറെ സ്ഥിരമായിരിക്കണം. ആ ഗുണമാണ് വിശ്വാസ്യത.
6. വിവേചനം (discrimination)
   ഒരു ക്ലാസിൽ വിവിധ നിലവാരത്തിലുള്ള പഠിതാക്കൾ ഉണ്ടായിരിക്കും. ഓരോരുത്തരുടെയും നിലവാരം വേർതിരിച്ചറിയാൻ കഴിയണം. ശോധകത്തിൽ നിന്നു കിട്ടുന്ന അളവുകൾ ഇതിന് പര്യാപ്തമായിരിക്കണം. ഈ ഗുണത്തെയാണ് വിവേചനം എന്നു പറയുന്നത്.

#### 4.1.2. സിദ്ധിശോധകങ്ങൾ (Achievement tests)

പഠിതാക്കൾ വിവിധ വിഷയങ്ങളിലായി അനേകം പഠനനേട്ടങ്ങൾ ആർജിക്കേണ്ടതുണ്ട്. നേരത്തെ ആസൂത്രണം ചെയ്ത തരത്തിൽ പഠനനേട്ടങ്ങൾ ആർജിച്ചോ എന്ന് വിലയിരുത്തുന്നതിനുള്ള ശോധകങ്ങളാണ് സിദ്ധിശോധകങ്ങൾ. വാചിക, ലിഖിത, നിർവഹണരീതികളിൽ ഈ ശോധകങ്ങൾ നടത്താം.

#### 4.1.3. നിദാനശോധകങ്ങൾ (diagnostic tests)

പഠിതാവ് പഠനനേട്ടത്തിലേക്ക് എത്താത്തതിന്റെ കാരണങ്ങൾ കണ്ടുപിടിക്കാനായി നടത്തുന്ന ശോധകങ്ങളാണ് നിദാനശോധകങ്ങൾ. കാരണങ്ങൾ നിർണയിക്കുന്നതിനെ നിദാനനിർണയം എന്ന് പറയും. ഇതിനായി പ്രീ-ടെസ്റ്റുകളും പോസ്റ്റ് ടെസ്റ്റുകളും ഉപയോഗിക്കാം.

#### 4.1.4. മാനകീകൃതശോധകങ്ങൾ (Standardised tests)

വിവിധ സ്കൂളുകൾ, വിവിധ വിഷയങ്ങൾ തുടങ്ങിയവയുടെ പ്രകടനം താരതമ്യം ചെയ്യാനും ഉന്നത വിദ്യാഭ്യാസത്തിനുള്ള യോഗ്യത സംസ്ഥാനാടിസ്ഥാനത്തിലോ ദേശീയാടിസ്ഥാനത്തിലോ തീരുമാനിക്കേണ്ടി വരുമ്പോഴും പൊതുപരീക്ഷകൾ നടത്തേണ്ടി വരും. ഇതിനുപയോഗിക്കുന്ന ശോധകങ്ങളാണ് മാനകീകൃത ശോധകങ്ങൾ.

#### 4.1.5. ബുദ്ധിശോധകങ്ങൾ (Intelligence tests)

ബുദ്ധിനിലവാരം അളക്കുന്നതിനുള്ള ടെസ്റ്റാണ് ബുദ്ധി ശോധകങ്ങൾ. ഉയർന്ന നിലവാരം പുലർത്തുന്ന ടെസ്റ്റാണിത്. ബുദ്ധിശോധകങ്ങൾ ഒരു മാനകീകൃതശോധകം കൂടിയാണ്. പ്രതിഭാസമ്പന്നരെ തിരഞ്ഞെടുക്കാനുപയോഗിക്കുന്നു.

### 4.2. ഇതര പരീക്ഷകൾ

#### 4.2.1. പ്രകടന പരീക്ഷകൾ (Performance exams)

പഠിതാക്കൾക്ക് ലഭിക്കേണ്ട പഠനനേട്ടങ്ങൾ മുഴുവനും വിലയിരുത്താൻ എഴുത്തുപരീക്ഷയിലൂടെ മാത്രം കഴിയുകയില്ല. അതിനായി പ്രകടനപരീക്ഷകളും നടത്തേണ്ടതുണ്ട്. ഉദാഹരണമായി ഒരു കവിത ചൊല്ലാനുള്ള ശേഷിയാണ് വിലയിരുത്തുന്നതെങ്കിൽ പഠിതാവ് കവിത ചൊല്ലുകയും അതിനെ മറ്റുള്ളവർ വിലയിരുത്തൽസൂചകത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും വേണം. പ്രസംഗം, നിഘണ്ടു നിർമാണം, പ്രോജക്ടുകൾ, പരീക്ഷണങ്ങൾ, വായന, കഥപറച്ചിൽ, സ്ഥലസന്ദർശനവും വിവരശേഖരണവും, ചർച്ച, സെമിനാർ, അഭിനയം തുടങ്ങി നിരവധി ശേഷികൾ വിലയിരുത്തുന്നതിന് പ്രകടനപരീക്ഷകൾ ഉണ്ടെങ്കിൽ മാത്രമേ കഴിയൂ. ഇതിൽ മിക്കതും പഠനസമയത്തുതന്നെ നിരന്തരവിലയിരുത്തലിലൂടെ നിർവഹിക്കാൻ കഴിയും. എന്നാലും പ്രകടനപരീക്ഷകളുടെ പ്രാധാന്യം വളരെ വലുതാണ്.

#### 4.2.2. വാചിക പരീക്ഷകൾ (Oral exams)

എഴുത്തുപരീക്ഷയിൽ പഠിതാക്കൾ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കുമ്പോൾ വാചികപരീക്ഷയിൽ പറഞ്ഞ് അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. അഭിമുഖം ഒരു വാചിക പരീക്ഷയാണ്. സ്കൂളുകളിൽ മുഖ്യമായി ഉപയോഗിക്കേണ്ട രീതിയാണിത്. വാചികമായി ഭാഷ ഉപയോഗിക്കാനുള്ള ശേഷി വിലയിരുത്താനും ഇതിലൂടെ സാധിക്കുന്നു. ഇന്ന് തൊഴിൽരംഗത്തും ബിരുദബിരുദാനന്തരഗവേഷണരംഗത്തും വാചികപരീക്ഷകൾ ഉപയോഗിക്കുന്നു.

#### 4.2.3. ഓൺലൈൻ പരീക്ഷകൾ (Online exams)

ഒരു പ്രത്യേകമേഖലയുമായി ബന്ധപ്പെടുത്തി പഠിതാക്കളുടെ അറിവ് അളക്കാനായി ഓൺലൈനിലൂടെ നടത്തുന്ന പരീക്ഷാരീതിയാണിത്. പഠിതാക്കൾക്ക് അവരുടെ സമയമനുസരിച്ച് അവരവരുടെ കമ്പ്യൂട്ടറിൽ ചെയ്യാവുന്ന പരീക്ഷയാണിത്. ഇത്തരം പരീക്ഷകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ആവശ്യമാണ്. ചെലവുകുറഞ്ഞ പരീക്ഷാരീതിയാണിത്. ക്ലാസ്സുമുറി, സൂപ്പർവൈസർമാർ തുടങ്ങിയവയുടെ ആവശ്യമില്ല. മിക്ക എൻട്രൻസ് പരീക്ഷകളും ഓൺലൈൻ രീതിയിലാണ് നടത്തുന്നത്. പരീക്ഷയുടെ ഫലം ഉടൻതന്നെ അറിയാനും ഫീഡ്ബാക്ക് കിട്ടാനും ഇതിലൂടെ കഴിയുന്നു.

**ഓൺലൈൻ പരീക്ഷയുടെ നേട്ടങ്ങൾ**

1. പേപ്പർ ആവശ്യമില്ല.
2. സമയം ലാഭിക്കുന്നു.
3. പരീക്ഷാനടത്തിപ്പിന്റെ ചെലവ് ലാഭിക്കുന്നു.
4. വിദ്യാർഥികളുടെ പരീക്ഷാച്ചെലവ് കുറയ്ക്കുന്നു.
5. കൂടുതൽ രഹസ്യസ്വഭാവം ഉണ്ടാകും.

### 4.2.4. ഓൺ ഡിമാന്റ് പരീക്ഷകൾ (On demand exams)

പഠിതാവ് തയാറാകുന്ന സമയത്തുമാത്രം/ഡിമാന്റ് ചെയ്യുന്ന ഘട്ടത്തിൽമാത്രം നടത്തുന്ന പരീക്ഷയാണ് ഓൺ ഡിമാന്റ് പരീക്ഷകൾ.

**നേട്ടങ്ങൾ**

- പഠിതാവ് തയാറാകുമ്പോൾ മാത്രം പരീക്ഷ.
- സമ്മർദമില്ലാതെ പരീക്ഷയെഴുതാൻ കഴിയുന്നു.
- പരാജയഭീതി ഒഴിവാകുന്നു.
- നിരാശ, വിഷാദം, സഹപാഠികളുടെ പരിഹാസം തുടങ്ങിയവ ഇല്ലാത്ത രീതി.
- പരീക്ഷാഫലം ഉടനടി അറിയാൻ കഴിയുന്നു.
- ഓരോ വിദ്യാർഥിയുടെയും വ്യക്തിത്വത്തെ ബഹുമാനിക്കുന്നു.

മുകളിൽ പരാമർശിച്ച വിവിധ വിലയിരുത്തൽ സമ്പ്രദായങ്ങളുടെ നേട്ടങ്ങളും പരിമിതികളും കണ്ടെത്തി ക്ലാസിൽ ചർച്ച ചെയ്യണം; കുറിപ്പ് തയാറാക്കണം.

### 4.2.5. തുറന്ന പുസ്തക പരീക്ഷ (OTE-Open text Examination)

അധ്യാപകർക്ക് ഇടയ്ക്കിടയ്ക്ക് പ്രയോഗിച്ചു നോക്കാവുന്ന ഒരു വിലയിരുത്തൽ രീതിയാണിത്. കുട്ടി ആർജിച്ച ധാരണകൾ, വസ്തുതകൾ തുടങ്ങിയവയുടെ കേവലപരിശോധനയല്ലിത്. പഠനപ്രക്രിയയിലൂടെ കുട്ടി നേടിയ ധാരണകൾ, അനുഭവങ്ങൾ, വസ്തുതകൾ തുടങ്ങിയവ ആവശ്യാനുസരണം പ്രയോജനപ്പെടുത്താൻ ഈ രീതി സഹായകമാകും. കുട്ടിയുടെ വിമർശനാത്മകചിന്ത, ക്രിയാത്മകചിന്ത, പ്രശ്നപരിഹരണശേഷി, സർഗാത്മകത തുടങ്ങിയവ വിലയിരുത്താൻ തുറന്ന പുസ്തകപരീക്ഷ സഹായിക്കുന്നു.

'കുമാരനാശാന്റെ കവിതയുടെ പ്രത്യേകതകൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയാറാക്കൽ, കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകളെ കുറിച്ച് വിവരണം തയാറാക്കൽ തുടങ്ങിയ സന്ദർഭങ്ങളിൽ തുറന്ന പുസ്തക പരീക്ഷാരീതി ഉപയോഗിക്കാം.

**തുറന്ന പുസ്തക പരീക്ഷ എങ്ങനെ?**

- കുട്ടികൾക്ക് അവരുടെ പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, മറ്റു സാമഗ്രികൾ തുടങ്ങിയവ പരീക്ഷാസന്ദർഭത്തിൽത്തന്നെ ഉപയോഗിക്കാൻ കഴിയും.
- അധ്യാപകർ മാനകീകൃതചോദ്യങ്ങൾ (standardised questions) പരീക്ഷാദിവസത്തിനു മുമ്പു തന്നെ കൊടുക്കുന്നു. അതിന്റെ വെളിച്ചത്തിൽ കുട്ടികൾ തയാറാക്കിയ സാമഗ്രികളുടെ സഹായം പരീക്ഷാസന്ദർഭത്തിൽ ഉപയോഗിക്കാം.
- നേരത്തെ കൊടുക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഒരു പ്രത്യേക കാലാവധിക്കുള്ളിൽ, മറ്റുള്ളവരുടെ സഹായം കൂടാതെ, കണ്ടെത്തി അധ്യാപകർക്ക് തിരിച്ചുകൊടുക്കാം.

## 5. മറ്റ് വിലയിരുത്തൽ മേഖലകൾ

### 5.1. ബോധനപ്രക്രിയയുടെ വിലയിരുത്തൽ

പഠനബോധനപ്രക്രിയയുടെ ഭാഗമായി അധ്യാപിക സമഗ്രമായ ആസൂത്രണം നടത്തേണ്ടതുണ്ട്. പാഠഭാഗത്തിന്റെ / യൂണിറ്റിന്റെ ബോധനശാസ്ത്രപരമായ അപഗ്രഥനവും ദൈനംദിനാസൂത്രണവും നടത്തണം. ദൈനംദിനാസൂത്രണരേഖയുടെ (ടീച്ചിങ് മാന്വലിന്റെ) വിലയിരുത്തൽ പേജിലെ രേഖപ്പെടുത്തലുകൾ നിരന്തരമായ വിലയിരുത്തൽ പ്രക്രിയയിലെ സുപ്രധാനരേഖയാണ്. വിലയിരുത്തൽ സുതാര്യമാക്കാൻ ഇത് സഹായകമാകും. ഹെഡ്മാസ്റ്റർമാർ നിർവഹിക്കുന്ന ടീച്ചിങ് മാന്വൽ – ആസൂത്രണരേഖകളുടെ പരിശോധന, ക്ലാസ് മോണിറ്ററിംഗ് എന്നിവ ബോധനപ്രക്രിയയുടെ വിലയിരുത്തൽ ആണ്. എസ്.ആർ.ജി (സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്) മീറ്റിംഗുകളിലെ ചർച്ചയും ഇതിന് സഹായകമാകും.

### 5.2. വിദ്യാഭ്യാസസംവിധാനത്തിന്റെ വിലയിരുത്തൽ

ഗുണപരതയുള്ള പഠനം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസസംവിധാനത്തിന് ഏറെ ചെയ്യാനുണ്ട്. ഭൗതിക സൗകര്യങ്ങൾ ഒരുക്കുക, കൃത്യമായ പരിശീലനാവസരങ്ങൾ ഉറപ്പുവരുത്തുക എന്നതിനൊപ്പം വിദ്യാഭ്യാസവകുപ്പിന്റെ സംവിധാനങ്ങളായ സി.ആർ.സി (ക്ലസ്റ്റർ റിസോഴ്സ് സെന്റർ), ബി.ആർ.സി (ബ്ലോക്ക് റിസോഴ്സ് സെന്റർ), ഡയറ്റ് (DIET - District Institute of Education and Training), എ.ഇ.ഒ (Assistant Education Officer), ഡി.ഇ.ഒ (District Education Officer), ഡി.ഡി.ഇ (Deputy Director of Education) തുടങ്ങിയവരുടെ മോണിറ്ററിംഗും പിന്തുണയും വിദ്യാഭ്യാസ വിലയിരുത്തലിന്റെ ഭാഗമാണ്.

### 5.3. വിദ്യാലയവിലയിരുത്തൽ

മേൽപ്പറഞ്ഞ സംവിധാനങ്ങൾ വിദ്യാലയങ്ങളെ നിരന്തരമായി വിലയിരുത്തേണ്ടത് പരമപ്രധാനമാണ്. ഒപ്പം ത്രിതലപഞ്ചായത്തിന്റെ ഇടപെടലും അനിവാര്യമാണ്. ഫലപ്രദമായി ഒരു വിദ്യാലയത്തിന്റെ എല്ലാ ഘടകങ്ങളും ഒത്തുചേർന്നിട്ടുണ്ടോ എന്ന് വിലയിരുത്താനും അതിനാവശ്യമായ സമഗ്രപിന്തുണ കൊടുക്കാനും ശ്രദ്ധിക്കേണ്ടതാണ്. സ്കൂൾ സ്ഥിതിചെയ്യുന്ന പ്രാദേശിക സമൂഹത്തിനും PTA (Parent Teacher Association) യ്ക്കും വിദ്യാലയവിലയിരുത്തലിൽ നിർണായക പങ്കാണുള്ളത്.

### 5.4. വിലയിരുത്തലിന്റെ വിലയിരുത്തൽ

പഠനനേട്ടങ്ങൾ ആർജിച്ചിട്ടുണ്ടോ എന്നറിയുന്നതിന് വിവിധങ്ങളായ വിലയിരുത്തൽ തന്ത്രങ്ങളുണ്ട്. ആ വിലയിരുത്തൽ രീതികൾ എത്രത്തോളം ഫലപ്രദമായി എന്ന് വിലയിരുത്തുന്നതിനെയാണ് വിലയിരുത്തലിന്റെ വിലയിരുത്തൽ എന്ന് പറയുന്നത്. വിദ്യാഭ്യാസവകുപ്പിലെ സംവിധാനങ്ങളും അധ്യാപകരും വിദ്യാർത്ഥികളും 'വിലയിരുത്തലിന്റെ വിലയിരുത്തൽ' നടത്തി പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിന് ശ്രമിക്കണം.

നിരന്തരമായി വിലയിരുത്തലും മൂല്യനിർണയവും നടക്കുമ്പോൾ മാത്രമാണ് സമഗ്രമായ വിലയിരുത്തൽ നടക്കുക. അതാണ് നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (CCE - Continuous and Comprehensive Evaluation) നിരന്തര വിലയിരുത്തലിന്റെയും (CE - Continuous evaluation), ടേം വിലയിരുത്തലിന്റെയും (TE - Term and evaluation) അടിസ്ഥാനത്തിലാണ് കുട്ടിയുടെ പഠനപുരോഗതി നിർണയിക്കുന്നത്.

## 6. സഹരക്ഷാകർത്തൃത്വവും വിലയിരുത്തലും (Mentoring & Assesment)

കുട്ടിയുടെ പ്രകൃതം, പ്രത്യേകതകൾ, അഭിരുചികൾ, ആവശ്യങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവയിൽ ശ്രദ്ധയും താൽപര്യവും എടുക്കേണ്ട ഉത്തരവാദിത്തം ഓരോ രക്ഷാകർത്താവിനുമുണ്ട്. ഇതിൽ വരുന്ന ശ്രദ്ധക്കുറവ് കുട്ടിയുടെ സമഗ്രവികസനത്തെ പ്രതികൂലമായി ബാധിക്കും. സഹരക്ഷാകർത്തൃത്വം എന്നു പറയുന്നത് രക്ഷാകർത്തൃത്വം എന്നതിനോട് ചേർന്നുനിൽക്കുന്ന പ്രധാനപ്പെട്ട ഒരു ആശയമാണ്. ഒര

ധ്യാപകൻ പഠിതാക്കളുടെ സമഗ്രവികാസത്തിലേക്ക് നയിക്കുന്ന സാധ്യമായ എല്ലാ ഘടകങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് കുട്ടികളെ സഹായിക്കേണ്ട വ്യക്തിയാണ്. ഇത്തരത്തിലുള്ള അധ്യാപകൻ ഒരു സഹരക്ഷാകർത്താവിന്റെ തലത്തിലേക്കുയരുകയാണ് ചെയ്യുന്നത്. വീട്ടിൽ ലഭിക്കുന്ന രക്ഷാകർത്തൃത്വത്തിന്റെ തണൽ പഠിതാക്കൾക്ക് സ്കൂളിലും ക്ലാസിനകത്തും ലഭിക്കണം. സുരക്ഷിതബോധത്തോടും നിർഭയമായും പഠനപ്രക്രിയയിൽ ഏർപ്പെടാൻ കുട്ടിക്ക് ഇതിലൂടെ കഴിയും. പഠിതാവിന്റെ സമഗ്രവികസനത്തിന് വഴിതെളിക്കാനും പഠനം വിലയിരുത്താനും പഠനത്തിലെ പ്രയാസങ്ങൾ മനസ്സിലാക്കി പരിഹാരബോധനത്തിനുള്ള കൈത്താങ്ങ് നൽകുവാനും സഹരക്ഷാകർത്താവായ അധ്യാപകന് കഴിയണം.

### 7. പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള പ്രധാന ഉപാധികൾ

- ചോദ്യപേപ്പർ നൽകിയുള്ള വിലയിരുത്തൽ
- നിരീക്ഷണം (Observation)
- അഭിമുഖം (Interview)
- കേസ് സ്റ്റഡി (Case study)
- സമൂഹമിതി (Sociometry)

#### മൂല്യനിർണയോപകരണങ്ങൾ

- ചെക്ക്‌ലിസ്റ്റ് (Check list)
- റേറ്റിംഗ് സ്കെയിൽ (Rating scale)
- ഉപാഖ്യാനരേഖ (Anecdotal record)
- സഞ്ചിതരേഖ (Cumulative record)
- ഇൻവെന്ററി (Inventory)
- ശോധകങ്ങൾ (Tests)
- വാചികം (Oral)
- ലിഖിതം (Written)
- നിർവഹണം (Performance)

വിവിധ മൂല്യനിർണയോപകരണങ്ങളെക്കുറിച്ച് ഡി.എൽ.എഡ് ഒന്നാം സെമസ്റ്ററിലെ 'വിദ്യാഭ്യാസ മനശ്ശാസ്ത്രം' പേപ്പറിൽ വിശദീകരിച്ചിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

### 8. സ്കോറിങ്ങും ഗ്രേഡിങ്ങും

ഔപചാരികവിദ്യാഭ്യാസം ആരംഭിച്ച കാലം മുതൽ തന്നെ പഠിതാവിന്റെ പഠനപുരോഗതി വിലയിരുത്താൻ സ്വീകരിച്ചു വരുന്ന പ്രധാന ഉപാധിയാണ്, ചോദ്യപേപ്പർ ഉപയോഗിച്ചുകൊണ്ടുള്ള പരീക്ഷയും സ്കോറിങ്ങും. സ്കോറിങ് രീതിയുടെ പോരായ്മകൾ മനസ്സിലാക്കിക്കൊണ്ട് പിന്നീട് ഗ്രേഡിങ് രീതിയിലേയ്ക്ക് മാറി.

#### സ്കോറിങ്ങ് രീതിയുടെ പരിമിതികൾ

- പല പരിശോധകർ നൽകുന്ന സ്കോർ വ്യത്യസ്തമായിരിക്കും.
- പരിശോധകർ നൽകുന്ന സ്കോറിൽ 5 ശതമാനത്തോളം വ്യത്യാസം ഉണ്ടാകാറുണ്ട്.
- ഒന്നോ രണ്ടോ സ്കോറിന്റെ വ്യത്യാസത്തിൽ കുട്ടികളെ തരംതിരിക്കുന്നത് കുട്ടികളിൽ മാനസിക പ്രശ്നങ്ങളുണ്ടാക്കുന്നു.

- പല വിഷയങ്ങൾക്കായി കുട്ടികൾക്ക് ലഭിക്കുന്ന സ്കോറിങ്റേഞ്ച് വ്യത്യസ്തമായിരിക്കും.
- പഠിതാക്കളിൽ അനാരോഗ്യകരമായ മത്സരമനോഭാവം ഉണ്ടാകുന്നു; രക്ഷിതാക്കളുടെ അനഭിലഷണീയമായ ഇടപെടലിനും കാരണമാകുന്നു.

മുകളിൽ സൂചിപ്പിച്ച കോട്ടങ്ങൾ പ്രധാനമായും വിവരണാത്മക ചോദ്യങ്ങളുമായി ബന്ധപ്പെട്ടാണ് ഉണ്ടാകാറുള്ളത്.

**ഗ്രേഡിങ്**

സ്കോറിങ് രീതിയുടെ പരിമിതികൾ പരിഹരിക്കാനായി ഏർപ്പെടുത്തിയ വിലയിരുത്തൽ രീതിയാണിത്. ലാറ്റിൻപദമായ 'gradus' എന്ന പദത്തിൽ നിന്നാണ് Grading എന്ന പദം ഉണ്ടായത്. പടി (Step) എന്നാണിതിന്റെ അർഥം

**ഗ്രേഡിങ് രീതിയുടെ മേന്മകൾ**

- ഒന്നോ രണ്ടോ സ്കോറിന്റെ വ്യത്യാസം വച്ചു കൊണ്ട് പഠിതാക്കളെ വേർതിരിക്കുന്ന രീതി ഒഴിവാകുന്നു.
- കുട്ടികളിൽ അനാരോഗ്യകരമായ മത്സരം കുറയ്ക്കാൻ സാധിക്കുന്നു.
- പരിശോധകർ നൽകുന്ന സ്കോർ, റേഞ്ചിന്റെ പരിധിയിലേയ്ക്ക് വരുമ്പോൾ വിലയിരുത്തലിൽ വരുന്ന പാകപ്പിഴയുടെ അളവ് കുറയുന്നു.

ഗ്രേഡിങ് രണ്ടു തരത്തിലുണ്ട്. ഡയറക്ട് ഗ്രേഡിങും (Direct grading) സംഖ്യാധിഷ്ഠിത ഗ്രേഡിങും (Absoulute grading). പഠിതാവിന്റെ പഠനനേട്ടങ്ങൾ വിലയിരുത്തി നേരിട്ട് ലറ്റർ ഗ്രേഡ് നൽകുന്ന രീതിയായ ($A^+$, A, $B^+$ etc) ഡയറക്ട് ഗ്രേഡിങ് സഹവൈജ്ഞാനിക (Co-cognitive) മേഖലയിലെ വിലയിരുത്തലിനാണ് സാധാരണയായി ഉപയോഗിച്ചിരുന്നത്. 3 പോയിന്റ്, 5 പോയിന്റ് സ്കെയിലുകളാണ് പൊതുവെ ഉപയോഗിക്കുന്നത്.

പഠിതാവിന്റെ പഠനനേട്ടങ്ങൾ വിലയിരുത്തുമ്പോൾ ലഭിക്കുന്ന സ്കോറിനെ ലറ്റർ ഗ്രേഡിലേയ്ക്ക് മാറ്റുന്ന രീതിയാണ് സംഖ്യാധിഷ്ഠിത ഗ്രേഡിങ് (Absolute grading.)

LP, UP, HS തലങ്ങളിൽ യഥാക്രമം ഡയറക്ട്, 5 പോയിന്റ്, 9 പോയിന്റ് സ്കെയിലുകളാണ് ഇതിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

നിരന്തര മൂല്യനിർണയ (Continuous evaluation - C.E) ത്തിന്റെയും ടേം മൂല്യനിർണയ (Term end Evaluation- T.E) ത്തിന്റെയും സ്കോറുകൾ ഒരുമിച്ചു ചേർത്താണ് പഠിതാക്കളുടെ Over all grade തീരുമാനിക്കുന്നത്. ക്ലാസ് കയറ്റത്തിനും ഉപരിപഠനത്തിനും Over all grade അടിസ്ഥാനമാക്കുന്നു.

ഗ്രേഡിങ് രീതിയുടെ ക്രോഡീകരണം താഴെ ചേർക്കുന്നു.

| നമ്പർ | കുട്ടിയുടെ പേര് | I Term | | II Term | | III Term | | Total | Grade |
|---|---|---|---|---|---|---|---|---|---|
| | | CE | TE | CE | TE | CE | TE | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

UP, HS തലങ്ങളിൽ പഠിതാക്കൾക്ക് ലഭിക്കുന്ന സ്കോറിനെ ഗ്രേഡിങ്ങിലേക്ക് മാറ്റുന്ന രീതി താഴെ കൊടുക്കുന്നു. ഓരോ കാലഘട്ടത്തിലും ആവശ്യമെങ്കിൽ സ്കോറിംഗ് റേഞ്ചിൽ മാറ്റങ്ങൾ വരുത്താറുണ്ട്.

UP തലം 5 പോയിന്റ് സ്കെയിൽ

| ക്രമം | സ്കോറിന്റെ റേഞ്ച് % | ഗ്രേഡ് | വിശദീകരണം |
|---|---|---|---|
| 1 | 75-100 | A | Excellent |
| 2 | 60-74 | B | Very good |
| 3 | 45-59 | C | Good |
| 4 | 33-44 | D | Average |
| 5 | Below 33 | E | Below average |

HS തലം 9 പോയിന്റ് സ്കെയിൽ

| ക്രമം | സ്കോറിന്റെ റേഞ്ച് % | ഗ്രേഡ് | വിശദീകരണം |
|---|---|---|---|
| 1 | 90-100 | A+ | Outstanding |
| 2 | 80-89 | A | Excellent |
| 3 | 70-79 | B+ | Very good |
| 4 | 60-69 | B | Good |
| 5 | 50-59 | C+ | Above average |
| 6 | 40-49 | C | Average |
| 7 | 30-39 | D+ | Below average |
| 8 | 20-29 | D | Need Improvement |
| 9 | Below 20 | E | Need Improvement |

എൽ.പി. തലത്തിൽ നേരിട്ട് ഗ്രേഡ് നൽകുന്ന രീതി ഉപയോഗിക്കുന്നു. അതിനായി മാനദണ്ഡങ്ങൾ വിഷയബന്ധിതമായി തീരുമാനിക്കുന്നു. യു.പി. തലത്തിൽ ക്ലാസ് കയറ്റത്തിന് അർഹത നേടണമെങ്കിൽ കുറഞ്ഞത് ഡി ഗ്രേഡ് (33-44%) എല്ലാ വിഷയങ്ങൾക്കും നേടണം. ഹൈസ്കൂൾ തലത്തിൽ ക്ലാസ്കയറ്റം വേണമെങ്കിൽ കുറഞ്ഞത് ഡി+ ഗ്രേഡ് (30-39%) എല്ലാ വിഷയങ്ങൾക്കും നേടിയിരിക്കണം.

## 9. വിലയിരുത്തൽ രൂപരേഖ

വിലയിരുത്തൽ രൂപരേഖ എന്നത് മൂല്യനിർണയ മേഖലകൾ, വിലയിരുത്തൽ സൂചകങ്ങൾ, മൂല്യനിർണയ പ്രവർത്തനങ്ങൾ എന്നിവ വിശദമാക്കുന്ന രേഖയാണ്. ഇതിലെ ഓരോ ഘട്ടവും നിങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ മെച്ചപ്പെട്ട മൂല്യനിർണയ പ്രവർത്തനം തയാറാക്കുവാൻ പ്രാപ്തരാവുകയുള്ളൂ.

**വിലയിരുത്തൽ രേഖ തയാറാക്കൽ ഘട്ടങ്ങൾ**

1. അടിസ്ഥാന വിവരങ്ങൾ/പ്രാഥമിക വിവരങ്ങൾ രേഖപ്പെടുത്തുന്നു.
2. വിലയിരുത്തൽ മേഖലകളും സൂചകങ്ങളും നിശ്ചയിക്കുന്നു.

   ഓരോ വിഷയത്തിലും വിലയിരുത്തൽ മേഖലകൾ വ്യത്യസ്തമാണ്. വിലയിരുത്തൽ മേഖല നിശ്ചയിക്കലാണ് ആദ്യം ചെയ്യേണ്ടത്. അതിനുശേഷം ആ മേഖലയിലെ മൂല്യനിർണയ പ്രവർത്തന

ങ്ങൾ ഏതൊക്കെ ആശയങ്ങൾ/ധാരണകൾ എന്നിവ വിലയിരുത്താനാണെന്ന് കണ്ടെത്തി രേഖപ്പെടുത്തണം. മൂന്നാമത്തെ കോളത്തിൽ ഈ മേഖല വിലയിരുത്തുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള സൂചകങ്ങളും അടുത്ത കോളത്തിൽ സ്കോറും രേഖപ്പെടുത്തണം.

3. **മൂല്യനിർണയ പ്രവർത്തനം**

മൂല്യനിർണയ മേഖലയിൽ നിന്നുകൊണ്ട് പരിശോധിക്കാനുദ്ദേശിക്കുന്ന ആശയങ്ങൾ വിലയിരുത്താനുതകുന്ന പ്രവർത്തനമാണിവിടെ രേഖപ്പെടുത്തേണ്ടത്.

4. **സൂചകങ്ങളുടെ വ്യാഖ്യാനം**

നൽകിയ മൂല്യനിർണയ പ്രവർത്തനങ്ങളെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ച് എഴുതുകയാണ് വേണ്ടത്.

**9.1. പഠനപുരോഗതിരേഖ (Student Evaluation Profile - SEP)**

പഠിതാവിന്റെ പഠനപുരോഗതി ഇത്തരത്തിൽ നിശ്ചയിച്ചു കഴിഞ്ഞാൽ അത് രക്ഷാകർത്താവിനെയും, കുട്ടികളെയും അറിയിക്കേണ്ടതുണ്ട്. കുട്ടിയുടെ പഠനപുരോഗതി കൂടുതൽ വിശദമായി രേഖപ്പെടുത്തി നൽകുന്നതിനായി തയാറാക്കിയിട്ടുള്ള രേഖയാണ് SEP. ക്ലാസ് പി.ടി.എ (CPTA) യോഗത്തിൽ വച്ച് കുട്ടികളുടെ SEP അവർക്ക് വിതരണം ചെയ്യുകയും ചർച്ച നടത്തുകയും ചെയ്യണം. പഠിതാവിന്റെ പഠനപുരോഗതിയിൽ രക്ഷാകർത്താക്കളുടെ പങ്ക് പരമപ്രധാനമാണ്.

മുകളിൽ സൂചിപ്പിച്ച വിലയിരുത്തൽ രൂപരേഖ, സ്കോറിങ്, ഗ്രേഡിങ്, SEP, നിരന്തര മൂല്യനിർണയം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് നിങ്ങൾ അധ്യാപികയുടെ സഹായത്തോടെ കൂടുതൽ ചർച്ച നടത്തേണ്ടതാണ്. വിദ്യാഭ്യാസവകുപ്പും, SCERT, SSA, സമഗ്രശിക്ഷാ കേരള (SSK) തുടങ്ങിയ ഏജൻസികളും തയാറാക്കിയിട്ടുള്ള വിവിധ വിലയിരുത്തൽ രേഖകൾ ശേഖരിച്ച് ക്ലാസിൽ ചർച്ച ചെയ്ത് വിശകലനം നടത്തേണ്ടതാണ്. വിശകലനക്കുറിപ്പും തയാറാക്കണം. സ്കൂൾ അനുഭവപരിപാടിയുടെ ഭാഗമായുംമറ്റും നിങ്ങൾക്ക് വിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്താനുണ്ട്. അതിന് സഹായകമായ വിധത്തിൽ വിലയിരുത്തലിൽ ആവശ്യമായ നൈപുണി ആർജിക്കേണ്ടതാണ്.

നിലവിലുള്ള മൂല്യനിർണയസമ്പ്രദായത്തിന്റെ പരിമിതികൾ, മികവുകൾ, എന്നിവയെക്കുറിച്ചുള്ള സംവാദം ക്ലാസിൽ സംഘടിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമായ കുറിപ്പുകളെടുത്ത് റിപ്പോർട്ട് തയാറാക്കണം.

സാങ്കേതികവിദ്യകളുടെ സഹായത്തോടെയുള്ള വിലയിരുത്തൽ രീതികൾ പരിചയപ്പെടേണ്ടതുണ്ട്. ഓൺലൈൻ, ഓൺ ഡിമാന്റ് പരീക്ഷകൾ അത്തരത്തിൽപ്പെട്ടതാണ്. അതിനെക്കുറിച്ചുള്ള ചില സൂചനകൾ മുകളിൽ കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ. ഓൺലൈൻ, ഓൺ ഡിമാന്റ് പരീക്ഷകളെക്കുറിച്ചും സാങ്കേതിവിദ്യയുടെ സഹായത്തോടെ നിരന്തരമൂല്യനിർണയ രേഖപ്പെടുത്തൽ എങ്ങനെ ചെയ്യാം എന്നതിനെക്കുറിച്ചും പ്രായോഗികനിർദേശങ്ങൾ തയാറാക്കാൻ ശ്രദ്ധിക്കണം.

## ഈ യൂണിറ്റിലൂടെ കടന്നുപോയപ്പോൾ ചർച്ചചെയ്ത ആശയങ്ങൾ

1. പഠനത്തിനായുള്ള വിലയിരുത്തൽ, വിലയിരുത്തൽ തന്നെ പഠനം, പഠനത്തെ വിലയിരുത്തൽ എന്നീ തലങ്ങളിൽ വിലയിരുത്തൽ പ്രയോജനപ്പെടുത്തുന്നുണ്ട്.
2. വിലയിരുത്തലും മൂല്യനിർണയവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുന്നത് പഠനപ്രക്രിയ ഫലപ്രദമാക്കാൻ സഹായിക്കും.
3. വിലയിരുത്തൽ സംബന്ധിച്ച ധാരണകൾ നിരന്തരം സമഗ്രമായി പഠനപ്രക്രിയയിൽ ഇടപെടുന്നതിന് സഹായിക്കും.

4. മൂല്യനിർണയം എന്തിന് എന്ന തിരിച്ചറിവ് ഓരോ അധ്യാപകനും പഠനപ്രക്രിയ ഫലപ്രദമാക്കാൻ അനിവാര്യമാണ്.
5. വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളും നിരന്തരവും സമഗ്രവുമായി വിലയിരുത്തുമ്പോഴാണ് വിദ്യാലയപ്രവർത്തനങ്ങൾ (പഠനപ്രക്രിയ, പഠനസാമഗ്രി, മാനേജ്മെന്റ്, വിദ്യാലയ ആസൂത്രണം, വിദ്യാഭ്യാസ സംവിധാനങ്ങളുടെ പ്രവർത്തനം) മികവുറ്റതാകുന്നത്.
6. വിവിധ വിലയിരുത്തൽ സമ്പ്രദായങ്ങളെക്കുറിച്ച് അധ്യാപകർക്കുള്ള അറിവ് പഠനപ്രവർത്തനത്തിന്റെ വിലയിരുത്തലിൽ സഹായിക്കും.
7. പരിമാണാത്മകവും ഗുണാത്മകവുമായ വിലയിരുത്തൽ, നിരന്തരവിലയിരുത്തലും ടേം വിലയിരുത്തലും, സ്വയം വിലയിരുത്തൽ, പരസ്പരവിലയിരുത്തൽ, ബാഹ്യവിലയിരുത്തൽ, വ്യക്തിഗത വിലയിരുത്തൽ, സംഘവിലയിരുത്തൽ തുടങ്ങിയ വിലയിരുത്തൽ രീതികളുടെ സാമ്യവ്യത്യാസങ്ങൾ അധ്യാപകവിദ്യാർത്ഥി തിരിച്ചറിയുമ്പോൾ അനുയോജ്യമായ രീതി പ്രയോഗിക്കാൻ കഴിയും.
8. പരീക്ഷകൾക്ക് വൈവിധ്യമാർന്ന രീതികളുണ്ട്. (എഴുത്ത് പരീക്ഷ, പ്രകടന പരീക്ഷ, വാചിക പരീക്ഷ, ഓൺലൈൻ പരീക്ഷ, ഓൺ ഡിമാന്റ് പരീക്ഷ, തുറന്ന പരീക്ഷ)
9. ഓരോ കുട്ടിയുടെയും അഭിരുചിയും പ്രശ്നങ്ങളും തിരിച്ചറിഞ്ഞ് സഹായിക്കുന്നതിനും മാർഗദർശനം ചെയ്യുന്നതിനും മെന്ററിംഗ് അനിവാര്യമാണ്.
10. ഓരോ കുട്ടിയുടെയും പഠനനില വിലയിരുത്തി അതിന്റെ നില രേഖപ്പെടുത്തുന്നതിന് ഗ്രേഡിംഗ്, സ്കോറിംഗ് എന്നീ രീതികളുണ്ട്. ഗ്രേഡിങ്ങിൽത്തന്നെ വിവിധ രീതികളുണ്ട്.
11. കുട്ടികളുടെ പഠനനില വിശദമായി രേഖപ്പെടുത്തുന്നത് പഠനപുരോഗതി രേഖയിലാണ്.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ / തുടർപ്രവർത്തനങ്ങൾ

1. "പഠനപ്രക്രിയയിൽ വിലയിരുത്തലിന് പ്രഥമസ്ഥാനമാണുള്ളത്'. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ? എന്തുകൊണ്ട്?
2. അധ്യാപകൻ ഒരു സഹരക്ഷാകർത്താവ് ആകേണ്ടതുണ്ടോ? വിശദമാക്കുക.
3. പഠനത്തിൽ 'വിലയിരുത്തൽ തന്നെ പഠനം' എന്ന ആശയത്തിന്റെ പ്രാധാന്യമെന്ത്?
4. പഠനപ്രക്രിയയിൽ പഠിതാക്കളെ വിലയിരുത്തുന്നുണ്ട്. വിദ്യാലയത്തെയും വിലയിരുത്തേണ്ടതിന്റെ ആവശ്യമുണ്ടോ? സാധൂകരിക്കുക.
5. 'വിലയിരുത്തൽ തന്നെ പഠനം' എന്ന ആശയവും സ്വയം വിലയിരുത്തലിനെ സൂചിപ്പിക്കുന്നു. നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.
6. നമ്മുടെ വിദ്യാലയങ്ങളിൽ 'തുറന്ന പുസ്തകപരീക്ഷ' എത്രത്തോളം പ്രായോഗികമാണ്? വിലയിരുത്തുക.
7. 'വിലയിരുത്തൽ', 'മൂല്യനിർണയം' എന്നിവ കൊണ്ട് അർഥമാക്കുന്നതെന്ത്?
8. 'ഗ്രേഡിങ് രീതി' ഏറ്റവും അനുയോജ്യമായ വിലയിരുത്തൽ രീതിയാണ് ഇതിനെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്?

മുകളിൽ കൊടുത്ത ചോദ്യങ്ങളോടുള്ള നിങ്ങളുടെ പ്രതികരണം വിഷയ ഡയറിയിൽ കുറിക്കുക.

ഈ യൂണിറ്റുമായി ബന്ധപ്പെട്ട റഫറൻസ് സാമഗ്രികൾ ചുവടെ ചേർക്കുന്നു. റഫറൻസ് നടത്തി കൂടുതൽ കാര്യങ്ങൾ അറിയുകയും ചർച്ച ചെയ്യുകയും വേണം. കണ്ടെത്തലുകൾ നിങ്ങളുടെ ഡയറിയിൽ കുറിക്കുക.

## റഫറൻസ് സാമഗ്രികൾ


1. പടവുകൾ - എസ്.സി.ഇ.ആർ.ടി., കേരളം
2. D.Ed അധ്യാപക സഹായി സെമസ്റ്റർ 1, Volume 1 - എസ്.സി.ഇ.ആർ.ടി., കേരളം
3. ഉദ്ദേശ്യാധിഷ്ഠിത ബോധനം (Pages 71 to 116) - ഡോ. കെ. സോമൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
4. കേരള സ്കൂൾപാഠ്യപദ്ധതി (2013) നയരേഖ - കേരള സർക്കാർ, വിദ്യാഭ്യാസ വകുപ്പ്
5. മൂല്യനിർണയ രേഖ - എസ്.സി.ഇ.ആർ.ടി., കേരളം
6. Grading in Schools - NCERT
7. Using Assessment for School Improvement - Mary James, Heinemann Educational Publishers, Oxford.
8. Assessment for learning (Pages 3 to 348) - Surendra Pal, Arjun Publishing House , New Delhi 110002, Ph: 23272541, email. arjunbooks 2001@gmail.com
9. Educational Evaluation - Mujibul Hasan Siddiqui, APH Publishing Corporation, Ansari road, Darya Ganj, New Delhi. 110002
10. Educational measurement and evaluation - Dr. R.S.S Nehru, APH Publishing corporation New Delhi.
11. National Curriculum framework NCF 2005 - NCERT, NewDelhi
12. Kerala Curriculum framework KCF 2007 - SCERT, Kerala
13. വിലയിരുത്തൽ മാർഗരേഖ 2017-18 - എസ്.സി.ഇ.ആർ.ടി, കേരളം

# യൂണിറ്റ് - 5

# സാങ്കേതിക വിദ്യയും വിദ്യാഭ്യാസവും

**ആമുഖം**

ബോധന - പഠന പ്രക്രിയകൾ ആരംഭിച്ച കാലം മുതൽ തന്നെ വിവിധങ്ങളായ ബോധനപഠനോപകരണങ്ങൾ ഉപയോഗിച്ചു വന്നിരുന്നു. കമ്പുകെട്ടുകൾ, കല്ലുകൾ, മഞ്ചാടിക്കുരു പോലെയുള്ള കായ്കൾ എന്നിവ പ്രൈമറി ക്ലാസുകളിൽ ഉപയോഗിച്ചിരുന്നു. പിന്നീട് അക്ഷരകാർഡുകൾ, ചാർട്ടുകൾ, ചിത്രങ്ങൾ മുതലായവകൂടി ഉപയോഗിക്കാൻ തുടങ്ങി. റേഡിയോ, ടേപ്പ് റിക്കാർഡർ, ഫിലിം പ്രൊജക്ടർ മുതലായവ പിൽക്കാലത്ത് ഉപയോഗിച്ചു. ശാസ്ത്ര, വിവരസാങ്കേതിക രംഗത്തുണ്ടായ പുരോഗതിയുടെ ഭാഗമായി എൽ. സി. ഡി. പ്രൊജക്ടർ, മൊബൈൽ ഫോണുകൾ, ഇന്റർനെറ്റ്, ഇന്ററാക്ടീവ് ബോർഡുകൾ എന്നിവ പഠനരംഗത്ത് കടന്നുവന്നിട്ടുണ്ട്. നമ്മുടെ വിദ്യാലയങ്ങൾ ഹൈടെക്ക് ആയി മാറിക്കൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ് നിങ്ങൾ അധ്യാപകരാകാനുള്ള പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നത്. അധ്യാപകർ നേരത്തേ കൂട്ടി തയാറാക്കുന്നവയ്ക്ക് പുറമേ പഠനപ്രവർത്തനത്തിനിടയിൽ അധ്യാപകരും കുട്ടികളും തയാറാക്കുന്ന ഉപകരണങ്ങളും സാമഗ്രികളും പഠനോപകരണത്തിൽപ്പെടും. ചിത്രങ്ങൾ, ചാർട്ടുകൾ, മാതൃകകൾ, പദാർത്ഥങ്ങൾ, പരീക്ഷണോപകരണങ്ങൾ തുടങ്ങി വിവിധ ഉപകരണങ്ങളും സാമഗ്രികളും പഠനത്തെ സഹായിക്കാൻ ആവശ്യമാണ്.

വിദ്യാഭ്യാസ സാങ്കേതിക വിദ്യയെക്കുറിച്ച് അറിയുന്നതിനും വ്യക്തിവ്യത്യാസം പരിഗണിച്ചുള്ള പഠനവിഭവങ്ങൾ, ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനും പഠനോപകരണങ്ങളുടെ സവിശേഷതകൾ ഗ്രഹിക്കുന്നതിനും പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ അധ്യാപകർക്ക് പ്രൊഫഷണൽ മികവ് നേടാൻ കഴിയുന്നതിനുമാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്.

പഠിതാക്കൾക്ക് ലഭിക്കേണ്ട പഠനനേട്ടത്തെ അതിന്റെ ഏറ്റവും ഉയർന്ന നിലയിൽ എത്തിക്കുക എന്നതാണ് ഏതൊരു പഠന ബോധന പ്രക്രിയയുടെയും ഉദ്ദേശ്യം. അതിനായി അധ്യാപകർ വിവിധ രീതികളും മാർഗങ്ങളും സ്വീകരിക്കുന്നു. അതിൽ പ്രധാനമാണ് വിദ്യാഭ്യാസ സാങ്കേതിക വിദ്യ (Educational Technology) "Educational Technology involves different activities and Processes aiming at effective and efficient functioning and application of various media"

> *'Effective interpretation of Technology is achieved when students are able to select technology tools to help them obtain information in a timely manner, analyses and syntheses the information and present it professionally. The technology should become an integral part of how the classroom functions are accessible as all other tools' – International society for Technology in Education.*

കമ്പ്യൂട്ടർ, ടി. വി, റേഡിയോ, എൽ.സി.ഡി. പ്രൊജക്ടർ തുടങ്ങിയുള്ള ആധുനിക സാങ്കേതിക വിദ്യകൾ മാത്രമല്ല വിദ്യാഭ്യാസ സാങ്കേതിക വിദ്യയിൽ ഉൾപ്പെടുന്നത്. വിദ്യാഭ്യാസത്തിന്റെ ആരംഭകാലം മുതൽ ഉപയോഗിച്ചിരുന്ന ബ്ലാക്ക് ബോർഡ്, മണിച്ചട്ടം, ചാർട്ട്, കാർഡുകൾ, മാതൃകകൾ തുടങ്ങി എല്ലാ ഉപകരണങ്ങളും സാമഗ്രികളും വൈവിധ്യമാർന്ന പഠനതന്ത്രങ്ങളും രീതികളും വിദ്യാഭ്യാസ സാങ്കേതിക വിദ്യയുടെ പരിധിയിൽ വരുന്നു.

**പഠന ബോധന സാമഗ്രികൾ (Teaching Learning Materials - TLM)**

പഠനബോധന പ്രക്രിയയിൽ ഒഴിവാക്കാനാവാത്ത ഒരു ഘടകമാണ് പഠന ബോധന സാമഗ്രികൾ. വായന, എഴുത്ത്, ഗണിതം, യുക്തിചിന്ത, സർഗാത്മകത തുടങ്ങിയ മേഖലകളിൽ ആഴത്തിലുള്ള പഠനം എളുപ്പത്തിൽ സാധ്യമാക്കാനും ആശയരൂപീകരണത്തിനും, ആശയഗ്രഹണത്തിനും TLM സഹായി

ക്കുന്നു. കുട്ടികൾക്കും അധ്യാപകർക്കും ഒരുപോലെ ഇവ പ്രയോജനപ്പെടുന്നു. പഠിതാവിൽ പഠന താല്പര്യം ഉണ്ടാക്കാനും ജിജ്ഞാസ ജനിപ്പിക്കാനും ഇവയ്ക്ക് സാധിക്കുന്നു. എല്ലാ ഇന്ദ്രിയങ്ങളുടെയും സഹായത്തോടെ കൂടുതൽ ആഴത്തിൽ അറിവ് നേടാൻ TLM - ന്റെ ഉപയോഗത്തിലൂടെ കഴിയുന്നു. പഠനപ്രക്രിയയിലെ വിരസതയകറ്റി താത്പര്യമുണ്ടാകാൻ ഉചിതമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുന്നു. ആശയങ്ങളും വസ്തുതകളും എളുപ്പത്തിൽ അറിയാനും അതിലൂടെ സമയം ലാഭിക്കുന്നതിനും TLM - സഹായിക്കുന്നു.

**പഠന ബോധന സാമഗ്രികൾ എന്തിന്?**


- പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിന്
- ആശയരൂപീകരണം നടത്തുന്നതിന്
- ആശയവ്യക്തത കൈവരിക്കുന്നതിന്
- ആശയധാരണ ഉറപ്പിക്കുന്നതിന്
- പഠനം രസകരമാക്കുന്നതിന്
- സ്വയംപഠനത്തെ സഹായിക്കുന്നതിന്.
- 
- 

കൂടുതൽ കാര്യങ്ങൾ ചർച്ചയിലൂടെ കണ്ടെത്തി ഈ ലിസ്റ്റ് പൂർത്തിയാക്കൂ.

**ചില പഠനോപകരണങ്ങളും, സാമഗ്രികളും സഹായികളും ക്ലാസിൽ പ്രയോജനപ്പെടുത്തുന്നതിലൂടെ രൂപീകരിക്കാവുന്ന ആശയങ്ങളും, മറ്റു ഘടകങ്ങളും**

- അബാക്കസ് – സംഖ്യാ ബോധം
- ഗ്ലോബ് – ഭ്രമണം, പരിക്രമണം, വൻകരകൾ തുടങ്ങിയവ
- ശുചിത്വവുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പിങ്ങ് – ശുചിത്വ ബോധം
- കവികളുടെ പ്രധാനപ്പെട്ട വരികളുടെ ശേഖരം – കവിതയിലെ ഈണം, ഭാവം കവിതകളോടും, കവികളോടും താല്പര്യം
- ഇന്ത്യയുടെ കാലാവസ്ഥാഭൂപടം – വിവിധ സംസ്ഥാനങ്ങളിലെ കാലാവസ്ഥ താരതമ്യം ചെയ്ത് നിഗമനത്തിലെത്തിച്ചേരൽ.

■ **പഠനോപകരണങ്ങൾക്ക്/സാമഗ്രികൾക്ക് ഉണ്ടാകേണ്ട ചില സവിശേഷതകൾ**



മുകളിൽ കൊടുത്ത ലിസ്റ്റിൽ കൂടുതൽ കുട്ടിച്ചേർക്കലുകൾ വരുത്താൻ നിങ്ങൾ ഒറ്റയ്ക്കും കൂട്ടായും ശ്രമിക്കണം. അതെന്തൊക്കെയാണെന്ന് നിങ്ങളുടെ ഡയറിയിൽ കുറിക്കാനും ശ്രദ്ധിക്കണം. പ്രസ്തുത സവിശേഷതകളെക്കുറിച്ചുള്ള ധാരണകൾ ക്ലാസിലെ കൂട്ടായ ചർച്ചയിൽ നിന്ന് രൂപീകരിക്കേണ്ടതുണ്ട്. അധ്യാപികയുടെ സഹായത്തോടെ അതിനുവേണ്ടി ശ്രമിക്കുമല്ലോ.

- നിങ്ങളുടെ സ്ഥാപനത്തിനടുത്തുള്ള പ്രൈമറി സ്കൂളുകൾ സന്ദർശിക്കുകയും ക്ലാസ് നിരീക്ഷണം നടത്തി അവിടെ ഉപയോഗിച്ച പഠനോപകരണങ്ങളുടെ അനുയോജ്യത, മേന്മകൾ, പരിമിതികൾ എന്നിവ കണ്ടെത്തി റിപ്പോർട്ട് തയാറാക്കുകയും അതുമായി ബന്ധപ്പെട്ട ചർച്ച നിങ്ങളുടെ ക്ലാസിൽ സംഘടിപ്പിച്ച് പഠനോപകരണം സംബന്ധിച്ച് ശരിയായ ധാരണ ഉറപ്പിക്കുകയും വേണം. ചർച്ചാക്കുറിപ്പ് തയാറാക്കണം.
- പഠനോപകരണ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന സ്കൂളുകൾ സന്ദർശിച്ച് റിപ്പോർട്ട് തയാറാക്കണം.
- 1 മുതൽ 8 വരെ ക്ലാസുകളിലെ പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമിക്കാനുള്ള ശില്പശാല സംഘടിപ്പിക്കണം; പഠനോപകരണങ്ങളും സാമഗ്രികളും നിർമിക്കണം.

**ബ്ലാക്ക് ബോർഡ്, ബുള്ളറ്റിൻ ബോർഡ്, ചാർട്ട്, മേപ്പ്, ഗ്ലോബ് , ലൈബ്രറി പുസ്തകങ്ങൾ എന്നിവയുടെ ഉപയോഗം**

വളരെ പ്രധാനപ്പെട്ട ഒരു പഠനോപകരണമാണ് ബ്ലാക്ക്ബോർഡ്. ബ്ലാക്ക്ബോർഡ് ഉപയോഗിക്കുന്നതിലുള്ള പ്രാവീണ്യം പ്രധാനപ്പെട്ട ഒരു അധ്യാപന നൈപുണിയാണ്. ബ്ലാക്ക് ബോർഡിനു പകരം ഗ്രീൻബോർഡ്, വൈറ്റ്ബോർഡ് തുടങ്ങിയവ ഇന്ന് സാർവത്രികമായി ഉപയോഗിച്ചുവരുന്നു. ഡിജിറ്റൽ ഇന്ററാക്ടീവ് ബോർഡുകളുടെ കാലമാണിത്.എന്നാൽ പോലും ബ്ലാക്ക്ബോർഡുകളുടെ പ്രാധാന്യം കുറഞ്ഞിട്ടില്ല. വളരെ കുറഞ്ഞ ചെലവിൽ കുട്ടികൾക്കും അധ്യാപകർക്കും എഴുതാനും ചിത്രം വരയ്ക്കാനും കണക്കു കൂട്ടാനും കഴിയുന്ന ഒരു ചെലവുകുറഞ്ഞ പഠനോപകരണമാണ് ബ്ലാക്ക് ബോർഡ്.



ബുള്ളറ്റിൻ ബോർഡുകൾ മറ്റൊരു സങ്കേതമാണ്. പ്രധാനപ്പെട്ട വാർത്തകളും ചിത്രങ്ങളും പഠനവസ്തുതകളുമെല്ലാം ഒട്ടിച്ചു വച്ച് മറ്റുള്ളവർക്ക് അറിവ് പകർന്നു നൽകുന്നതിനാണ് ബുള്ളറ്റിൻ ബോർഡുകൾ ഉപയോഗിക്കുന്നത്. ബുള്ളറ്റിൻ ബോർഡുകൾ തയാറാക്കുന്നതിലൂടെ കുട്ടികൾ സ്വയം അറിവ് ശേഖരിക്കുന്നു. മറ്റുള്ളവർക്ക് കൈമാറുന്നു.

സർവസാധാരണമായി ഉപയോഗിക്കുന്ന ഒരു പഠനോപകരണമാണ് ചാർട്ട്. പലതരം ചാർട്ടുകളുണ്ട്. അക്ഷരച്ചാർട്ട്, പദച്ചാർട്ട്, വാക്യചാർട്ട്, സംഖ്യാചാർട്ട്, ചിത്രചാർട്ട്, കവിതാചാർട്ട് തുടങ്ങിയവ. എളുപ്പത്തിൽ നിർമ്മിക്കാവുന്ന ഒരു പഠനോപകരണമാണിത്. കുട്ടികൾക്ക് ചാർട്ടുകൾ സ്വയം നിർമിക്കാൻ സാധിക്കും.

സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളാണ് മേപ്പുകളും ഗ്ലോബും. ഭൂമിയെക്കുറിച്ചും മറ്റു ഗ്രഹങ്ങളെക്കുറിച്ചും പഠിക്കുന്നതിന് മേപ്പ് സഹായകമാകും. മേപ്പ് റീഡിങ്ങ് വളരെ പ്രധാനപ്പെട്ട ഒരു നൈപുണിയാണ്. വിവിധ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, അതിരുകൾ, ഗതാഗതം, കൃഷി, കാലാവസ്ഥ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ നമുക്ക് ഭൂപടത്തിലൂടെ അവതരിപ്പിക്കാനും പഠിക്കാനും സാധിക്കും.

ഭൂമിയുടെ ഭ്രമണം, പരിക്രമണം, വൻകരകൾ, അക്ഷാംശ രേഖാംശങ്ങൾ, ധ്രുവപ്രദേശങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച ആശയങ്ങൾ രൂപീകരിക്കാൻ ഗ്ലോബിലൂടെ കഴിയുന്നു.

അറിവുനിർമാണപ്രക്രിയയിലെ അവിഭാജ്യഘടകമാണ് വായന. ഡിജിറ്റൽയുഗമായ വർത്തമാനകാലയളവിലും വായനയുടെ പ്രാധാന്യത്തിന് ഇളക്കം തട്ടിയിട്ടില്ല. കുട്ടികൾക്ക് എളുപ്പത്തിൽ അറിവ് ശേഖരിക്കാൻ വായനയിലൂടെ കഴിയുന്നു. എല്ലാ വിഷയങ്ങളുമായും ബന്ധപ്പെട്ട പുസ്തകങ്ങൾ ക്ലാസിലെ വായനമൂലയിൽ/ ക്ലാസ് ലൈബ്രറിയിൽ ഉണ്ടാകണം. പുസ്തകങ്ങൾ, ബാലമാസികകൾ, വിവിധ ശേഖരങ്ങൾ എന്നിവ അവിടെയുണ്ടാവണം. എല്ലാ സ്കൂളിലും ഒരു സ്കൂൾലൈബ്രറി സജീവമായി പ്രവർത്തിക്കുന്നത് പഠന ബോധന പ്രക്രിയയെ ഏറെ സഹായിക്കും.

ബ്ലാക്ക്ബോർഡ് ഉപയോഗിക്കുമ്പോൾ ഇനി എന്തൊക്കെ ശ്രദ്ധിക്കണം. നിങ്ങൾ ചർച്ച ചെയ്ത്, കണ്ടെത്തി എഴുതൂ. ഇതുപോലെ ഓരോ പഠനോപകരണങ്ങളും സാമഗ്രികളും നിർമിക്കുമ്പോഴും ഉപയോഗിക്കുമ്പോഴും  വേണ്ടത്ര ശ്രദ്ധ കൊടുക്കണം. അതെന്തൊക്കെയാവാമെന്ന് കൂട്ടായി ചർച്ച ചെയ്യുമല്ലോ.

- ഫോട്ടോ ഗ്രാഫുകൾ
- ചിത്രങ്ങൾ
- പോസ്റ്ററുകൾ.
- ചാർട്ടുകൾ
- ഡയഗ്രങ്ങൾ (Diagrams)
- ഭൂപടങ്ങൾ
- രേഖാചിത്രങ്ങൾ
- കാർട്ടൂണുകൾ
- ബ്ലാക്ക് ബോർഡ്, ഗ്രീൻ ബോർഡ്, വൈറ്റ് ബോർഡ്, ഡിജിറ്റൽ ബോർഡ്
- ഫ്ളാനൽ ബോർഡ്
- ബുള്ളറ്റിൻ ബോർഡ്
- മാഗ്നറ്റിക് ബോർഡ്
- മാതൃകകൾ (Models)

- സ്പെസിമെനുകൾ
- പാവകൾ
- പരീക്ഷണങ്ങൾ
- ഫീൽഡ്ട്രിപ്പ്
- നാടകീകരണം
- പ്രൊജക്ടറുകൾ
- സ്ലൈഡുകൾ
- ഇന്റർനെറ്റ്, Wi Fi, ഇ - മെയിൽ, യൂട്യൂബ് തുടങ്ങിയവ
- സ്മാർട്ട് വൈറ്റ് ബോർഡ്
- എൽ. സി. ഡി. പ്രൊജക്ടർ
- സ്മാർട്ട് ബോർഡ് ഇന്ററാക്ടീവ് ഡിസ്പ്ലേ
- Social Networking and blogs
- ഓഡിയോ ഫയലുകൾ
- Tablets
- ഡിജിറ്റൽ ക്യാമറ
- ഡിജിറ്റൽ ഓഡിയോ റിക്കാർഡുകൾ
- CD/DVD, Digital duplicators
- വിദ്യാഭ്യാസ സോഫ്റ്റ് വെയറുകൾ
- Mimio vote, mimio view, Mimio Pad, Mimio Capture, Mimio tech
- വയർലസ് കീബോർഡ് & മൗസ്
- ഡി.വി.ഡി. പ്ലേയർ


*നിങ്ങൾ എഴുതി തയാറാക്കുന്നതുൾപ്പെടെയുള്ള പഠനസഹായികളെ ചിത്രീകരണ സഹായികൾ, ഡിസ്പ്ലേ സഹായികൾ, ത്രിമാന സഹായികൾ, പ്രവർത്തനസഹായികൾ, പ്രക്ഷേപസഹായികൾ (Projecting Aids) എന്നിങ്ങനെ തരംതിരിക്കാൻ കഴിയുമോ? ശ്രമിച്ചു നോക്കൂ.*

പഠനബോധന സാമഗ്രികളെ ഹാർഡ് വെയർ (Hardware) സോഫ്റ്റ് വെയർ (Software) എന്നിങ്ങനെ തരം തിരിക്കാം. പ്രൊജക്ടറുകൾ, ടേപ്പ് റിക്കാർഡുകൾ, ടെലിവിഷൻ, റേഡിയോ, കമ്പ്യൂട്ടർ തുടങ്ങിയവ ഹാർഡ് വെയർ വിഭാഗത്തിൽ ഉൾപ്പെടുന്നു. ന്യൂസ് പേപ്പറുകൾ, പുസ്തകങ്ങൾ, മാസികകൾ, വിദ്യാഭ്യാസ ഗെയിമുകൾ, ചാർട്ട്, അക്ഷരക്കാർഡുകൾ തുടങ്ങിയവ സോഫ്റ്റ് വെയർ വിഭാഗത്തിൽപ്പെടുന്നു. ഹാർഡ് വെയറിൽ എഞ്ചിനീയറിംഗ് തത്ത്വങ്ങളുപയോഗിച്ചുകൊണ്ടുണ്ടാക്കുന്ന ഇലക്ട്രോമെക്കാനിക്കൽ ഉപകരണങ്ങളാണ് ഉൾപ്പെടുന്നത്. പഠനത്തിലെ സങ്കീർണ്ണത കുറയ്ക്കാനും പഠനം രസകരമാക്കാനും ഉപയോഗിക്കുന്ന സാമഗ്രികളും സഹായികളുമാണ് സോഫ്റ്റ് വെയർ വിഭാഗത്തിൽപ്പെടുന്നത്. മുകളിൽച്ചേർത്ത പഠനബോധന ഉപകരണങ്ങളെയും സഹായികളെയും ഹാർഡ് വെയർ, സോഫ്റ്റ് വെയർ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി ലിസ്റ്റ് ചെയ്യണം.

### ■ ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ഉപയോഗം

ആധുനിക വിദ്യാഭ്യാസത്തിൽ ദൃശ്യശ്രാവ്യ ഉപകരണങ്ങളുടേയും കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും പ്രാധാന്യം വളരെ വലുതാണ്.

■ **വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ദൃശ്യശ്രാവ്യ ഉപകരണങ്ങൾ**




മുകളിൽ കൊടുത്ത ഉപകരണങ്ങളുടെ ലിസ്റ്റ് പൂർത്തിയാക്കൂ.

നമ്മുടെ സംസ്ഥാനത്ത് ക്ലാസ് മുറികളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരിക യാണല്ലോ. എന്താണ് ഹൈടെക് ക്ലാസ്മുറികൾ?

**ഹൈടെക് ക്ലാസ്മുറികൾ**

കുട്ടിക്കും അധ്യാപകനും ക്ലാസ് സമയത്ത് പിന്തുണ ഉറപ്പാക്കുന്ന സംവിധാനമാണിത്. വീഡിയോ കൾ, ഓഡിയോകൾ, വർക്ക്ഷീറ്റുകൾ, ഇന്ററാക്ടീവ് കളികൾ, വിലയിരുത്തലുകൾ തുടങ്ങി ഒട്ടേറെ സൗകര്യങ്ങൾ ഇത്തരം ക്ലാസ്മുറിയിലുണ്ട്. മികച്ച പഠനാനുഭവങ്ങൾ കുട്ടിക്ക് ലഭ്യമാക്കാൻ ഡിജിറ്റൽ സംവിധാനത്തിലൂടെ കഴിയുന്നു. വിവിധ ഉള്ളടക്കങ്ങളുമായി നേരിട്ട് ബന്ധമുള്ള അനിമേഷൻ വീഡിയോകൾ, സാധാരണ വീഡിയോകൾ, ഓഡിയോകൾ, ജിമ്പ്, ജിയോജിബ്ര മുതലായ സോഫ്റ്റ് വെയറുകൾ. ഇന്ററാക്ടീവ് കളികൾ, വർക്ക് ഷീറ്റുകൾ, റീഡിങ്ങ് കാർഡുകൾ, ചിത്രങ്ങൾ, പാഠങ്ങൾ, അധികവായനാസാമഗ്രികൾ, പരിഹാരബോധനപരിപാടികൾ, വിലയിരുത്തൽ സംവിധാനങ്ങൾ, വിക്ടേഴ്സ് ചാനൽ പോലെയുള്ള സാധ്യതകൾ തുടങ്ങി നിരവധി സൗകര്യങ്ങളാണ് ഡിജിറ്റൽ ക്ലാസ് മുറിയിലുള്ളത്.

- സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും ഉപയോഗം സംബന്ധിച്ച് മുൻകൂട്ടി തയാ റാക്കിയ സർവ്വേ ഫോറം ഉപയോഗിച്ച് നിങ്ങൾ വിദ്യാലയങ്ങളിൽ സർവ്വേ നടത്തണം. സർവ്വേ ഫോറം തയാറാക്കുന്നത് ഗ്രൂപ്പു ചർച്ചയുടെ അടിസ്ഥാനത്തിലാവണം. വിവിധ വിദ്യാലയ ങ്ങൾ സന്ദർശിച്ച് ക്ലാസ് നിരീക്ഷിച്ച് ആവശ്യമായ ഡേറ്റ ശേഖരിക്കണം.
- സർവ്വെയുടെ അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങളെ ക്രോഡീകരിച്ച് സെമിനാറിൽ അവത രിപ്പിക്കണം. സെമിനാറിലെ ചർച്ചകൾക്കുശേഷം റിപ്പോർട്ട് തയാറാക്കണം.
- "വിവര സാങ്കേതിക വിദ്യാവിഭവങ്ങളുടെ കണ്ടെത്തലും പ്രയോജനപ്പെടുത്തലും" എന്ന വിഷയത്തെക്കുറിച്ചുള്ള ചർച്ച ക്ലാസിൽ സംഘടിപ്പിക്കണം.
- ബ്ലാക്ക് ബോർഡിന്റെ ഉപയോഗം, ചാർട്ടു നിർമാണം, ചിത്രരചന, ഭൂപട നിർമാണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് ക്ലാസിൽ സംഘടിപ്പിക്കുന്ന ശില്പശാലയിലൂടെ പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട നൈപുണി വികസിപ്പിക്കാൻ നിങ്ങൾക്ക് കഴിയണം.

■ **വിദ്യാലയം ഒരു പഠനോപകരണം, ക്യാമ്പസ് ഒരു പാഠപുസ്തകം, ജൈവ വൈവിധ്യ ക്യാമ്പസ്, ഹൈടെക്ക് വിദ്യാലയം, ടാലന്റ് ലാബ്**

വിദ്യാലയം തന്നെ ഒരു പഠനോപകരണമാണെന്നുള്ള ആശയം ഈയടുത്ത കാലത്ത് നിലവിൽ വന്ന താണ്. ഭാഷ, ഗണിതം, പരിസരപഠനം, ഇംഗ്ലീഷ് തുടങ്ങി നിരവധി വിഷയങ്ങൾക്ക് സ്കൂൾ കെട്ടി ടത്തെ തന്നെ പഠനോപകരണമാക്കാം. വിദ്യാഭ്യാസ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിട

ത്തിന്റെ ചുവരുകൾ പഠനോപകരണമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, മഹത് വചനങ്ങൾ തുടങ്ങിയവ മിക്ക വിദ്യാലയങ്ങളിലെയും ചുവരുകളിൽ നമുക്ക് കാണാൻ സാധിക്കും. Building As Learning Aid (BALA) എന്ന ആശയം തന്നെ ഇതിന്റെ ഭാഗമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സ്കൂളുകളിലും 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ടുള്ള പരിപാടികൾ നടപ്പിലാക്കി വരികയാണ്. സംസ്ഥാനത്തെ പല സ്കൂളുകളിലും ഇപ്പോൾ തന്നെ പൈലറ്റ് പ്രോഗ്രാം എന്ന തരത്തിൽ ഈ ആശയം നടപ്പിലാക്കിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി 'ജൈവവൈവിധ്യ പാർക്ക് ' ഉൾപ്പെടെ തുടങ്ങാൻ പദ്ധതി തയാറാക്കിയിട്ടുണ്ട്. ഹരിത നിയമാവലി (ഗ്രീൻപ്രോട്ടോക്കോൾ) നടപ്പിലാക്കിക്കൊണ്ടാണ് ഇത് സാധ്യമാക്കുന്നത്. ഭക്ഷണം പാഴാക്കാതിരിക്കുക, മഷിപ്പേന ശീലമാക്കുക, ഉപയോഗശേഷം വലിച്ചെറിയുന്ന പാത്രങ്ങൾക്ക് പകരം സ്റ്റീൽ പ്ലേറ്റുകളും സ്റ്റീൽ ഗ്ലാസ്സുകളും ഉപയോഗിക്കുക, പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം സ്റ്റീൽ കുപ്പികളിൽ വെള്ളം കൊണ്ടുവരുക, ജൈവാവശിഷ്ടങ്ങളെ വളമാക്കി മാറ്റുക, ഫ്ളക്സ് ബോർഡുകളും ബാനറുകളും ഒഴിവാക്കുക, മാലിന്യങ്ങൾ പരിസരങ്ങളിൽ വലിച്ചെറിയാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ കുട്ടികൾ സ്കൂളിൽ നിന്നു തന്നെ ശീലിച്ചു തുടങ്ങേണ്ടതുണ്ട്. കൃഷി, കുടിവെള്ളസംരക്ഷണം, തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ള അനുഭവങ്ങളും കുട്ടികൾക്ക് വിദ്യാലയത്തിൽ നിന്നു ലഭിക്കണം. എല്ലാ സ്കൂളിലും പച്ചക്കറിത്തോട്ടവും ഔഷധസസ്യത്തോട്ടവും കുട്ടികളുടെ നേതൃത്വത്തിൽ പരിചരിക്കണം. പ്രകൃതിയെ തൊട്ടറിയാനും പാരിസ്ഥിതികബോധം വളർത്താനും ഇത്തരം പ്രവർത്തനത്തിലൂടെ സാധിക്കും. എല്ലാ സ്കൂളിലും കഴിയുമെങ്കിൽ ഒരു കുട്ടിവനം ഉണ്ടാക്കിയെടുക്കുക. എന്നതും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്. പരിസ്ഥിതിപ്രവർത്തകർ, നാട്ടുവൈദ്യർ, വിദ്യാർത്ഥി പ്രതിനിധി, അധ്യാപകരുടെയും പി. ടി. എ യുടെയും പ്രതിനിധികൾ എന്നിവരുൾക്കൊള്ളുന്ന സമിതിയുടെ നേതൃത്വത്തിലാണ് ജൈവ വൈവിധ്യപാർക്കുകൾ തയാറാക്കേണ്ടത്. സ്കൂൾ ക്യാമ്പസിൽ നിന്നുതന്നെ ധാരാളം പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടായിരിക്കണം വിദ്യാർത്ഥികൾ പഠനകാലം കഴിഞ്ഞ് ജീവിതത്തിലേക്ക് ഇറങ്ങേണ്ടത്. ജൈവ വൈവിധ്യ രജിസ്റ്റർ തയാറാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്.

'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്നതിലൂടെ ഓരോ കുട്ടിയെയും പരിസ്ഥിതി ശാസ്ത്രജ്ഞരായി വളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. സ്കൂൾപരിസ്ഥിതിയെ കുട്ടികൾ തന്നെ പാഠപുസ്തകമാക്കുകയാണിവിടെ ചെയ്യുന്നത്.

### ഹൈടെക് വിദ്യാലയം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സ്കൂളുകളിലെ ഏകദേശം 45000 ക്ലാസ്മുറികൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിയാണ് **ഹൈടെക് സ്കൂൾ.** ഡിജിറ്റൽ ഇന്ററാക്റ്റീവ് പാഠപുസ്തകം, എല്ലാ വിഷയങ്ങളുടേയും പഠനത്തിന് സഹായകമാകുന്ന ഡിജിറ്റൽ ഉള്ളടക്കശേഖരം, എല്ലാവർക്കും മുഴുവൻസമയ പഠനാന്തരീക്ഷം ഉറപ്പാക്കുന്ന സമഗ്ര പോർട്ടൽ, ഇ-ലേണിങ്/എം ലേണിങ്, ലേണിങ് മാനേജ്മെന്റ് സംവിധാനം, മൂല്യനിർണയ സംവിധാനം തുടങ്ങിയവ ഇതിന്റെ ഭാഗമാണ്.

### ടാലന്റ് ലാബ്

കുട്ടികൾക്ക് അഭിരുചിയുള്ള മേഖല കണ്ടെത്തി സ്കൂൾ പഠനകാലത്തുതന്നെ പരിശീലനവും പ്രോത്സാഹനവും നൽകാനാണ് ടാലന്റ് ലാബുകൾ. പഠനപുരോഗതി മാത്രമല്ല സ്വയം തിരിച്ചറിയൽ, സർഗാത്മക ചിന്ത, നിരീക്ഷണ പാടവം, നേതൃപാടവം, ആശയവിനിമയശേഷി, സഹഭാവം തുടങ്ങിയവ ആർജി

ക്കാനും കുട്ടികളിൽ അന്തർലീനമായ കഴിവുകൾ വികസിപ്പിക്കാനും ടാലന്റ് ലാബ് എന്ന ആശയത്തിന്റെ നടപ്പാക്കലിലൂടെ സാധിക്കും.

സ്കൂളിലെ മുഴുവൻ കുട്ടികളുടേയും അഭിരുചി കണ്ടെത്തി അവരെ വിവിധ ടാലന്റ് ഗ്രൂപ്പുകളായി തിരിക്കാം. ഒന്നിലധികം ടാലന്റുള്ളവരെ ഒന്നിലധികം ഗ്രൂപ്പിൽ ഉൾപ്പെടുത്താം. എല്ലാ കുട്ടികളെയും ഏതെങ്കിലുമൊരു ടാലന്റ് ഗ്രൂപ്പിൽ ഉൾപ്പെടുത്തണം. രക്ഷാകർത്താക്കൾ, ക്ലബ്ബുകൾ, പൂർവ്വവിദ്യാർത്ഥികൾ, സന്നദ്ധപ്രവർത്തകർ, കലാകാരന്മാർ, സാഹിത്യകാരന്മാർ, മറ്റ് വിവിധ മേഖലകളിൽ കഴിവുതെളിയിച്ചവർ തുടങ്ങിയവരുടെ സഹകരണം ടാലന്റ് ലാബിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിക്കണം. ഭാഷാപരം, ശാസ്ത്രപരം, ഗണിതപരം, സാമൂഹ്യശാസ്ത്രപരം, കലാപരം, നിർമാണപരം, കായികപരം, കൃഷി പോലെയുള്ള മറ്റിനങ്ങൾ തുടങ്ങിയവ ടാലന്റ് ലാബിലുണ്ടാകും.

- മുകളിൽ സൂചിപ്പിച്ച ഓരോ മേഖലയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി, സമഗ്രശിക്ഷാ അഭിയാൻ തുടങ്ങിയ ഏജൻസികൾ തയാറാക്കിയ മാർഗരേഖകൾ പരിശോധിച്ച് നിങ്ങൾ കുറിപ്പുകൾ തയാറാക്കണം.
- വിദ്യാലയങ്ങളിൽ ടാലന്റ് ലാബ്, ജൈവ വൈവിധ്യപാർക്ക് തുടങ്ങിയവ എങ്ങനെ സംഘടിപ്പിക്കാമെന്നതിനുള്ള മാർഗനിർദേശങ്ങൾ വികസിപ്പിക്കണം. അതുമായി ബന്ധപ്പെട്ട കുറിപ്പ് തയാറാക്കണം.

ഭിന്നശേഷിക്കാരായ കുട്ടികൾക്കുപോലും സങ്കലിതവിദ്യാഭ്യാസ സമീപനത്തിൽ നിന്നുകൊണ്ടുതന്നെ പഠനം സാധ്യമാക്കാൻ ആധുനികവിദ്യാഭ്യാസസാങ്കേതികവിദ്യയ്ക്കു കഴിയും.

കിടപ്പുരോഗികളായി വീട്ടിൽ കഴിയുന്ന പഠിതാക്കൾക്കു പോലും ക്ലാസിൽ നടക്കുന്ന പഠനപ്രവർത്തനങ്ങൾ നേരിട്ടു കാണാനും ആവശ്യമെങ്കിൽ അധ്യാപികയുമായി ബന്ധപ്പെടാനും (Interact) കഴിയുന്ന വിധത്തിൽ സാങ്കേതികവിദ്യ വളർന്നിരിക്കുന്നു. അധ്യാപകർ സജ്ജീകരിക്കുന്ന നേർ അനുഭവപഠനങ്ങൾക്കപ്പുറം വിദൂരത്തുള്ള വിദഗ്ധന്റെ സേവനം തൽസമയം ലഭിക്കാനും അതുവഴി വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താനും ഇന്ന് അവസരങ്ങൾ ഉണ്ട്.

**ബോധനോപകരണങ്ങൾ തിരഞ്ഞെടുക്കൽ, നിർമിക്കൽ, സമാഹരിക്കൽ, പ്രയോജനപ്പെടുത്തൽ, സൂക്ഷിക്കൽ, പരിഷ്കരിക്കൽ**

ഒന്നാംക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾ പരിശോധിച്ച് സാങ്കേതികവിദ്യയുടെയും വിവിധ പഠനബോധന ഉപകരണങ്ങൾ, സാമഗ്രികൾ, സഹായികൾ എന്നിവയുടെയും സാധ്യത കണ്ടെത്തി ലിസ്റ്റ് ചെയ്യണം. അതുമായി ബന്ധപ്പെട്ട് ശിൽപ്പശാല സംഘടിപ്പിച്ച് അധ്യാപകരുടെയും സഹപാഠികളുടെയും സഹായത്തോടെയും ഒറ്റയ്ക്കും ഉപകരണങ്ങളും സാമഗ്രികളും നിർമിക്കണം.

നിർമിച്ച സാമഗ്രികളുടെ ക്ലാസ്റൂം ഉപയോഗം ട്രൈഔട്ടിലൂടെ നടത്തി ആത്മവിശ്വാസം കൈവരിക്കാൻ നിങ്ങളുടെ നേതൃത്വത്തിൽ അവസരമൊരുക്കണം. അധ്യാപന പരിശീലനസന്ദർഭങ്ങളും മെന്ററിംഗ് വേളകളും ഇതിനായി ഉപയോഗപ്പെടുത്താം.

എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട ബോധനശാസ്ത്രപരമായ അപഗ്രഥനം നടത്തുമ്പോൾത്തന്നെ ബോധനോപകരണങ്ങളുടെയും സാമഗ്രികളുടെയും സാധ്യത തിരിച്ചറിയാനുള്ള ശ്രമം നടത്തേണ്ടതാണ്. പ്രസ്തുത അപഗ്രഥനത്തിൽ അവ ലിസ്റ്റ് ചെയ്യുകയും ശില്പശാലകളിലൂടെ തയാറാക്കുകയും വേണം. മാത്രമല്ല ഒട്ടേറെ സാമഗ്രികൾ നമുക്ക് ശേഖരിക്കാൻ കഴിയും. സമൂഹത്തിന്റെയും രക്ഷാകർത്താക്കളുടെയും സഹായം ഇക്കാര്യത്തിൽ തേടേണ്ടതുണ്ട്. ക്ലാസിൽ പഠനോപകരണങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. വൈവിധ്യമാർന്ന ഉപകരണങ്ങൾ തയാറാക്കി ഉപയോഗിക്കുന്നതിൽ ശ്രദ്ധ പുലർത്തണം. പഠനോപകരണ നിർമാണവും പ്രയോജനപ്പെടുത്തലും ഒരു കലയാണ്. ആ കല സ്വായത്തമാക്കാൻ അധ്യാപനപരിശീലനസന്ദർഭങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം.

ഒരിക്കൽ ഉപയോഗിച്ച പഠനോപകരണങ്ങളും സാമഗ്രികളും പുനരുപയോഗസാധ്യതയുള്ളവയാണ്. അതുകൊണ്ട് തന്നെ അവ കൃത്യമായി സൂക്ഷിച്ചുവയ്ക്കേണ്ടതുണ്ട്. പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ ഔചിത്യം, സന്ദർഭം, പ്രയോജനം, സാംഗത്യം തുടങ്ങിയവ സ്വയമായും പരസ്പരവും വിലയിരുത്തണം. അതിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ നിർമിച്ച പഠനോപകരണം പരിഷ്കരിക്കാനും അതിന്റെ പ്രയോജനപ്പെടുത്തലിന്റെ രീതിയും സന്ദർഭവും മാറ്റത്തിന് വിധേയമാക്കാനും സാധിക്കണം.

## ഈ യൂണിറ്റിലൂടെ കടന്നുപോയപ്പോൾ ചർച്ച ചെയ്ത ആശയങ്ങൾ

- പഠനോപകരണങ്ങളുടെ സവിശേഷതകൾ (ലളിതമായി നിർമിക്കാവുന്നത്, പഠനക്ഷമത, ചെലവ് കുറഞ്ഞത്, പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നത്, പുനരുപയോഗ സാധ്യത, കുട്ടികളുടെ സവിശേഷതകൾ, പരിമിതികൾ എന്നിവ പരിഗണിക്കുന്നത്, നിർമാണത്തിലും ശേഖരണത്തിലും കുട്ടികൾക്കും രക്ഷിതാക്കൾക്കും പങ്കാളിത്തമുള്ളത്.) ഉൾക്കൊണ്ടുകൊണ്ടുള്ള നിർമാണം പഠനപ്രക്രിയയെ അർത്ഥവത്താക്കും.
- ബ്ലാക്ക് ബോർഡ്, ബുള്ളറ്റിൻ ബോർഡ്, ചാർട്ട്, മാപ്പ്, ഗ്ലോബ്, ലൈബ്രറിപുസ്തകങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നത് പഠനത്തെ മെച്ചപ്പെടുത്തും.
- വിദ്യാലയം ഒരു പഠനോപകരണം, ക്യാമ്പസ് ഒരു പാഠപുസ്തകം, ജൈവവൈവിധ്യ ക്യാമ്പസ്, ഹൈടെക്ക് വിദ്യാലയം, ടാലന്റ് ലാബ് തുടങ്ങിയ നൂതനാശയങ്ങൾ സ്വാഭാവികപഠനത്തെ ഉത്തേജിപ്പിക്കും.
- ബോധനോപകരണങ്ങൾ തിരഞ്ഞെടുക്കൽ, നിർമിക്കൽ, സമാഹരിക്കൽ, പ്രയോജനപ്പെടുത്തൽ, സൂക്ഷിക്കൽ, പരിഷ്കരിക്കൽ എന്നിവ ഗവേഷണാത്മക ബോധനപ്രക്രിയയുടെ ഭാഗമാണ്.

## തുടർപ്രവർത്തനങ്ങൾ/വിലയിരുത്തൽ പ്രവർത്തനങ്ങൾ

- **D.El.Ed കോഴ്സിലെ ഒന്നും രണ്ടും സെമസ്റ്ററുകളിലെ 107, 207 പേപ്പറുകളുടെ വിനിമയത്തിൽ ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ ഇ- ടീച്ചിംഗ് മാന്വൽ വികസിപ്പിക്കണം. (കുറഞ്ഞത് ഏതെങ്കിലും ഒരു പഠനമേഖലയുമായി ബന്ധപ്പെട്ട്) അതുമായി ബന്ധപ്പെട്ട പ്രവർത്തനസാധ്യതയെക്കുറിച്ച് നിർദ്ദേശങ്ങൾ തയാറാക്കണം.**

1. പഠന-ബോധനപ്രക്രിയയിൽ പഠനസാമഗ്രികളുടെ പങ്ക് എത്രത്തോളമെന്ന് വിലയിരുത്തുക?
2. ബ്ലാക്ക് ബോർഡ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനകാര്യങ്ങളെ സംബന്ധിച്ച ഒരു കുറിപ്പ് തയാറാക്കുക.
3. ബ്ലാക്ക്ബോർഡിനേക്കാൾ പ്രയോജനകരമാണോ ഗ്രീൻബോർഡും വൈറ്റ്ബോർഡും. നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.
4. പഠനസാമഗ്രി എന്ന നിലയിൽ ലൈബ്രറിപുസ്തകങ്ങളുടെ പ്രാധാന്യം വിശദീകരിക്കുക.
5. നിലവിലുള്ള ക്ലാസുകൾ ഹൈടെക്കിലേക്ക് മാറുമ്പോൾ പഠനബോധനരംഗത്തും ക്ലാസ്സന്തരീക്ഷത്തിലും എന്തൊക്കെമാറ്റങ്ങളാണ് ഉണ്ടാവുകയെന്ന് വ്യക്തമാക്കുക.
6. “വിദ്യാലയം ഒരു പാഠപുസ്തകം” എന്ന ആശയം നടപ്പിലാക്കാൻ ഒരു സ്കൂളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടതെന്ന് വിശദീകരിക്കുക.
7. ഒരു ജൈവ വൈവിധ്യപാർക്ക് എങ്ങനെ സജ്ജീകരിക്കാമെന്ന് വ്യക്തമാക്കുക?
8. ക്ലാസ്മുറികളിൽ ഉപയോഗിക്കാവുന്ന പ്രധാന ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ഏതൊക്കെയാണ്? അവയുടെ പ്രയോജനത്തെ കുറിച്ച് സംക്ഷിപ്തമായി കുറിപ്പ് തയാറാക്കുക.

9. ഇ- ടീച്ചിങ് മാന്വൽ എന്നാലെന്ത്? വിശദമാക്കുക.

10. കുമാരനാശാന്റെ "ദുരവസ്ഥയിലെ" വയൽവരമ്പിലെ മാടത്തെക്കുറിച്ചുള്ള വരികൾ വിനിമയം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പഠനോപകരണങ്ങളും സാമഗ്രികളും ഒരുക്കാമെന്ന് വിശദീകരിക്കുക.

11. പഠനോപകരണങ്ങളെ എന്തെല്ലാം ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്?

### റഫറൻസ് സാമഗ്രികൾ



1. ഉദ്ദേശ്യാധിഷ്ഠിത ബോധനം (പേജ് 69) - ഡോ. കെ. സോമൻ (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
2. Introduction to Educational Technology - K. Sampath, A. Pannir selvam, S. Santhanam. Sterling publishers, New Delhi
3. Text book of Educational Technology - B.C. Dash, Wisdom Press, New Delhi
4. ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (D.Ed) അധ്യാപകസഹായി (സെമസ്റ്റർ I) - SCERT - കേരളം
5. Educational Technology & Management - J.C. Agarwal, Wisdom Press, New Delhi
6. Educational Technology - Sami Anwar, Wisdom Press, New Delhi

# യൂണിറ്റ് - 6

# പാഠ്യപദ്ധതി നവീകരണം

## ആമുഖം

നിരന്തരം വികസ്വരമായ ഒരു സമൂഹത്തിൽ സാമൂഹിക ആശയങ്ങളും ആവശ്യങ്ങളും നവീകരിക്കപ്പെടുക സ്വാഭാവികമാണ്. സാമൂഹികരേഖയായ (Social document) പാഠ്യപദ്ധതിയിൽ അതു പ്രതിഫലിക്കാതിരിക്കാൻ തരമില്ല. മെച്ചപ്പെട്ട സാമൂഹിക ജീവിതത്തിന് ആവശ്യമായ ജ്ഞാനം, സാമൂഹികവും വ്യക്തിപരവും തൊഴിൽപരവുമായ നൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ നേടിയെടുക്കുന്നതിനും വ്യക്തിയുടെ സമഗ്രവികസനത്തിനും സഹായകമാകണം പാഠ്യപദ്ധതി. പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത, കേരളത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ നാൾവഴികൾ, പാഠ്യപദ്ധതിപരിഷ്കരണം, കേരള വിദ്യാഭ്യാസ മേഖലയിലുണ്ടാക്കിയ മാറ്റങ്ങൾ, ഗുണമേന്മാവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ, ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005, കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 വിശകലനം എന്നിവയാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നത്.



*"ശരിയായ വിദ്യാഭ്യാസം പഠിതാക്കളുടെ ഏറ്റവും നല്ല കഴിവുകൾ പുറത്തുകൊണ്ടുവരലാണ്. ക്രമവിരുദ്ധവും അനാവശ്യവുമായ വിവരങ്ങൾ കുട്ടിയുടെ തലയിൽ കൂട്ടിയതുകൊണ്ട് ഇത് സാധ്യമാവുകയില്ല. അവരുടെ എല്ലാ വ്യക്തിത്വങ്ങളെയും ഞെക്കിഞെരുക്കി അവരെ വെറും യന്ത്രങ്ങളാക്കുന്ന മഹാപരാധമാണത്."*

*(ഗാന്ധിജി)*

## ഉള്ളടക്കം

| | | | |
|---|---|---|---|
| 1 | പാഠ്യപദ്ധതി കാലോചിതമായ നവീകരണം-ആവശ്യകത | : | പാഠ്യപദ്ധതി പരിഷ്കരണം അനിവാര്യമാക്കുന്ന പശ്ചാത്തലം |
| 2 | കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണം-നാൾവഴികൾ | : | • അവശ്യപഠനനിലവാരപദ്ധതി<br>• 1997 ലെ പാഠ്യപദ്ധതി പരിഷ്കരണം<br>• 2007 ലെ പാഠ്യപദ്ധതി പരിഷ്കരണം<br>• 2013 ലെ പരിഷ്കരണം<br>• പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പ്രതിഫലനങ്ങൾ |
| 3 | പാഠ്യപദ്ധതി നവീകരണം - കേരള വിദ്യാഭ്യാസത്തിലുണ്ടാക്കിയ സമഗ്രമാറ്റം | : | • അക്കാദമിക മുന്നേറ്റങ്ങൾ<br>• ഭൗതികസൗകര്യ വികാസം<br>• വിദ്യാലയങ്ങളിലെ സാമൂഹ്യ ഇടപെടൽ<br>• അധ്യാപക ശാക്തീകരണം<br>• പഠനനിലവാരത്തിൽ വന്ന ഉയർച്ച<br>• ഭിന്നശേഷിക്കാർക്കുള്ള സവിശേഷ വിദ്യാഭ്യാസം |
| 4 | ഗുണമേന്മ സാർവത്രികമാക്കുന്നതിൽ നാം നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരവും | : | • സാർവത്രിക ഗുണമേന്മയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങൾ.<br>• വിദ്യാലയാന്തരീക്ഷം മെച്ചപ്പെടുത്തൽ.<br>• പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. |

5. ദേശീയ പാഠ്യപദ്ധതികളും നയങ്ങളും കേരള പാഠ്യപദ്ധതി ചട്ടക്കൂട് :

- 1986, 2016 ദേശീയ വിദ്യാഭ്യാസനയം
- 1992 ലെ പ്രോഗ്രാം ഓഫ് ആക്ഷൻ
- 1993 യശ്പാൽ കമ്മിറ്റി റിപ്പോർട്ട്
- എൻ.സി.എഫ് - 2005
- കെ.സി.എഫ് - 2007
- പാഠ്യപദ്ധതി പരിഷ്കാരം 2013

### 1. പാഠ്യപദ്ധതി കാലോചിതമായ നവീകരണം

ഔപചാരിക വിദ്യാഭ്യാസകാലത്ത് ഒരു പഠിതാവ് സ്കൂളിനകത്തും പുറത്തുമായി കടന്നുപോകേണ്ട അനുഭവങ്ങളുടെ ആകെത്തുകയാണ് പാഠ്യപദ്ധതി. ഈ അനുഭവങ്ങളിലൂടെ സ്വയം ആർജിക്കുന്ന കരുത്താണ് തുടർന്നുള്ള പഠനത്തിനും ജീവിതവിജയത്തിനും തൊഴിൽപരമായ നൈപുണി വളർത്തുന്നതിനും സഹായകമാകുന്നത്. സമൂഹത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് മാറ്റത്തിന്റെ വേഗത വർധിച്ചിട്ടുണ്ട്. സാങ്കേതികരംഗത്തും സാമ്പത്തികരംഗത്തും ഉണ്ടായ വളർച്ച സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലും വ്യക്തിബന്ധങ്ങളിലും വരെ പുതിയ മാറ്റങ്ങൾക്ക് വഴിയൊരുക്കിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടുമാത്രമേ ജീവിതത്തിലും പഠനത്തിലും അഭിമുഖീകരിക്കേണ്ടിവരുന്ന പുതിയ വെല്ലുവിളികളെ നേരിടാൻ പുതുതലമുറയ്ക്ക് സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ ഉള്ളടക്കത്തിലും പഠനരീതിയിലും പഠനതന്ത്രങ്ങളിലും കാതലായ മാറ്റങ്ങൾ അനിവാര്യമാകുന്നു. ഇന്നലത്തെ കണ്ടെത്തലുകൾ പലതും ഇന്ന് അപ്രസക്തമാവുകയും പുതിയ കണ്ടെത്തലുകൾ ഇടം പിടിക്കുകയും ചെയ്യുന്നു. മനഃശ്ശാസ്ത്രരംഗത്തും വിദ്യാഭ്യാസ ദർശനങ്ങളിലും സാങ്കേതിക വിദ്യയിലും സാമൂഹ്യസാംസ്കാരിക ഘടനയിലും മാറ്റങ്ങൾ വരുമ്പോൾ ആ മാറ്റങ്ങൾ ധനാത്മകമാണെങ്കിൽ അവയ്ക്കു യോജിച്ച പാഠ്യപദ്ധതി അനിവാര്യമാകും. അതിനാൽ ഹ്രസ്വകാലങ്ങളിൽ തന്നെ പാഠ്യപദ്ധതി നവീകരണം അനിവാര്യമാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

പഠിതാവിന്റെ മാനസിക വയസ്സിന് ഉൾക്കൊള്ളാൻ കഴിയുന്ന ആശയങ്ങളുടെ സ്വഭാവം, അളവ് എന്നിവ കാലികമായി മാറ്റത്തിന് വിധേയമാകുന്നുണ്ട്. ഈ വസ്തുതയും പാഠ്യപദ്ധതി നവീകരണത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. കൂടാതെ പഠിതാവിന്റെ ശാരീരിക വളർച്ചയിലുള്ള വ്യത്യാസവും അവന്റെ പഠനത്തെ സ്വാധീനിക്കുന്നുണ്ട്. ഒരു രാജ്യത്തെ എല്ലാ പ്രദേശങ്ങളിലും ഒരേ പാഠ്യപദ്ധതി എന്ന ആശയം വിമർശിക്കപ്പെടുന്നുണ്ട്. ഭൂപ്രകൃതി, സംസ്കാരം, ജീവിതരീതി, പ്രാദേശികമായി ആവശ്യമുള്ള ജീവിതനൈപുണികൾ, കല, സംസ്കാരം എന്നിവ പരിഗണിച്ചും പാഠ്യപദ്ധതികൾ വികസിപ്പിക്കേണ്ടതുണ്ട്. ഭിന്നശേഷിക്കാരുടേയും പാർശ്വവൽക്കരിക്കപ്പെടുന്നവരുടേയും ആവശ്യങ്ങൾ കൂടി പരിഗണിച്ചുള്ള പാഠ്യപദ്ധതിയാണ് ഇപ്പോൾ ആവശ്യം.

### 2. കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണം നാൾവഴികൾ

1956 നവംബർ 1 ൽ കേരളം രൂപീകൃതമാകുന്നതിനുമുമ്പ് മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്ന് പ്രദേശമായാണ് ഭരണം നടത്തിയിരുന്നത്. അക്കാലത്ത് സിലബസും പാഠപുസ്തകങ്ങളും വ്യത്യസ്തമായാണ് നിലനിന്നിരുന്നത്. ഐക്യകേരളം നിലവിൽ വന്നശേഷം ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രിയായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ് വിദ്യാഭ്യാസമേഖലയെ ഏകീകരിക്കുകയും 1959 ൽ കേരളവിദ്യാഭ്യാസനിയമവും ചട്ടവും വികസിപ്പിക്കുകയും ചെയ്തത്. അതിനുശേഷം 1961 ൽ ദേശീയതലത്തിൽ മുഖ്യമന്ത്രിമാരുടെ യോഗം നടക്കു

കയും ത്രിഭാഷാപദ്ധതി അംഗീകരിക്കുകയും ചെയ്തതിന്റെ ഭാഗമായി കേരളത്തിൽ അത് നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

1962 ൽ ലോവർപ്രൈമറി (1-4) ക്ലാസ്സുകളിലേക്കുള്ള സിലബസ് വിദ്യാഭ്യാസവകുപ്പ് തയാറാക്കി. മുൻ പാഠ്യപദ്ധതികളുടെ പരിമിതികൾ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് 1962 ലെ പരിഷ്കരണം നടത്തിയത്. അടുത്ത പരിഷ്കരണം നടക്കുന്നത് 1970-ലാണ്. പഠനലക്ഷ്യങ്ങളിൽ പ്രകടമായ മാറ്റം വരുത്തിയില്ലെങ്കിലും അവ കുറേക്കൂടി സൂക്ഷ്മമായി അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. മനഃശാസ്ത്രജ്ഞനായ ബഞ്ചമിൻ ബ്ലൂമിന്റെ (ടാക്സോണമി ഓഫ് എജുക്കേഷണൽ ഒബ്ജക്ടീവ്സ്) സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള രീതിയാണ് അവലംബിച്ചത്. അറിവുനേടുന്നു, ഗ്രഹിക്കുന്നു, പ്രകടിപ്പിക്കുന്നു, പ്രയോഗിക്കുന്നു, ആസ്വദിക്കുന്നു, നൈപുണിനേടുന്നു, താൽപ്പര്യങ്ങളുണ്ടാക്കുന്നു എന്നിങ്ങനെ ഏഴുതലങ്ങളിലായിട്ടാണ് ഈ ഘട്ടത്തിൽ പഠനബോധന ഉദ്ദേശ്യങ്ങളെ ക്രമീകരിച്ചിട്ടുള്ളത്. (ഉദ്ദേശാധിഷ്ഠിതബോധനം വാർഷികപ്ലാൻ, യൂണിറ്റ് പ്ലാൻ - എസ്.ഐ.ഇ. 1970)1970-71 ൽ 1-4 ക്ലാസ്സുകളുടേയും 1971-72 ൽ 5-8 ക്ലാസ്സുകളിലേയും സിലബസ് പരിഷ്കരിച്ചു. ഉയർന്ന ക്ലാസ്സുകളിലേക്ക് 1973-74 ൽ പുതിയ സിലബസ് നിലവിൽ വന്നു. എന്നാൽ പുതിയ സിലബസ് ഉള്ളടക്കം കൂടുതലാണ് എന്ന വിമർശനത്തെ തുടർന്ന് സിലബസ് ഉപദേശകസമിതി രൂപീകരിക്കുകയും അവരുടെ നിർദേശപ്രകാരം 1976 ൽ പുതിയ പാഠ്യപദ്ധതി നിലവിൽ വരികയും ഇതിനനുസൃതമായ പാഠപുസ്തകം തയാറാക്കുകയും ചെയ്തു.

**മാതൃഭാഷാഭ്യസനം - 1962**

സാമാന്യം വേഗത്തിൽ സംസാരിക്കുന്നത് മനസ്സിലാക്കുന്നതിനും നല്ല ഭാഷയിൽ സ്പഷ്ടമായും തുടർച്ചയായും അനായാസമായും സ്വന്തം ആശയങ്ങൾ മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കുന്നതിനും ലിഖിതഭാഷയിലുള്ള ആശയങ്ങൾ വായിച്ചു ഗ്രഹിക്കുന്നതിനും അർഥം വ്യക്തമാകത്തക്കവണ്ണം വായിക്കുന്നതിനും എഴുതി പ്രകടിപ്പിക്കുന്നതിനും സാഹിത്യാസ്വാദനത്തിനും കഴിവുണ്ടാകണം. വർത്തമാനപത്രം, കഥാപുസ്തകങ്ങൾ, ലളിതഗ്രന്ഥങ്ങൾ വായിക്കുന്നതിനുള്ള താൽപ്പര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.

(കേരള സർക്കാർ, വിദ്യാഭ്യാസവകുപ്പ്, ലോവർ പ്രൈമറി ക്ലാസ്സുകളിലേക്കുള്ള സിലബസ് 1-4, തിരു. ഗവ. പ്രസ്സ്, 1962)

1980-81 ൽ വീണ്ടും പാഠ്യപദ്ധതി പരിഷ്കരിച്ചു. സിലബസ്സിന്റെ ആമുഖത്തിൽ പൊതുവിദ്യാഭ്യാസലക്ഷ്യം പ്രഖ്യാപിക്കുന്നുണ്ട്. ജനങ്ങളുടെയും മതങ്ങളുടെയും പ്രദേശത്തിന്റെയും രാജ്യത്തിന്റെ തന്നെയും സംസ്കാരത്തിലും ജീവിതരീതിയിലും അഭിമാനം കൊള്ളാനും അവശത അനുഭവിക്കുന്നവരെ സഹായിക്കുന്നതിൽ സന്നദ്ധതയുണ്ടാക്കുന്നതരത്തിൽ സാമൂഹിക ഉത്തരവാദിത്വം വികസിപ്പിക്കുന്നതിനും ഉല്പാദനപ്രക്രിയയിലും സാമൂഹികവികസനപ്രക്രിയയിലും പങ്കാളിയായി രാജ്യസേവനത്തിനുള്ള താൽപ്പര്യം വികസിപ്പിച്ച് ജീവിതം അർഥപൂർണമാക്കുന്നതിനും ലക്ഷ്യമിടുന്നു. വിശാലമായ ഈ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ് ബോധനലക്ഷ്യങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്.

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ നിർദേശങ്ങൾ ഉൾക്കൊണ്ട് 1990-91 വർഷം പാഠ്യപദ്ധതി പരിഷ്കരിച്ചു. 1993 ലെ പ്രൊഫസർ യശ്പാൽ കമ്മറ്റി നിർദേശങ്ങളെ തുടർന്ന് 1994-ലാണ് എം.എൽ.എൽ. പദ്ധതി അഥവാ അവശ്യപഠനനിലവാരപദ്ധതി നിലവിൽ വരുന്നത്.

### 2.1 അവശ്യപഠനനിലവാരം (മിനിമം ലവൽസ് ഓഫ് ലേണിംഗ് - എം.എൽ.എൽ) 1994-96

ഓരോ കുട്ടിയും ഓരോ ക്ലാസ്സിലും നേടേണ്ട അവശ്യശേഷികൾ നിശ്ചയിച്ച് ഉറപ്പുവരുത്തുക എന്ന താണ് എം.എൽ.എൽ എന്ന് പ്രാഥമികമായി പറയാം.

സാർവത്രിക വിദ്യാലയ പ്രവേശനം (Universal Enrolment) സർവരെയും നിലനിർത്തൽ (Universal Retension) സാർവത്രികമായ ഗുണനിലവാരം (Universal Quality Achievement) ഇവയി ലൂന്നിക്കൊണ്ടാണ് ദേശീയവിദ്യാഭ്യാസ നയം രൂപപ്പെട്ടത്. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ആദ്യത്തെ രണ്ടുലക്ഷ്യങ്ങളും സാക്ഷാത്ക്കരിച്ചു. മൂന്നാമത്തെ ലക്ഷ്യമായ സാർവത്രിക ഗുണനില വാരമാണ് ഇനിയും പൂർണമായി ആർജിക്കാനുള്ളത്. ഗുണമേന്മ നേടുന്നതിന് രണ്ടു ഘടകങ്ങളെക്കു റിച്ച് നാം ചിന്തിക്കണം - **പ്രാപ്തിയും പ്രാവീണ്യവും.**

**പ്രാപ്തി** (Competency) - നിയതമായ സാഹചര്യത്തിൽ ഒരു പ്രയത്നം വിജയകരമായി ചെയ്യാനാവ ശ്യമായ കഴിവുകളും നൈപുണികളും അറിവുകളും ഉപയോഗിക്കാനുള്ള സാമർത്ഥ്യത്തെയാണ് പ്രാപ്തി കൊണ്ടുദേശിക്കുന്നത്. (Competency is an element of power to be generated through the process of education.)

**പ്രാവീണ്യം** (Mastery) - പ്രതീക്ഷിക്കപ്പെടുന്ന പ്രാപ്തികൾ ഉന്നതനിലവാരത്തിൽ ആർജിക്കുക എന്നതാണ് പ്രാവീണ്യം. (Mastery refers to the achievement of a set of expected competencies at the level of high proficiency).

**ഗുണമേന്മ** - ഗുണമേന്മ എന്നത് ആർജിക്കേണ്ട ഒരു കൂട്ടം പ്രാപ്തികൾ പ്രാവീണ്യനിലവാരത്തിൽ കൈവരിക്കുക എന്നതാണ്.

ഗുണനിലവാരം മെച്ചപ്പെടുത്തിയാൽ മാത്രം പോര, അതു സാർവത്രികമാവുകയും വേണം. പ്രാഥ മികവിദ്യാഭ്യാസ ഘട്ടത്തിൽ പ്രതീക്ഷിക്കപ്പെടുന്ന ഒരു കൂട്ടം പ്രാപ്തികൾ പ്രാവീണ്യനിലവാരത്തിൽ എല്ലാ കുട്ടികളും നേടിയിരിക്കുക എന്നതാണ് അവശ്യപഠനനിലവാരം (എം.എൽ.എൽ)

അവശ്യപഠനനിലവാരം = പ്രാപ്തി + പ്രാവീണ്യം + എല്ലാവർക്കും ഗുണമേന്മ

MLL = C + M + E (Competency + Mastery + Equity)

(MLL refers to a set of competencies that are to be achieved at all the levels of mastery by practically all children during the period of primary education)

#### 2.1.1. അവശ്യപഠനനിലവാരം - വിഷയങ്ങളിൽ

1-5 ക്ലാസ്സുകളിൽ അവശ്യപഠനനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന മേഖലക ളിൽ ആശയങ്ങൾ ക്രമീകരിച്ചു.

- വിവിധ വിഷയങ്ങളുടെ പഠനോദ്ദേശ്യങ്ങൾ നിശ്ചയിച്ചു.
- വിവിധ ക്ലാസ്സുകളിലേക്കുള്ള പ്രാപ്തികൾ (competency) നിശ്ചയിച്ചു.
- പ്രാപ്തികളുടെ പരസ്പരബന്ധവും തുടർച്ചയും ഉറപ്പാക്കി.
- ശിശുകേന്ദ്രിത പഠനബോധന തന്ത്രങ്ങൾ രൂപപ്പെടുത്തി.
- പഠനോപകരണങ്ങളുടെ സാധ്യതകൾ നിർണയിച്ചു.
- മൂല്യനിർണയരീതി പരിഷ്കരിച്ചു. (പ്രവർത്തനാധിഷ്ഠിതവും നിരന്തരവുമാക്കി.)

#### 2.1.2. അവശ്യപഠനനിലവാരപദ്ധതി നിർവഹണം

1992 ലെ പ്രോഗ്രാം ഓഫ് ആക്ഷൻ, 1993-ലെ പ്രൊഫ. യശ്പാൽ കമ്മിറ്റി റിപ്പോർട്ട് എന്നിവയിൽ

ഓരോ കുട്ടിയും ഓരോ ക്ലാസ്സിലും നേടേണ്ട അവശ്യപഠനനിലവാരം നിശ്ചയിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ ആർ.എച്ച്. ധാവെ അധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ച് 1- 5 ക്ലാസുകളിലെ അവശ്യപഠനനിലവാരം നിശ്ചയിക്കുകയാണുണ്ടായത്. തുടർന്ന് സംസ്ഥാനതലത്തിൽ അവ വിനിമയം ചെയ്യുകയും ജില്ലാതലത്തിൽ അധ്യാപകപരിശീലനം നൽകുകയും ചെയ്തു.

- ജനകീയസമിതികൾ എല്ലാതലത്തിലും രൂപീകരിച്ചു.
- വിളംബരജാഥകൾ സംഘടിപ്പിച്ചു.
- ലഘുലേഖകൾ തയാറാക്കി ബോധവൽക്കരണക്ലാസുകൾ നടന്നു.
- ബ്ലോക്ക്തല പരിശീലനകേന്ദ്രങ്ങൾ സ്ഥാപിച്ചു.
- ബി.ആർ.സികളിൽ ഹൈസ്കൂൾ അധ്യാപകരെ ട്രെയിനർമാരായി നിയമിച്ചു.
- എസ്.സി.ഇ.ആർ.ടി അവശ്യപഠനനിലവാരത്തിനു യോജിച്ച പാഠപുസ്തകങ്ങളും അധ്യാപക സഹായികളും തയാറാക്കി.

അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവരിൽനിന്നും പദ്ധതിയെക്കുറിച്ച് സമ്മിശ്രപ്രതികരണമാണ് ഉണ്ടായത്. ദേശീയതലത്തിൽ എം.എച്ച്.ആർ.ഡി നടത്തിയ പഠനത്തിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ ചേർക്കുന്നു.

- നിർദേശിച്ച പ്രാപ്തികൾ കുട്ടികളുടെ നിലവാരത്തിനും പ്രായത്തിനും യോജിച്ചതല്ല. ദേശീയ തലത്തിൽ 6 വയസ്സുള്ള കുട്ടികളെയാണ് ഒന്നാം ക്ലാസ്സിൽ ചേർക്കുന്നത്. എന്നാൽ കേരളത്തിൽ അത് അഞ്ച് വയസ്സാണ്.
- പല ശേഷികളും നേടുക എന്നത് അപ്രായോഗികമാണ്, പല ശേഷികളും യാന്ത്രികസ്വഭാവമുള്ളവയാണ്.
- ലക്ഷ്യം നിശ്ചയിക്കുകയല്ലാതെ ലക്ഷ്യത്തിലെത്താനുള്ള പ്രക്രിയ കൃത്യമായി നിർവചിച്ചില്ല.
- മൂല്യനിർണയരീതിയിലെ വ്യക്തതക്കുറവും അപ്രായോഗികതയും നിലനിൽക്കുന്നു.
- പഠനത്തിൽ രേഖീയസമീപനമാണ് സ്വീകരിച്ചത്.

ഇത്തരം പരിമിതികളെ അതിജീവിക്കുന്നതിനായി 1997 ൽ കേരളത്തിൽ പുതിയ പാഠ്യപദ്ധതി നിലവിൽ വന്നു.

### 2.2 1997 ലെ പുതിയ പാഠ്യപദ്ധതി

1997 ജൂൺ മുതൽ കേരളത്തിൽ പുതിയ പാഠ്യപദ്ധതി നിലവിൽ വന്നു. ആധുനിക മനശ്ശാസ്ത്ര സിദ്ധാന്തങ്ങളും പഠനബോധനമാതൃകകളും പരിഗണിച്ച്, ഉദ്ഗ്രഥനരീതി, പ്രക്രിയാധിഷ്ഠിത സമീപനം, പ്രവർത്തനാധിഷ്ഠിത ക്ലാസ്സുമുറി, കുട്ടി അറിവിന്റെ നിർമാതാവ്, സാമൂഹിക ഇടപെടൽ പഠനത്തെ സ്വാധീനിക്കുന്നു എന്ന ധാരണ, സമഗ്രവും നിരന്തരവുമായ മൂല്യനിർണയം തുടങ്ങിയ ആശയങ്ങൾ അടങ്ങുന്ന പാഠ്യപദ്ധതി നിലവിൽവന്നു. പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനായി ഡി.പി.ഇ.പി സംവിധാനം പ്രയോജനപ്പെടുത്തി.

- സംസ്ഥാനതലത്തിൽ എസ്.ആർ.ജി (സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്) രൂപീകരിച്ച് പരിശീലനം നൽകി.
- ബി.ആർ.സി തലത്തിൽ അധ്യാപകപരിശീലനം നൽകി.

സമഗ്രമായ മാറ്റമാണ് 1997 ലെ പരിഷ്കരണത്തിൽ ഉണ്ടായത്. കേവലം വസ്തുതകളും വിവരങ്ങളും കുത്തിനിറയ്ക്കുന്നതിനുപകരം കുട്ടികളെ ചിന്തിപ്പിക്കുവാനും പ്രവർത്തിക്കുവാനും പ്രേരിപ്പിക്കുന്ന അനുഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾക്കാണ് പാഠ്യപദ്ധതി ഊന്നൽ നൽകിയത്. നിലവിലുള്ള പാഠപുസ്തകങ്ങളും പഠനരീതിയും മാറ്റാതെ ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയില്ല എന്ന സാഹചര്യം ഉണ്ടായി. ഇത് പാഠപുസ്തകപരിഷ്കരണത്തിലേക്ക് നയിച്ചു.

**പാഠ്യപദ്ധതി രൂപീകരണത്തിന്റെ ഘട്ടങ്ങൾ**

1. പാഠ്യപദ്ധതിയുടെ വിവിധ ഘടകങ്ങളെ സംബന്ധിച്ച കാഴ്ചപ്പാട് രൂപീകരിച്ചു. (കുട്ടി, അധ്യാപിക, രക്ഷിതാവ്, പഠനരീതി, തന്ത്രങ്ങൾ, പഠനസാമഗ്രി, മൂല്യനിർണയം)
2. വിവിധ വിഷയസമീപനങ്ങൾ രൂപപ്പെടുത്തി. (ഉദ്ഗ്രഥനം, ഭാഷാപഠനം, ഗണിതപഠനം, പരിസ്ഥിതിപഠനം, ഇംഗ്ലീഷ്പഠനം, കലാകായികപ്രവൃത്തിപരിചയം)
3. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്കും സ്പഷ്ടീകരണത്തിനും പകരം ഉള്ളടക്കം, പ്രക്രിയ, പഠനരീതി എന്നിവ ഉൾക്കൊള്ളുന്ന പാഠ്യപദ്ധതിപ്രസ്താവനകൾ രൂപീകരിച്ചു.

**ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി**
**(ഡി. പി. ഇ. പി. 1994 – 2001)**

*ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ വിദ്യാഭ്യാസഗുണനിലവാരം ഉയർത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കേരളത്തിൽ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ 6 ജില്ലകളിലാണ് ഡി. പി. ഇ. പി. നടപ്പിലാക്കിയത്.*

- പഠനരീതി, പാഠപുസ്തകങ്ങൾ, വിഷയസമീപനങ്ങൾ, മൂല്യനിർണയരീതി എന്നിവയിൽ വന്ന സമഗ്രമായ മാറ്റം ഉൾക്കൊള്ളാൻ അധ്യാപകസമൂഹത്തിനും രക്ഷിതാക്കൾക്കും ഏറെക്കാലം വേണ്ടിവന്നു. ഡി.പി.ഇ.പി ഇല്ലാത്ത 8 ജില്ലകളിൽ വളരെ പ്രയാസം നേരിട്ടു.
- ഒന്നു മുതൽ നാലുവരെ പാഠപുസ്തകങ്ങൾ ഒരുമിച്ച് പരിഷ്കരിച്ചതും വിമർശനവിധേയമായി.
- പരിശീലനങ്ങളിലെ പരിമിതികൾ പരിഹരിക്കാൻ ഏറെ വെല്ലുവിളികൾ നേരിടേണ്ടിവന്നു. വിദ്യാഭ്യാസവകുപ്പും ഡി.പി.ഇ.പി പ്രോജക്ടും പൊതുജനപങ്കാളിത്തത്തോടെ അത് അതിജീവിച്ചു.
- പ്രൈമറിതലത്തിൽ സമസ്തമേഖലയിലും ഗുണാത്മകമാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ 1997 ലെ പാഠ്യപദ്ധതി പരിഷ്കരണത്തിന് കഴിഞ്ഞതായി വിലയിരുത്തപ്പെടുന്നു. ഡി.പി.ഇ.പി.യുടെ കാലാവധി പൂർത്തിയായശേഷം 2002 മുതൽ സർവശിക്ഷാഅഭിയാൻ (എസ്.എസ്.എ) ആരംഭിച്ചു. 1998–99 മുതൽ പാഠ്യപദ്ധതി അപ്പർപ്രൈമറി ക്ലാസ്സുകളിലേക്ക് വികസിപ്പിച്ചു. എസ്.എസ്.എ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും 1–8 ക്ലാസ്സുകളിലെ പഠനസൗകര്യങ്ങളും പഠനനിലവാരവും ഉയർത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ടു. 2002–2017 വരെ എലിമെന്ററി വിദ്യാലയങ്ങളിലെ ഭൗതികവും അക്കാദമികവുമായ മികവിന് എസ്.എസ്.എ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. 2018 മുതൽ 1–12 ക്ലാസ്സുവരെയുള്ള വിദ്യാലയങ്ങളെ മെച്ചപ്പെടുത്തുന്നതിനായി സമഗ്രശിക്ഷാ കേരളം (എസ്.എസ്.കെ) നിലവിൽ വന്നു.

### 2.3. 2007 ലെ പാഠ്യപദ്ധതി ചട്ടക്കൂട്

2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനെ അടിസ്ഥാനമാക്കി 2007 ൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് രൂപപ്പെട്ടു. അതിനെ അടിസ്ഥാനമാക്കി പാഠ്യപദ്ധതിയും പാഠപുസ്തകവും വികസിപ്പിച്ചു. പ്രശ്നാധിഷ്ഠിത സമീപനത്തിലൂന്നിക്കൊണ്ട് വികസിപ്പിച്ച പാഠ്യപദ്ധതി നിലവിൽവന്നു.

### 2.4 2013 ലെ പാഠ്യപദ്ധതി പരിഷ്കരണം

2013-ൽ നിലവിലുള്ള പാഠ്യപദ്ധതിയിൽ ചില പരിഷ്കരണങ്ങൾ നിർദേശിക്കപ്പെട്ടു. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്കുപകരം പഠനനേട്ടങ്ങൾ (Learning outcomes) എന്നപേരിൽ കുട്ടി ആർജിക്കേണ്ട ശേഷികൾ ചിട്ടപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ വികസിപ്പിച്ചു. അനുബന്ധമായി ടീച്ചർ ടെക്സ്റ്റും വികസിപ്പിച്ചു.

### 2.5. പാഠ്യപദ്ധതിപരിഷ്കരണങ്ങളുടെ പ്രതിഫലനങ്ങൾ

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ് എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടായിരുന്നു പാഠ്യപദ്ധതി പരിഷ്കരിച്ചത്. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനതന്ത്രങ്ങൾ, അന്വേഷണാത്മകപഠനം, സമഗ്രവികസനം ലക്ഷ്യമിടുന്ന പാഠ്യപദ്ധതി, സ്വതന്ത്രവും ജനാധിപത്യപരവും ശിശുസൗഹൃദപരവുമായ സമീപനം എന്നിവ പാഠ്യപദ്ധതിയുടെ പ്രായോഗികരീതിശാസ്ത്രമായി സ്വീകരിച്ചു നടപ്പിൽവരുത്താൻ ശ്രമിച്ചു. തത്ഫലമായി

- പഠനത്തിൽ അറിവു നിർമിക്കുന്ന പ്രക്രിയയ്ക്ക് ഊന്നൽ വന്നു.
- അന്വേഷണാത്മകപഠനരീതി പിന്തുടരുന്നതിന് അധ്യാപകർ തയാറായി.
- പഠനം ക്ലാസ്സുമുറിക്കുള്ളിൽ മാത്രമല്ല നടക്കേണ്ടതെന്ന തിരിച്ചറിവ് പാഠ്യപദ്ധതി വിനിമയത്തിൽ പ്രയോഗിക്കാൻ തുടങ്ങി.
- കൃത്യവും സൂക്ഷ്മവുമായ ആസൂത്രണത്തിന്റെ അനിവാര്യത ബോധ്യപ്പെട്ടു.
- അധ്യാപകശാക്തീകരണപ്രവർത്തനങ്ങൾക്ക് പ്രാധാന്യം വന്നു.
- നിരന്തരവും സമഗ്രവുമായ മൂല്യനിർണയം എന്ന ആശയം അംഗീകരിക്കുകയും നടപ്പാക്കാൻ തുടങ്ങുകയും ചെയ്തു.
- വിദ്യാലയപ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ കൂട്ടായ്മയും ഇടപെടലും വർധിച്ചു.
- ഗവേഷണാത്മക പഠനബോധനപ്രക്രിയയ്ക്ക് ഊന്നൽ ലഭിച്ചു.
- പ്രാദേശിക അറിവുകളുടെയും വിഭവങ്ങളുടെയും ഉപയോഗം ഉറപ്പാക്കാൻ തുടങ്ങി.
- അക്കാദമികമാസ്റ്റർപ്ലാൻ, സമഗ്രവിദ്യാലയവികസനപദ്ധതി എന്നിവ തയാറാക്കി പ്രവർത്തനമാരംഭിച്ചു.

**തിരിച്ചറിവുകൾ**

രണ്ടു ദശാബ്ദകാലത്തെ അനുഭവങ്ങൾ ഗവേഷണബുദ്ധിയോടെ പഠിക്കുമ്പോൾ ചില തിരിച്ചറിവുകൾക്ക് അവസരമൊരുങ്ങുന്നു.

- പാഠ്യപദ്ധതിയിൽവരുന്ന മാറ്റങ്ങൾക്കനുസരിച്ച് സംവിധാനങ്ങളിൽ മാറ്റമുണ്ടാകേണ്ടതുണ്ട്.
- വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ ശിശുസൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ പര്യാപ്തമാകണം.
- പ്രായോഗികാനുഭവങ്ങൾ സൃഷ്ടിച്ചുകൊണ്ടേ മാറ്റത്തിന്റെ പ്രസക്തി സമൂഹത്തിൽ പ്രസരിപ്പിക്കാനാവൂ.
- സൂക്ഷ്മതലത്തിലുള്ള ആസൂത്രണം, നിർവഹണം, വിലയിരുത്തൽ, എല്ലാതലത്തിലും സവിശേഷമായ ഊന്നൽ അനിവാര്യമാണ്.
- അധ്യാപകവിദ്യാഭ്യാസത്തിന്റെ (സേവനപൂർവ്വവും സേവനകാലവും) ഗുണമേൻമ ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കണം.
- ജനകീയവും പ്രാദേശികവുമായ പങ്കാളിത്തവും പ്രവർത്തനങ്ങളിലെ സുതാര്യതയും ഉറപ്പാക്കണം.
- അധ്യാപകർക്ക് സ്വയം ശാക്തീകരിക്കാനുള്ള അവസരം ഒരുക്കണം.
- പാഠപുസ്തകമുൾപ്പെടെയുള്ള സാമഗ്രികൾ വഴക്കമുള്ളതാവണം. പഠനപ്രക്രിയയ്ക്ക് പ്രാധാന്യം വേണം.
- സഹായസംവിധാനങ്ങളെ ശാക്തീകരിക്കുകയും സമയബന്ധിതമായി പ്രവർത്തിപ്പിക്കുകയും വേണം.
- പാഠ്യപദ്ധതി നവീകരണപ്രക്രിയ ഇച്ഛാശക്തിയോടെ നടപ്പാക്കണം.

## 3. പാഠ്യപദ്ധതി നവീകരണം കേരളവിദ്യാഭ്യാസരംഗത്തിലുണ്ടാക്കിയ സമഗ്രമാറ്റങ്ങൾ

1997 മുതൽ രണ്ടുപതിറ്റാണ്ടായി കേരളത്തിൽ നടന്ന പാഠ്യപദ്ധതി നവീകരണ ശ്രമങ്ങളുടെ ഭാഗമായി സവിശേഷമായ നിരവധി മുന്നേറ്റങ്ങൾ വിദ്യാഭ്യാസരംഗത്ത് ഉണ്ടായിട്ടുണ്ട്. അവയെ അക്കാദമിക മേഖല, ഭൗതിക മേഖല, സാമൂഹിക മേഖല എന്നിങ്ങനെ ക്രോഡീകരിക്കാം.

### 3.1 അക്കാദമിക മേഖലയിൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ഘടകങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

**a) പഠനലക്ഷ്യം:**

- മുൻകാലങ്ങളെ അപേക്ഷിച്ച് ഓരോ വിഷയത്തിന്റെയും പഠനലക്ഷ്യങ്ങളെ കൃത്യതയോടെ നിർവചിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രാപ്തിപ്രസ്താവനകളിൽ നിന്നും വ്യത്യസ്തമായി പ്രക്രിയാബന്ധിതമായ പ്രസ്താവനകളായും ഉദ്ദേശ്യപ്രസ്താവനകളായും പഠനനേട്ടങ്ങളായും പ്രസ്താവിക്കുന്ന രീതിയിൽ എത്തിനിൽക്കുന്നു.
- ഭാഷാസമഗ്രദർശനത്തെ ഉൾക്കൊണ്ട് സമഗ്രതയിൽ നിന്നും ഘടകങ്ങളിലേക്ക് എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് ഭാഷാപഠനലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.
- ഭാഷാഭേദങ്ങളെയും വൈവിധ്യത്തെയും അംഗീകരിക്കുന്ന വ്യവഹാര രൂപങ്ങളിലധിഷ്ഠിതമായ പഠനമാണ് ലക്ഷ്യമിടുന്നത്.
- കുട്ടികളുടെ ചിന്ത, സർഗശേഷി, വിശകലന ശേഷി എന്നിവ വളർത്തുന്നതിന് ഊന്നൽ നൽകി.
- പഠനപ്രക്രിയയ്ക്ക് ഉന്നതമായ സ്ഥാനം നൽകുമ്പോഴും ആവിഷ്കാരത്തിലും പ്രകടനത്തിലും അധിഷ്ഠിതമായ ഉൽപ്പന്നങ്ങൾക്കും പ്രാധാന്യം നൽകി.
- ഓരോ വിഷയത്തിന്റെയും സാംസ്കാരികവും പ്രാദേശികവുമായ പശ്ചാത്തലത്തിന് പ്രാധാന്യം നൽകി.

**b) കുട്ടി:**

- പഠനപ്രക്രിയയിലും പ്രവർത്തനത്തിലും കുട്ടിയുടെ പ്രകൃതം പരിഗണിച്ചു.
- പഠനപ്രവർത്തനം നിർണയിക്കുന്നതിൽ കുട്ടിയുടെ പങ്കാളിത്തം ഉറപ്പാക്കി.
- എല്ലാവർക്കും തുല്യപരിഗണന ഉറപ്പാക്കി.
- ഭിന്നശേഷിക്കാർക്കുകൂടി ഉൾക്കൊള്ളാവുന്ന പ്രക്രിയകളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു.
- പഠനം അനൗപചാരികവും സ്വതന്ത്രവുമായ അന്തരീക്ഷത്തിൽ നടപ്പിലാക്കി.
- ശേഷി, നൈപുണി, ആശയം, ധാരണ ഇവയുടെ ചാക്രികാരോഹണം ഉറപ്പാക്കി.

**c) അധ്യാപകൻ:**

- സഹപഠിതാവ്, ജനാധിപത്യവാദിയായ സംഘത്തലവൻ, പ്രശ്നപരിഹാരകൻ, സഹായി, സ്വന്തം മാതൃകകൾ നിർമിക്കാൻ അവസരമൊരുക്കുന്നയാൾ എന്ന നിലയിലേക്ക് വളർന്നു.
- പഠനസാമഗ്രികൾ യഥേഷ്ടം ലഭ്യമാക്കി.
- ആസൂത്രണവേളയിൽ കുട്ടിയുടെ മുന്നറിവ് പരിഗണിച്ചു.
- അന്വേഷണാത്മകപഠനത്തിന് അവസരമൊരുക്കുന്നു.

**d) പഠനരീതിയും പഠനതന്ത്രങ്ങളും**

- സ്വയംപഠനത്തിന് പ്രാമുഖ്യം നൽകുന്നു.
- സഹകരണാത്മകവും സഹവർത്തിതവുമായ പഠനത്തിന് മുൻതൂക്കം.

- പഠനത്തിന്റെ വഴികളെക്കുറിച്ച് ചിന്തിക്കാനവസരം.
- ചിന്താപ്രക്രിയയെ ഉദ്ദീപിപ്പിക്കുന്നു.
- വൈവിധ്യപൂർണവും അർഥപൂർണവുമായ പുനരനുഭവങ്ങൾ പഠനപ്രക്രിയയുടെ ഭാഗമായി നിഷ്കർഷിക്കുന്നു.
- സ്വതന്ത്രചിന്തയും പ്രതികരണങ്ങളും പ്രോത്സാഹിപ്പിക്കുന്നു.
- പ്രാദേശികവിഭവങ്ങളും വൈഭവങ്ങളും പ്രയോജനപ്പെടുത്തുന്നു.
- വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, പഠനസാമഗ്രികൾ നിഷ്കർഷിക്കുന്നു.
- അറിവിന്റെ നിർമാണം ക്ലാസ്സുമുറിയിൽ ഉറപ്പാക്കുന്ന പഠനപ്രക്രിയ വിഭാവനം ചെയ്യുന്നു.
- പ്രവർത്തനാധിഷ്ഠിതവും ശിശുസൗഹൃദപരവുമായ പഠനം വിഭാവനം ചെയ്യുന്നു.
- മാനവികതയിലൂന്നിയ പഠനപ്രക്രിയയ്ക്ക് പ്രാധാന്യം
- സംശോധനയ്ക്കും നവീകരണത്തിനും ഊന്നൽ
- ടാലെന്റ് ലാബുകൾ

**e) പാഠപുസ്തകം, പഠനസാമഗ്രി**

- പാഠപുസ്തകത്തിന്റെ ഘടനയും ഉള്ളടക്കവും ശിശുസൗഹൃദമാക്കി.
- പാഠപുസ്തകം പഠനസാമഗ്രികളിലൊന്നാണെന്നും പാഠപുസ്തകം കുട്ടിക്കുവേണ്ടിയായിരിക്കണമെന്നും നിശ്ചയിച്ചു.
- ജൈവപാഠങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു.
- പാഠങ്ങളുടെ തുടർപ്രവർത്തനസാധ്യത (Open ended) വിഭാവനം ചെയ്യുന്നു.
- വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ലക്ഷ്യംവെയ്ക്കുന്നു.

**f) പഠനപ്രവർത്തനങ്ങൾ**

- ഓരോ പ്രവർത്തനവും പാഠ്യപദ്ധതിപ്രസ്താവനകൾ സാക്ഷാത്കരിക്കുന്നതിന് സഹായകമാണ്.
- പ്രവർത്തനങ്ങൾ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്.
- പ്രവർത്തനങ്ങൾ ഭിന്നനിലവാരക്കാരെ അഭിസംബോധന ചെയ്യുന്നു.
- ജീവിതസന്ദർഭവുമായി ബന്ധമുള്ളവയാണ്.
- പ്രവർത്തനങ്ങൾ ബഹുമുഖ ബുദ്ധിവികസനത്തിലധിഷ്ഠിതവും ചാക്രിക സ്വഭാവമുള്ളതുമാണ്.

**g) വിലയിരുത്തൽ**

- സ്വയം, പരസ്പരം, അധ്യാപകന്റെ വിലയിരുത്തൽ
- മൂല്യനിർണയം ഗുണാത്മക സൂചകങ്ങളുടെ അടിസ്ഥാനത്തിൽ
- വിലയിരുത്തൽ നിരന്തരവും സമഗ്രവുമാണ്.
- മൂല്യനിർണയപ്രവർത്തനങ്ങൾക്ക് പഠനപ്രവർത്തനത്തിന്റെ സവിശേഷത ഉണ്ടായിരിക്കണം
- ടേം മൂല്യനിർണയത്തിന് അവസരമുണ്ട്.
- സ്കോളർഷിപ്പ് പരീക്ഷകൾ പാഠ്യപദ്ധതിക്കനുയോജ്യമാക്കി.

### 3.2 ഭൗതിക സൗകര്യവികാസം

വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ പാഠ്യപദ്ധതി സവിശേഷമായ പങ്കുവഹിച്ചു. ഫലപ്രദമായ വിദ്യാലയത്തിന്റെ സൂചകങ്ങൾ വികസിപ്പിക്കുകയും അവ സാക്ഷാത്കരിക്കുന്നതിന് സമഗ്രവിദ്യാലയ വികസനപദ്ധതി തയാറാക്കുകയും ചെയ്തു.

ഡി.പി.ഇ.പി, എസ്.എസ്.എ, ആർ.എം.എസ്.എ., എസ്.എസ്.കെ. എന്നീ പ്രോജക്ടുകളും ത്രിതല പഞ്ചായത്തുകളും ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, പൂർവവിദ്യാർഥികൾ, സന്നദ്ധസംഘടനകൾ എന്നിവരുടെയെല്ലാം പങ്കാളിത്തത്തോടെ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ സമാനതകളില്ലാത്ത വളർച്ചയാണ് കഴിഞ്ഞ 20 വർഷം കൊണ്ട് നേടിയെടുത്തത്.

- അടച്ചുറപ്പും വായുപ്രവാഹവും ലൈറ്റും ഫാനും ഉള്ള ക്ലാസ്സുമുറികൾ.
- ശുദ്ധജലവിതരണസംവിധാനങ്ങൾ
- ആകർഷകമായ ഇരിപ്പിട സൗകര്യങ്ങൾ
- ക്ലാസ്‌ലൈബ്രറികൾ, വായനാമൂലകൾ, സ്കൂൾലൈബ്രറി
- ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം, ഐ.ടി. ലാബുകൾ
- കെട്ടിടം തന്നെ പഠനോപകരണമാക്കൽ (BALA)
- ജൈവവൈവിധ്യ പാർക്കുകൾ
- കുട്ടികളുടെ എണ്ണത്തിന് തക്ക ശുചിമുറികൾ
- പെൺകുട്ടികൾക്ക് പ്രത്യേകം ശുചിമുറികൾ
- ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന നിർമാണ രീതി
- ഓപ്പൺ എയർ ക്ലാസ്സുകൾ
- ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം
- സ്റ്റാഫ്മുറി, പ്രഥമാധ്യാപകന്റെ മുറി, ഓഫീസ്മുറി
- കളിസ്ഥലം, കലാകേന്ദ്രം
- ടൈൽസ് പതിച്ച പൊടിരഹിതമായ തറ
- ജൈവവേലി

അടുക്കള, ഡൈനിംഗ്ഹാൾ തുടങ്ങി ആധുനിക സൗകര്യങ്ങളോടുകൂടിയ വിദ്യാലയമാണ് വിഭാവനം ചെയ്തിട്ടുള്ളത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഓരോ വിദ്യാലയത്തെയും അക്കാദമികമായും ഭൗതികമായും ഉയർത്താൻ ഗവൺമെന്റ് പദ്ധതി തയാറാക്കിയിരിക്കുന്നു.

ഇതിന്റെ ഭാഗമായി ഹൈസ്കൂൾ ഹയർസെക്കന്ററി വിദ്യാലയങ്ങളിലെ 45000 ക്ലാസ്സുമുറികൾ ഹൈടെക് സൗകര്യമൊരുക്കി, 140 നിയോജകമണ്ഡലങ്ങളിലും 5 കോടി രൂപ ചെലവിൽ കെട്ടിടനിർമാണം, മറ്റു വിദ്യാലയങ്ങളിലേക്ക് 3 കോടി, 1 കോടി പദ്ധതി. യു.പി. എൽ.പി വിദ്യാലയങ്ങളിൽ 2019 - 20 വർഷങ്ങളിൽ ഹൈടെക് സൗകര്യമൊരുക്കും. നീന്തൽക്കുളങ്ങൾ, സ്റ്റേഡിയങ്ങൾ, സോളാർ പാനൽ തുടങ്ങി നിരവധി ഭൗതികസൗകര്യങ്ങളാണ് ഒരുക്കുന്നത്.

### 3.3. വിദ്യാലയങ്ങളിലെ സാമൂഹികഇടപെടൽ

സാമൂഹികപങ്കാളിത്തത്തോടെയാണ് വിദ്യാഭ്യാസ പ്രവർത്തനം സജീവമാക്കുന്നത്. ഇതിനായി നിരവധി സംവിധാനങ്ങൾ പാഠ്യപദ്ധതി നിർദേശിക്കുന്നുണ്ട്. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, മദർ പിടിഎ, ക്ലാസ്സ് പിടിഎ, സ്കൂൾ വെൽഫയർ കമ്മിറ്റി, വിദ്യാലയവികസനസമിതി, വിദ്യാലയ മാനേജ്മെന്റ് കമ്മിറ്റി, പൂർവവിദ്യാർഥിസംഘടന, പൂർവ അധ്യാപകസംഘടന, പഞ്ചായത്ത് എഡ്യൂ

ക്കേഷൻ കമ്മിറ്റി, ജില്ലാവിദ്യാഭ്യാസസമിതി ഇങ്ങനെ നിരവധി സംവിധാനങ്ങളുടെ പങ്കാളിത്തത്തോടെ വിദ്യാലയത്തിന്റെ സാമൂഹിക ഇടപെടൽ സജീവമാക്കാൻ കഴിയുന്നുണ്ട്.

### 3.4 അധ്യാപക ശാക്തീകരണപരിപാടി

- സേവനകാല അധ്യാപകശാക്തീകരണത്തിന് പുതിയ മുഖം നൽകിയത് 1997 ലെ പാഠ്യപദ്ധതി മുതൽക്കാണ്. അതുവരെ ഡയറ്റുകളിലേക്ക് പ്രതിവർഷം പല ഘട്ടങ്ങളിലായി ജില്ലയിലെ ആയിരത്തിനു താഴെ അധ്യാപകർക്കു മാത്രമാണ് ചില ശാക്തീകരണങ്ങൾ നൽകിയത്. ഡി.പി.ഇ.പി, എസ്.എസ്.എ എന്നീ പ്രോജക്ടുകൾ, അധ്യാപക ശാക്തീകരണം വികേന്ദ്രീകരിച്ചു. അവ സബ്ജില്ലാതലത്തിലും ക്ലസ്റ്റർ തലത്തിലുമായി. ഓരോ അധ്യാപകനും പ്രതിവർഷം 20 ദിവസത്തെ ശാക്തീകരണം വിഭാവനം ചെയ്തു.

  സംസ്ഥാനതലങ്ങളിൽ എസ്.സി.ഇ.ആർ.ടി, എസ്.എസ്.എ, ആർ.എം.എസ്.എ, ഐ.ടി@സ്കൂൾ എന്നീ ഏജൻസികൾ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പുകൾ ഉണ്ടാക്കി അവരിലൂടെ ഡയറ്റുകൾ കേന്ദ്രീകരിച്ച് ജില്ലാതല ശാക്തീകരണം നടത്തുകയും ജില്ലാ റിസോഴ്സ് ഗ്രൂപ്പ്, ബ്ലോക്ക് തലത്തിൽ അധ്യാപകശാക്തീകരണം സംഘടിപ്പിക്കുകയും ചെയ്തു. അവധിക്കാലത്തും സ്കൂൾ തുറന്നശേഷം ശനിയാഴ്ചകളിലുമാണ് അധ്യാപക ശാക്തീകരണം നടന്നിരുന്നത്. ഇതിന്റെ ഗുണമേന്മ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഡയറ്റുകൾ ജില്ലാതലത്തിലും ബി.ആർ.സി.കൾ സബ്ജില്ലാതലത്തിലും ശാക്തീകരണങ്ങൾക്ക് നേതൃത്വം നൽകി.

### 3.5. ഭിന്നശേഷിക്കാർക്ക് പരിഗണന

പാഠ്യപദ്ധതി നവീകരണത്തിന്റെ ഭാഗമായി ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും പരിഗണന ഉറപ്പാക്കി.

- ഭിന്നശേഷിക്കാരെ സഹായിക്കാൻ ബി.ആർ.സി.തലത്തിൽ റിസോഴ്സ് ടീച്ചർമാർ.
- മെഡിക്കൽ ക്യാമ്പുകൾ, ഉപകരണങ്ങളുടെ ലഭ്യത.
- പാഠഭാഗങ്ങളുടെ അനുരൂപീകരണം, ഗൃഹാധിഷ്ഠിതപഠനം, ഭാഷണപരിശീലനം, പ്രതിവാര ക്ലാസ്സുകൾ
- യാത്രാനുകൂല്യങ്ങൾ
- 8 കുട്ടികളെങ്കിലുമുള്ള വിദ്യാലയങ്ങളിൽ 3 ദിവസം റിസോഴ്സ് ടീച്ചർമാരെ നിയമിച്ചു.
- വിദ്യാലയങ്ങളിൽ ഭിന്നശേഷിക്കാർക്കായി റിസോഴ്സ് മുറികൾ സ്ഥാപിച്ചു.

## 4. സാർവത്രികമായ ഗുണമേന്മ

ദേശീയതലത്തിൽ സാർവത്രികമായ പ്രവേശനം, നിലനിർത്തൽ, ഗുണമേന്മ എന്ന ലക്ഷ്യങ്ങളാണ്. ദശാബ്ദങ്ങളായി മുന്നോട്ടുവെയ്ക്കുന്നത്. ഇതിൽ ആദ്യത്തെ രണ്ടു ലക്ഷ്യവും രണ്ടു ദശാബ്ദങ്ങൾക്കു മുമ്പു തന്നെ കേരളം കൈവരിച്ചുകഴിഞ്ഞു. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ആത്യന്തികലക്ഷ്യം കൈവരിക്കുന്നതിലാണ് നമ്മുടെ ശ്രദ്ധ. ഇതിനായി നവകേരളമിഷന്റെ ഭാഗമായി 2016 ൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന മിഷൻ ആരംഭിച്ചിരിക്കുന്നു. പ്രീപ്രൈമറി മുതൽ പ്ലസ്ടു വരെ പഠിക്കുന്ന മുഴുവൻ വിദ്യാർഥികളും ആർജിക്കേണ്ട ശേഷിയും ധാരണയും നൈപുണിയും അന്താരാഷ്ട്രനിലവാരത്തിൽ നേടിയെന്ന് ഉറപ്പുവരുത്തുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം.

### 4.1. സാർവത്രികഗുണമേന്മ-വെല്ലുവിളികൾ

1. പാഠ്യപദ്ധതി പരിഷ്കരണങ്ങൾ പാഠപുസ്തകപരിഷ്ക്കരണത്തിലും അധ്യാപകശാക്തീകരണത്തിലും ഒതുങ്ങുന്നു.

2. പഠനസമയവും പാഠപുസ്തക ഉള്ളടക്കവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉള്ളടക്കകേന്ദ്രിതമായ പഠനം തുടരുന്നു.
3. പ്രീ-സർവ്വീസ് അധ്യാപക ശാക്തീകരണത്തിന്റെ ഗുണമേന്മ പ്രതീക്ഷിത നിലവാരത്തിൽ എത്താത്ത അവസ്ഥ. പ്രവേശനത്തിന് അഭിരുചി പരിഗണിക്കുന്നില്ല.
4. സേവനകാലശാക്തീകരണത്തിൽ പ്രാദേശികവും കാലികവുമായ ആവശ്യങ്ങൾ പൂർണമായും പരിഗണിക്കുന്നില്ല. അധ്യാപകരെ പ്രൊഫഷണലുകളാക്കാൻ കഴിയുന്നില്ല.
5. രക്ഷിതാക്കളുടെ വിദ്യാഭ്യാസം, കുട്ടിയുടെ വികസനം, ബോധനമാധ്യമം, പഠനം, രക്ഷാകർത്തൃത്വം (parenting) എന്നിവ സംബന്ധിച്ച ധാരണയിലുള്ള പരിമിതി.
6. ഭൗതികസൗകര്യങ്ങളുടെ ഇനിയും മെച്ചപ്പെടേണ്ട അവസ്ഥ.
7. കലാകായിക പ്രവൃത്തിപരിചയ പഠനത്തോട് വിദ്യാലയത്തിന്റെയും സമൂഹത്തിന്റെയും സംവിധാനങ്ങളുടേയും ഋണാത്മകസമീപനം.
8. വിദ്യാഭ്യാസമേഖലയിൽ ഘടനാപരമായ മാറ്റമില്ല.
9. പ്രാദേശികവിഭവങ്ങളെയും വൈവിധ്യങ്ങളെയും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.
10. ഭരണം, മാനേജ്മെന്റ് എന്നീ മേഖലയിൽ പ്രൊഫഷണൽ കാഴ്ചപ്പാട് ഉണ്ടാകുന്നില്ല.
11. ഓരോ കുട്ടിയെയും പരിഗണിച്ചുള്ള പഠനം നടക്കുന്നില്ല.
12. പാർശ്വവൽക്കരിക്കപ്പെടുന്ന വിദ്യാർഥികളുടെ പ്രശ്നങ്ങൾ കൃത്യമായി അഭിസംബോധന ചെയ്യുന്നില്ല.
14. അൺ എയ്ഡഡ് മേഖലയിൽ പാഠ്യപദ്ധതി, പഠനരീതി, പഠനസാമഗ്രി, മൂല്യനിർണയം എന്നിവ വേണ്ടത്ര നിയന്ത്രിക്കാൻ കഴിയുന്നില്ല.

**4.2. സാർവത്രികഗുണമേന്മ-പരിഹാരങ്ങൾ**

1. സംസ്ഥാനത്തെ വിദ്യാഭ്യാസവിചക്ഷണർ, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക മേഖലയിലെ പ്രമുഖർ എന്നിവർ സംയുക്തമായി വിദ്യാഭ്യാസനയം പരിഷ്കരിച്ചു നടപ്പിലാക്കുക.
2. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട അക്കാദമികവും ഘടനാപരവുമായ മാറ്റങ്ങൾ (ക്ലാസ്സ്തലം മുതൽ സംസ്ഥാനതലം വരെയുള്ളത്) എന്തെല്ലാമെന്ന് കണ്ടെത്തി നിർദേശങ്ങൾ നൽകുന്നതിന് ഒരു കമ്മീഷനെ വെയ്ക്കുക.
3. പഠനസമയത്തിനും പഠനപ്രക്രിയയ്ക്കും കുട്ടികളുടെ ഭൗതികനിലയ്ക്കും യോജിക്കുന്നവിധം ഉള്ളടക്കം ക്രമീകരിക്കുക.
4. പ്രീ-സർവ്വീസ് അധ്യാപകശാക്തീകരണത്തിന്റെ പരിമിതികൾ കണ്ടെത്തി പരിഹരിക്കുന്നതിന് പ്രത്യേകസമിതിയെ നിയമിക്കുക. നിർദേശങ്ങൾ നടപ്പാക്കുക.
5. സേവനകാലശാക്തീകരണം ആവശ്യാധിഷ്ഠിതവും ഗുണമേന്മയുള്ളതുമാക്കുക. വിദ്യാലയാധിഷ്ഠിത ശാക്തീകരണത്തിന്റെ സാധ്യത പരിശോധിക്കുക.
6. വിദ്യാഭ്യാസമേഖലയിലെ ഗവേഷണങ്ങൾ ഫലപ്രദമായി നിർവഹിക്കുവാൻ നടപടി സ്വീകരിക്കുക.
7. രക്ഷാകർത്തൃബോധവൽക്കരണത്തിനും സാമൂഹ്യബോധവൽക്കരണത്തിനും സവിശേഷമായ ഊന്നൽ നൽകുക.
8. സമഗ്രമായ കാഴ്ചപ്പാടോടെ വിദ്യാലയത്തിന്റെ ഭൗതികവികസനം ഉറപ്പാക്കുക.
9. കലാകായിക പ്രവൃത്തിപഠനത്തിന് സവിശേഷ ഊന്നൽ നൽകുക. ഉദ്ഗ്രഥിതപഠനസാധ്യത പ്രയോജനപ്പെടുത്തുക.

10. പ്രാദേശികവിഭവങ്ങൾ ആസൂത്രിതമായി ഉപയോഗിക്കുക.
11. ഭരണമാനേജ്മെന്റ് വൈദഗ്ധ്യം വർധിപ്പിക്കുന്നതിനുള്ള സവിശേഷ ശാക്തീകരണങ്ങൾ, പ്രഥമാധ്യാപകർക്കും, ഉദ്യോഗസ്ഥർക്കും നിയമനത്തിനു മുമ്പും ശേഷവും നൽകുക.
12. ഓരോ കുട്ടിയെയും പരിഗണിച്ചുള്ള പഠനപ്രക്രിയ നടക്കുന്നു എന്നുറപ്പാക്കുക. അധ്യാപകർക്ക് ഇതിനുള്ള ശാക്തീകരണങ്ങൾ, സാമഗ്രികൾ എന്നിവ നൽകുക.
13. പാർശ്വവൽക്കരിക്കപ്പെടുന്ന വിദ്യാർഥികളുടെ പ്രശ്നങ്ങൾ പഠിച്ച് അവരെക്കൂടി ഉൾക്കൊള്ളുന്ന പഠനതന്ത്രങ്ങൾ, സാമഗ്രികൾ എന്നിവ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
14. അൺ എയിഡഡ് മേഖലയിലെ പാഠ്യപദ്ധതി, പഠനരീതി, മൂല്യനിർണയം എന്നിവ വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് നിയന്ത്രിക്കുക.
15. വിദ്യാഭ്യാസമേഖലയിലെ സംസ്ഥാനതലം മുതൽ സ്കൂൾതലം വരെയുള്ള സ്ഥാപനങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

### 4.3. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

കേരളത്തിലെ പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററിവരെയുള്ള എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി കേരളസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യംവച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്നരീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തരമൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (എൻ.സി.എഫ് 2005) നിർദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ പഠനമാണ് ക്ലാസ്സുമുറിയിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം 2009 മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളിൽ ഊന്നിനിന്നുകൊണ്ടുമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

**ലക്ഷ്യങ്ങൾ**

- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും അന്താരാഷ്ട്ര നിലവാരത്തിൽ ഓരോ കുട്ടിയും നേടുന്നതിനാവശ്യമായ വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരുക്കുക. (പഠനവിഷയങ്ങളിൽ ആശയദൃഢത ഉറപ്പാക്കണം, സാമൂഹ്യരംഗത്തെ ധാരണ, കലാകായികപ്രവൃത്തിപരിചയ പഠനത്തിൽ പങ്കാളിത്തവും താൽപ്പര്യവും ഉറപ്പാക്കണം, പരിസ്ഥിതിജ്ഞാനം കൈവരിക്കണം, ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയ ശേഷി നേടണം.)
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കുക.
- അന്താരാഷ്ട്രപഠനനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ, ഭൗതികസൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.
- ഉന്നതപഠനനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.

- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങളും അക്കാദമിക തയാറെടുപ്പുകളും ഉറപ്പാക്കും. ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുക.
- കലാകായികപ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കുക.
- പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിൽത്തന്നെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക.
- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കുക.
- സ്കൂൾലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശിൽപ്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽനിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.
- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത-ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
- 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കുക.
- പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനകീയ സംസ്കരണം അർഥപൂർണമാക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്ക് ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യമൊരുക്കുക.
- സ്കൂൾപ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുക.
- സ്കൂൾതലത്തിലുള്ള വിവിധ സഹായസംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുംവിധം പ്രയോജനപ്പെടുത്തുക.
- 45000 ക്ലാസ്സുകൾ ഹൈടെക് ആക്കുക.
- 140 വിദ്യാലയങ്ങൾക്ക് 5 കോടിയും തെരെഞ്ഞെടുത്ത വിദ്യാലയങ്ങൾക്ക് 3 കോടിയും ധനസഹായം നൽകി ഭൗതികസൗകര്യവികസനം ഉറപ്പാക്കുക.
- ജനകീയ പങ്കാളിത്തത്തോടെ വിഭവസമാഹരണം.
- എല്ലാ വിദ്യാലയങ്ങളിലും സമഗ്ര ഗുണമേന്മാ വിദ്യാലയ വികസനപദ്ധതി ജനകീയ പങ്കാളിത്തത്തോടെ തയാറാക്കൽ.
- എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാൻ ജനകീയ പങ്കാളിത്തത്തോടെ തയാറാക്കി നടപ്പാക്കൽ.
- ജൈവ വൈവിധ്യപാർക്ക്, ക്ലാസ് ലൈബ്രറി, ടാലന്റ് ലാബ് തുടങ്ങിയ നൂതന ആശയങ്ങൾ പ്രയോഗവത്ക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുക.

മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി അധ്യക്ഷനായ സമിതിയാണ് ഇതിന് നേതൃത്വം നൽകുന്നത്. വിദ്യാഭ്യാസമന്ത്രി, ഉന്നത ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ജില്ല, നിയോജകമണ്ഡലം, ബ്ലോക്ക്, പഞ്ചായത്ത്, സ്കൂൾതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(റഫറൻസ് : പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം മാർഗരേഖ 1, 2. കേരള സർക്കാർ)

### 5 ദേശീയപാഠ്യപദ്ധതികളും നയങ്ങളും കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007

1986 ലെ ദേശീയ വിദ്യാഭ്യാസനയം, 1992 ലെ പ്രോഗ്രാം ഓഫ് ആക്ഷൻ, 1993 ലെ യശ്പാൽ കമ്മിറ്റി റിപ്പോർട്ട്, 2005 എൻ.സി.എഫ്, 2007 – കെ.സി.എഫ്, 2013 – പാഠ്യപദ്ധതി പരിഷ്കാരം, 2016 – ലെ ദേശീയ വിദ്യാഭ്യാസനയം (ഈ മേഖലകൾ ഒന്നാം സെമസ്റ്ററിൽ പ്രതിപാദിച്ചിട്ടുണ്ട്.)

### ഈ യൂണിറ്റിലൂടെ കടന്നുപോയപ്പോൾ ചർച്ച ചെയ്ത ആശയങ്ങൾ

- അന്തർദേശീയവും പ്രാദേശികവുമായ തലങ്ങളിൽ ലോകത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കപ്പെടുന്നുണ്ട്.
- കേരളത്തിൽ നടന്ന പാഠ്യപദ്ധതിപരിഷ്കാരങ്ങൾ അറിയുന്നതിനും അവ എങ്ങനെ ഗുണമേന്മാ വിദ്യാഭ്യാസത്തെ മുന്നോട്ടു നയിച്ചു എന്നും തിരിച്ചറിയുന്നതിന്.
- കേരളത്തിൽ നടന്ന പാഠ്യപദ്ധതിപരിഷ്കരണത്തിന്റെ നാൾവഴികൾ അറിയുന്നത് നാം ഈ മേഖലയിൽ ആർജിച്ച മികവുകൾ തിരിച്ചറിയാൻ സഹായിക്കും.
- പാഠ്യപദ്ധതി നവീകരണത്തിന്റെ ഫലമായി കേരള വിദ്യാഭ്യാസമേഖലയിലുണ്ടായ മാറ്റങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ പരിഷ്കരണത്തിന്റെ മികവുകളും പരിമിതികളും കണ്ടെത്താൻ കഴിയും.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിന് നാം നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി നിരവധി പദ്ധതികൾ കേരളത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.
- ദേശീയപാഠ്യപദ്ധതി ചട്ടക്കൂട്, കേരളപാഠ്യപദ്ധതി ചട്ടക്കൂട് എന്നിവ കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തെ ധനാത്മകമായി സ്വാധീനിച്ചിട്ടുണ്ട്.

### മൂല്യനിർണയപ്രവർത്തനങ്ങൾ/തുടർപ്രവർത്തനങ്ങൾ

1. പാഠ്യപദ്ധതി, പാഠപുസ്തകം എന്നിവ നിരന്തരം മാറ്റുന്നതിന് അധ്യാപകർക്കും കുട്ടികൾക്കും സർക്കാരിനും നിരവധി പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഒരു രക്ഷിതാവിന്റെ അഭിപ്രായമാണിത്. പാഠ്യപദ്ധതി നവീകരണത്തിന്റെ നവീന കാഴ്ചപ്പാട് അടിസ്ഥാനമാക്കി വിശദമാക്കുക.
2. കേരളത്തിലെ പാഠ്യപദ്ധതിനവീകരണത്തിന്റെ നാൾവഴികളുടെ ടൈംലൈൻ വികസിപ്പിക്കുക.
3. കേരളപ്പിറവിക്കുമുമ്പുള്ള കേരളത്തിലെ വിദ്യാഭ്യാസപരിഷ്കരണത്തെക്കുറിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയാറാക്കുക.
4. ഇന്ത്യൻ വിദ്യാഭ്യാസ കമ്മീഷൻ (കോത്താരി കമ്മീഷൻ) 1964-66, 1986 ലെ ദേശീയ വിദ്യാഭ്യാസനയം എന്നിവ ഇന്ത്യൻ വിദ്യാഭ്യാസരംഗത്തും സവിശേഷമായി കേരളവിദ്യാഭ്യാസത്തിലും വരുത്തിയ മാറ്റം പാഠ്യപദ്ധതിപരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

5. 1962 ലെ പാഠ്യപദ്ധതിപരിഷ്കരണലക്ഷ്യങ്ങളിൽ നിന്നും ഏറെയൊന്നും മുന്നേറാൻ നമുക്ക് ഇന്നും സാധിച്ചിട്ടില്ല. ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.
6. പ്രൊഫ. യശ്പാൽ കമ്മിറ്റി റിപ്പോർട്ട് –1993, ഇന്ത്യൻ വിദ്യാഭ്യാസരംഗത്തും കേരളത്തിലും ചെലുത്തിയ സ്വാധീനം വിശകലനം ചെയ്യുക.
7. 1986 ലെ ദേശീയവിദ്യാഭ്യാസനയം (NPE) ഇന്ത്യൻ വിദ്യാഭ്യാസത്തിലും പാഠ്യപദ്ധതി രൂപീകരണത്തിലും എങ്ങനെയാണ് പ്രതിഫലിച്ചത്?
8. പ്രൊഫ. യശ്പാൽ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞതിൽ കൂടുതലായി ഒന്നുംതന്നെ കേരള പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.
9. എം. എൽ. എൽ പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാം?
10. അവശ്യപഠനനിലവാരം (എം.എൽ.എൽ) ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് വരുത്തിയ സ്വാധീനം എന്ത്?
11. എം.എൽ.എൽ പദ്ധതിയുടെ മികവുകളും പരിമിതികളും എന്തായിരുന്നു?
12. 1997 ലെ പാഠ്യപദ്ധതി മുൻ പാഠ്യപദ്ധതികളിൽ നിന്നും ഏതെല്ലാം തരത്തിലാണ് വ്യത്യാസപ്പെട്ടിരുന്നത്?
13. 1997 മുതൽ 2016 വരെ നടന്ന കേരളത്തിലെ പാഠ്യപദ്ധതിപരിഷ്കരണങ്ങൾ നേരിടേണ്ടി വന്ന വിമർശനങ്ങൾ എന്തെല്ലാമായിരുന്നു? അവയെ വിശകലനം ചെയ്ത് പുതിയ പരിഷ്കരണത്തിനുള്ള നിർദേശങ്ങൾ നൽകുക.
14. പാഠ്യപദ്ധതിപരിഷ്കരണം കേരളവിദ്യാഭ്യാസരംഗത്തുണ്ടാക്കിയ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മാറ്റങ്ങൾ വിശകലനം ചെയ്യുക.
15. പുതിയ പാഠ്യപദ്ധതി വിവിധ മേഖലയിൽ മുന്നോട്ടുവെയ്ക്കുന്ന കാഴ്ചപ്പാട് ഗുണമേന്മാവിദ്യാഭ്യാസത്തെ എങ്ങനെ സഹായിക്കും? വിശദമാക്കുക.
16. പഠനോദ്ദേശ്യങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ വന്ന മാറ്റം ഗുണകരമാണോ? വിമർശനാത്മകമായി വിലയിരുത്തുക.
17. ഉള്ളടക്കഭാരം എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്താണ്? എങ്ങനെ പരിഹരിക്കാം?
18. ഗുണമേന്മ ഉറപ്പാക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്നത് പഠനപ്രക്രിയയാണ്. വിശകലനം ചെയ്യുക.
19. എല്ലാവർക്കും പങ്കാളിത്തവും ഗുണമേന്മയും ഉണ്ടാവുക എന്ന ലക്ഷ്യം യാഥാർഥ്യബോധത്തോടെ തന്നെയാണോ പറയുന്നത്? വിമർശനാത്മകമായി വിലയിരുത്തുക.
20. ഉൾച്ചേർന്ന വിദ്യാഭ്യാസം (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ) എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
21. 1997 നുശേഷം ഭിന്നശേഷിക്കാർക്കുള്ള വിദ്യാഭ്യാസത്തിൽ വന്ന പരിണാമം എന്തെല്ലാം?
22. പാഠ്യപദ്ധതിപരിഷ്കരണം പാഠപുസ്തകത്തിൽ മാത്രം ഒതുങ്ങിയാൽ ഫലം ഉണ്ടാകില്ല. പഠനാന്തരീക്ഷത്തിലും പ്രക്രിയയിലും ഘടനയിലും മാറ്റങ്ങൾ വരുത്തണം. ഈ അഭിപ്രായത്തെ കേരളത്തിലെ പാഠ്യപദ്ധതിപരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.
23. സാർവത്രികഗുണമേന്മ എന്ന ലക്ഷ്യസാക്ഷാത്കരണത്തിന് നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും നിർദേശിക്കുക.
24. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യം വയ്ക്കുന്നതെന്ത്?
25. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളം നേരിടുന്ന വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കും. വിശകലനം ചെയ്യുക.

## റഫറൻസ്


1. ലോവർ പ്രൈമറി ക്ലാസ്സുകളിലേക്കുള്ള സിലബസ് 1-4 വിദ്യാഭ്യാസവകുപ്പ് 1962
2. ഏകകബോധനപദ്ധതി, എസ്.ഐ.ഇ. തിരുവനന്തപുരം 1968
3. ഉദ്ദേശ്യാധിഷ്ഠിത ബോധനം - വാർഷികപദ്ധതി എസ്.ഐ.ഇ. 1970
4. പ്രൈമറി സ്കൂൾ സിലബസ് 1-7 എസ്.ഐ.ഇ. തിരുവനന്തപുരം 1981
5. പ്രൈമറി സിലബസ് 1-4 എസ്.ഐ.ഇ 1990
6. അവശ്യപഠനനിലവാരം - പ്രൈമറിതലത്തിൽ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം ഡി.പി.ഇ.പി. 1995
7. അധ്യാപകസഹായി 1-4 എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം ഡി.പി.ഇ.പി. 1995
8. കറുക, അധ്യാപകസഹായി ഡി.പി.ഇ.പി കേരളം 1996
9. മഞ്ചാടി, അധ്യാപകസഹായി ഡി.പി.ഇ.പി കേരളം 1996
10. പ്രാഥമിക വിദ്യാഭ്യാസ പാഠ്യപദ്ധതി എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം 1997
11. പാഠപുസ്തകം 1-4 എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം 1997
12. മൂല്യനിർണയം എന്ത്? എന്തിന്? ഡി.പി.ഇ.പി കേരളം 1997
13. സംയോജിതവിദ്യാഭ്യാസം അധ്യാപകസഹായി ഡി.പി.ഇ.പി കേരളം 2002
14. വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം 2002, കെ.എസ്.എസ്.പി
15. പ്രൈമറിപാഠ്യപദ്ധതിയുടെ സൈദ്ധാന്തിക വശം, ഡി.പി.ഇ.പി 2000
16. ഉദ്ദേശ്യാധിഷ്ഠിത ബോധനം ഡോ.കെ. സോമൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1990
17. Tuition to intution. Dr. K.N. Anandan, Kerala Bhasha Institute
18. National Policy on Education 1986, 2016, NCERT, New Delhi.
19. Learning without Burden 1993. Prof. Yashpal , NCERT, New Delhi.
20. National Curriculum Frame Work 2005 - NCERT, New Delhi.
21. Kerala Curriculum Frame Work 2007, SCERT, Kerala
22. Textbook with Difference - A Study of Two DPEP Experience - DILGITH GUPTA, NCERT New Delhi.